# സുപ്രീംകോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എസ്. എ. ബോബ്ദെ**

**&**

**ബഹു. ജസ്റ്റിസ് പ്രഫുല്ല. സി. പന്ത്**

**ക്രിമിനൽ അപ്പീൽ നം. 1526/2008**

**രാജസ്ഥാൻ സർക്കാർ**

***അഭി***

**രമേഷ്**

2015 നവംബർ 20-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**കഴുത്തിനു ചുറ്റും ഒരു കെട്ടിട്ട് ശരീരത്തിനെ തൂക്കിനിർത്തുന്നതുവഴി, ശരീരത്തിന്റെ ഭാരമോ, ശരീര ഭാരത്തിന്റെ ഒരു ഭാഗമോ പിടിമുറുക്കുന്ന ശക്തി ആയിത്തീർന്ന് ഉണ്ടാക്കപ്പെടുന്ന ഒരു മരണ രീതിയാണ് തൂങ്ങിമരണം .**

**"ശ്വാസംമുട്ടിക്കലിനെ" മോദി "തൂങ്ങുന്നതല്ലാതെയുള്ള ഒരു ശക്തി മുഖേനയുള്ള കഴുത്തിന്റെ ഇറുക്കം എന്ന് നിർവ്വചിക്കുന്നു. ശരീരത്തിന്റെ ഭാരത്തിന് ശ്വാസംമുട്ടിക്കലുമായി യാതൊരു ബന്ധവുമില്ല. കെട്ടി ശ്വാസം മുട്ടിക്കൽ എന്നത് ഒരു കെട്ടു മുഖേനയോ, മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ ശരീരത്തിനെ തൂക്കിനിർത്താതെ കഴുത്തിനു ഞെരിക്കുന്നതിൽ നിന്ന് ഉണ്ടാകുന്ന മരണത്തിന്റെ ഒരു അക്രമ രൂപമാണ്. തൊണ്ടയിൻമേൽ വിരലുകളുടെയും ഉള്ളംകൈകളുടെയും സമ്മർദ്ദം മുഖേന ഞെരിക്കൽ ഉണ്ടാക്കപ്പെടുമ്പോൾ, അതിനെ തൊണ്ട ഞെരിക്കൽ എന്ന് പേർ പറയുന്നു. ഒരു പാദമോ, കാൽമുട്ടോ, കൈമുട്ട് മടക്കിയോ, മറ്റ് ഏതാനും കട്ടിയുള്ള പദാർത്ഥങ്ങളോ കൊണ്ട് തൊണ്ട ഞെരുക്കി ശ്വാസംമുട്ടിക്കൽ സംഭവിപ്പിക്കപ്പെടുമ്പോൾ, അത് രൂക്ഷമായ ആക്രമണം (കഴുത്തിനെ ഞെക്കി ശ്വാസം മുട്ടിക്കൽ) എന്ന് അറിയപ്പെടുന്നു".**

**രേഖയിലുള്ള നിയമപരമായ വൈദ്യ തെളിവിനെ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം, മരണപ്പെട്ടയാൾ തൂങ്ങി മരിച്ചു എന്ന ഒരു വീക്ഷണം എടുക്കുവാൻ കഴിയുമായിരുന്ന ഒരു കേസ് അല്ലായിരുന്നു അത് എന്നതാണ് ഞങ്ങളുടെ അഭിപ്രായം.**

### വിധിന്യായം

ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്

രാജസ്ഥാൻ ഹൈക്കോടതിയുടെ ജയ്പ്പൂർ ബെഞ്ച് പാസാക്കിയ 04-01-2006-ലെ വിധിന്യായത്തിനും ഉത്തരവിനും എതിരെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ അപ്പീൽ, ആ വിധിന്യായവും ഉത്തരവും മുഖേന പ്രസ്തുത കോടതി, ഡി. ബി. ക്രിമിനൽ ജയിൽ അപ്പീൽ നം. 397/2000 അനുവദിക്കുകയും, എതിർ കക്ഷി രമേഷിന് എതിരെ ജയ്പൂർ സെഷൻസ് ജഡ്ജി, ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം രേഖപ്പെടുത്തിയ കുറ്റസ്ഥാപനത്തെയും ശിക്ഷാവിധിയെയും

റദ്ദാക്കുകയും, അയാളെ ചാർജ്ജിൽ നിന്ന് കുറ്റവിമുക്തനാക്കുകയും ചെയ്തിരുന്നു.

പ്രോസിക്യൂഷൻ ഭാഷ്യം ചുരുക്കത്തിൽ, പ്രോസിക്യൂഷൻ ഒന്നാം സാക്ഷി പൃഥ്വീരാജ് സിംഗ്, അയാളുടെ ജോലിക്കാരനായ രമേഷിന്റെ (എതിർകക്ഷി) മൂത്ത മകൾ ഷീല തൂങ്ങി മരിച്ചിരിക്കുന്നുവെന്ന വിവരം ടെലിഫോൺ വഴി കാൽവാഡ് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറായ, പ്രോസിക്യൂഷൻ 7-ാം സാക്ഷി ഭഗ്‌വാൻ സിംഗിന് 28-04-1999-ൽ ഉദ്ദേശം രാത്രി 10.55 ന് നൽകി. സ്റ്റേഷൻ ഹൗസ് ഓഫീസർ സംഭവ സ്ഥലത്തേക്ക് പാഞ്ഞെത്തി. അദ്ദേഹം, രമേഷ് പതിവായി ജോലി ചെയ്യുകയും, തന്റെ മൂന്ന് പുത്രിമാരോടൊപ്പം ജീവിക്കുകയും ചെയ്തിരുന്ന കളപ്പുരയിൽ വച്ച് അയാളോട് അന്വേഷണങ്ങൾ നടത്തി. അയാൾ (രമേഷ്), അയാളുടെ മകൾ ഉദ്ദേശം രാത്രി 8.30-ന് കളപ്പുരക്ക് പുറത്ത് പോയെന്നും, ഏതാനും സമയം കഴിഞ്ഞ് മടങ്ങി വന്നെന്നും സ്റ്റേഷൻ ഹൗസ് ഓഫീസറോട് പറഞ്ഞു. പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്‌ലുവിനെ സന്ധിക്കുന്ന തന്റെ മകളുടെ പെരുമാറ്റത്തിന് ആക്ഷേപം ഉന്നയിക്കുകയും, അവളെ ശാസിക്കുകയും ചെയ്തിരുന്നുവെന്ന് രമേഷ് മേലും പറഞ്ഞു. അതിനുശേഷം കറന്റ് പോയി. ഏതാനും സമയം കഴിഞ്ഞ് ജനറേറ്റർ പ്രവർത്തിപ്പിച്ചപ്പോൾ, ഷീല സ്വയം തൂങ്ങിയതായി അയാൾ കണ്ടുവെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസറോട് അയാൾ മേലും പറഞ്ഞു. കെട്ട് അഴിക്കുകയും, ശരീരം താഴെ ഇറക്കുകയും ചെയ്തു. ക്രിമിനൽ നടപടി നിയമസംഹിതയിലെ (സി.ആർ.പി.സി.) 174-ാം വകുപ്പുപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട്/മാർഗ് നം. 7/99-ൽ ഈ വസ്തുതകൾ പറഞ്ഞിരുന്നു. അദ്ദേഹം 29-04-1999-ന് അതിരാവിലെ സൈറ്റ് പ്ലാൻ തയ്യാറാക്കുകയും, മൃതദേഹം കൈവശ ത്തിലെടുക്കുകയും, മരണാന്വേഷണ റിപ്പോർട്ട് (എക്സ്ബിറ്റ് പി1) തയ്യാറാക്കിയെടുക്കുകയും ചെയ്തു. സി.ആർ.പി.സി. 174-ാം വകുപ്പു പ്രകാരം കൂടുതൽ അന്വേഷണ വിചാരണകൾ നടത്തുവാൻ, പ്രോസിക്യൂഷൻ 11-ാം സാക്ഷിയായ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മാലിറാമിനോട് അദ്ദേഹം നിർദ്ദേശിച്ചു. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, രമേഷിന്റെയും അവിടെ സന്നിഹിതരായിരുന്ന മറ്റു സാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തിയതിനുശേഷം 30-04-1994-ൽ റിപ്പോർട്ട് നൽകി, അതിന്റെ അടിസ്ഥാനത്തിൽ ഐ.പി.സി 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളെ സംബന്ധിച്ച് ക്രൈം നം. 63/99 ആയി പ്രഥമ വിവര റിപ്പോർട്ട് (എക്സിബിറ്റ് പി-11) രജിസ്റ്റർ ചെയ്തു. സ്റ്റേഷൻ ഹൗസ് ഓഫീസർ അന്വേഷണം സ്വയം ഏറ്റെടുത്തു. അതിനിടയിൽ, പോലീസിന്റെ അഭ്യർത്ഥന പ്രകാരം 29-04-1999-ൽ ഷീലയുടെ മൃതദേഹത്തിൽ ജയ്പൂർ എസ്. എം. എസ്. ആശുപത്രിയിലെ പ്രോസിക്യൂഷൻ 8-ാം സാക്ഷി, ഡോക്ടർ വിവേകനന്ദ് പ്രേത പരിശോധന നടത്തി, അദ്ദേഹം മരണത്തിനു മുമ്പുള്ള താഴെ പറയുന്ന ക്ഷതികൾ കണ്ടെത്തി:—

"ശവ പരിശോധന സമയത്ത് കാണപ്പെട്ട ബാഹ്യ ക്ഷതികൾ:—

(i) കഴുത്തിന്റെ മുകൾ ഭാഗത്ത് വലതുവശത്തെ വലത് താടിയെല്ലു വിളുമ്പിന്റെ മധ്യഭാഗത്തിനു 2 സെ.മീ. താഴെയുള്ള പ്രദേശത്ത് 1.5 സെ.മീ x 1/2 സെ.മീ പോറൽ.

(ii) കഴുത്തിന്റെ വലതുവശത്ത് മദ്ധ്യം/ 3 യിൽ 1/2 സെ.മീ x 1/4 സെ.മീ. പോറൽ.

(iii) വലത് കാരയെല്ലിന്റെ പാർശ്വികമായ പകുതിയിൽ 1 സെ.മീ x 1/4 സെ.മീ. പോറൽ.

(iv) മാറെല്ലിന് മേലെയുള്ള കുഴിയിൽ 1.25 സെ.മീ x 1/4 സെ.മീ. പോറൽ.

(v) കീഴ് ചുണ്ടിന്റെ വലതുവശത്തിനു അല്പം താഴെയുള്ള പ്രദേശത്ത് 1/6 സെ.മീ. പോറൽ.

(vi) വായുടെ വലതു കോണിനു അല്പം മുകളിലുള്ള പ്രദേശത്ത് 1/2 സെ. മീ x 1/4 സെ. മീ. പോറൽ.

(vii) മുഖത്തിന്റെ വലതു വശത്ത് വായുടെ വലതു കോണിന് അല്പം മുകളിലുള്ള പ്രദേശത്ത് ഓരോന്നും 1 സെ.മീ. x 1/4 സെ.മീ. അളവുള്ള, പരസ്പരം സമാന്തരമായ നീള ത്തിലുള്ള മൂന്ന് പോറലുകൾ.

(viii) വലതു കൈയിലെ വലത്തെ കൈമുട്ടിന് അല്പം മുകളിൽ പിൻഭാഗത്തായി 2 സെ.മീ. x 1/4 സെ.മീ. പോറൽ.

(ix) വലത്തെ നടുവിരൽ എല്ലിന് താഴെ വലതു ഉള്ളംകൈയിൽ 2 സെ.മീ നീളത്തിലും തൊലിക്കുള്ളിൽ കുത്തനെയുള്ളതുമായ പോറൽ.

(x) ഇടത്തെ മീഡിയൽ മെല്ലിയോ ലസിൽ 1/4 x 1/6 സെ.മീ പോറൽ.

(xi) ഇടതു പാദത്തിൽ ഇടത്തെ മീഡിയൽ മെല്ലിയോലസിന്റെ താഴെയുള്ള ഭാഗത്ത് 1/4 x 1/6 സെ.മീ പോറൽ.

(xii) വലത്തെ മുഴംകൈയിൽ മുകൾ ഭാഗം/3-ൽ മേലോട്ട് 1 സെ.മീ x 1/2 സെ.മീ പോറൽ.

കഴുത്തിന്റെ ശസ്ത്രപരിശോധന— കഴുത്തിന്റെ ശസ്ത്രപരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന സ്ഥലങ്ങളിൽ ചുവന്ന നിറത്തിൽ കാണപ്പെട്ട കോശജാല കറ സഹിതമുള്ള, രക്തം കട്ട കെട്ടി ഉണ്ടാകുന്ന വീക്കം, പ്രകൃതത്തിൽ മരണത്തിനു മുമ്പുള്ള ദ്രവസ്രവണത്തോടു കൂടിയുള്ള രക്തസ്രാവം ഉണ്ടായിരുന്നു.

(എ) ശ്വാസനാളത്തിന്റെ ഇടത്തെ പാർശ്വിക വശത്ത് മുകളിൽ/3-ൽ 1/4 x 1/4 സെ.മീ വലിപ്പം.

(ബി) ശ്വാസനാളത്തിന്റെ ഇടത്തെ പാർശ്വിക വശത്ത് മധ്യത്തിൽ/3-ൽ 1/4 x 1/4 സെ.മീ വലിപ്പം.

(സി) ശ്വാസനാളത്തിന്റെ ഇടത്തെ പാർശിക വശത്ത് മദ്ധ്യത്തിൽ/3-ൽ മുകളിൽ പറഞ്ഞ ക്ഷതിക്ക് 1/4 സെ.മീ താഴെയുള്ള പ്രദേശത്ത് 1/4 x1/4 സെ.മീ. വലിപ്പം.

(ഡി) മുൻ കഴുത്തിന്റെ വലതു വശത്ത് ശ്വാസനാളത്തിന്റെ മുൻ പാർശ്വിക വശത്ത് മുകളിൽ 1/3 ഹൈറിഡ് ബോണിന്റെ ലെവലിനു മുകളിൽ ബാഹ്യമായ ഉള്ളിലുള്ള ക്ഷതി നം. 1 ന് 1 സെ.മീ x 1/2 സെ.മീ വലിപ്പം.

(ശ്വാസനാളത്തിന്റെ) കൂടുതൽ പരിശോധന, ശ്വാസനാളത്തിൽ ചെറിയ വെളുത്ത നുര, രക്തം തിങ്ങിനിറഞ്ഞ ഭാഗങ്ങൾ കാണിക്കുന്നു. കഴുത്തിന്റെ വലതുവശത്തിന്റെ മുകളിൽ, ശ്വാസനാളത്തിന്റെ മുകൾ ഭാഗത്തിന് അരികിൽ മദ്ധ്യത്തിൽ/3-ൽ മൃദുവായ കോശജാലങ്ങളുടെ വീക്കം ഉണ്ടായിരിക്കുന്നു. കഴുത്തിന്റെ ഇടതുവശത്തിന്റെ മുകൾ ഭാഗവും, കഴുത്തിന്റെ ഇടതു വശത്ത് 2 സെ.മീ. x 1/2 സെ.മീ. വിസ്തൃതിയിൽ അങ്ങനെയുള്ള വീക്കം കാണിക്കുന്നു. ശ്വാസനാളം നീക്കം ചെയ്യപ്പെട്ടപ്പോൾ, ചെറിയ നുരയോടൊപ്പം ശ്വസനേന്ദ്രിയ പ്രദേശത്തിന്റെ മുകൾ ഭാഗത്തിലൂടെ പുറത്തു വന്നിരുന്ന രക്തപ്പത ഉണ്ടായിരുന്നു".

ശവപരിശോധന റിപ്പോർട്ടിന്റെ (എക്സിബിറ്റ് പി-12) അവസാനം മെഡിക്കൽ ഓഫീസർ (പ്രോസിക്യൂഷൻ 8-ാം സാക്ഷി) താഴെപ്പറയുന്ന അഭിപ്രായം നൽകി.

"അഭിപ്രായം

സൂചിപ്പിച്ചതുപോലെ കഴുത്തിന്റെ ഭാഗത്തുള്ള ക്ഷതികളുടെ ഫലമായുള്ള ശ്വാസംമുട്ടലാണ് മരണ കാരണം. എല്ലാം മരണത്തിനു മുമ്പുള്ള ക്ഷതികളായിരിക്കുന്നു……."

3. അന്വേഷണ വേളയിൽ, അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷികളെ ചോദ്യം ചെയ്യുകയും, പ്രതിയെ (രമേഷ്) അറസ്റ്റു ചെയ്യുകയും, അതിന്റെ സമാപ്തിയിന്മേൽ, ഐ.പി.സി 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം

ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളെ സംബന്ധിച്ച് അയാളുടെ വിചാരണയ്ക്കു വേണ്ടി അയാൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു.

4. സി.ആർ.പി.സി വകുപ്പ് 207-ൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരം ആവശ്യമായ പകർപ്പുകൾ നൽകിയതിനുശേഷം, മജിസ്ട്രേറ്റ് 24-07-1999-ൽ കേസ് സെഷൻസ് കോടതിയിലേയ്ക്ക് കമ്മിറ്റ് ചെയ്തതായി കാണുന്നു. പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി, സെഷൻസ് കേസ് നം. 76/1999 രജിസ്റ്റർ ചെയ്യുകയും, കക്ഷികളെ കേട്ടതിനുശേഷം, 11-10-1999-ൽ പ്രതി/എതിർകക്ഷി രമേഷിന് എതിരായി ഐ.പി.സി 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളുടെ ചാർജ്ജ് തയ്യാറാക്കുകയും ചെയ്തു, അതിന് രമേഷ് കുറ്റം സമ്മതിക്കാതിരിക്കുകയും, വിചാരണ ചെയ്യപ്പെടാൻ അവകാശപ്പെടുകയും ചെയ്തു.

5. ഇതിന്മേൽ, പ്രോസിക്യൂഷൻ, പ്രോസിക്യൂഷൻ 1-ാം സാക്ഷിയായ പൃഥ്വീരാജ് സിംഗിനെയും (വിവരം നൽകിയയാൾ), പ്രോസിക്യൂഷൻ 2-ാം സാക്ഷിയായ ഓം പ്രകാശിനെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയായ രാം സിംഗിനെയും (രണ്ടുപേരും മരണാന്വേഷണ റിപ്പോർട്ടിലെ സാക്ഷികൾ), പ്രോസിക്യൂഷൻ 4-ാം സാക്ഷിയായ രാജുവിനെയും (സംഭവത്തിന് ഏകദേശം അര മണിക്കൂറിന് മുമ്പ് രമേഷ് അടിച്ചു എന്ന വസ്തുതയുടെ സാക്ഷി), പ്രോസിക്യൂഷൻ 5-ാം സാക്ഷിയായ അംബ ലാലിനെയും (അറസ്റ്റ് ചെയ്ത മെമ്മോയിലെ സാക്ഷി), പ്രോസിക്യൂഷൻ 6-ാം സാക്ഷിയായ കോൺസ്റ്റബിൾ ദേവീന്ദർ സിംഗിനെയും (ഔപചാരിക സാക്ഷി), പ്രോസിക്യൂഷൻ 7-ാം സാക്ഷിയായ സബ് ഇൻസ്പെക്ടർ ഭഗ്‌വാൻ സിംഗിനെയും (അന്വേഷണ ഉദ്യോഗസ്ഥൻ), പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദിനെയും (പ്രേതപരിശോധന നടത്തിയയാൾ), പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്‌ലുവിനെയും (മരണപ്പെട്ടയാളുമായി സൗഹൃദം പുലർത്തിയിരുന്നതായി പറയപ്പെട്ട ആൺകുട്ടി), പ്രോസിക്യൂഷൻ 10-ാം സാക്ഷിയായ മീലയെയും (പ്രതിയുടെ പ്രായപൂർത്തിയാകാത്ത മകൾ/മരണപ്പെട്ടയാളിന്റെ സഹോദരി) പ്രോസിക്യൂഷൻ 11-ാം സാക്ഷിയായ എ. എസ്. ഐ. മാലിരാമിനെയും പ്രോസിക്യൂഷൻ വിസ്തരിച്ചു.

6. വാമൊഴിത്തെളിവും, രേഖാമൂലമുള്ള തെളിവും സി.ആർ.പി.സി വകുപ്പ് 313 പ്രകാരം വാദിയെ അറിയിച്ചു, അതിനുള്ള ഉത്തരത്തിൽ അയാൾ, അയാളുടെ മകൾ ഷീല 28-04-1999-ന് രാത്രി ഏകദേശം 9 മണിക്ക് മരിച്ചതായി സമ്മതിച്ചു. മരണാന്വേഷണ റിപ്പോർട്ടും മരണപ്പെട്ടയാളിന്റെ ചുന്നി/ദുപ്പട്ട മുതലായവയുടെ വീണ്ടെടുക്കൽ മെമ്മോറാണ്ടവും തയ്യാറാക്കപ്പെട്ടതായും അയാൾ പറഞ്ഞു. പ്രോസിക്യൂഷൻ 3-ാം സാക്ഷിയായ രാം സിംഗ് പറഞ്ഞപോലെ തന്റെ മകൾ ഷീലയെ (മരണപ്പെട്ട) അവളുടെ മരണത്തിന് ഏകദേശം ഇരുപത് മിനിറ്റുകൾക്ക് മുമ്പ് അയാൾ ശാസിച്ചതായി അയാൾ മേലും സമ്മതിച്ചു. ബാക്കി തെളിവിനെ സംബന്ധിച്ച്, ആയത് ശരിയല്ലായെന്ന് അയാൾ നിഷേധിച്ചു. സി.ആർ.പി.സി വകുപ്പ് 313 പ്രകാരമുള്ള തന്റെ മൊഴിയുടെ അവസാനം പ്രതി, ജനറേറ്റർ പ്രവർത്തിപ്പിച്ചതിനുശേഷം അയാളുടെ മകൾ (ഷീല) ഉത്തരത്തിലെ (ബല്ലി) ഒരു കൊളുത്തിൽ തൂങ്ങിനിൽക്കുന്നത് അയാൾ കണ്ടു എന്ന് പറഞ്ഞു. കെട്ടഴിച്ചപ്പോൾ, അവൾക്ക് ജീവനുണ്ടായിരുന്നു എന്ന് അയാൾ മേലും പറഞ്ഞു. മരണപ്പെട്ടയാൾക്ക് കുറച്ചു വെള്ളം കൊടുത്തുവെന്നും, അവളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുവാനുള്ള ശ്രമം നടത്തിയപ്പോൾ, അവൾ മരിച്ചുവെന്നും അയാൾ പറഞ്ഞു. പ്രതി പറഞ്ഞതുപോലെ മരണപ്പെട്ടയാൾക്ക് വെള്ളം കൊടുത്തുവെന്നോ, ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിയിൽ അവൾ മരിച്ചുവെന്നോ ഉള്ള വസ്തുതയെ സംബന്ധിച്ച്, അതിനെ പിൻതാങ്ങുവാൻ രേഖയിൽ യാതൊന്നുമില്ല.

7. വിചാരണ കോടതി, കക്ഷികളെ കേട്ടതിനുശേഷം, പ്രതി/എതിർകക്ഷി രമേഷിനെ കുറ്റത്തിന് അപരാധിയായി കണ്ടെത്തുകയും, ഐ.പി.സി വകുപ്പ് 302 പ്രകാരം കുറ്റസ്ഥാപനം ചെയ്യുകയും, ജീവപര്യന്ത തടവിന് ശിക്ഷ വിധിക്കുകയും, 10,000 രൂപ പിഴ ഒടുക്കുവാൻ നിർദ്ദേശി ക്കുകയും, അതിന് വീഴ്ചവരുത്തിയാൽ ഒരു വർഷത്തെ കഠിന തടവ് അനുഭവിക്കുവാൻ അയാളോട് ആജ്ഞാപിക്കുകയും ചെയ്തു. എതിർകക്ഷി മേലും ഐ.പി.സി വകുപ്പ് 201 പ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെടുകയും, രണ്ടു വർഷക്കാലത്തെ കഠിന തടവിന് ശിക്ഷ വിധിക്കപ്പെടുകയും, 1000 രൂപ പിഴ ഒടുക്കുവാൻ നിർദ്ദേശിക്കപ്പെടുകയും, അതിന് വീഴ്ച വരുത്തിയാൽ, വീണ്ടും മൂന്ന് മാസ കഠിന തടവ് അനുഭവിക്കുവാൻ അയാളോട് ആജ്ഞാപി ക്കുകയും ചെയ്തു.

8. ജയ്പ്പൂരിലെ സെഷൻസ് ജഡ്ജി, സെഷൻസ് കേസ് നം. 76/1999-ൽ പാസ്സാക്കിയ 17-06-2000-ലെ പ്രസ്തുത വിധിന്യായത്തിനും ഉത്തരവിനും എതിരായി കുറ്റസ്ഥാപനം ചെയ്യപ്പെട്ടയാൾ ഹൈക്കോടതി മുമ്പാകെ അപ്പീൽ (ഡി.ബി. ക്രിമിനൽ ജയിൽ അപ്പീൽ നം. 397/2000) ഫയൽ ചെയ്തു. ഹൈക്കോടതി, കക്ഷികളെ കേട്ടതിനുശേഷം, അപ്പീൽ അനുവദിക്കുകയും, പ്രതി-എതിർകക്ഷി തന്റെ മകളെ കൊല ചെയ്തുവെന്ന തടയാനാകാത്ത തീരുമാനത്തിലേയ്ക്ക് വരുന്നതിന്, കുറ്റ സ്ഥാപനം ചെയ്യപ്പെട്ടയാൾക്ക് എതിരായ സാഹചര്യങ്ങളുടെ ശൃംഖല പൂർണ്ണ മല്ലാതിരുന്നു എന്ന് വിധിച്ചുകൊണ്ട്, വിചാരണ കോടതി രേഖപ്പെടുത്തിയ കുറ്റസ്ഥാപന ത്തെയും ശിക്ഷാവിധിയെയും റദ്ദാക്കുകയും ചെയ്തു. ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവ് ഞങ്ങളുടെ മുമ്പാകെ സർക്കാരിനാൽ ചോദ്യം ചെയ്യപ്പെടുന്നു.

9. ഞങ്ങൾ കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകരെ കേൾക്കുകയും, കേസിന്റെ അസൽ രേഖ സൂക്ഷ്മമായി വായിക്കുകയും ചെയ്തിട്ടുണ്ട്.

10. പ്രതി-എതിർകക്ഷിയുടെ മകൾ ഷീല 28-04-1999-ൽ മരിച്ചു എന്നത് രേഖയിലുള്ള സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്, അത് മുകളിൽ ചർച്ചചെയ്ത, പ്രോസിക്യൂഷൻ തെളിവിനോട് ചേർത്ത് വായിച്ച പ്രകാരമുള്ള, സി.ആർ.പി.സി 313-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയ, പ്രതിയുടെ മൊഴിയിൽ നിന്ന് പ്രത്യക്ഷമാണ്. പ്രതി-എതിർകക്ഷിയുടെ മകൾ ഷീല 28-04-1999-ൽ മരിച്ചു എന്നത് രേഖയിലുള്ള, സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്. ഷീലയുടെ മരണം സ്വാഭാവികമായതല്ലായിരുന്നു എന്നതും സമ്മതിച്ചിട്ടുള്ള വസ്തുതയും, രേഖയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമാണ്, എന്തെന്നാൽ, ശ്വാസം മുട്ടിക്കലും തൊണ്ട ഞെരിക്കലും മുഖേനയുള്ള ശ്വാസംമുട്ടൽ മൂലം അവൾ മരിച്ചു എന്നത് പ്രോസിക്യൂഷൻ കേസ് ആയിരിക്കെ, അവൾ തൂങ്ങിമരിച്ചു എന്നതാണ് പ്രതിഭാഗം ഭാഷ്യം. കുറ്റവിമുക്തമാക്കലിന് എതിരെയുള്ള ഒരു അപ്പീലിൽ, പ്രോസിക്യൂഷൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ഷീലയുടെ നരഹത്യാ മരണത്തിന് പ്രതി/എതിർകക്ഷി കാരണമായി എന്നത് പ്രോസിക്യൂഷൻ വിജയകരമായി തെളിയിച്ചിട്ടുണ്ടോ ഇല്ലയോ എന്നും, മരണപ്പെട്ടയാളിന്റെ മരണ കാരണം സംബന്ധിച്ച രണ്ടു വീക്ഷണങ്ങൾ-വിചാരണ കോടതി എടുത്തിരുന്നതും ഹൈക്കോടതി എടുത്തിരുന്നതും ഇപ്പോഴത്തെ കേസിൽ സാദ്ധ്യമായതായിരുന്നോ ഇല്ലയോ എന്നുംകൂടി കണ്ടെത്തുന്നതിന് രേഖയിലുള്ള തെളിവ് ഞങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

11. പ്രേതപരിശോധന റിപ്പോർട്ടിൽ പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദ് രേഖപ്പെടുത്തിയിരുന്ന മരണത്തിനു മുമ്പുള്ള ക്ഷതികളെ ഞങ്ങൾ നേരത്തെ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. മരണ കാരണം സംബന്ധിച്ച് പ്രേതപരിശോധന റിപ്പോർട്ടിന്റെ അവസാനം അദ്ദേഹം നൽകിയിരുന്ന അഭിപ്രായവും ഞങ്ങൾ പകർത്തിയിട്ടുണ്ട്. കഴുത്തിന്റെ ഭാഗത്തുള്ള ക്ഷതികളുടെ ഫലമായുള്ള ശ്വാസംമുട്ടൽ കാരണം മരണപ്പെട്ടയാൾ മരിച്ചു എന്ന്

പ്രോസിക്യൂഷൻ 8-ാം സാക്ഷി അയാളുടെ 29-04-1999-ലെ റിപ്പോർട്ടിൽ (എക്സിബിറ്റ് പി-12) പറഞ്ഞിട്ടുണ്ട്, എന്നാൽ അത് ശ്വാസംമുട്ടിക്കൽ മൂലമുള്ള ശ്വാസംമുട്ടലായിരുന്നോ തൂങ്ങിയതുമൂലമുള്ള ശ്വാസംമുട്ടലായിരുന്നോ എന്നതിനെ കുറിച്ച് അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. എന്നാൽ വാക്കാലുള്ള അയാളുടെ സാക്ഷിത്തെളിവിൽ, മരണപ്പെട്ടയാൾ അവളുടെ കഴുത്തിനു ചുറ്റുമുള്ള ക്ഷതികളും ശ്വാസംമുട്ടലും മൂലം മരിച്ചുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. 19-05-1999-ൽ കാൽവാഡ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ 03-05-1999-ലെ 1490-ാം നമ്പർ കത്തിനെ പ്രതികരിച്ചുകൊണ്ട്, അദ്ദേഹം താഴെപ്പറയുന്ന മറുപടി അയാൾക്ക് നൽകിയതായി അദ്ദേഹം മേലും പറഞ്ഞിട്ടുണ്ട്:—

"മുകളിൽ സൂചിപ്പിച്ച ശവപരിശോധന റിപ്പോർട്ട് വായിച്ചതിനുശേഷം, കെട്ടിയ അടയാളം കഴുത്തിനു ചുറ്റും ഇല്ലായിരുന്നു എന്നത് വ്യക്തമാണ്.

അതിനാൽ, തൂങ്ങിയതു കാരണം മുകളിൽ സൂചിപ്പിച്ച വ്യക്തി മരിച്ചിട്ടില്ല എന്ന് സ്പഷ്ടീകരിക്കുന്നു. കഴുത്തിന്മേലുള്ള സമ്മർദ്ദത്തിന്റെ ഫലമായുള്ള ശ്വാസംമുട്ടൽ കാരണം അവൾ മരിച്ചു."

ഈ റിപ്പോർട്ട് മെഡിക്കൽ ഓഫീസർ (പ്രോസിക്യൂഷൻ 8-ാം സാക്ഷി) അദ്ദേഹത്തിന്റെ വിസ്താരവേളയിൽ തെളിയിച്ച രേഖയിൽ പി-13 ആയി എക്സിബിറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. മരണകാരണം തൂങ്ങിയതു മൂലമുള്ള ശ്വാസംമുട്ടൽ ആയിരുന്നിരിക്കാനാകുമെന്ന യാതൊരു സൂചനയും പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദിനോടുള്ള എതിർവിസ്താരത്തിൽ ഇല്ലാത്തതാണ്.

12. മരണപ്പെട്ടയാൾ ഒരു ചുന്നി/ദുപ്പട്ട കൊണ്ട് സ്വയം തൂങ്ങി ആത്മഹത്യ ചെയ്യുകയും, സംഭവത്തിനുശേഷം ഉടനെ അവളുടെ ശരീരം താഴെ ഇറക്കുകയും ചെയ്തതുകൊണ്ട്, അങ്ങനെ, കഴുത്തിന് ചുറ്റും കെട്ടിയ യാതൊരു അടയാളവും കണ്ടെത്തപ്പെട്ടിട്ടില്ല എന്നും, ഇത് തൂങ്ങിയതു മുഖേനയുള്ള ഒരു ആത്മഹത്യ കേസാണെന്നും എതിർകക്ഷിക്കുവേണ്ടി വാദിച്ചിരിക്കുന്നു.

13. കഴുത്തിനു ചുറ്റും ഒരു കെട്ടിട്ട് ശരീരത്തിനെ തൂക്കിനിർത്തുന്നതുവഴി, ശരീരത്തിന്റെ ഭാരമോ, ശരീര ഭാരത്തിന്റെ ഒരു ഭാഗമോ പിടിമുറുക്കുന്ന ശക്തി ആയിത്തീർന്ന് ഉണ്ടാക്കപ്പെടുന്ന ഒരു മരണ രീതിയാണ് തൂങ്ങിമരണം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഒരാളുടെ ശരീരം തൂക്കിനിർത്തുന്നതുമൂലം അതിന്റെ ഭാരത്താൽ കഴുത്തിലെ കെട്ട് ഇറുകുന്നതാണ് തൂങ്ങിമരണം.

14. മോദിയുടെ മെഡിക്കൽ ജൂറിസ്പ്രൂഡൻസ് ആന്റ് റ്റോക്സിക്കോളജി (23-ാം പതിപ്പ്) പറയുന്നതനുസരിച്ച്, "കെട്ടടയാളം, ഉപയോഗിച്ച കെട്ടിന്റെ സ്വഭാവത്തെയും സ്ഥാനത്തെയും, മരണത്തിനുശേഷം ശരീരം തൂങ്ങിനിന്ന സമയത്തെയും ആശ്രയിച്ചിരിക്കുന്നു. കെട്ട് മൃദുവായിരി ക്കുകയും, ശരീരം മരണത്തിനുശേഷം ഉടനെ കെട്ടുമുറിച്ച് താഴെയിടുകയും ചെയ്താൽ, യാതൊരു അടയാളവും ഉണ്ടായിരിക്കാവുന്നതല്ല."

15. "ശ്വാസംമുട്ടിക്കലിനെ" മോദി "തൂങ്ങുന്നതല്ലാതെയുള്ള ഒരു ശക്തി മുഖേനയുള്ള കഴുത്തിന്റെ ഇറുക്കം എന്ന് നിർവ്വചിക്കുന്നു. ശരീരത്തിന്റെ ഭാരത്തിന് ശ്വാസംമുട്ടിക്കലുമായി യാതൊരു ബന്ധവുമില്ല. കെട്ടി ശ്വാസം മുട്ടിക്കൽ എന്നത് ഒരു കെട്ടു മുഖേനയോ, മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ ശരീരത്തിനെ തൂക്കിനിർത്താതെ കഴുത്തിനു ഞെരിക്കുന്നതിൽ നിന്ന് ഉണ്ടാകുന്ന മരണത്തിന്റെ ഒരു അക്രമ രൂപമാണ്. തൊണ്ടയിൻമേൽ വിരലുകളുടെയും ഉള്ളംകൈകളുടെയും സമ്മർദ്ദം മുഖേന ഞെരിക്കൽ ഉണ്ടാക്കപ്പെടുമ്പോൾ, അതിനെ തൊണ്ട ഞെരിക്കൽ എന്ന് പേർ പറയുന്നു. ഒരു പാദമോ, കാൽമുട്ടോ, കൈമുട്ട് മടക്കിയോ, മറ്റ് ഏതാനും കട്ടിയുള്ള പദാർത്ഥങ്ങളോ കൊണ്ട് തൊണ്ട ഞെരുക്കി ശ്വാസംമുട്ടിക്കൽ സംഭവിപ്പിക്കപ്പെടുമ്പോൾ, അത് രൂക്ഷമായ ആക്രമണം (കഴുത്തിനെ ഞെക്കി ശ്വാസം മുട്ടിക്കൽ) എന്ന് അറിയപ്പെടുന്നു." (ഊന്നൽ നൽകപ്പെടുന്നു)

16. ശ്വാസംമുട്ടലിന്റെ പ്രതിഭാസങ്ങളെ സംബന്ധിച്ച്, മോദി ഇപ്രകാരം പറയുന്നു:—

"മുഖം വീർക്കുകയും, കടുംനീല വർണ്ണമാകുകയും, ത്വക്കിലേക്കുള്ള രക്തസ്രാവം നിമിത്തം ഉണ്ടാകുന്ന പുള്ളികൾ കൊണ്ട് ശ്രദ്ധേയമാകുകയും ചെയ്യുന്നു. കണ്ണുകൾ തള്ളുകയും തുറന്നിരിക്കുകയും ചെയ്യുന്നു ചില സംഗതികളിൽ, അവ അടഞ്ഞിരിക്കാവുന്നതാണ്. കൺമിഴിയെയും അകത്തെ കൺപോളയെയും യോജിപ്പിക്കുന്ന ഉള്ളൂരിയിൽ അസ്വാഭാവികമായി രക്തം കട്ടപിടിക്കുകയും, കൃഷ്ണമണികൾ വലുതാകുകയും ചെയ്യുന്നു. ത്വക്കിലേക്കുള്ള രക്തസ്രാവം നിമിത്തം ഉണ്ടാകുന്ന പുള്ളികൾ കൺപോളകളിലും, കൺമിഴിയെയും അകത്തെ കൺപോളയെയും യോജിപ്പിക്കുന്ന ഉള്ളൂരിയിലും കാണപ്പെടുന്നു. ചുണ്ടുകൾ നീലനിറത്തിലായിരിക്കുന്നു. വായിലും മൂക്കിലെ ദ്വാരങ്ങളിലും നിന്ന് രക്തം പുരണ്ട നുര പുറത്തു ചാടുകയും, ചിലപ്പോൾ, പ്രത്യേകിച്ചും വലിയ ബലപ്രയോഗം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, വായിലും മൂക്കിലും, കാതുകളിലും നിന്ന് ശുദ്ധരക്തം ഒഴുകിപ്പോവുകയും ചെയ്യുന്നു. നാക്ക്, പല സന്ദർഭങ്ങളിലും രക്തം വാർക്കുന്ന കീറലുകൾ കാണിച്ചും, ചിലപ്പോൾ പല്ലുകൾ കൊണ്ട് കടിക്കപ്പെട്ട് വീങ്ങിയും, ചതഞ്ഞും, വെളിയിൽ തള്ളിയും, കറുത്ത നിറത്തിലുമിരിക്കുന്നു. കഴുത്തിന്റെ പിൻഭാഗത്ത് ചതവിന്റെ തെളിവ് ഉണ്ടായിരിക്കാവുന്നതാണ്. കൈകൾ സാധാരണയായി മുറുക്കിപ്പിടിക്കപ്പെടുന്നു. ജനനേന്ദ്രിയങ്ങളിൽ അസ്വാഭാവികമായി രക്തം കട്ടപിടിക്കാവുന്നതും, മൂത്രം, മലം, ശുക്ലം ഇവ പുറത്തുവരാവുന്നതുമാണ്". (ഊന്നൽ നൽകപ്പെടുന്നു).

17. 'ശ്വാസം മുട്ടലിൽ', മോദി പറയുന്നതനുസരിച്ച്, "സാധാരണയായി കെട്ട് തൈറോയിഡ് കാർട്ടിലേജിന് മുകളിൽ സ്ഥിതിചെയ്യുകയും, ആ സ്ഥിതിവിശേഷത്തിൽ കഴുത്തിനെ അത് അമർത്തുന്നതിന്റെ പ്രഭാവം എപിഗ്ളോട്ടിസിനെയും അടിനാക്കിനെയും അന്നനാളത്തിന്റെ പിന്നിലുള്ള ചുമരിന് നേരെ മുകളിലേക്ക് ചെലുത്തുക എന്നതുമാണ്. അതുകൊണ്ട്, വായുടെ തളം അതിന്റെ അണ്ണാക്കിന് നേരെ അമർത്തിവയ്ക്കപ്പെടുകയും, വായുമാർഗ്ഗങ്ങളെ അടയ്ക്കുകയും ചെയ്യുന്നു . . . . . . . ."

18. മുകളിലത്തേതിന്റെ വെളിച്ചത്തിൽ, പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദ് ശവപരിശോധന സമയത്ത് തയ്യാറാക്കിയ പ്രേതപരിശോധനാ റിപ്പോർട്ടിലുള്ള (എക്സിബിറ്റ് പി-12) അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെ ഞങ്ങൾ പരിശോധിക്കുകയുണ്ടായി. മരണത്തിനു മുമ്പുള്ള ക്ഷതികളെയും, കഴുത്തിന്റെ ശസ്ത്രപരിശോധനയിലെ കണ്ടെത്തലുകളെയും, മാത്രമല്ല മെഡിക്കൽ ഓഫീസർ നൽകിയ അഭിപ്രായവും ഞങ്ങൾ നേരത്തെ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ, ശവപരിശോധന റിപ്പോർട്ടിന്റെ ഒന്നാം പേജിൽ പറഞ്ഞിട്ടുള്ള ബാഹ്യപ്രതിഭാസങ്ങളെ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ (പ്രോസിക്യൂഷൻ 8-ാം സാക്ഷി) നടത്തിയിട്ടുള്ള നിരീക്ഷണങ്ങളെ ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാണെന്ന് ഞങ്ങൾ വിചാരിക്കുന്നു, അവ ഇപ്രകാരം വെളിപ്പെടുത്തുന്നു.

> "രണ്ടു കണ്ണുകളും പാതി തുറന്നിരിക്കുകയും, പുറത്തുതള്ളിയ പോലെ കാണപ്പെടുകയും ചെയ്തു. തുറന്നപ്പോൾ കണ്ണുകൾ ഏറെക്കുറെ ചുവന്ന് രക്തം തിങ്ങിനിറഞ്ഞിരിക്കുകയും, വായ് അടഞ്ഞിരിക്കുകയും, ചുണ്ടുകളും മുഖവും നഖങ്ങളോടൊപ്പം ഇളം നീലനിറത്തിൽ നിറവ്യത്യാസം കാണിക്കുകയും, അടിവയറ് ചെറുതായി വീർത്തുമിരിക്കുന്നു, കൃഷ്ണമണികളുടെ സ്ഥിതി-രണ്ടും വലുതായിരിക്കുന്നു"—(ഊന്നൽ നൽകപ്പെടുന്നു)

19. രേഖയിലുള്ള നിയമപരമായ വൈദ്യ തെളിവിനെ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം, മരണപ്പെട്ടയാൾ തൂങ്ങി മരിച്ചു എന്ന ഒരു വീക്ഷണം എടുക്കുവാൻ കഴിയുമായിരുന്ന ഒരു കേസ് അല്ലായിരുന്നു അത് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. മരണപ്പെട്ടയാൾ കഴുത്തിന്മേലുള്ള സമ്മർദ്ദത്തിന്റെ ഫലമായുള്ള ശ്വാസംമുട്ടൽ കാരണം മരിക്കുകയായിരുന്നു എന്ന് പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദിന്റെ അഭിപ്രായത്തോട് (എക്സിബിറ്റ് പി-13) സമ്മതിക്കാതിരിക്കുവാൻ യാതൊരു കാരണവും ഇല്ലായിരുന്നു. പ്രോസിക്യൂഷൻ 10-ാം സാക്ഷിയായ മീല (പ്രതിയുടെ പ്രായപൂർത്തിയാകാത്ത മകൾ), അവളുടെ മൂത്ത സഹോദരിയുടെ ശരീരം തൂങ്ങി നിൽക്കുന്നത് കണ്ടതായി പറഞ്ഞിട്ടുണ്ടെങ്കിലും, ഈ സാക്ഷിയെ പ്രോസിക്യൂഷൻ പ്രതികൂല സാക്ഷിയായി പ്രഖ്യാപിച്ചെടുക്കുകയും, അവളുടെ മൂത്ത സഹോദരി നഷ്ടമായതിനുശേഷം, അവൾ തന്റെ പിതാവിനെ നഷ്ടപ്പെടുത്താനുള്ള ഒരു സ്ഥിതിയിലല്ലായിരുന്നു എന്ന കാരണത്താൽ, അവളുടെ മൊഴിയെ വിചാരണ കോടതി അപ്പാടെ അവിശ്വസിക്കുകയും ചെയ്തു.

20. ഷീലയെ (മരണപ്പെട്ടയാൾ) അറിയാമായിരുന്നുവെന്നും, താനും അവളും വിവാഹം ചെയ്യുവാൻ ആഗ്രഹിച്ചിരുന്നുവെന്നും പറഞ്ഞിട്ടുള്ള പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്ലുവിന്റെ മൊഴിയെ ഇവിടെ പരാമർശിക്കുന്നത് പ്രസക്തമാണെന്ന് ഞങ്ങൾ കരുതുന്നു. 28-04-1999-ൽ രാത്രി 8 നും 8.15 നും ഇടയ്ക്ക് കിണറിന്റെ അരികിൽ അയാൾ ഷീലയുമായി സംസാരിച്ചുകൊണ്ടിരുന്നുവെന്ന് അയാൾ മേലും പറഞ്ഞു. പ്രതി രമേഷ് അവിടെ വരികയും, ഷീലയെ സന്ധിക്കുന്നത് അയാൾ തുടർന്നാൽ, അയാളുടെ എല്ലുകളെ ഉടയ്ക്കുമെന്ന് അയാളെ ഭീഷണിപ്പെടുത്തുകയും ചെയ്തു എന്ന് മേലും അയാൾ പറഞ്ഞു. രമേഷ് ഷീലയെ അടിച്ചുവെന്ന് ആ സാക്ഷി മേലും പറഞ്ഞു. രമേഷ് ഷീലയെ വീട്ടിലേക്ക് കൊണ്ടുപോയെന്നും, അതിനുശേഷം സംഭവിച്ചത് എന്താണെന്ന് അയാൾക്ക് അറിയാമായിരുന്നില്ലെന്നും, എന്നാൽ രാത്രി 10.30 ന് അയാൾക്ക് ഷീലയുടെ മരണത്തെക്കുറിച്ച് അറിവ് കിട്ടിയെന്നും അയാൾ മേലും പറഞ്ഞു.

21. മുകളിലത്തെ മൊഴിയെ പ്രോസിക്യൂഷൻ 4-ാം സാക്ഷിയായ രാജു സ്ഥിരീകരിച്ചിട്ടുണ്ട്. 28-04-1999-ൽ രാത്രി 8.15 ന് അയാൾ പാടത്തു നിന്ന് മടങ്ങുന്ന വഴിക്ക് ഏതാനും ശബ്ദം കേട്ടതായി അയാൾ പറഞ്ഞു. അയാൾ കിണറിന്റെ അരികിലേയ്ക്ക് എത്തിച്ചേർന്നപ്പോൾ, ഷീലയും ബബ്ലുവും സംസാരിച്ചുകൊണ്ടിരുന്നത് അയാൾ കണ്ടുവെന്നും അവരവരുടെ വീടുകളിലേയ്ക്കു പോകുവാൻ അവരോട് ഉപദേശിക്കുകയും ചെയ്തുവെന്ന് അയാൾ മേലും പറഞ്ഞു. അതിനിടയിൽ പ്രതി രമേഷ് വരികയും, തന്റെ മകൾ ഷീലയെ അടിക്കുകയും, അവളെ അയാളുടെ വീട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്തു. അതിനുശേഷം സംഭവിച്ചത് എന്താണെന്ന് അയാൾക്ക് അറിയാമായിരുന്നില്ല, എന്നാൽ രാത്രി ഏകദേശം 10.30 ന് പ്രോസിക്യൂഷൻ 1-ാം സാക്ഷിയെ പൃഥ്വീരാജ് സിംഗ് അയാളെയും ബബ്ലുവിനെയും വിളിച്ചിരുന്നുവെന്ന് അയാൾ മേലും പറഞ്ഞു. അതിനിടയിൽ പോലീസും അവിടെ എത്തിച്ചേർന്നു.

22. മുകളിൽ പറഞ്ഞപോലെ, രേഖയിലുള്ള തെളിവിനെ ശ്രദ്ധാപൂർവ്വം സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം, പ്രതി രമേഷ് തന്റെ മകൾ, പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്ലുവിനോട് സംസാരിക്കുന്നത് കണ്ടപ്പോൾ, അയാൾ പെട്ടെന്ന് പ്രകോപിതനാകുകയും, ആത്മനിയന്ത്രണശേഷി നഷ്ടപ്പെടുത്തുകയും, അവളെ അടിക്കുകയും, വീട്ടിനുള്ളിൽ അവളെ കൊണ്ടുപോകുകയും, ശ്വാസംമുട്ടിക്കുകയും, തൊണ്ട ഞെരിക്കുകയും ചെയ്തതു വഴി തന്റെ മകളുടെ മരണത്തിന് കാരണമാകുകയും ചെയ്തുവെന്ന് രേഖയിൻമേൽ ന്യായമായ സംശയത്തിന് അതീതമായി തെളിയിച്ചിരിക്കുന്നുവെന്ന് ഞങ്ങൾ

ബോദ്ധ്യപ്പെടുന്നു. പ്രേതപരിശോധന റിപ്പോർട്ടിൽ (എക്സിബിറ്റ് പി-12) സൂചിപ്പിച്ചിട്ടുള്ളതുപോലെ, മെഡിക്കൽ തെളിവ് മരണപ്പെട്ടയാളിന്റെ കഴുത്തിന്റെ ഭാഗത്ത് മരണത്തിനു മുമ്പുള്ള നാല് ക്ഷതികളും വായ്ക്കു ചുറ്റും മൂന്ന് ക്ഷതികളും കാണിക്കുന്നു. എക്സിബിറ്റ് പി-12-ഉം പി-13-ഉം റിപ്പോർട്ടുകളെ മുകളിൽ ചർച്ചചെയ്ത, സാക്ഷികളുടെ വായ്മൊഴി തെളിവിനോട് ചേർത്തു വായിക്കുമ്പോൾ, പ്രതി/എതിർകക്ഷി രമേഷിന് എതിരെയുള്ള, ഭാഗം I വകുപ്പ് 304 പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കൊലപാതക മാകാത്ത കുറ്റകരമായ നരഹത്യ കുറ്റം പ്രോസിക്യൂഷൻ വിജയകരമായി തെളിയിച്ചിട്ടുണ്ട് എന്ന് വിധിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു ശങ്കയും ഇല്ല.

23. കുറ്റകരമായ നരഹത്യ, കുറ്റവാളി, ഗുരുതരവും പെട്ടെന്നുള്ളതുമായ പ്രകോപനം മുഖേന ആത്മനിയന്ത്രണശേഷി നഷ്ടപ്പെടുത്തിയിട്ടുള്ളപ്പോൾ, പ്രകോപനം നൽകിയ ആളുടെ മരണത്തിന് കാരണമാകുന്നത് കൊലപാതകം അല്ലെന്ന് ഐ.പി.സി വകുപ്പ് 300 നുള്ള അപവാദം I വ്യവസ്ഥചെയ്യുന്നു. ഐ.പി.സി വകുപ്പ് 300 നുള്ള അപവാദം I-ൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള താഴെ പറയുന്ന മൂന്ന് ഉപാധികൾ ഇപ്പോഴത്തെ കേസിൽ നിറവേറ്റപ്പെടുകയും ചെയ്യുന്നുവെന്ന് പറയേണ്ടതില്ല:—

(എ) പ്രകോപനം കുറ്റവാളി ആവശ്യപ്പെടുകയോ സ്വേച്ഛയാ പ്രകോപിപ്പിക്കുകയോ ചെയ്തതല്ല;

(ബി) പ്രകോപനം നിയമം അനുസരിച്ചുകൊണ്ട് ചെയ്ത എന്തെങ്കിലും നൽകിയതല്ല;

(സി) പ്രകോപനം സ്വയരക്ഷാവകാശത്തിന്റെ നിയമപരമായ വിനിയോഗത്തിൽ ചെയ്ത എന്തെങ്കിലും നൽകിയതല്ല.

24. മുകളിൽ ചർച്ചചെയ്ത പ്രകാരമുള്ള കാരണങ്ങളാൽ, മരണപ്പെട്ടയാൾക്ക് സ്വയം തൂങ്ങാൻ കഴിഞ്ഞിരിക്കാമെന്നും, സാഹചര്യങ്ങളുടെ ശൃംഖല പൂർണ്ണമല്ലായിരുന്നുവെന്നും വിധിച്ചതിൽ ഹൈക്കോടതിക്ക് നിയമത്തിൽ തെറ്റു പറ്റിയിട്ടുണ്ട് എന്നതാണ് ഞങ്ങളുടെ വീക്ഷണം. അതിനാൽ ഈ അപ്പീൽ അനുവദിക്കപ്പെടാൻ അർഹത നേടുന്നു. തദനുസൃതമായി, അപ്പീൽ അനുവദിക്കപ്പെടുകയും, ഡി.ബി. ക്രിമിനൽ ജയിൽ അപ്പീൽ നം. 397/2000-ൽ ഹൈക്കോടതി പാസ്സാക്കിയ, 04-01-2006-ലെ വിധിന്യായവും ഉത്തരവും റദ്ദാക്കപ്പെടുകയും ചെയ്യുന്നു. പ്രതി-എതിർകക്ഷി രമേഷ് ഐ.പി.സി ഭാഗം I വകുപ്പ് 304 പ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെടുകയും, പത്തു വർഷത്തെ കഠിനതടവിന് ശിക്ഷ വിധിക്കപ്പെടുകയും ചെയ്യുന്നു. പ്രതി ഇതിനകം അനുഭവിച്ച ശിക്ഷാകാലാവധി തട്ടിക്കിഴിക്കേണ്ടതാണ്. വിചാരണ കോടതി രേഖപ്പെടുത്തിയ അയാളുടെ കുറ്റസ്ഥാപനവും ശിക്ഷാവിധിയും തദനുസൃതമായി രൂപഭേദപ്പെടുത്തപ്പെട്ട് നിലനിൽക്കുന്നതാണ്.

25. ശിക്ഷാവിധിയുടെ ശേഷിക്കുന്ന കാലം എതിർകക്ഷി പൂർത്തിയാക്കുവാൻ കീഴ്ക്കോടതി രേഖ തിരിച്ചയയ്ക്കപ്പെടേണ്ടതാണ്.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ദീപക് മിശ്ര
&
ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്

**ക്രിമിനൽ അപ്പീൽ നം. 1525/2015**
**(പ്രത്യേകാനുമതി ഹർജി (ക്രിമിനൽ) നം. 9151/2015-ൽ നിന്ന് ഉത്ഭവിച്ചത്)**
**ഷാംഷെർ സിംഗ് വെർമ്മ**
***അഭി***
**ഹരിയാന സർക്കാർ**

**2015 നവംബർ 24-ന് വിധി കൽപ്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**1973-ലെ ക്രിമിനൽ നടപടി നിയമസംഹിത, വകുപ്പ്, 294- വകുപ്പ് 294-ന്റെ ലക്ഷ്യം, ആവശ്യമില്ലാത്ത തെളിവ് രേഖപ്പെടുത്തുന്നതിൽ കക്ഷികൾ പാഴാക്കുന്ന താമസം ഒഴിവാക്കുന്നതു വഴി വിചാരണയുടെ ഗമനം ത്വരിതപ്പെടുത്തുക എന്നതാണ്. ഏതെങ്കിലും രേഖയുടെ യഥാർത്ഥത സമ്മതിക്കപ്പെടുകയോ, അതിന്റെ ഔപചാരിക തെളിവ് വേണ്ടെന്ന് വയ്ക്കപ്പെടുകയോ ചെയ്യുന്നിടത്ത്, ആയത് തെളിവായി വായിക്കപ്പെടാവുന്നതാണ്.**

**1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റ്, വകുപ്പ് 3 - തെളിവ് ആക്റ്റിലെ "രേഖ" യുടെ നിർവ്വചനത്തിന്റെയും ഈ കോടതി പ്രതിപാദിച്ചിട്ടുള്ള നിയമത്തിന്റെയും അടിസ്ഥാനത്തിൽ, കംപാക്റ്റ് ഡിസ്കും ഒരു രേഖയാണെന്ന് ഞങ്ങൾ വിധിക്കുന്നു.- പ്രശ്നത്തിലുള്ള കംപാക്റ്റ് ഡിസ്കിനെ, അതിനെ സമ്മതിക്കുവാനോ നിഷേധിക്കുവാനോ പബ്ലിക് പ്രോസിക്യൂട്ടറെ പ്രാപ്തമാക്കുന്നതിനും, അതിനെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അയയ്ക്കുന്നതിനും, അതിനെ പ്രവർത്തിപ്പിക്കുവാൻ, പ്രതിഭാഗത്താലുള്ള അപേക്ഷയെ നിരസിച്ചതിൽ കീഴ്ക്കോടതികൾക്ക് നിയമത്തിൽ തെറ്റുപറ്റിയിട്ടുണ്ട്- പ്രതിയുടെ 19-02-2015-ലെ അപേക്ഷ അനുവദിക്കപ്പെടുന്നു. കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും, വിചാരണയുടെ വിളംബം കാരണം ജാമ്യം ആവശ്യപ്പെടാൻ പ്രതിക്ക്/ അപ്പീൽവാദിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല എന്ന് നിരീക്ഷിക്കപ്പെടുന്നു.**

## വിധിന്യായം

ജസ്റ്റിസ് പ്രഫുല്ല സി. പന്ത്.

ചണ്ഡിഗഡിലെ പഞ്ചാബിന്റെയും ഹരിയാനയുടെയും ഹൈക്കോടതി പാസ്സാക്കിയ 25-08-2015-ലെ ഉത്തരവിന് എതിരെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ അപ്പീൽ, ആ ഉത്തരവ് മുഖേന പ്രസ്തുത കോടതി, കൈദലിലെ സ്പെഷ്യൽ ജഡ്ജി സെഷൻസ് കേസ് നം 33/ 2014-ൽ പാസ്സാക്കിയ 21-02-2015-ലെ ഉത്തരവിനെ സ്ഥിരീകരിക്കുകയും, പ്രതിരോധത്തിൽ ഫയൽ ചെയ്ത കംപാക്റ്റ് ഡിസ്കിനെ പ്രദർശിപ്പിക്കുന്നതിനും, ആയത് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്ന് തെളിയിച്ചെടുക്കുന്നതിനുമുള്ള പ്രതിയുടെ അപേക്ഷയെ നിരസിക്കുകയും ചെയ്തിരുന്നു.

2. ഞങ്ങൾ, കക്ഷികൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകരെ കേൾക്കുകയും, റിക്കാർഡിലുള്ള രേഖകളെ സൂക്ഷ്മമായി വായിക്കുകയും ചെയ്തിട്ടുണ്ട്.

3. ചുരുക്കിപ്പറയട്ടെ, ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ (ഐ.പി.സി) 354-ാം വകുപ്പും, 2013-ലെ ലൈംഗിക കുറ്റങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കൽ ആക്റ്റിലെ (പി.ഒ.സി.എസ്.ഒ) ഒരു വകുപ്പും പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റം സംബന്ധിച്ച് കൈദൽ സിവിൽ ലൈൻസിലെ പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. നം. 232 ആയി രജിസ്റ്റർ ചെയ്ത ഒരു റിപ്പോർട്ട് 25-10-2013-ൽ അപ്പീൽവാദിക്ക് (പ്രതിക്ക്) എതിരായി സമർപ്പിക്കപ്പെട്ടു, അതിൽ പരാതിക്കാരൻ മുൻഷി വെർമ്മ പ്രായപൂർത്തിയാകാത്ത അയാളുടെ മരുമകളെ അപ്പീൽവാദി ലൈംഗികമായി പീഡിപ്പിച്ചുവെന്ന് ആരോപിച്ചിരുന്നു. അന്വേഷണത്തിനുശേഷം, അപ്പീൽവാദിക്കെതിരെ ഒരു കുറ്റപത്രം ഫയൽചെയ്യപ്പെട്ടു, അതിന്റെ അടിസ്ഥാനത്തിൽ സെഷൻസ് കേസ് നം. 33/2014 രജിസ്റ്റർ ചെയ്യപ്പെട്ടതായി കാണുന്നു. കക്ഷികളെ കേട്ടതിനു ശേഷം, കൈദലിലെ സ്പെഷ്യൽ ജഡ്ജി ഐ.പി.സി 354 എ യും 376-ഉം വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ സംബന്ധിച്ചും, പി.ഒ.സി.എസ്.ഒ യിലെ വകുപ്പുകൾ 4/12 പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റവും സംബന്ധിച്ചുമുള്ള ചാർജ്ജ് തയ്യാറാക്കി. സമ്മതിച്ചിട്ടുള്ളതുപോലെ, പ്രസ്തുത കേസിൽ പ്രോസിക്യൂഷൻ സാക്ഷികൾ വിസ്തരിക്കപ്പെട്ടു, അതിനുശേഷം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (ചുരുക്കത്തിൽ "സി.ആർ.പി.സി") 313-ാം വകുപ്പുപ്രകാരം പ്രതിയുടെ മൊഴി രേഖപ്പെടുത്തപ്പെട്ടു. പ്രതിരോധമായി, പ്രതി നാല് സാക്ഷികളെ വിസ്തരിച്ചിട്ടുള്ളതും, സി.ആർ.പി.സി വകുപ്പ് 294 പ്രകാരം ബോധിപ്പിച്ചതായി കരുതപ്പെട്ട ഒരു അപേക്ഷ വിചാരണ കോടതി മുമ്പാകെ താഴെപ്പറയുന്ന അഭ്യർത്ഥനയോടുകൂടി ഫയൽ ചെയ്തിട്ടുള്ളതുമാണ്:—

"അതിനാൽ, മുകളിൽ നടത്തിയിട്ടുള്ള സമർപ്പണങ്ങളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ചെറു ഉപകരണങ്ങൾ, അവയുടെ വിശ്വാസ്യത സ്ഥാപിക്കുന്നതിന്, എഫ്.എസ്. എൽ-നെ വീണ്ടും അറിയിക്കുന്നതിനുവേണ്ടി, അതിൽ അടങ്ങിയിട്ടുള്ള വിഷയത്തിന്റെ ഒരു പകർപ്പ് കാത്തു സൂക്ഷിക്കുന്നതിനായി ആരംഭത്തിൽ കോടതിയിൽ പ്രവർത്തിപ്പിക്കാവുന്നതാണെന്ന് അഭ്യർത്ഥിക്കുന്നു. സന്ദീപ് വെർമ്മയുടെ ശബ്ദം, മുകളിൽ സൂചിപ്പിച്ചിട്ടുള്ള റിക്കോർഡ് ചെയ്ത ശബ്ദവുമായി വീണ്ടും പൊരുത്തപ്പെടുത്തുന്നതിന് എഫ്.എസ്. എൽ-ലിലുള്ള വിദഗ്ദ്ധരെ കൊണ്ട് എടുപ്പിക്കുവാൻ ദയാപൂർവ്വം ഉത്തരവിടാവുന്നതാണെന്ന് മേലും അഭ്യർത്ഥിക്കുന്നു."

4. സന്ദീപ് വെർമ്മയുടെയും (ഇരയുടെ പിതാവ്) സൗരഭിന്റെയും (പ്രതിയുടെ പുത്രൻ) മീനാ കുമാരിയുടെയും (പ്രതിയുടെ ഭാര്യ) ഇടയിലുള്ള സംഭാഷണത്തിന്റെ റിക്കോർഡിംഗ് ഉണ്ടായിരിക്കുന്നുവെന്ന് 19-02-2015-ലെ പ്രസ്തുത അപേക്ഷയിൽ ആരോപിച്ചിരിക്കുന്നു. ആ അപേക്ഷയെ പ്രോസിക്യൂഷൻ എതിർത്തിട്ടുള്ളതായി കാണുന്നു. അനന്തര ഫലമായി, അതിനെ വിചാരണ കോടതി 21-02-2015-ലെ ഉത്തരവ് മുഖേന നിരസിക്കുകയും, അത് ഹൈക്കോടതി പാസ്സാക്കിയ ചോദ്യംചെയ്യപ്പെട്ട ഉത്തരവ് മുഖേന സ്ഥിരീകരിക്കപ്പെടുകയും ചെയ്തു.

5. പ്രതിരോധമായി തെളിവ് നൽകുവാനുള്ള ഒരു അവകാശം പ്രതിക്ക് ഉണ്ടെന്നും, പ്രതിരോധത്തിനുള്ള അവകാശം നിഷേധിച്ചതിൽ കീഴ്ക്കോടതികൾ നിയമത്തിൽ തെറ്റുചെയ്തിട്ടുണ്ടെന്നും അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ഞങ്ങളുടെ മുമ്പാകെ വാദിച്ചു.

6. മറുവശത്ത്, ഇത് ഒൻപത് വയസ്സ് പ്രായമുള്ള ഒരു പെൺകുട്ടിയുടെ, അവളുടെ അമ്മാവനാലുള്ള ലൈംഗികമായ ദുരുപയോഗത്തിന്റെ ഒരു കേസാണെന്നും, പ്രതി/അപ്പീൽവാദി വിചാരണ നീട്ടിക്കൊണ്ടുപോകുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നുവെന്നും

പരാതിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനും സർക്കാരിനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനും വാദിച്ചു.

7. ഇതിനു മറുപടിയായി, പ്രതി/ അപ്പീൽവാദി ജയിലിലായിരിക്കുന്നതു കൊണ്ട്, ആ നിലയിൽ, വിചാരണ നീട്ടിക്കൊണ്ടു പോകുവാൻ അയാളുടെ ഭാഗത്ത് യാതൊരു സംഗതിയും ഇല്ല എന്ന് അപ്പീൽവാദിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ചൂണ്ടിക്കാട്ടി. പരാതിക്കാരനും അയാളുടെ സഹോദരനുമായുള്ള വസ്തു തർക്കം ഒത്തുതീർക്കുവാൻ പരാതിക്കാരന്റെ അഭ്യർത്ഥനയിൻമേൽ പോലീസ് അപ്പീൽ വാദിയെ ആരംഭത്തിൽ നിയമവിരുദ്ധമായി 24-10-2013-ൽ തടങ്കലിൽ വെച്ചു എന്ന് അപ്പീൽവാദിക്കുവേണ്ടി മേലും ബോധിപ്പിച്ചിരിക്കുന്നു. ഇതിന്മേൽ ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിക്കുന്നതിനു വേണ്ടി ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി (ക്രിമിനൽ) നം. 1888/2013 ഫയൽ ചെയ്യപ്പെട്ടു. ഹൈക്കോടതി, 25-10-2013-ലെ അതിന്റെ ഉത്തരവ് മുഖേന വാറണ്ട് ഓഫീസറെ നിയമിക്കുകയും, അപ്പീൽവാദി 25-10-2013-ൽ രാത്രി 10.25 ന് വിടുതൽ ചെയ്യപ്പെടുകയും ചെയ്തു എന്ന് മേലും ചൂണ്ടിക്കാട്ടപ്പെടുന്നു. അതിനുശേഷം ഉടനെ, ആരോപിക്കപ്പെട്ട ലൈംഗിക പീഡനം സംബന്ധിച്ച് 25-10-2013-ലെ എഫ്.ഐ.ആർ നം. 232 രാത്രി 10.35-ന് രജിസ്റ്റർ ചെയ്യപ്പെട്ടു, അതിന്റെ അടിസ്ഥാനത്തിൽ സെഷൻസ് കേസ് നടന്നു കൊണ്ടിരിക്കുന്നു. അപ്പീൽവാദിയുടെ ഭാര്യ മീന, മുനീഷ് വെർമ്മയുടെയും (പരാതിക്കാരൻ) സന്ദീപ് വെർമ്മയുടെയും (ഇരയുടെ പിതാവ്) സഹോദരിയാണെന്നും, കക്ഷികൾ തമ്മിൽ വസ്തു തർക്കം ഉണ്ടെന്നും, അക്കാരണത്താൽ അപ്പീൽവാദി കള്ളമായി കുടുക്കപ്പെട്ടുവെന്നും കൂടി അപ്പീൽവാദിക്കുവേണ്ടി ബോധിപ്പിച്ചിരിക്കുന്നു.

8. ഇരയുടെ പിതാവിനും, അപ്പീൽവാദിയുടെ പുത്രനും ഭാര്യയ്ക്കും ഇടയിലുള്ള ആരോപിത സംഭാഷണം, ഒൻപത് വയസ്സ് പ്രായമുള്ള കുട്ടിയോടുള്ള ലൈംഗിക പീഡനവും ബലാൽസംഗവും സംഭവത്തിനെ തുടർന്നുള്ളതാണെന്നും, ആ നിലയിൽ 19-02-2015-ലെ അപേക്ഷ വിചാരണ കോടതി ശരിയായി നിരസിച്ചിട്ടുള്ളതാണെന്നും പരാതിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷക ശ്രീമതി മഹാലക്ഷ്മി പവാനി ശക്തമായി വാദിച്ചു.

9. എന്നിരുന്നാലും, ഈ ഘട്ടത്തിൽ പ്രോസിക്യൂഷൻ കേസിന്റെയോ പ്രതിഭാഗം ഭാഷ്യത്തിന്റെയോ യഥാർത്ഥ യോഗ്യതകളെ കുറിച്ച് ഏതൊരു അഭിപ്രായവും പ്രകടിപ്പിക്കുവാൻ ഞങ്ങൾ താത്പര്യപ്പെടുന്നില്ല. ഇപ്പോൾ പ്രസക്തമായ ഒരു മുഖ്യ വിഷയം പ്രതിക്ക് പ്രതിരോധാവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ടോ അല്ലയോ എന്നതാണ്.

10. സി.ആർ.പി.സി വകുപ്പ് 294 താഴെപ്പറയും പ്രകാരമാണ്:—

"294. **രേഖകൾ ഔപചാരികമായി തെളിയിക്കേണ്ടെന്ന്.-** (1) പ്രോസിക്യൂഷനോ, പ്രതിയോ ഏതെങ്കിലും കോടതി മുമ്പാകെ ഏതെങ്കിലും രേഖ ഫയൽ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഏതൊരു രേഖയുടെയും വിവരം ഒരു ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, അങ്ങനെയുള്ള ഓരോ രേഖയുടെയും യഥാർത്ഥത സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്യുവാൻ, അതതു സംഗതിപോലെ, പ്രോസിക്യൂഷനോടോ പ്രതിയോടോ അല്ലെങ്കിൽ പ്രോസിക്യൂഷനോ പ്രതിക്കോ വക്കീലുണ്ടെങ്കിൽ, ആ വക്കീലിനോടോ ആവശ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു.

(2) രേഖകളുടെ ആ ലിസ്റ്റ് സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും രേഖയുടെ യഥാർത്ഥത തർക്കിക്കപ്പെടാതിരിക്കുന്നിടത്ത്, അങ്ങനെയുള്ള രേഖ, അത് ഒപ്പിട്ടതായി കരുതപ്പെടാവുന്ന ആളുടെ ഒപ്പ് തെളിയിക്കാതെ ഈ നിയമസംഹിതയിൻ കീഴിലുള്ള ഏതെങ്കിലും അന്വേഷണ വിചാരണയിലോ,

വിചാരണയിലോ മറ്റ് നടപടിയിലോ തെളിവായി വായിക്കപ്പെടാവുന്നതാണ്.

എന്നാൽ കോടതിക്ക് സ്വവിവേകമുപയോഗിച്ച്, അങ്ങനെയുള്ള ഒപ്പ് തെളിയിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്."

11. സി.ആർ.പി.സി വകുപ്പ് 294 ന്റെ ലക്ഷ്യം, ആവശ്യമില്ലാത്ത തെളിവ് രേഖപ്പെടുത്തുന്നതിൽ കക്ഷികൾ പാഴാക്കുന്ന താമസം ഒഴിവാക്കുന്നതു വഴി വിചാരണയുടെ ഗമനം ത്വരിതപ്പെടുത്തുക എന്നതാണ്. ഏതെങ്കിലും രേഖയുടെ യഥാർത്ഥത സമ്മതിക്കപ്പെടുകയോ, അതിന്റെ ഔപചാരിക തെളിവ് വേണ്ടെന്ന് വയ്ക്കപ്പെടുകയോ ചെയ്യുന്നിടത്ത്, ആയത് തെളിവായി വായിക്കപ്പെടാവുന്നതാണ്. " രേഖ" എന്ന പദം 1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റിലെ 3-ാം വകുപ്പിൽ താഴെപ്പറയും പ്രകാരം നിർവ്വചിക്കപ്പെടുന്നു:—

'രേഖ' എന്നാൽ, ഏതൊരു കാര്യമാണോ, ആ കാര്യം രേഖപ്പെടുത്തുന്ന ആവശ്യത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ഉപയോഗിക്കാവുന്നതോ ആയ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി അല്ലെങ്കിൽ അവയിൽ ഒന്നിലധികം മാർഗ്ഗങ്ങളിലൂടെ ഏതെങ്കിലും പദാർത്ഥത്തിൻമേൽ പ്രകടിപ്പിക്കുകയോ വിവരിക്കുകയോ ചെയ്തിട്ടുള്ളത്, ആ കാര്യം എന്നർത്ഥമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

ഒരു ലിഖിതം ഒരു രേഖ ആകുന്നു.

അച്ചടിച്ചതോ ലിതോഗ്രാഫ് ചെയ്തതോ ഫോട്ടോഗ്രാഫ് ചെയ്തതോ ആയ വാക്കുകൾ രേഖകൾ ആകുന്നു.

ഭൂപടമോ പ്ലാനോ ഒരു രേഖ ആകുന്നു.

ലോഹത്തകിടിലോ, ശിലയിലോ ഉള്ള ഒരു ആലേഖനം ഒരു രേഖ ആകുന്നു.

ഒരു ഹാസ്യചിത്രം ഒരു രേഖയാകുന്നു. "

12. *ആർ.എം. മൽക്കാനി* അഭി *മഹാരാഷ്ട്ര സർക്കാർ* എന്ന കേസിൽ, ടേപ്പിൽ റിക്കോർഡ് ചെയ്ത സംഭാഷണം, ഒന്നാമത്, ആ സംഭാഷണം പ്രശ്നത്തിലുള്ള വിഷയങ്ങൾക്ക് പ്രസക്തമാണെങ്കിൽ; രണ്ടാമതായി, ശബ്ദത്തിന്റെ തിരിച്ചറിയൽ ഉണ്ടെങ്കിൽ; മൂന്നാമതായി ടേപ്പിൽ റിക്കോർഡ് ചെയ്ത സംഭാഷണത്തിന്റെ യഥാർത്ഥത, ടേപ്പ് റിക്കോർഡിനെ മായ്ച്ചുകളയുന്ന സാദ്ധ്യത ഇല്ലാതാക്കുന്നതുവഴി തെളിയിക്കപ്പെടുന്നെങ്കിൽ, അനുവദിക്കാവുന്നതാണെന്ന് ഈ കോടതി നിരീക്ഷിച്ചിട്ടുണ്ട്.

13. *സിയാവുദ്ദീൻ ബർഹനുദ്ദീൻ ബുഖാരി* അഭി *ബ്രിജ്മോഹൻ രാംദാസ് മെഹ്റയും മറ്റുള്ളവരും* എന്ന കേസിൽ, സംഭാഷണങ്ങളുടെ ടേപ്പ് റിക്കോർഡുകൾ, തെളിവ് ആക്റ്റിലെ 3-ാം വകുപ്പിനാൽ നിർവ്വചിക്കപ്പെട്ട പ്രകാരം "രേഖകൾ" ആയിരുന്നുവെന്നും, അവ ഫോട്ടോഗ്രാഫിനെക്കാൾ യാതൊരു വ്യത്യസ്ത നിലയിലും നിലകൊണ്ടിരുന്നില്ലെന്നും, താഴെപ്പറയുന്ന ഉപാധികൾ നിറവേറ്റിയതിന്മേൽ അവ തെളിവായി സ്വീകാര്യമായിരുന്നുവെന്നും ഈ കോടതി വിധിച്ചു:

"(എ) സംസാരിക്കുന്നതായി ആരോപിക്കപ്പെടുന്ന ആളുടെ ശബ്ദം, റിക്കോർഡ് ചെയ്ത ആളോ അത് അറിയുന്ന മറ്റുള്ളവരോ യഥാവിധി തിരിച്ചറിഞ്ഞിരിക്കേണ്ടതാണ്.

(ബി) യഥാർത്ഥത്തിൽ റിക്കോർഡ് ചെയ്തിട്ടുള്ളത് എന്താണോ, അതിന്റെ യഥാർത്ഥത റിക്കോർഡ് ചെയ്തയാൾ തെളിയിച്ചിരിക്കേണ്ടതും, റിക്കോർഡിനെ താറുമാറാക്കുന്ന സാദ്ധ്യതകളെ തള്ളിക്കളയുന്നതിനെ സംബന്ധിച്ചുള്ള, നേരിട്ടുള്ളതോ സാഹചര്യപരമായതോ ആയ, തൃപ്തികരമായ തെളിവ് ഉണ്ടായിരുന്നിരിക്കേണ്ടതുമാണ്.

(സി) റിക്കോർഡ് ചെയ്ത വിഷയം, തെളിവ് ആക്റ്റിൽ കാണപ്പെടുന്ന പ്രസക്തി ചട്ടങ്ങൾ അനുസരിച്ച് പ്രസക്തമാണെന്ന് കാണിക്കപ്പെട്ടിരിക്കേണ്ടതാണ്.

14. മുകളിൽ ചർച്ച ചെയ്ത പ്രകാരം, തെളിവ് ആക്റ്റിലെ "രേഖ" യുടെ നിർവ്വചനത്തിന്റെയും ഈ കോടതി പ്രതിപാദിച്ചിട്ടുള്ള നിയമത്തിന്റെയും അടിസ്ഥാനത്തിൽ, കംപാക്റ്റ് ഡിസ്കും ഒരു രേഖയാണെന്ന് ഞങ്ങൾ വിധിക്കുന്നു. സി.ആർ.പി.സി വകുപ്പ് 294-നുള്ള (1)-ാം ഉപവകുപ്പ് പ്രകാരം പ്രതിയിലോ പരാതിക്കാരനിലോ സാക്ഷിയിലോ നിന്ന് വ്യക്തിപരമായി ഒരു രേഖയിന്മേൽ സമ്മതമോ നിഷേധമോ കോടതി ലഭ്യമാക്കേണ്ട ആവശ്യമില്ലാത്തതാണ്. പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്ന ഒരു രേഖയിന്മേലോ, അത് ഫയൽ ചെയ്യപ്പെടുന്നത് ഏത് അപേക്ഷ/ റിപ്പോർട്ടിന് ഒപ്പമാണോ, അതിൻമേലോ, പ്രതിഭാഗം അഭിഭാഷകൻ നടത്തുന്ന സമ്മതത്തിന്റെയോ നിഷേധത്തിന്റെയോ ഇണ്ടാസ് സി.ആർ.പി.സി വകുപ്പ് 294-ന്റെ അനുസരണത്തിന് മതിയായതാണ്. അതുപോലെതന്നെ പ്രതിഭാഗം ഫയൽ ചെയ്യുന്ന ഒരു രേഖയിന്മേൽ പബ്ലിക്ക് പ്രോസി ക്യൂട്ടറാലുള്ള, സമ്മതത്തിന്റെയോ നിഷേധത്തി ന്റെയോ ഇണ്ടാസ് മതിയായതും, ആ രേഖയെ, പ്രോസിക്യൂഷൻ സമ്മതിക്കുന്നില്ലെങ്കിൽ, പ്രതിഭാഗം തെളിയിക്കേണ്ടിയിരിക്കുന്നതുമാണ്. അത് സമ്മതിക്കപ്പെടുന്നെങ്കിൽ, അതിനെ ഔപചാരികമായി തെളിയിക്കേണ്ടതില്ലാത്തതും, തെളിവായി വായിക്കുവാൻ കഴിയുന്നതുമാണ്. ഒരു പരാതി കേസിൽ പ്രതിഭാഗം ഫയൽ ചെയ്യുന്ന രേഖയെ സംബന്ധിച്ച് അങ്ങനെയുള്ള ഒരു ഇണ്ടാസ് പരാതിക്കാരന് വേണ്ടിയുള്ള അഭിഭാഷകന് ചെയ്യുവാൻ കഴിയുന്നതുമാണ്.

15. വിചാരണ കോടതി പാസ്സാക്കിയ 21-02-2015-ലെ ഉത്തരവ് വായിച്ചുനോക്കു മ്പോൾ, ഇരയായ കുട്ടിയും, അവളുടെ അമ്മയായ ഹാർജിന്തർ കൗറും, അമ്മ വഴി മുത്തശ്ശിയായ പറജിത്ത് കൗറും മുനീഷ് വെർമ്മയും ഉൾപ്പെടെയുള്ള എല്ലാ പ്രോസിക്യൂഷൻ സാക്ഷികളും വിസ്തരിക്ക പ്പെട്ടിട്ടുള്ളതായി ഞങ്ങൾ കാണുന്നു. സന്ദീപ് വെർമ്മയെ (ഇരയുടെ പിതാവ്) പ്രോസിക്യൂഷൻ വിടുതൽ ചെയ്തിട്ടുള്ളതായി കാണുകയും തെളിവ് അവസാനിപ്പിക്ക പ്പെട്ടിട്ടുള്ളതുമാണ്. സി.ആർ.പി.സി വകുപ്പ് 313 പ്രകാരം രേഖപ്പെടുത്തിയ, പ്രതിയായ ഷാംഷെർ സിങ് വെർമ്മയുടെ മൊഴിയുടെ പകർപ്പിൽ (അനുബന്ധം പി-11 ആയി ഹർജിയോട് അനുബന്ധിച്ചിട്ടുള്ളത്) നിന്ന്, അവസാനത്തെ ചോദ്യത്തിനുള്ള ഉത്തരത്തിൽ പ്രതി, അയാൾ വസ്തു തർക്കം മൂലം കുടുക്കപ്പെട്ടുവെന്ന് ആരോപിച്ചിട്ടുള്ളത് പ്രകടമാണ്. ഏതാനും സംഭാഷണം അയാളുടെ മകന്റെ കൈവശത്തിലാണെന്നും പ്രസ്താവി ച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഗുമസ്തൻ ദീർ സിങും, ആധാരം എഴുത്തുകാരൻ വിപിൻ തനേജയും, പട്യാല സ്റ്റേറ്റ് ബാങ്കിലെ ക്ലാർക്ക്-കം-കാഷ്യറായ പ്രവീൺ കുമാറും, അപ്പീൽവാദിയുടെ പുത്രനായ സൗരബ് വെർമ്മയും പ്രതിഭാഗം സാക്ഷികളായി വിസ്തരിക്കപ്പെട്ടിട്ടുണ്ടെന്നും, പ്രതിഭാഗം തെളിവ് പുരോഗമിക്കുന്നുവെന്നും രേഖയിൽ നിന്നുകൂടി പ്രതിഫലിക്കുന്നു.

16. തെളിയിക്കുവാൻ പ്രതിഭാഗം ആവശ്യപ്പെടുന്ന സംഭാഷണത്തിന്റെ പരമാർഥികതത്വത്തിലേയ്ക്കു പോകുവാൻ ഞങ്ങൾ താത്പര്യപ്പെടുന്നില്ല, എന്നാൽ കേസിന്റെ വസ്തുതകളിലും സാഹചര്യ ങ്ങളിലും, മുകളിൽ ചർച്ച ചെയ്തതുപോലെ, ആരോപിത വസ്തു തർക്കത്തിനെ സംബന്ധിച്ച് ഇരയുടെ പിതാവും, അപ്പീൽവാദിയുടെ പുത്രനും ഭാര്യയും തമ്മിലുള്ള സംഭാഷണത്തെ സംബന്ധിക്കുന്ന കംപാക്റ്റ് ഡിസ്ക് പ്രവർത്തിപ്പിക്കുവാനുള്ള പ്രതിഭാഗത്തിന്റെ അപേക്ഷ അനുവദിക്കാത്തതിൽ കീഴ് ക്കോടതികൾക്ക് നിയമത്തിൽ തെറ്റുപറ്റിയിട്ടുണ്ട് എന്നതാണ് ഞങ്ങളുടെ വീക്ഷണം. ഞങ്ങളുടെ അഭിപ്രായത്തിൽ, പ്രശ്നത്തിലുള്ള കംപാക്റ്റ് ഡിസ്കിനെ, അതിനെ സമ്മതിക്കുവാനോ

നിഷേധിക്കുവാനോ പബ്ലിക് പ്രോസിക്യൂട്ടറെ പ്രാപ്തമാക്കുന്നതിനും, അതിനെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അയയ്ക്കുന്നതിനും, അതിനെ പ്രവർത്തിപ്പിക്കുവാൻ, പ്രതിഭാഗ ത്താലുള്ള അപേക്ഷയെ നിരസിച്ചതിൽ കീഴ്ക്കോടതികൾക്ക് നിയമത്തിൽ തെറ്റു പറ്റിയിട്ടുണ്ട്. അപ്പീൽവാദി ജയിലിലായി രിക്കുന്നതും, അനാവശ്യമായി വിചാരണ നീട്ടിക്കൊണ്ടുപോകുവാൻ, പ്രത്യേകിച്ചും പ്രോസിക്യൂഷൻ സാക്ഷികൾ വിസ്തരിക്ക പ്പെട്ടിട്ടുള്ളപ്പോൾ, അയാളുടെ ഭാഗത്ത് യാതൊരു ഉദ്ദേശ്യവും ഇല്ലാത്തതായി കാണുന്നതുമാണ്.

17. അതിനാൽ, കേസിന്റെ അന്തിമ യോഗ്യതകളെക്കുറിച്ചുള്ള ഏതൊരു അഭിപ്രായവും പ്രകടിപ്പിക്കാതെ, ഈ അപ്പീൽ അനുവദിക്കപ്പെടുകയും, കീഴ്ക്കോടതികൾ പാസ്സാക്കിയ ഉത്തരവുകൾ റദ്ദാക്കപ്പെടുകയും ചെയ്യുന്നു. 19-02-2015-ലെ അപേക്ഷ അനുവദിക്കപ്പെടുന്നു. എന്നിരുന്നാലും കേസിന്റെ വസ്തുതകളിലും സാഹചര്യ ങ്ങളിലും, വിചാരണയുടെ വിളംബം കാരണം ജാമ്യം ആവശ്യപ്പെടാൻ പ്രതിക്ക്/ അപ്പീൽവാദിക്ക് അവകാശം ഉണ്ടായിരി ക്കുന്നതല്ല എന്ന് നിരീക്ഷിക്കപ്പെടുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എം.വൈ. ഇക്ബാൽ**
**&**

**ബഹു. ജസ്റ്റിസ് സി. നാഗപ്പൻ**

**പരിവർത്തൻ കേന്ദ്ര**
**അഭി**
**ഇന്ത്യൻ യൂണിയനും മറ്റുള്ളവരും**

**റിട്ട് പെറ്റീഷൻ (സിവിൽ) നം. 867/2013**

2015 ഡിസംബർ 7-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

*ലക്ഷ്മി* അഭി *ഇന്ത്യൻ യൂണിയൻ* എന്ന കേസിലെ ഉത്തരവ് വഴി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, നഷ്ടപരിഹാരത്തുകയെ സംബന്ധിച്ച് ഒഴികെ ഉചിതമായതാണ്—ഓരോ ആസിഡ് ആക്രമണ ഇരക്കും സർക്കാർ ഏറ്റവും കുറഞ്ഞത് മൂന്നു ലക്ഷം രൂപ അവാർഡ് ചെയ്യേണ്ടതാണ്-- കേസിന്റെ പ്രത്യേക വസ്തുതകളിൽ, മുകളിലത്തെ *ലക്ഷ്മിയുടെ* കേസിൽ ഈ കോടതി നിർണ്ണയിച്ചിട്ടുള്ളതിനെക്കാൾ കൂടുതലായ ഒരു നഷ്ടപരിഹാരം അവാർഡ് ചെയ്യപ്പെടാൻ ഇര ചഞ്ചൽ അർഹിക്കുന്നു--മുകളിലത്തെ *ലക്ഷ്മിയുടെ* കേസിൽ, നഷ്ടപരിഹാരം 3 ലക്ഷം രൂപയിലേക്ക് പരിമിതപ്പെടുത്തി അവാർഡ് ചെയ്യുവാനുള്ള ക്ലിപ്തി ഈ കോടതി സർക്കാരിൻമേൽ സ്ഥാപിക്കുന്നില്ല—*ലക്ഷ്മിയുടെ* കേസിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇരയ്ക്ക് കൂടുതൽ നഷ്ടപരിഹാരം വ്യവസ്ഥ ചെയ്യുവാൻ സംസ്ഥാനത്തിന് സുവിവേകം ഉണ്ടായിരിക്കുന്നു. ആസിഡ് ആക്രമണം മൂലം ഒരു ഇര സഹിച്ചിട്ടുള്ള ക്ഷതികളുടെ അളവിനെ സംബന്ധിച്ച് *ലക്ഷ്മിയുടെ* കേസിൽ ഈ കോടതി ഏതൊരു ഉപാധിയും വച്ചിട്ടുണ്ടായിരുന്നില്ല എന്നതും കൂടി ശ്രദ്ധിക്കേണ്ടതാണ്—ചുരുക്കിപ്പറഞ്ഞാൽ ശാരീരികമായ ക്ഷതി അനുസരിച്ച് മാത്രം നഷ്ടപരിഹാരം അവാർഡ് ചെയ്യാൻ പാടില്ലാത്തതാണ്, ഒരു പൂർണ്ണ ജീവിതം നയിക്കുവാനും, ആസിഡ് ആക്രമണത്തിന്റെ ഫലമായി ഇരയിൽ നിന്ന് പിടിച്ചുപറിക്കപ്പെട്ട സുഖസൗകര്യങ്ങൾ അനുഭവിക്കുവാനുമുള്ള അവളുടെ കഴിവില്ലായ്മകൂടി ഞങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിനാൽ, 10 ലക്ഷം രൂപയുടെ നഷ്ട പരിഹാരം അവാർഡ് ചെയ്യുന്നത് ഉചിതമാണെന്ന് ഈ കോടതി കരുതുകയും, അതിനനുസൃതമായി ഇര ചഞ്ചലിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുവാൻ ബന്ധപ്പെട്ട സർക്കാരിനോട് ഞങ്ങൾ നിർദ്ദേശിക്കുകയും, ലക്ഷ്മിയുടെ കേസിൽ നൽകപ്പെട്ട വിധിന്യായത്തിന്റെ വെളിച്ചത്തിൽ, പ്രധാന ഇരയുടെ സഹോദരി സോനത്തിന് 3 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുവാൻ ബന്ധപ്പെട്ട ബീഹാർ സർക്കാരിനോട് ഞങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു-- ഇത്തരത്തിലുള്ള ഇരകളുടെ കഷ്ടത പരിഗണിക്കുവാനും, അവരുടെ പേരുകൾ അവശത പട്ടികയിൻകീഴിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ഉചിതമായ നടപടികൾ സ്വീകരിക്കുവാനും ഞങ്ങൾ എല്ലാ സംസ്ഥാനങ്ങളോടും യൂണിയൻ പ്രദേശങ്ങളോടും കൂടുതലായി നിർദ്ദേശിക്കുന്നു.

ജസ്റ്റിസ് എം.വൈ. ഇക്ബാൽ

ഭാരതത്തിന്റെ ഭരണഘടനയുടെ 32-ാം അനുച്ഛേദപ്രകാരം പൊതുതാൽപ്പര്യത്തിൽ ഫയൽ ചെയ്ത ഇപ്പോഴത്തെ റിട്ട് ഹർജി മുഖേന, ഹർജിക്കാരൻ-രജിസ്റ്റർ ചെയ്ത ഒരു എൻ.ജി.ഒ, ആസിഡ് ആക്രമണ ഇരകളുടെ കഷ്ടാവസ്ഥയെയും, ***ലക്ഷ്മി അഭി ഇന്ത്യൻ യൂണിയൻ*** എന്ന കേസിലെ (റിട്ട് ഹർജി (ക്രിമിനൽ) നം. 129/2006-ന്റെ) പരമോന്നത കോടതിയുടെ ഉത്തരവുകൾ പ്രകാരം ഇരകൾക്ക് കൊടുക്കേണ്ടതായ നഷ്ടപരിഹാരം എത്ര അപര്യാപ്തമായതാണെന്നുള്ളതിനെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. അതിജീവിച്ചവർക്കുള്ള നഷ്ടപരിഹാര പദ്ധതികളിൻകീഴിൽ സൗജന്യ വൈദ്യ പരിരക്ഷയ്ക്കോ, പുനരധിവാസത്തിനുതകുന്ന സേവനങ്ങൾക്കോ, പര്യാപ്തമായ നഷ്ട പരിഹാരത്തിനോ ഉള്ള നിയമപരമായ ഒരു ഉറപ്പിന്റെ കുറവിനേക്കൂടി ഹർജിക്കാരൻ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഹർജിക്കാരൻ ബീഹാറിലെ രണ്ടു ദളിത് പെൺകുട്ടികളുടെ കഷ്ടാവസ്ഥയെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ആ പെൺകുട്ടികൾ 2012 ഒക്ടോബർ 21-ന് അവരുടെ മട്ടുപ്പാവിൽ ഉറങ്ങുകയായിരുന്നപ്പോൾ, ഏകദേശം അർദ്ധരാത്രി നാല് അക്രമികൾ അവരുടെ മുഖത്തും ശരീരങ്ങളിലും ആസിഡ് എറിഞ്ഞ് ആക്രമിച്ചു. ചെറുപ്പക്കാരായ ഈ അക്രമികൾ മൂത്ത സഹോദരി കമ്പ്യൂട്ടർ ക്ലാസ്സുകൾക്ക് അല്ലെങ്കിൽ ജോലിക്ക് പോയിക്കൊണ്ടിരുന്ന വേളയിൽ, തെരുവുകളിലും ചന്തയിലും ഓട്ടോറിക്ഷയിലും വച്ച് അവളെ പീഡിപ്പിക്കുന്നത് പതിവായിരുന്നു എന്ന് ആരോപിച്ചിരിക്കുന്നു. ഈ ഇര ഒരു കമ്പ്യൂട്ടർ എൻജിനീയർ ആകാൻ ആഗ്രഹിക്കുകയും, പതിവായി കോളേജിൽ പോകുകയും ഒരു ദിവസക്കൂലി തൊഴിലാളിയായി ജോലി ചെയ്ത് തന്റെ കുടുംബത്തെ പോറ്റുകയും ചെയ്തിരുന്നു. എന്നിരുന്നാലും, ഈ അക്രമികൾ അവളുടെ നേർക്ക് ലൈംഗിക അച്ചാരങ്ങൾ നീട്ടുന്നതും, കാമോദ്ദീപകമായ അഭിപ്രായങ്ങൾ പറയുന്നതും പതിവായിരുന്നു, കൂടാതെ അവളുടെ ദുപ്പട്ട പിടിച്ചു വലിക്കുന്നതും പതിവായിരുന്നു. അവർ അവരുടെ മോട്ടോർ സൈക്കിളുകളിൽ അവളുടെ വീടിന് അരികിൽ ചുറ്റി സഞ്ചരിച്ച്, അവളെയും അവളുടെ കുടുംബാംഗങ്ങളെയും ഭയപ്പെടുത്തുകയും, അവരുടെ വീട്ടിലെ കർട്ടനുകൾ കീറുകയും, അവരുടെ ആവശ്യങ്ങൾക്ക് അവൾ വഴങ്ങുകയും അവരുമായുള്ള ലൈംഗികബന്ധത്തിന് സമ്മതിക്കുകയും ചെയ്തില്ലെങ്കിൽ, അവർ അവളുടെ മുഖത്തിന് കേടുവരുത്തുകയും നശിപ്പിക്കുകയും ചെയ്യുമെന്ന് അവളോട് പറയുകയും ചെയ്തിരുന്നു.

3. മുൻപറഞ്ഞ അർദ്ധരാത്രിയിൽ, രണ്ടു സഹോദരിമാരും ഉറങ്ങുകയായിരുന്നപ്പോൾ, അക്രമികളായ അനിൽറായിയും, ഘനശ്യാം റായിയും, ബാദലും, രാജയും മട്ടുപ്പാവിൽ കയറുകയും മൂത്ത സഹോദരിക്ക് പേടിച്ചലറുവാൻ കഴിയരുത് എന്ന ലക്ഷ്യത്തോടെ അനിൽ അവളുടെ വായ് പൊത്തുകയും, അവൾക്ക് അനങ്ങാൻ കഴിയരുത് എന്ന ലക്ഷ്യത്തോടെ ഘനശ്യാമും, രാജയും അവളുടെ കാലുകൾ മുറുകെപ്പിടിക്കുകയും ചെയ്തു. അനിൽ റായി അവളുടെ ശരീരത്തും മുഖത്തും ആസിഡ് ഒഴിച്ചപ്പോൾ, ആസിഡ് അവളുടെ സഹോദരിയുടെ ശരീരത്തിലും വീഴുകയും, അവളുടെ കൈ പൊള്ളിക്കുകയും ചെയ്തു. ആക്രമണത്തിനുശേഷം ഈ മനുഷ്യർ, അവിടെ നിലകൊള്ളുവാനും, ആ നിമിഷം ആസ്വദിക്കുവാനും അവർ ആഗ്രഹിച്ചതു കൊണ്ട്, ഓടിപ്പോകാൻ ഏതൊരു ശ്രമവും അവർ നടത്തിയില്ല. ആസിഡ് ആ പെൺകുട്ടികളെ പൊള്ളിച്ചുതുടങ്ങിയപ്പോൾ, അവർ പേടിച്ചലറുകയും, നിലവിളിക്കുകയും, അവരുടെ മാതാപിതാക്കളെ ഉണർത്തുകയും, അവർ മട്ടുപ്പാവിലേക്ക് പാഞ്ഞെത്തുകയും ചെയ്തു. ഈ സന്ദർഭത്തിൽ അക്രമികൾ ഓടിപ്പോയി. ഇരകൾ പാറ്റ്നാ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഉടനെ എത്തിക്കപ്പെട്ടു. ഹർജിക്കാരൻ പറഞ്ഞ

തനുസരിച്ച്, ഡോക്ടർമാർ അടുത്ത ദിവസം രാവിലെ മാത്രം എത്തിച്ചേർന്നിട്ടുള്ളതും, അവർക്ക് ഉചിതമായ ചികിത്സ നൽകാതിരുന്നിട്ടുള്ളതും, ആ കുടുംബത്തിന് എല്ലാ മരുന്നുകളും അവരുടെ സ്വന്തം ചെലവിൽ വാങ്ങേണ്ടിവന്നിട്ടുള്ളതുമാണ്. അതിനുശേഷം, രണ്ടുപേരുടെയും ചികിത്സക്കുവേണ്ടി ബീഹാർ സർക്കാരിൽ നിന്ന് 2,42,000/- രൂപ ഇരകളുടെ കുടുംബത്തിന് നൽകപ്പെട്ടു. ഈ റിട്ട് ഹർജി ഫയൽ ചെയ്യുന്നതുവരെ അവരുടെ ചികിത്സക്ക് ഇതിനകം അഞ്ചു ലക്ഷത്തിലധികം രൂപ ചിലവഴിച്ചിട്ടുണ്ടെന്നും, കൂടുതൽ ചികിത്സ ഇരകൾക്ക് ഇപ്പോഴും ആവശ്യമാണെന്നും ഹർജിക്കാരൻ വാദിച്ചിട്ടുണ്ട്.

4. ശരിയായതും മതിയായതുമായ ചികിത്സ ഇരക്ക് നൽകപ്പെട്ടിട്ടില്ലായെന്ന് ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുണ്ട്. മൂത്ത സഹോദരിയുടെ ഗ്രാഫ്റ്റിങ് ശസ്ത്രക്രിയകൾ നടത്തുവാൻ പാറ്റ്ന ആശുപത്രി ഒരു മാസത്തിൽ കൂടുതൽ കാത്തിരുന്നു. മൂത്ത സഹോദരിക്ക് മൂന്ന് ഗ്രാഫ്റ്റിങ് ശസ്ത്രക്രിയകൾ നടത്തിയിരുന്നു. ഈ എല്ലാ മൂന്നു ശസ്ത്രക്രിയകളും ശരിയായി നടത്തിയിട്ടില്ലായെന്നും, ആശുപത്രിയിലെ ഡോക്ടർമാരും ജീവനക്കാരും, ഇരകളും അവരുടെ കുടുംബവും ഒരു കീഴ്ജാതിയിൽ ഉൾപ്പെട്ടവരായതുകൊണ്ട് അവരെ ദ്രോഹിക്കുകയും ചെയ്തു എന്ന് അവകാശപ്പെട്ടിരുന്നു. പെറ്റീഷണർ- സൊസൈറ്റിയുടെ സഹായത്തോടുകൂടി, 2013 ഏപ്രിൽ 5-ന് ഇര ഡൽഹിയിലെ സഫ്ദർജങ് ആശുപത്രിയിലേക്ക് മാറ്റപ്പെടുകയും, അവിടെ അവൾക്ക് അന്തിമമായി ശരിയായ ചികിത്സ ലഭിക്കുകയും ചെയ്തു. ആക്രമണത്തിന് ഒരു മാസത്തിന് ശേഷം, 2012 നവംബറിൽ സാമൂഹ്യ സംഘടനകളിൽ നിന്നും മാധ്യമങ്ങളിൽ നിന്നുമുള്ള തീവ്ര സമ്മർദ്ദത്തിനുള്ള പ്രതികരണമായി പോലീസ് നാലു കുറ്റവാളികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് കൂടി ഹർജിക്കാരൻ വീണ്ടും വാദിച്ചു. ഇരയുടെ മൊഴി ക്രിമിനൽ നടപടി നിയമസംഹിതയിലെ 164-ാം വകുപ്പ് പ്രകാരം എടുക്കുന്നതാണെന്ന് പോലീസ് ഇൻസ്പെക്ടർ ജനറൽ 8-2-2013-ൽ ഒരു പ്രസ്താവന നടത്തിയിരുന്നു. എന്നിരുന്നാലും, ഹർജിക്കാരൻ പറഞ്ഞതനുസരിച്ച്, അങ്ങനെയുള്ള യാതൊരു മൊഴിയും റിട്ട് ഹർജി ഫയൽ ചെയ്യുന്നതുവരെ എടുത്തിരുന്നില്ല. അതിനാൽ, പാറ്റ്ന ഹോസ്പിറ്റലിന്റെയും പോലീസിന്റെയും ബീഹാർ സർക്കാരിന്റെയും പ്രവർത്തനങ്ങളിൽ നിന്നും അവർക്ക് കിട്ടിയ ഉപചാരം മുഖേന ഇരയും അവളുടെ കുടുംബവും ഭീഷണിപ്പെടുത്തപ്പെടുന്നു.

5. ഇപ്പോഴത്തെ റിട്ട് ഹർജി വഴി, ഹർജിക്കാരൻ ആസിഡ് ആക്രമണത്തെ അതിജീവിച്ചവർക്ക് നീതിയും, നഷ്ട പരിഹാരവും, അവരുടെ അന്തസ്സിന്റെ പുന:സ്ഥാപനവും, കൂടാതെ ഭയങ്കരമായ ഈ സംഭവങ്ങൾ മറ്റൊരിടത്തും ആവർത്തിക്കപ്പെടുന്നില്ല എന്ന ഉറപ്പും ആവശ്യപ്പെട്ടിട്ടുണ്ട്. മുകളിലത്തെ **ലക്ഷ്മിയുടെ കേസിലെ** പരമോന്നത കോടതിയുടെ ഉത്തരവുകളും നിർദ്ദേശങ്ങളും ഉണ്ടായിരുന്നിട്ടും, ഇന്ത്യയിലെ ഏകദേശം ജനങ്ങൾക്കും ആസിഡ് ഇപ്പോഴും എളുപ്പത്തിൽ ലഭ്യമായിരിക്കുകയും, ആസിഡ് അക്രമികൾ ശിക്ഷയിൽ നിന്നുള്ള സംരക്ഷണത്തോടുകൂടി ജീവിച്ചുവരികയും, ഇരകൾ അടിസ്ഥാന പരിരക്ഷ അല്ലെങ്കിൽ സേവനങ്ങൾ ലഭ്യമാക്കുവാനുള്ള ഒരു സ്ഥിതിയിൽ അല്ലായിരിക്കുകയും ചെയ്യുന്നു. ആസിഡ് വാങ്ങുന്നത് എളുപ്പമായതുകൊണ്ട്, അത് ഏറെ ചെറിയ തർക്കങ്ങൾ തീർപ്പാക്കാൻ ഉപയോഗിക്കപ്പെട്ടുവരുന്നു. ഒരു ആസിഡ് ആക്രമണം അതിജീവിച്ച ഒരാൾക്ക് അവന്റെയോ/ അവളുടെയോ ജീവിതകാലം മുഴുവനും ഓരോ ശസ്ത്രക്രിയക്കും ഏകദേശം 3 ലക്ഷം രൂപ ചിലവു വരുന്ന ശസ്ത്രക്രിയകൾ ആവശ്യമാകുന്നു. ഈ കുറ്റകൃത്യം പ്രധാനമായും ലോകത്തിലെ നാലു രാജ്യങ്ങളിൽ, അതായത്, ബംഗ്ലാദേശിലും, പാകിസ്ഥാനിലും, കംബോഡിയയിലും, ഇന്ത്യയിലും നടത്തപ്പെടുന്നു എന്ന് ഹർജിക്കാരൻ മേലും വാദിച്ചിട്ടുണ്ട്. മറ്റ് എല്ലാ മൂന്ന് രാജ്യങ്ങളും ഇരകളിലെ അതിജീവിച്ചവർക്കുവേണ്ടിയുള്ള ഫലപ്രദമായ ഒരു പരിഹാരത്തിന് വഴിയൊരുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. 2002-ൽ ബംഗ്ലാദേശ് ഒരു നിയമം പാസ്സാക്കി,

അത് ഇന്ത്യൻ നിയമത്തേക്കാൾ വളരെ ശക്തമായതാണ്, കാരണം ഇന്ത്യൻ നിയമത്തിന് ആസിഡ് ആക്രമണങ്ങളുടെ തീവ്രതയെ ഫലപ്രദമായി പരിഹരിക്കുവാൻ കഴിയുന്നുമില്ല, ആസിഡ് ആക്രമണം അതിജീവിച്ചവരെ ഫലപ്രദമായി സഹായിക്കുവാനും അതിന് കഴിയുന്നുമില്ലായെന്ന് ഹർജിക്കാരൻ വാദിക്കുന്നു.

6. അതിജീവിച്ചവർക്കുള്ള നഷ്ടപരിഹാര പദ്ധതികൾ പ്രകാരം നഷ്ടപരിഹാരം നൽകുവാനുള്ള സംസ്ഥാനങ്ങളുടെ വീഴ്ച, അതിജീവിച്ചവർ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ നിന്നും ഒറ്റപ്പെടുത്തപ്പെടാൻ കാരണമായിട്ടുണ്ട്, കാരണം അവർക്ക് അവരുടെ വൈരൂപ്യങ്ങൾ നിമിത്തം അവരുടെ വീട് വിട്ടുപോകാൻ കഴിയാതിരിക്കുന്നു എന്ന് ഹർജിക്കാരൻ ബോധിപ്പിക്കുന്നു. നഷ്ട പരിഹാരമായ 3 ലക്ഷം രൂപയിൽ ഒരു ആസിഡ് ആക്രമണ ഇര വഹിച്ച മുഴുവൻ ചിലവുകളും ഉൾപ്പെടുന്നില്ല. ആസിഡ് ആക്രമണ ഇരകളെ ചികിത്സിക്കുവാൻ നിലവാരമുള്ള ഏതെങ്കിലും ചികിത്സ, മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ; പൊതു ആരോഗ്യ സൗകര്യങ്ങൾ മുതലായവ ഇന്ത്യൻ യൂണിയൻ വികസിപ്പിച്ചിട്ടില്ല എന്നു ഹർജിക്കാരൻ മേലും വാദിക്കുന്നു. ആസിഡ് ആക്രമണം അതിജീവിച്ചവർക്കു വേണ്ടിയുള്ള സമഗ്രമായ പുനരധിവാസ പദ്ധതിയുടെ വികസനം, അതായത്, ഭവനം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുണ്ട്.

7. ഇരയുടെ കുടുംബത്തിന് ഇതുവരെ അവളുടെ ചികിത്സക്ക് ചിലവാക്കിയ തുകയായ അഞ്ചുലക്ഷം രൂപയും, പ്രായപൂർത്തിയാകാത്ത സഹോദരിയുടെ ചികിത്സക്ക് വഹിച്ച മറ്റേതെങ്കിലും ചിലവും മടക്കിക്കൊടുക്കുവാനും ഇരകളുടെ കുടുംബത്തിന് അവരുടെ വേദനകൾക്കും കഷ്ടപ്പാടിനും പകരം 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാനും ബീഹാർ സർക്കാരിന് ഒരു മാൻഡമസ് റിട്ട് നൽകുന്നതിന് പെറ്റീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവാരമുള്ള ഒരു ചികിത്സയും, വിദഗ്ദ്ധരുടെ ഒരു പേർ വിവര പട്ടിക രൂപീകരിക്കുന്നതു വഴി ആസിഡ് ആക്രമണ ഇരകളുടെ ചികിത്സക്കും അവരെ കൈകാര്യം ചെയ്യുന്നതിനു വേണ്ടിയും ഉള്ള മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങളും വികസിപ്പിക്കുവാനും, ആസിഡ് ആക്രമണ കേസുകളിൽ സൗജന്യ ചികിത്സ നൽകുവാൻ എല്ലാ സ്വകാര്യ ആശുപത്രികളോടും നിർദ്ദേശിക്കുവാനും, പ്രഥമ ശുശ്രൂഷയോടും പ്രാഥമിക ശുശ്രൂഷ പ്രോട്ടോക്കോളുകളോടും ആസിഡ് നിർവ്വീര്യമാക്കുവാനും അതിജീവിച്ചവരെ ഭദ്രമാക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോടും കൂടിയ, ചിത്രത്തിൽ രേഖപ്പെടുത്തിയ പ്രദർശനങ്ങൾ എല്ലാ പൊതു ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലും ഉണ്ടായിരിക്കുവാനുമുള്ള മാൻഡമസ് റിട്ടോ നിർദ്ദേശങ്ങളോ നൽകുന്നതിനു വേണ്ടിയും ഹർജിക്കാരൻ, മറ്റു പലതിന്റെയും കൂട്ടത്തിൽ, നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികജാതികളും പട്ടികവർഗ്ഗങ്ങൾ (അതിക്രമങ്ങൾ തടയൽ) ആക്റ്റിൽ ആസിഡ് ആക്രമണങ്ങൾ ഉൾപ്പെടുത്തുന്നതിനു വേണ്ടിയും, സ്ത്രീകൾക്ക് എതിരായ അതിക്രമത്തിന്റെ തീവ്രത മനസ്സിലാക്കുവാനും പ്രാഥമിക വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പരിപാടികൾ പരിഷ്കരിക്കുവാനും കൂടി ഹർജിക്കാരൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

8. ഹർജിക്കാരനു വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. കോളിൻ ഗോൺസാൽവസിനെയും, ഇന്ത്യൻ യൂണിയനും ബീഹാർ സർക്കാരിനും മറ്റു സർക്കാരുകൾക്കുംവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകനെയും ഞങ്ങൾ കേൾക്കുകയുണ്ടായി.

9. മേലും മുമ്പോട്ടുപോകുന്നതിനു മുമ്പ്, ആസിഡ് ആക്രമണ ഇരയുടെ ഒരു സമാന കേസ് കൈകാര്യം ചെയ്തിരുന്ന ***ലക്ഷ്മി അഭി ഇന്ത്യൻ യൂണിയൻ*** എന്നു പേരിട്ടിട്ടുള്ള റിട്ട് ഹർജി (ക്രിമിനൽ) 129/2006 എന്ന കേസിലെ പരമോന്നത കോടതി പാസ്സാക്കിയ ഉത്തരവുകൾ വായിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. 18-07-2013-ൽ ഈ കോടതി താഴെ പറയുന്ന ഉത്തരവ് പാസ്സാക്കി.

"6. 1919-ലെ പോയിസൺ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങളെ കൊഗ്നൈസബിളും ജാമ്യം അനുവദി ക്കേണ്ടതല്ലാത്തതും ആക്കിത്തീർക്കുന്ന തിലേക്ക് കേന്ദ്രവും, സംസ്ഥാനങ്ങളും യൂണിയൻ പ്രദേശങ്ങളും പ്രവർത്തിക്കേണ്ടതാണ്.

7. ആസിഡിന്റെയും മറ്റു ക്ഷാര പദാർത്ഥങ്ങളുടെയും വിൽപ്പനയെ നിയന്ത്രിക്കുവാനുള്ള ചട്ടങ്ങൾ പ്രവർത്തന സജ്ജമല്ലാത്ത സംസ്ഥാന ങ്ങളിലും/യൂണിയൻ പ്രദേശങ്ങളിലും, അത്തരം ചട്ടങ്ങൾ തയ്യാറാക്കപ്പെടുകയും പ്രവർത്തന സജ്ജമാക്കപ്പെടുകയും ചെയ്യുന്നതു വരെ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ/ യൂണിയൻ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാർ താഴെ പറയുന്ന നിർദ്ദേശങ്ങളുടെ ഉടനെയുള്ള പ്രഭാവ ത്തോടുകൂടിയുള്ള അനുസരണം ഉറപ്പുവരുത്തേണ്ടതാണ്:

(i) കുറിപ്പടി ഇല്ലാതെ, ആർക്കാണോ ആസിഡ് (ആസിഡുകൾ) വിൽക്ക പ്പെടുന്നത്, ആ ആൾ (ആളുകളു ടെയും), വിൽക്കപ്പെടുന്ന അളവിന്റെയും വിശദാംശങ്ങൾ അടങ്ങുന്ന, ആസിഡ് വിൽപ്പനയെ രേഖപ്പെടുത്തുന്ന ഒരു പുസ്തകം/ രജിസ്റ്റർ വിൽപ്പനക്കാരൻ വച്ചു പോരാത്ത പക്ഷം, ആസിഡിന്റെ വിൽപ്പന പൂർണ്ണമായും നിരോധിക്ക പ്പെടുന്നു. ആ പുസ്തകത്തിൽ/ രജിസ്റ്ററിൽ അത് വിൽക്കപ്പെടുന്ന ആളിന്റെ മേൽവിലാസം അടങ്ങി യിരിക്കേണ്ടതാണ്.

(ii) എല്ലാ വിൽപ്പനക്കാരും, വാങ്ങുന്ന ആൾ,

(എ) ആ ആളിന്റെ മേൽവിലാസം കൂടിയുണ്ടായിരിക്കുന്ന, സർക്കാർ നൽകിയ ഒരു ഫോട്ടോ ഐ.ഡി.

(ബി) ആസിഡ് സംഭരിക്കുന്നതിന്റെ കാരണം/ആവശ്യം വ്യക്തമാക്കുന്നത്, കാണിച്ചതിനുശേഷം മാത്രം ആസിഡ് വിൽക്കേണ്ടതാണ്.

(iii) ആസിഡിന്റെ എല്ലാ സ്റ്റോക്കു കളെയും വിൽപ്പനക്കാരൻ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിനോട് (എസ്.ഡി.എം) പ്രഖ്യാപി ക്കേണ്ടതാണ്.

(iv) 18 വയസ്സിനു താഴെ പ്രായമുള്ള ഏതൊരാൾക്കും യാതൊരു ആസിഡും വിൽക്കാൻ പാടില്ലാത്തതാണ്.

(v) അപ്രഖ്യാപിത ആസിഡ് സ്റ്റോക്കിന്റെ സംഗതിയിൽ, ആ സ്റ്റോക്കിനെ പിടിച്ചെടുക്കുവാനും, 50,000/- രൂപ വരെയുള്ള ഉചിതമായ പിഴ ചുമത്തുവാനും സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് (എസ്.ഡി.എം) ന് സ്വാതന്ത്ര്യ മുണ്ടായിരിക്കുന്നതാണ്.

(vi) ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് (എസ്.ഡി.എം) ന് മുകളിലെ നിർദ്ദേശങ്ങളിൽ ഏതിന്റെ യെങ്കിലും ലംഘനം നടത്തുന്ന ഏതൊരാളിൻ മേലും 50,000 രൂപ വരെയുള്ള പിഴ ചുമത്താവുന്നതാണ്.

8. ആസിഡ് സൂക്ഷിക്കാനും കരുതി വയ്ക്കുവാനും ആവശ്യപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവേഷണ പരീക്ഷണശാലകളും, ആശുപത്രികളും, സർക്കാർ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളിലെ വകുപ്പുകളും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പിൻതുടരേ ണ്ടതാണ്.

(i) ആസിഡിന്റെ ഉപയോഗത്തിന്റെ രജിസ്റ്റർ വച്ചുപോരേണ്ടതും, ആയത് ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ പക്കൽ ഫയൽ ചെയ്യേണ്ടതുമാണ്.

(ii) ഒരു വ്യക്തി തന്റെ കെട്ടിട പരിസരങ്ങളിൽ ആസിഡ് കൈവശം വയ്ക്കുന്നതിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഉത്തരവാദിയാക്കപ്പെടേണ്ടതാണ്.

(iii) ഈ ആളിന്റെ മേൽനോട്ടത്തിൻ കീഴിൽ ആസിഡ് സംഭരിക്കേണ്ടതും, ആസിഡ് ഉപയോഗിക്കപ്പെടുന്ന പരീക്ഷണശാലകൾ/സംഭരണ സ്ഥലം വിട്ടുപോകുന്ന വിദ്യാർത്ഥികളെ/ജീവനക്കാരെ നിർബന്ധിതമായി പരിശോധിക്കുന്നത് ഉണ്ടായിരിക്കേണ്ടതുമാണ്.

9. മുകളിലത്തെ തീരുമാനങ്ങളുടെ ലംഘനം/വീഴ്ച/ഉല്ലംഘനത്തിനുള്ള ഉചിതമായ നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ (എസ്.ഡി.എം) നിക്ഷിപ്തമായിരിക്കുന്നതാണ്.

10. 2009-ലെ 5-ാം ആക്റ്റ് മുഖേന 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ വകുപ്പ് 357 എ 31-12-2009 മുതൽക്കുള്ള പ്രഭാവത്തോടുകൂടി കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യത്തിന്റെ ഫലമായി നഷ്ടമോ ക്ഷതിയോ അനുഭവിച്ചിട്ടുള്ളതും, പുനരധിവാസം ആവശ്യപ്പെടുന്നതുമായ ഇരയ്ക്കോ അയാളുടെ ആശ്രിതർക്കോ ഉള്ള നഷ്ടപരിഹാര ആവശ്യത്തിനായി നിധി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ഈ വകുപ്പ് മറ്റു പലതിന്റെയും കൂട്ടത്തിൽ, വ്യവസ്ഥ ചെയ്യുന്നു.

11. ഈ വ്യവസ്ഥയ്ക്കനുസൃതമായി, 17 സംസ്ഥാനങ്ങളും 7 യൂണിയൻ പ്രദേശങ്ങളും ഇരയ്ക്കുള്ള നഷ്ടപരിഹാരപദ്ധതി (ചുരുക്കത്തിൽ പദ്ധതി) തയ്യാറാക്കിയിട്ടുണ്ട്. ആസിഡ് ആക്രമണങ്ങളുടെ ഇരകളെ സംബന്ധിച്ച്, ഈ സംസ്ഥാനങ്ങളും യൂണിയൻ പ്രദേശങ്ങളും തയ്യാറാക്കിയ പദ്ധതിയിൽ പറഞ്ഞിട്ടുള്ള നഷ്ടപരിഹാരം ഒരുപോലെയുള്ളതല്ല. അങ്ങനെയുള്ള പദ്ധതിയിൽ ബീഹാർ സംസ്ഥാനം 25,000/- രൂപ നഷ്ടപരിഹാരത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ, രാജസ്ഥാൻ സംസ്ഥാനം 2 ലക്ഷം രൂപയ്ക്കുള്ള നഷ്ടപരിഹാരത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നമ്മുടെ വീക്ഷണത്തിൽ, ഏകദേശമുള്ള സംസ്ഥാനങ്ങൾ/യൂണിയൻ പ്രദേശങ്ങൾ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നഷ്ടപരിഹാരം അപര്യാപ്തമായതാണ്. ആസിഡ് ആക്രമണ ഇരകൾ പ്ലാസ്റ്റിക് സർജറികളുടെ ഒരു നിരയ്ക്കും മറ്റു ശരിയാക്കൽ ചികിത്സകൾക്കും വിധേയരാകേണ്ടതുണ്ട് എന്നത് അവഗണിക്കുവാൻ കഴിയുന്നതല്ല. ഈ പ്രശ്നം പരിഗണിച്ച്, ആസിഡ് ആക്രമണ ഇരകൾക്കുവേണ്ടി സംസ്ഥാനങ്ങൾ/യൂണിയൻ പ്രദേശങ്ങളാലുള്ള നഷ്ടപരിഹാരം, പിന്നീടുള്ള പരിരക്ഷയ്ക്കും പുനരധിവാസത്തിനുമുള്ള ചെലവായി ഏറ്റവും കുറഞ്ഞത് 3 ലക്ഷം രൂപയിലേക്ക് ഉയർത്തപ്പെടേണ്ടതാണെന്ന് പാണ്ഡിത്യമുള്ള സോളിസിറ്റർ ജനറൽ അഭിപ്രായപ്പെട്ടു. പാണ്ഡിത്യമുള്ള സോളിസിറ്റർ ജനറലിന്റെ അഭിപ്രായം ന്യായമായതാണ്.

12. അതിനനുസൃതമായി, ആസിഡ് ആക്രമണ ഇരകൾക്ക് സംസ്ഥാന സർക്കാർ/യൂണിയൻ പ്രദേശങ്ങൾ, പിന്നീടുള്ള പരിരക്ഷയ്ക്കും പുനരധിവാസത്തിനുമുള്ള ചിലവായി ഏറ്റവും കുറഞ്ഞത് 3 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകേണ്ടതാണെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. ഈ തുകയിൽ 1 ലക്ഷം രൂപ, അങ്ങനെയുള്ള സംഭവം നടന്നതിന് (അല്ലെങ്കിൽ

***സംസ്ഥാന സർക്കാരിന്റെ/യൂണിയൻ പ്രദേശത്തിന്റെ സംഗതിയിൽ കൊണ്ടുവരപ്പെട്ട്) 15 ദിവസത്തിനുള്ളിൽ, ഇതു സംബന്ധിച്ച് ഉടനെയുള്ള മെഡിക്കൽ ശ്രദ്ധയും ചെലവുകളും സുകരമാക്കുവാൻ അങ്ങനെയുള്ള ഇരയ്ക്ക് നൽകേണ്ടതാണ്. ബാക്കി തുകയായ 2 ലക്ഷം രൂപ അതിനുശേഷം കഴിയുന്നത്ര വേഗത്തിലും നിശ്ചയ പൂർവ്വകമായി രണ്ടു മാസത്തിനുള്ളിലും നൽകേണ്ടതാണ്. സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരും യൂണിയൻ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരും മുകളിലത്തെ നിർദ്ദേശത്തിന്റെ അനുസരണം ഉറപ്പുവരുത്തേണ്ടതാണ്.”***

10. ആസിഡ് ആക്രമണത്തിന്റെ ഭീതിയിലും ക്ഷതത്തിലും നിന്ന് പുറത്തു വരുന്നതിന് ആസിഡ് ഇരകളെ സഹായിക്കുവാൻ, അവർക്ക് മനശാസ്ത്രപരമായ വിശേഷ ചികിത്സ നൽകിക്കൊണ്ടുള്ള, വിശേഷ പ്ലാസ്റ്റിക് സർജറി, ശരിയാക്കുന്ന സർജറികൾ ഇവയ്ക്കു വേണ്ടിയുള്ള ഹ്രസ്വകാല-ദീർഘകാല പൂർണ്ണ വൈദ്യചികിത്സയ്ക്കും, അവരുടെ പുനരധിവാസത്തിനുമുള്ള ഒരു പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിലാണ് ഹരിയാന സർക്കാർ എന്ന് പ്രസ്താവിച്ചിരുന്ന ഹരിയാന സംസ്ഥാനത്തിന്റെ സത്യവാങ്മൂലം, മുകളിലത്തെ ലക്ഷ്മിയുടെ കേസിൽ 2013 ഡിസംബർ 3-ന് ബഞ്ചിന് മുമ്പാകെ വയ്ക്കപ്പെട്ടപ്പോൾ, ഹരിയാന സർക്കാർ എടുത്ത തീരുമാനത്തിന് അനുസൃതമായി, ആസിഡ് ഇരകളുടെ ചികിത്സയുടെ 100% ചിലവും വഹിക്കുന്നതിലെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാടും, കൂടാതെ ആസിഡ് ഇരകൾക്ക് പ്ലാസ്റ്റിക് സർജറിക്കും, ശരിയാക്കുന്ന സർജറിക്കും, മനശാസ്ത്രപരമായതും അതുപോലെ തന്നെ, മറ്റു ചികിത്സയ്ക്കും സൗകര്യമുള്ള വിശേഷവൽക്കരിച്ച ആശുപത്രികളിൽ വൈദ്യചികിത്സയ്ക്കുവേണ്ടി ഹരിയാന സർക്കാരിന്റെ രീതിയിൽ പദ്ധതി തയ്യാറാക്കുന്നതിനെയും സംബന്ധിച്ച അഫിഡവിറ്റ് ഫയൽ ചെയ്യുവാനും, സംസ്ഥാനത്തിന്റെ അഭിപ്രായം ഈ കോടതിയോട് സൂചിപ്പിക്കുവാനും, (ഹരിയാന ഒഴികെയുള്ള) സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരോടും, യൂണിയൻ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരോടും ഈ കോടതി നിർദ്ദേശിച്ചു. ആസിഡ് ആക്രമണത്തെ സംബന്ധിച്ച ഒരു എഫ്.ഐ.ആർ പോലീസ് സ്റ്റേഷനിൽ ലോഡ്ജ് ചെയ്യപ്പെടുമ്പോൾ, അങ്ങനെയുള്ള വിവരം ലഭിച്ചതിനെക്കുറിച്ച് അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് (എസ്.ഡി.എം) ഒരു അറിയിപ്പ് അയയ്ക്കുന്നതാണെന്ന് സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരും, യൂണിയൻ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരും അവരുടെ ബന്ധപ്പെട്ട സംസ്ഥാന/യൂണിയൻ പ്രദേശത്തിനുള്ളിലുള്ള പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഈ കോടതി അവരോട് മേലും നിർദ്ദേശിച്ചു. അങ്ങനെയുള്ള വിവരം ലഭിച്ചതിൻമേൽ, അധികാരിതയുള്ള സബ് ഡിവിഷനൽ മജിസ്ട്രേറ്റ് (എസ്.ഡി.എം) അപകൃത്യം ചെയ്ത ആൾ ആസിഡ് സംഭരിച്ചതിനെക്കുറിച്ച് അപ്പോൾ അന്വേഷണം നടത്തേണ്ടതും, ആ വിഷയത്തെക്കുറിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

11. ***ലക്ഷ്മി അഭി ഇന്ത്യൻ യൂണിയൻ*** എന്ന റിട്ട് ഹർജി തീർപ്പാക്കുന്ന വേളയിൽ ഈ കോടതി മറ്റു പലതിന്റെയും കൂട്ടത്തിൽ ഇപ്രകാരം വിധിച്ചു:-

> ***“10. ആഭ്യന്തര മന്ത്രാലയം ഫയൽ ചെയ്ത സത്യവാങ്മൂലത്തോടൊപ്പം അനുബന്ധിച്ചിരുന്ന ചാർട്ട് ഞങ്ങൾ പഠിച്ചിട്ടുള്ളതും, ലക്ഷ്മി അഭി ഇന്ത്യൻ യൂണിയൻ [(2014) 4 എസ്.സി.സി 427)] എന്ന കേസിൽ ഈ കോടതി നൽകിയിരുന്ന നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും, സംസ്ഥാനങ്ങൾ/യൂണിയൻ പ്രദേശങ്ങൾ ചിലതിൽ, ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരമായ 3,00,000/- (മൂന്നു ലക്ഷം രൂപ) ഓരോ ആസിഡ് ആക്രമണ ഇരയ്ക്കും നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന്***

ഞങ്ങൾ കാണുന്നതുമാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, ഈ കോടതി പാസ്സാക്കിയ ഉത്തരവുകൾ പാലിക്കപ്പെടുകയും, ഓരോ ആസിഡ് ആക്രമണ ഇരയ്ക്കും ഏറ്റവും കുറഞ്ഞത് 3 ലക്ഷം രൂപ (3,00,000/-) ലഭ്യമാക്കപ്പെടുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെ, സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കുന്നതാണ്.

11. മുകളിൽ കൊടുത്തിട്ടുള്ള സംഖ്യകളിൽ നിന്ന്, ആ തുക സംസ്ഥാന സർക്കാരുകളെ/യൂണിയൻ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം, ഭാരിച്ചതായിരിക്കുന്നതല്ലായെന്ന് ഞങ്ങൾ കാണുകയും, അതിനാൽ, ഈ കോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളെ സംസ്ഥാന സർക്കാർ/യൂണിയൻ പ്രദേശങ്ങൾ എന്തുകൊണ്ട് അംഗീകരിക്കാൻ പാടില്ലാ എന്നതിന് ഏതൊരു കാരണവും ഞങ്ങൾ കാണാതിരിക്കുകയും ചെയ്യുന്നു,. എന്തുകൊണ്ടെന്നാൽ, അവ ഗുരുതരമായ ഏതൊരു സാമ്പത്തിക ബാധ്യതയും ഉൾപ്പെടുത്തുന്നില്ല.

xxxxxxxxxxxxxx

13. ആസിഡ് ആക്രമണ ഇരകൾക്കുള്ള ഉചിതമായ ചികിത്സയും, പിന്നീടുള്ള പരിരക്ഷയും, പുനരധിവാസവും സംബന്ധിച്ചിടത്തോളം, ആസിഡ് ആക്രമണ ഇരകൾക്ക് പൂർണ്ണ വൈദ്യസഹായം നൽകണമെന്നും, സ്വകാര്യ ആശുപത്രികളും കൂടി അങ്ങനെയുള്ള ഇരകൾക്ക് സൗജന്യ വൈദ്യചികിത്സ നൽകണമെന്നും 14-3-2013-ൽ വിളിച്ചുകൂട്ടിയ യോഗം ഏകകണ്ഠേന രേഖപ്പെടുത്തുന്നു. സൗജന്യ വൈദ്യചികിത്സ നൽകുവാൻ ചില സ്വകാര്യ ആശുപത്രികളുടെ ഭാഗത്ത് ഏതാനും വിമുഖത ചിലപ്പോൾ ഉണ്ടായിരിക്കാവുന്നതും, അതിനാൽ, സംസ്ഥാന സർക്കാരിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആസിഡ് ആക്രമണ ഇരകൾക്ക് സൗജന്യ വൈദ്യചികിത്സ സ്വകാര്യ ആശുപത്രികളും നൽകുന്നത് ആവശ്യമാണ് എന്ന ലക്ഷ്യത്തോടെ വിഷയം അവരുമായി ചർച്ച ചെയ്യേണ്ടതുമാണ്.

14. യോഗത്തിൽ എടുത്ത തീരുമാനങ്ങൾ താഴെ പറയും പ്രകാരമാണ്:

- സ്വകാര്യ ആശുപത്രികളും അനുസരണത്തിനുള്ള ചുമതലയിൽകൊണ്ടുവരപ്പെടുന്നതും, ഇതു സംബന്ധിച്ച സംസ്ഥാനങ്ങൾ/യൂണിയൻ പ്രദേശങ്ങൾ ആവശ്യമായ മാർഗ്ഗങ്ങൾ വിനിയോഗിക്കുന്നതുമാണ്.
- യാതൊരു ഹോസ്പിറ്റലും/ക്ലിനിക്കും വിശേഷവൽക്കരിച്ച സൗകര്യങ്ങളുടെ കുറവു കാണിച്ച് ചികിത്സ നിഷേധിക്കാൻ പാടില്ലാത്തതാണ്.
- ഇരയ്ക്ക് പ്രാഥമിക ചികിത്സ നൽകേണ്ടതും, നിലയുറപ്പിച്ച ശേഷം ഇരയെ/രോഗിയെ ആവശ്യമാകുന്നിടത്ത്, തുടർ ചികിത്സക്ക് വേണ്ടി വിശേഷവൽക്കരിച്ച ഒരു സൗകര്യത്തിലേക്ക് മാറ്റാൻ കഴിയേണ്ടതുമാണ്.
- 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 357 സി വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ആസിഡ് ആക്രമണ ഇരകളെ ചികിത്സിക്കുവാൻ വിസമ്മതിക്കുന്നതിനും മറ്റു കുറ്റകൃത്യങ്ങൾക്കും വേണ്ടി ഹോസ്പിറ്റൽ/ക്ലിനിക്കിനെതിരെ നടപടി എടുക്കാവുന്നതുമാണ്.

xxxxxxxxxxxxxx

17. അതിനാൽ, സ്വകാര്യ ആശുപത്രികൾ ആസിഡ് ആക്രമണ ഇരകൾക്ക് ചികിത്സ നിഷേധിക്കുന്നില്ലെന്നും, അങ്ങനെയുള്ള ഇരകൾക്ക് മരുന്നുകളും, ആഹാരവും, കിടക്കയും, പുനർരൂപം കൊടുക്കുന്ന സർജറികളും ഉൾപ്പെടെ മുഴുവൻ ചികിത്സയും നൽകേണ്ടതാണെന്ന ഫലത്തിലേയ്ക്ക്, സംസ്ഥാന സർക്കാരുകൾ/യൂണിയൻ പ്രദേശങ്ങൾ,

അവരുടെ ബന്ധപ്പെട്ട സംസ്ഥാനത്തിൽ/ യൂണിയൻ പ്രദേശത്തിലുള്ള എല്ലാ സ്വകാര്യ ആശുപത്രികളുമായി വിഷയം ഗൗരവമായി പര്യാലോചിക്കുകയും, ചർച്ച ചെയ്യേണ്ടതുമാണെന്ന നിർദ്ദേശം ഞങ്ങൾ പുറപ്പെടുവിക്കുന്നു.

18. ആസിഡ് ആക്രമണ ഇരയെ ആദ്യം ചികിത്സിക്കുന്ന ആശുപത്രി, ആ വ്യക്തി ആസിഡ് ആക്രമണത്തിന്റെ ഒരു ഇരയാണെന്ന് ഒരു സാക്ഷ്യപത്രം നൽണ്ടേതാണെന്ന, ഒരു നിർദ്ദേശം കൂടി ഞങ്ങൾ പുറപ്പെടുവിക്കുന്നു. ഈ സാക്ഷ്യപത്രത്തിനെ ഇര, ചികിത്സക്കും പുനർരൂപം കൊടുക്കുന്ന സർജറി കൾക്കും അല്ലെങ്കിൽ, അതതു സംഗതി പോലെ, സംസ്ഥാന സർക്കാരുമായോ യൂണിയൻ പ്രദേശവുമായോ ഇരയ്ക്ക് അവകാശമുണ്ടായിരിക്കാവുന്ന മറ്റ് ഏതെങ്കിലും പദ്ധതിക്കും വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

19. ഏതെങ്കിലും സ്വകാര്യ ആശുപത്രിക്കോ, സർക്കാർ ആശുപത്രിക്കോ എതിരായി ഏതെങ്കിലും പ്രത്യേക പരാതി ഉണ്ടെങ്കിൽ, മേൽ നടപടി സ്വീകരിക്കു വാൻ ആസിഡ് ആക്രമണ ഇരയ്ക്ക് തീർച്ചയായും സ്വാതന്ത്ര്യമുണ്ടായിരി ക്കുന്നതാണ്.

20. കുറിപ്പടി ഇല്ലാതെയുള്ള ആസിഡ് വിൽപ്പന നിരോധനത്തെ സംബന്ധിച്ച്, ഈ ഫലത്തിലേക്കുള്ള ഉചിതമായ ഒരു വിജ്ഞാപനം ഇന്നുമുതൽ മൂന്നുമാസ കാലാവധിക്കുള്ളിൽ പുറപ്പെടുവിക്ക പ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിന്, വിഷയം സംസ്ഥാന സർക്കാരു കളുമായി/ യൂണിയൻ പ്രദേശങ്ങളുമായി ചർച്ച ചെയ്യുവാൻ ആഭ്യന്തരകാര്യ മന്ത്രാലയത്തിലെ സെക്രട്ടറിയോടും, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയ ത്തിലെ സെക്രട്ടറിയോടും, ഞങ്ങൾ നിർദ്ദേശിക്കുന്നു. അത്തരം ഒരു വിജ്ഞാപനം ചില സംസ്ഥാനങ്ങൾ/ യൂണിയൻ പ്രദേശങ്ങൾ ഇതിനകം പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു, എന്നാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, അത്തരം ഒരു വിജ്ഞാപനം എല്ലാ സംസ്ഥാനങ്ങളും യൂണിയൻ പ്രദേശങ്ങളും ഏറ്റവും നേരത്തെ പുറപ്പെടുവിക്കേണ്ടതാണ്.

21. അവസാനത്തെ പ്രശ്നം ഒരു ക്രിമിനൽ ക്ഷതികൾ നഷ്ടപരിഹാര ബോർഡ് സ്ഥാപിക്കുന്നതിനെ സംബന്ധി ച്ചുള്ളതാണ്. ഓരോ ജില്ലയിലും ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി ഇതിനകം രൂപീകരിക്കപ്പെട്ടിരിക്കുകയും, ആസിഡ് ആക്രമണ ഇരകളെ സംബന്ധിച്ച ഉചിതമായ സഹായം നൽകുന്നതിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നതു കൊണ്ട്, ഒരു പ്രത്യേക ക്രിമിനൽ ക്ഷതികൾ നഷ്ടപരിഹാര ബോർഡ് സ്ഥാപിക്കുന്നത് ഒരു പക്ഷേ ആവശ്യ മായേക്കാവുന്നതല്ല എന്നതാണ് 14-03-2015-ൽ നടന്ന യോഗത്തിലെ ഏകകണ്ഠമായ അഭിപ്രായം. മറ്റൊരർ ത്ഥത്തിൽ പറഞ്ഞാൽ, അധികാര സ്ഥാനങ്ങളുടെ ഒരു നാനാത്വം സൃഷ്ടിക്കേണ്ടതില്ല.

22. ഞങ്ങളുടെ അഭിപ്രായത്തിൽ, ഈ അഭിപ്രായം തികച്ചും ന്യായമായതാണ്. അതിനാൽ, ഏതെങ്കിലും ആസിഡ് ആക്രമണ ഇര, ഏതെങ്കിലും നഷ്ട പരിഹാര അവകാശവാദം ഉന്നയിക്കുന്നു വെങ്കിൽ, വിഷയം ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി ഏറ്റെടുക്കുന്ന താണ്, അതിൽ ജില്ലാ ജഡ്ജിയും സഹായകരമായിരിക്കുമെന്ന് ജില്ലാ ജഡ്ജി കരുതുന്ന അങ്ങനെയുള്ള മറ്റു കോ-ഓപ്റ്റ് ചെയ്യപ്പെട്ട ആളുകളും, പ്രത്യേകിച്ച് ജില്ലാ മജിസ്ട്രേറ്റും, ആ ജില്ലയിലെ പോലീസ് സൂപ്രണ്ടും, സിവിൽ സർജനും അല്ലെങ്കിൽ ചീഫ് മെഡിക്കൽ ഓഫീസറോ അവരുടെ നിർദ്ദിഷ്ട നാമാവോ ഉൾപ്പെടുന്നതാണ്. ഈ നികായം എല്ലാ ആവശ്യങ്ങൾക്കും ക്രിമിനൽ ക്ഷതികൾ നഷ്ടപരിഹാര ബോർഡ് ആയി പ്രവർത്തിക്കുന്നതാണ്."

12. മുകളിലത്തെ *ലക്ഷ്മിയുടെ* കേസിൽ, ഈ കോടതി നൽകിയ മുകളിൽ പറഞ്ഞ നിർദ്ദേശം സംസ്ഥാനത്തിനും യൂണിയൻ പ്രദേശത്തിനും ഉള്ള ഒരു പൊതുവായ ആജ്ഞയായിരിക്കുകയും ആസിഡ് ആക്രമണ ത്തിന്റെ ഓരോ ഇരയ്ക്കും സംസ്ഥാനം ലഭ്യമാക്കേണ്ട ഏറ്റവും കുറഞ്ഞ തുകയാ യിരിക്കുന്നതുമാണ്. ബന്ധപ്പെട്ട സംസ്ഥാന ത്തിനും യൂണിയൻ പ്രദേശത്തിനും ഈ കോടതി നിർദ്ദേശിച്ചതുപോലെ 3 ലക്ഷം രൂപയിൽ കൂടുതലായ തുകപോലും നഷ്ടപരിഹാരമായി നൽകാൻ കഴിയുന്നതാണ്. *ലക്ഷ്മിയുടെ* കേസിൽ ഈ കോടതി നൽകിയിട്ടുള്ള, ആജ്ഞ ഒരു ആസിഡ് ആക്രമണ ഇരയ്ക്ക്, പ്രത്യേകിച്ചും ഇര അവളുടെ ശരീരത്തിൽ ഗുരുതരമായ ക്ഷതികൾ സഹിച്ചിട്ടുള്ളപ്പോൾ, കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിൽ നിന്ന് കോടതിയെ ഒരിടത്തും നിയന്ത്രിക്കുന്നില്ല, അതിനെ ഈ കോടതി പരിഗണനയിലെടുക്കേണ്ടത് ആവശ്യമാണെന്ന് ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാണ്. പ്രത്യേക വസ്തുതകളിൽ, ഈ കോടതിക്ക് 3 ലക്ഷം രൂപയിൽ കൂടുതൽ നഷ്ടപരിഹാരം പോലും അനുവദിക്കുവാൻ കഴിയുന്നതാണ്.

13. ആസിഡ് ആക്രമണങ്ങളുടെ നിരവധി സംഭവങ്ങൾ രാജ്യത്തിലുടനീളം ഞങ്ങൾ കാണാനിടയായിട്ടുണ്ട്. ആസിഡിന്റെ ഏൽപ്പിച്ചു കൊടുക്കലിനും വിതരണത്തി നുമുള്ള റഗുലേഷനുകളുടെയോ നിയന്ത്രണ ത്തിന്റെയോ ശരിയായ യാതൊരു നടപ്പാക്കലും ഇല്ലാതിരിക്കുന്നു എന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന കാരണത്താൽ ഈ ആക്രമണങ്ങൾ വ്യാപകമായിരിക്കുന്നു. ആസിഡ് ആക്രമണത്തിന്റെ ഇരകൾ, ജോലി ചെയ്യാനുള്ള അവരുടെ ബുദ്ധിമുട്ട് മൂലം വീട്ടിലിരിക്കേണ്ടിവരുന്ന അനേകം കേസുകൾ ഉണ്ടായിട്ടുണ്ട്. കോടതി ഇതു സംബന്ധിച്ച് അനേകം നിർദ്ദേശങ്ങൾ നൽകിയതിനു ശേഷംപോലും തെറ്റായ കരങ്ങളിൽ ആസിഡ് എത്തിച്ചേരുന്ന രീതിയിലുള്ള വിതരണം തടയുവാൻ സംസ്ഥാനം പരാജയപ്പെട്ടിട്ടുണ്ടെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു. ഇനിമേൽ ഉചിതമായ അധികാരപ്പെടുത്തൽ കൂടാതെ ആസിഡ് വിതരണം ചെയ്ത് തെറ്റുചെയ്യുന്ന ആളുകൾക്കെതിരെ ഒരു കർശന നടപടി സ്വീകരിക്കേണ്ടതും, കൂടാതെ ആസിഡിന്റെ വിതരണത്തിൻ മേൽ ഒരു നിയന്ത്രണം പുലർത്തുവാൻ പരാജയപ്പെട്ടതിന് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾ ഉത്തരവാദികളാ ക്കപ്പെടേണ്ടതുമാണ്.

14. ഇരകളുടെ ഇപ്പോഴത്തെ കേസിനെ ഞങ്ങൾ പരിഗണിക്കുമ്പോൾ, ഇരയെ കാണുന്നതുതന്നെ ഞങ്ങൾക്ക് മുറിവുണ്ടാ ക്കുന്നതാണ്. ഇരയുടെ മേലുള്ള മനുഷ്യ ത്വമില്ലാത്ത ആസിഡ് ആക്രമണം മുഖേന അവൾക്കുണ്ടായ ക്ഷതികളുടെ വെറും കാഴ്ചയ്ക്ക് ഞങ്ങളിൽ മുറിവുണ്ടാക്കാൻ കഴിയുന്നെങ്കിൽ, എന്തായിരിക്കും ഇരയുടെ സ്ഥിതി, ഒരുപക്ഷെ ഞങ്ങൾക്ക് വിലയിരുത്താൻ കഴിയുന്നതല്ല. എന്നിരുന്നാലും, അവളുടെ ക്ഷതത്തിന്റെ വസ്തുതയെക്കുറിച്ച് മറവിയുള്ള വരായിരിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നതല്ല.

15. കേസിന്റെ രേഖ സൂക്ഷ്മമായി വായിച്ചതിൽ നിന്നും, മൂത്ത സഹോദരി അവളുടെ മേലുള്ള ക്രൂരമായ ആരോപിത ആക്രമണം മൂലം അവളുടെ ശരീരത്തിൽ 28% പൊള്ളലും, അവളുടെ മുഖത്ത് 90% പൊള്ളലും അനുഭവിച്ചതായി കണ്ടെത്തപ്പെടുന്നു. ആസിഡ് ആക്രമണം മൂലം ഇര വിവിധ സർജറികൾക്ക് വിധേയമായിട്ടുള്ളതും, അവളുടെ ചികിത്സയ്ക്കുവേണ്ടി ശരിയാ ക്കുന്നതും ഭേദമാക്കുന്നതുമായ പല കൂടുതൽ സർജറികൾക്ക് വിധേയമാകേണ്ടതുമുണ്ട്.

16. സമ്മതിച്ചിട്ടുള്ളതുപോലെ, പി.എം.സി.എച്ച് മൂന്ന് സ്കിൻ ഗ്രാഫ്റ്റിങ് സർജറികൾ നടത്തി, എന്നാൽ സഫ്ദർജങ് ഹോസ്പിറ്റലിൽ തെളിയിക്കപ്പെട്ടതു പോലെ അവയെല്ലാം ശരിയല്ലാത്തവിധം നടത്തപ്പെട്ടു. ഇരയെ ഹർജിക്കാരൻ ഡൽഹിയിൽ കൊണ്ടു വരികയും, ഡൽഹിയിൽ വച്ച് സഫ്ദർജങ് ആശുപത്രിയിൽ കഴുത്തിനും, ചുണ്ടുകൾക്കും, കണ്ണിനും, മൂക്കിനും, കൈക്കും, നെറ്റിക്കും, ചെവിക്കും ചില സ്കിൻ ഗ്രാഫ്റ്റിങ് സർജറികൾ വീണ്ടും നടത്തപ്പെടുകയും ചെയ്തു. വീണ്ടും സ്കിൻ ഗ്രാഫ്റ്റിങ് സർജറികൾ കഴുത്തിനും,

ചുണ്ടുകൾക്കും, മൂക്കിനും, കണ്ണിനും, കൈയ്ക്കും ഫോർട്ടിസ് ആശുപത്രിയിലും നടത്തപ്പെട്ടു. ഇരയുടെ ഡോക്ടറുടെ അഭിപ്രായത്തിലും, അവൾക്ക് അവളുടെ ശേഷിക്കുന്ന ജീവിതത്തിലും ശരിയാക്കുന്നതും ഭേദമാക്കുന്നതുമായ ബഹുവിധ ശസ്ത്രക്രിയകൾക്കും, വൈദ്യസഹായത്തിനും വിധേയമാകേണ്ടത് ആവശ്യമാകുന്നതാണ്. കഴുത്തിനും, ചുണ്ടുകൾക്കും, കണ്ണുകൾക്കും, മൂക്കിനും, കൈയ്ക്കും, നെറ്റിക്കും, ചെവികൾക്കും, ബ്രെസ്റ്റിനും, കൈമുട്ടിനും ശരിയാക്കുന്നതും ഭേദമാക്കുന്നതുമായ സർജറികൾ നടത്തേണ്ടത് ഇരയ്ക്ക് ആവശ്യമാകുന്നതുമാണ്. അവൾ വിധേയമാകുവാൻ ആവശ്യമാകുന്ന മുകളിലെ വൈദ്യസ്ഥിതികൾക്കും ചികിത്സക്കും പുറമെ, ഒരു ആസിഡ് ആക്രമണം, ഇരയുടെ ജീവിതത്തിൽ പുറത്തു കൊണ്ടുവരുന്ന അനേകം മറ്റ് അനന്തരഫലങ്ങളുമുണ്ടായിരിക്കുന്നു.

17. ഇരയുടെ കഷ്ടാവസ്ഥ പരിഗണിച്ചുകൊണ്ട്:

- ശാരീരിക ശക്തി വിനിയോഗം ഉൾപ്പെടുന്ന ഒരു തൊഴിൽ ഇരയ്ക്ക് കിട്ടുവാനുള്ള സാധ്യത വളരെ കുറവാണ്.
- സമൂഹം സ്വീകരിക്കാതിരിക്കുന്നതുകൊണ്ട് അവൾക്ക് നേരിടേണ്ടിവരുന്ന സാമൂഹ്യപരമായ കളങ്കവും വേദനയും അവഗണിക്കുവാൻ കഴിയുന്നതല്ല. അതുകൂടാതെ, അവൾ അവളുടെ ജീവിതകാലം മുഴുവനും അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന സാമാന്യ പ്രത്യാഘാതവും, നേരിടേണ്ടിയിരി ക്കുന്ന അപമാനവും പണം കൊണ്ട് പരിഹരിക്കാവുന്നതല്ല.
- ശാരീരിക ക്ഷതിയുടെ ഫലമായി, ഇരയ്ക്ക് ഒരു സാധാരണ ജീവിതം നയിക്കുവാൻ കഴിയാത്തതും, വിവാഹ പ്രത്യാശകളെക്കുറിച്ച് സ്വപ്നം കാണാൻ കഴിയാത്തതുമാണ്.
- ആസിഡ് ആക്രമണം മൂലം അവളുടെ ത്വക്ക് ദുർബലമായതുകൊണ്ട്, അവളുടെ ജീവിതത്തിന്റെ ഇനിയുള്ള കാലത്ത് അതിനെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതിനാൽ, വഹിക്കേണ്ടിയിരിക്കുന്ന പിന്നീടുള്ള പരിരക്ഷയുടെയും പുനരധിവാസത്തിന്റെയും ചെലവ് അവളുടെയും അവളുടെ കുടുംബത്തിന്റെയും മേൽ വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഉളവാക്കുന്നതാണ്.

18. വിവിധ വാദങ്ങളുടെയും, തെളിവിന്റെയും സൂക്ഷ്മ വായനയിൻമേൽ, ആസിഡ് ആക്രമണ ഇരകൾക്ക് നൽകേണ്ടതായ നഷ്ടപരിഹാരം, ഒരു പ്രത്യേക നിധി സൃഷ്ടിക്കൽ വഴി നടപ്പാക്കുവാൻ ഇന്ത്യൻ യൂണിയനോടും സംസ്ഥാനങ്ങളോടും നിർദ്ദേശിച്ചുകൊണ്ട്, 06-02-2013-ലെ ഒരു ഉത്തരവ് ഈ കോടതി പാസ്സാക്കിയതിനുശേഷം പോലും, 17 സംസ്ഥാനങ്ങൾ മാത്രം ഇരയ്ക്കുള്ള നഷ്ടപരിഹാര പദ്ധതികൾ (വി. സി. എസ്.) വിജ്ഞാപനം ചെയ്തിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നത് അനുപേക്ഷണീയമാണെന്ന് ഞങ്ങൾ കാണുന്നു. അതിൽ 7 സംസ്ഥാനങ്ങളും, 4 യൂണിയൻ പ്രദേശങ്ങളും ഇരയ്ക്കുള്ള നഷ്ടപരിഹാര പദ്ധതികൾ (വി.സി.എസ്.) ആരംഭിച്ചിട്ടില്ല. പദ്ധതി നടപ്പാക്കിയി ട്ടുള്ള സംസ്ഥാനങ്ങളിൽപോലും, വൈദ്യപരിരക്ഷയ്ക്കുവേണ്ടി 25,000/- രൂപയ്ക്കും 2,00,000/- രൂപയ്ക്കും ഇടക്കുള്ള ഒരു ചെറിയ നഷ്ടപരിഹാരം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അനേകം സംസ്ഥാനങ്ങൾ പുനരധിവാസത്തിനായി ഏതൊരു നഷ്ടപരിഹാരവും ഒട്ടുംതന്നെ വ്യവസ്ഥ ചെയ്തിട്ടില്ല. ഇപ്പോഴത്തെ കേസിൽ ബീഹാർ സർക്കാർ ആസിഡ് ആക്രമണ ഇരകൾക്കുവേണ്ടി ദൈന്യമായ ഒരു തുകയായ 25,000/- രൂപ നിശ്ചയിച്ചിട്ടുണ്ട്.

19. ലക്ഷ്മിയുടെ കേസിലെ ഉത്തരവ് വഴി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, നഷ്ടപരിഹാരത്തുകയെ സംബന്ധിച്ച് ഒഴികെ ഉചിതമായതാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ശരിയാം വണ്ണം നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുവാൻ മാത്രം ഞങ്ങൾ ആവശ്യപ്പെടുന്നു. ഇരയുടെ സാമൂഹ്യവും, സാമ്പത്തികവും, വ്യക്തിപരവുമായ ജീവിതത്തിൻമേലുള്ള ആസിഡ് ആക്രമണത്തിന്റെ ആഘാതം വീക്ഷണത്തിൽ സൂക്ഷിച്ചുകൊണ്ട്, നഷ്ടപരിഹാരത്തുക

ഞങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇരയ്ക്ക് കേടുപറ്റിയ ത്വക്കിനുവേണ്ടി സ്ഥിരമായ ചികിത്സ ആവശ്യമാണെന്ന വസ്തുത വിസ്മരിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നതല്ല. വെറും മൂന്നു ലക്ഷം രൂപ അങ്ങനെയുള്ള ഒരു ഇരയ്ക്ക് ഏതൊരു സഹായവും ആയിരിക്കുന്നതല്ല. നഷ്ടപരിഹാരത്തുകയുടെ വർദ്ധനവ് സംസ്ഥാനത്തിന് ഒരു അധിക ബാധ്യത ആയിരിക്കുമെന്ന വസ്തുതയെക്കുറിച്ച് ഞങ്ങൾ ബോധവാൻമാരാണ്. എന്നാൽ, അങ്ങനെയുള്ള ഒരു കുറ്റകൃത്യത്തിന്റെ തടയൽ സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമായിരിക്കുന്നതും, വർദ്ധിപ്പിച്ച നഷ്ടപരിഹാരം നൽകുന്നതിനുള്ള ബാദ്ധ്യത സംസ്ഥാനത്തിന്റെതായിരിക്കുന്നതുമാണ്. നഷ്ടപരിഹാരത്തിന്റെ വർദ്ധനവ് രണ്ടു വഴികളിൽ പ്രവർത്തിക്കുന്നതാണ്:

1. അത് ഇരയെ പുനരധിവാസത്തിൽ സഹായിക്കുന്നതാണ്;
2. ആസിഡ് ആക്രമണ കുറ്റം ഭാവിയിൽ തടയുവാൻ കഴിയുന്നതാണ് എന്ന ലക്ഷ്യത്തോടെ, മാർഗ്ഗനിർദ്ദേശങ്ങളെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ അനുസരിക്കുവാൻ സംസ്ഥാനം ശ്രമിക്കും എന്നതുകൊണ്ട്, അവയെ ശരിയാംവണ്ണം നടപ്പിലാക്കുവാൻ അത് സംസ്ഥാനത്തെ ആക്കിത്തീർക്കുന്നതുമാണ്.

20. ഇരകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ച്, ഈ കോടതി ***ലക്ഷ്മി അഭി ഇന്ത്യൻ യൂണിയനും മറ്റുള്ളവരും*** എന്ന കേസിൽ 18-07-2013-ലെ ഒരു ഉത്തരവ് വഴി "ആസിഡ് ആക്രമണ ഇരകൾക്ക് ബന്ധപ്പെട്ട സർക്കാർ ***ഏറ്റവും കുറഞ്ഞത്*** 3 ലക്ഷം രൂപ കൊടുക്കേണ്ടതാണ്." എന്ന് പ്രസ്താവിച്ചു കൊണ്ട് നഷ്ടപരിഹാരം വർദ്ധിപ്പിച്ചു. അതിനാൽ ഓരോ ആസിഡ് ആക്രമണ ഇരക്കും സർക്കാർ ഏറ്റവും കുറഞ്ഞത് മൂന്നു ലക്ഷം രൂപ അവാർഡ് ചെയ്യേണ്ടതാണ്. ഇപ്പോഴത്തെ കേസിൽ ഏറ്റവും കുറഞ്ഞ ഒരു തുകയായ 6 ലക്ഷം രൂപ സഹോദരികൾക്ക് അവാർഡ് ചെയ്യേണ്ടതുണ്ട്.

21. കേസിന്റെ പ്രത്യേക വസ്തുതകളിൽ, മുകളിലെ *ലക്ഷ്മിയുടെ* കേസിൽ ഈ കോടതി നിർണ്ണയിച്ചിട്ടുള്ളതിനെക്കാൾ കൂടുതലായ ഒരു നഷ്ടപരിഹാരം അവാർഡ് ചെയ്യപ്പെടാൻ ഇരചഞ്ചൽ അർഹിക്കുന്നു എന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഈ കേസിൽ, *ലക്ഷ്മിയുടെ* കേസിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായ ഏതൊരു മാർഗ്ഗനിർദ്ദേശങ്ങളും ഞങ്ങൾ പുറപ്പെടുവിക്കുന്നില്ലെങ്കിലും, ആസിഡ് ആക്രമണത്താൽ ഇളയ സഹോദരിയും ക്ഷതിപ്പെടുത്തപ്പെട്ടു എന്നത് ഞങ്ങൾ മറക്കാൻ പാടില്ലാത്തതാണ്. അവളുടെ കഷ്ടപ്പാടിന്റെ തോത് മൂത്ത സഹോദരിയുടെ കഷ്ടപ്പാടിന്റെ അത്രയും ഇല്ലെങ്കിൽ കൂടിയും, അവൾക്കും ചികിത്സയും പുനരധിവാസവും ആവശ്യമാണ്. മുകളിലത്തെ *ലക്ഷ്മിയുടെ* കേസിൽ, നഷ്ടപരിഹാരം ഈ കോടതി 3 ലക്ഷം രൂപയിലേക്ക് പരിമിതപ്പെടുത്തി അവാർഡ് ചെയ്യുവാനുളള ക്ലിപ്തി സർക്കാരിൻമേൽ സ്ഥാപിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. ആസിഡ് ആക്രമണത്തിന്റെ സംഗതിയിൽ *ലക്ഷ്മിയുടെ* കേസിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇരയ്ക്ക് കൂടുതൽ നഷ്ടപരിഹാരം വ്യവസ്ഥ ചെയ്യുവാൻ സംസ്ഥാനത്തിന് സുവിവേകം ഉണ്ടായിരിക്കുന്നു. ആസിഡ് ആക്രമണം മൂലം ഒരു ഇര സഹിച്ചിട്ടുള്ള ക്ഷതികളുടെ അളവിനെ സംബന്ധിച്ച് *ലക്ഷ്മിയുടെ* കേസിൽ ഈ കോടതി ഏതൊരു ഉപാധിയും വച്ചിട്ടുണ്ടായിരുന്നില്ല എന്നതും കൂടി ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോഴത്തെ കേസിൽ ഇരയുടെ പിതാവ്, ഇരയുടെ ചികിത്സക്കുവേണ്ടി ഇതിനകം 5 ലക്ഷം രൂപയിൽ കൂടുതൽ ചിലവാക്കിയിട്ടുണ്ട്. ഇരയുടെ ക്ഷതിയുടെ കാഠിന്യം, ഗ്രാഫ്റ്റിങിനും പുനർരൂപം കൊടുക്കുന്നതിനുമുള്ള സർജറിയെ സംബന്ധിച്ച ചെലവ്, ശാരീരികവും മാനസികവുമായ വേദന മുതലായവ പരിഗണിച്ച് ഇരയ്ക്ക് (ചഞ്ചലിന്) ഏറ്റവും കുറഞ്ഞത് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കേണ്ടതാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ശാരീരികമായ ക്ഷതി അനുസരിച്ച് മാത്രം നഷ്ടപരിഹാരം അവാർഡ് ചെയ്യാൻ പാടില്ലാത്തതാണ്, ഒരു പൂർണ്ണ ജീവിതം നയിക്കുവാനും, ആസിഡ് ആക്രമണത്തിന്റെ ഫലമായി ഇരയിൽ നിന്ന് പിടിച്ചുപറിക്കപ്പെട്ട സുഖസൗകര്യങ്ങൾ അനുഭവിക്കുവാനുമുള്ള

അവളുടെ കഴിവില്ലായ്മകൂടി ഞങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിനാൽ, 10 ലക്ഷം രൂപയുടെ നഷ്ടപരിഹാരം അവാർഡ് ചെയ്യുന്നത് ഉചിതമാണെന്ന് ഈ കോടതി കരുതുകയും, അതിനനുസൃതമായി ഇര ചഞ്ചലിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുവാൻ ബന്ധപ്പെട്ട സർക്കാരിനോട് ഞങ്ങൾ നിർദ്ദേശിക്കുകയും, ലക്ഷ്മിയുടെ കേസിൽ നൽകപ്പെട്ട വിധിന്യായത്തിന്റെ വെളിച്ചത്തിൽ, പ്രധാന ഇരയുടെ സഹോദരി സോനത്തിന് 3 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുവാൻ ബന്ധപ്പെട്ട ബീഹാർ സർക്കാരിനോട് ഞങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. മൊത്തം തുകയായ 13 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപ ഒരു മാസക്കാലാവധിക്കുള്ളിൽ ഇരയ്ക്കും അവളുടെ കുടുംബത്തിനും കൊടുക്കേണ്ടതും, അവശേഷിക്കുന്ന തുകയായ 8 ലക്ഷം രൂപ ഈ ഉത്തരവിന്റെ തീയതി മുതൽക്കുള്ള 3 മാസക്കാലാവധിക്കുള്ളിൽ ഇരകൾക്ക് കൊടുക്കേണ്ടതുമാണ്. കൂടാതെ, ആസിഡ് ആക്രമണ ഇരകളുടെ ചികിത്സക്കും പുനരധിവാസത്തിനുമുള്ള പൂർണ്ണ ഉത്തരവാദിത്വം 10-4-2015-ലെ ഉത്തരവു മുഖേന ലക്ഷ്മിയുടെ കേസിൽ, [(2015) 5 SCALE 77] നൽകപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനം സ്വയം ഏറ്റെടുക്കേണ്ടതാണ്.

22. ഇപ്പോഴത്തെ റിട്ട് പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട്, ഇത്തരത്തിലുള്ള ഇരകളുടെ കഷ്ടത പരിഗണിക്കുവാനും, അവരുടെ പേരുകൾ അവശത പട്ടികയിൻകീഴിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാനും ഞങ്ങൾ എല്ലാ സംസ്ഥാനങ്ങളോടും യൂണിയൻ പ്രദേശങ്ങളോടും കൂടുതലായി നിർദ്ദേശിക്കുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എം.വൈ. ഇക്ബാൽ**

**&**

**ബഹു. ജസ്റ്റിസ് അരുൺ മിശ്ര**

**കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ**

**അഭി**

**സംസ്ഥാന വിവരാവകാശ കമ്മീഷൻ**

**സി.എ. നമ്പരുകൾ 823–855/2016**

2016 ഫെബ്രുവരി 4–ന് തീർപ്പു കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**വിവരാവകാശ ആക്റ്റ്, 2005, വകുപ്പ് 8(1) (ഇ)–പബ്ലിക് സർവ്വീസ് കമ്മീഷൻ–– ഉത്തരക്കടലാസിന്റെയും, അഭിമുഖത്തിന്റെ മാർക്കുകൾ അടങ്ങിയ ടാബുലേഷൻ ഷീറ്റിന്റെയും സ്കാൻ ചെയ്ത പകർപ്പുകൾ വിവരാവകാശ ആക്റ്റ് പ്രകാരം വെളിപ്പെടുത്തുവാൻ ബാദ്ധ്യസ്ഥമാണ്.**

**വിവരാവകാശ ആക്റ്റ്, 2005, വകുപ്പ് 8(1) (ഇ)––പബ്ലിക് സർവ്വീസ് കമ്മീഷൻ–– പി.എസ്.സിക്കും പരീക്ഷകർക്കും ഇടയിൽ വിശ്വാസാധിഷ്ഠിതമായ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. അതിനാൽ, അവർ തമ്മിൽ പങ്കുവയ്ക്കപ്പെടുന്ന ഏതൊരു വിവരവും വെളിപ്പെടുത്തുവാൻ ബാദ്ധ്യസ്ഥമല്ലാത്തതാണ്.––പരീക്ഷകരുടെ അനന്യത വെളിപ്പെടുത്തുന്നത് ചിന്താക്കുഴപ്പത്തിലേക്കും പൊതു അസ്വസ്ഥതയിലേക്കും മാത്രം നയിക്കുന്നതാണ്.––പരീക്ഷകരുടെ അനന്യത വെളിപ്പെടുത്താൻ ബാദ്ധ്യസ്ഥമല്ലാത്തതാണ്.**

**വിധിന്യായം**

ജസ്റ്റിസ് എം. വൈ. ഇക്ബാൽ

അനുമതി നൽകി.

2. ഈ രണ്ടു അപ്പീലുകളിലും പരിഗണന ആവശ്യപ്പെടുന്ന ചുരുക്കചോദ്യം, എതിർ കക്ഷികൾക്ക് അവരുടെ ഉത്തരക്കടലാസിന്റെയും, അഭിമുഖത്തിന്റെ മാർക്കുകൾ അടങ്ങിയ ടാബുലേഷൻ ഷീറ്റിന്റെയും സ്കാൻ ചെയ്ത പകർപ്പുകൾ സംബന്ധിച്ച വിവരം ലഭിക്കുവാനുള്ള അവകാശം മാത്രമല്ല, എന്നാൽ, ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ള പരീക്ഷകരുടെ പേര് അറിയുവാനുള്ള അവകാശം കൂടിയുണ്ടായിരിക്കുന്നു എന്ന് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ചോദ്യം ചെയ്യപ്പെട്ട വിധിന്യായം വഴി, ശരിയായാണോ വിധിച്ചിട്ടുള്ളത് എന്നതിനെ സംബന്ധിച്ചുള്ളതാണ്.

3. എതിർകക്ഷികൾ ആവശ്യപ്പെട്ട വിവരത്തെ സംസ്ഥാന വിവരാവകാശ ആഫീസറും അപ്പീൽ അധികാരിയും നിരസിച്ചു. എന്നിരുന്നാലും, സംസ്ഥാന വിവരാവകാശ കമ്മീഷൻ രണ്ടാം അപ്പീൽ അനുവദിക്കുകയും,

ഉത്തരക്കടലാസുകളുടെ സംഗതിയിൽ വിശ്വാസത്തിലധിഷ്ഠിതമായ യാതൊരു ബന്ധവും ഇല്ലെന്ന് വിധിക്കുകയും ചെയ്തു. മേലും, അഭിമുഖ മാർക്കുകളെ പ്രസിദ്ധീകരിക്കുവാൻ പൊതു അധികാരസ്ഥാപനം നേരത്തെ തീരുമാനിച്ചിരുന്നതുകൊണ്ട്, അവയെ വ്യക്തിപരമായ വിവരമായി പരിഗണിക്കുവാൻ കഴിയുന്നതല്ല.

4. അപ്പീൽവാദികൾക്കും എതിർകക്ഷികൾക്കും ഇടയിൽ വിശ്വാസത്തിലധിഷ്ഠിതമായ യാതൊരു ബന്ധവും നിലനിൽക്കുന്നില്ല എന്നും, അതിനാൽ ആവശ്യപ്പെട്ട വിവരം അവർക്ക് നൽകേണ്ടതുണ്ടെന്നുമുള്ള വീക്ഷണം, ഈ കോടതിയുടെ മുൻ വിധിന്യായങ്ങളെ പിൻതുടർന്നുകൊണ്ട്, കേരളത്തിലേയും അലഹബാദിലേയും ഹൈക്കോടതികൾ എടുക്കുകയുണ്ടായി.

5. കക്ഷികൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെ ഞങ്ങൾ കേൾക്കുകയും, എറണാകുളത്തെ കേരള ഹൈക്കോടതിയുടേയും, അലഹബാദ് ഹൈക്കോടതിയുടെയും ഡിവിഷൻ ബഞ്ച് പാസ്സാക്കിയ, ചോദ്യം ചെയ്യപ്പെട്ട വിധിന്യായങ്ങളെ വായിക്കുകയും ചെയ്തിട്ടുണ്ട്.

6. എതിർകക്ഷികൾ, അയാളുടെ എഴുത്തു പരീക്ഷയുടെ ഉത്തരക്കടലാസിന്റെ സ്കാൻ ചെയ്ത പകർപ്പുകളും, ടാബുലേഷൻ ഷീറ്റിന്റെ പകർപ്പും, മറ്റു വിവരവും നൽകുന്നത് സംബന്ധിച്ച് വിവരം ആവശ്യപ്പെട്ടിടത്തോളം, ഈ വിവരം വെളിപ്പെടുത്തുന്നത് സംബന്ധിച്ച് ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ എടുത്ത വീക്ഷണത്തിൽ നിയമ പിശക് ഇല്ലെന്നും, ആയത് പൂർണ്ണമായും ന്യായീകരിക്കപ്പെടുന്നു എന്നുമുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. എന്നിരുന്നാലും, വിവരം ആവശ്യപ്പെട്ടവർക്ക് ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്ത പരീക്ഷകരുടെ പേരുകളും വെളിപ്പെടുത്തി കിട്ടുവാനും അവകാശമുണ്ട് എന്നതാണ് കേരള ഹൈക്കോടതിയുടെ വീക്ഷണം.

7. സർവ്വകലാശാലയ്ക്കും, കമ്മീഷനും അവർ നിയമിച്ച പരീക്ഷകർക്കും ഇടയിൽ വിശ്വാസത്തിലധിഷ്ഠിതമായ യാതൊരു ബന്ധവും നിലനിൽക്കുന്നില്ലെന്ന് വിധിച്ചുകൊണ്ട് കേരള ഹൈക്കോടതി എടുത്ത വീക്ഷണത്തിന് നിയമത്തിൽ നിലനിൽക്കുവാൻ കഴിയുന്നതല്ല. കേരള ഹൈക്കോടതി നിരീക്ഷിക്കുന്ന വേളയിൽ ഇപ്രകാരം വിധിച്ചു ——:

"16. പരീക്ഷാർത്ഥിയെ സംബന്ധിച്ചിടത്തോളം, പി.എസ്.സി യുടെ വിശ്വാസാധിഷ്ഠിത ബന്ധം എന്തെങ്കിലും ഉണ്ടോ? ഭരണഘടനാ സ്ഥാപനങ്ങളുടെ പ്രകടന പരിശോധന, അത്തരം സ്ഥാപനങ്ങളിലുള്ള പൗരൻമാരുടെ ആത്മവിശ്വാസം ശക്തിപ്പെടുത്തുക മാത്രം ചെയ്യുന്നതാണ്. പി.എസ്.സി ഒരു ഭരണഘടനാ സ്ഥാപനമാണ്. സത്യസന്ധമായി നിലകൊള്ളുക എന്നത്, അതിന്റെ സ്വന്തം പ്രധാന ആവശ്യകതകളിൽ ഒന്നാണ്. പരീക്ഷാർത്ഥികൾ, പൊതുസേവനത്തിലേക്ക് തെരഞ്ഞടുക്കപ്പെടുന്നതിനുള്ള മത്സരത്തിൽ, അവരുടെ പ്രകടനത്തിന്റെ ഭാഗമായി നൽകുന്ന വസ്തുക്കളിലെ ഉള്ളടക്കങ്ങളുടെ വെളിപ്പെടുത്തലിനെ തടസ്സപ്പെടുത്തേണ്ടതാണെന്ന യാതൊന്നുമില്ല. പരീക്ഷാർത്ഥികൾ പി.എസ്.സി എന്ന സ്ഥാപനത്തിൽ അർപ്പിച്ചേക്കാവുന്ന വിശ്വാസം, പരീക്ഷയെ സംബന്ധിച്ച മൂല്യനിർണ്ണയത്തെയോ മറ്റു വിവരങ്ങളെയോ സംബന്ധിച്ചുള്ള വിവരത്തിന്റെ ഒഴിവാക്കലിനെ ഉദ്ദീപിപ്പിക്കുമെന്നുള്ള ഒരു വിശ്വാസാധിഷ്ഠിത ബന്ധത്തിന്റെ സ്വീകാര്യതയെ പ്രചോദിപ്പിക്കുന്നില്ല. ഒരിക്കൽ മൂല്യനിർണ്ണയം കഴിയുകയും ഫലങ്ങൾ പ്രഖ്യാപിക്കപ്പെടുകയും ചെയ്താൽ, യാതൊരു കൂടുതൽ രഹസ്യവും ആവശ്യമില്ലാത്തതാണ്. അങ്ങനെയുള്ള വിവരത്തിന്റെ പ്രസരണം, പി.എസ്.സി വയ്ക്കപ്പെട്ടിട്ടുള്ള ഭരണഘടനാപരമായ വ്യാപക വീക്ഷണത്തിൽ അതിന്റെ വിശ്വസ്തതയോട് കൂട്ടിച്ചേർക്കുകമാത്രം ചെയ്യുന്നതാണ്. അതിനാൽ, ഒരു പ്രത്യേക പരീക്ഷാർത്ഥിക്ക്, ആ വ്യക്തിയുടെ ഉത്തരക്കടലാസുകൾ സംബന്ധിച്ച വിവരത്തിനുള്ള പ്രാപ്യതയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. മറ്റുള്ളവരെ സംബന്ധിച്ച്, ഉത്തരക്കടലാസുകളെ സംബന്ധിച്ച വിവരം, വിവരാവകാശ ആക്റ്റിലെ 11-ാം വകുപ്പ് അനുസരിച്ച് "3-ാം കക്ഷി വിവര"ത്തിന്റെ

അതിർത്തിക്കുള്ളിൽ വരാവുന്നതാണ്. അങ്ങനെയുളള വിവരത്തിനെ, 11-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി അല്ലാതെ പ്രാപ്യമാക്കാൻ കഴിയുന്നതല്ല എന്ന് മാത്രം ഇത് അർത്ഥമാക്കുന്നു. ഇത്, ഏതൊരു രീതിയിലും, പ്രാപ്യതയിൽ നിന്നുള്ള ഏതൊരു ഇളവിനും വ്യവസ്ഥ ചെയ്യുന്നില്ല.

17. പി.എസ്.സി ക്കും പരീക്ഷകർക്കും ഇടയിൽ വിശ്വാസാധിഷ്ഠിതമായ ഒരു ബന്ധം ഉണ്ടെന്നും, ഒരു അനന്തരഫലം എന്ന നിലയിൽ, പരീക്ഷകരുടെ അനന്യതയും, അതുപോലെ തന്നെ പരീക്ഷക്ക് വിധേയമാക്കപ്പെട്ട വസ്തുതകളെയും സംബന്ധിച്ച്, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതി യോടുകൂടി അല്ലാതെ വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷണം അവകാശ പ്പെടുവാൻ അതിന് അർഹതയുണ്ടായിരിക്കുന്നു എന്ന അതിന്റെ അടുത്ത വാദത്തെ ഞങ്ങൾ ഇപ്പോൾ പരിശോധിക്കുന്നതാണ്. വിശ്വാസാധിഷ്ഠിത ബന്ധം എന്ന ആശയത്തെ സംബന്ധിച്ച് TREESA യെയും, അതിൽ ആശ്രയിച്ച വിവിധ വിധിന്യായങ്ങളെയും, കമന്ററികളെയും ഞങ്ങൾ നേരത്തെ അംഗീകരിച്ചിട്ടുണ്ട്. വ്യക്തിയുടെ പക്കൽ മറ്റൊരാളുമായുള്ള അയാളുടെ വിശ്വാസാധിഷ്ഠിത ബന്ധത്തിൽ ഉണ്ടായിരിക്കുന്ന വിവരത്തെ വകുപ്പ് 8(1) (ഇ) പ്രതിപാദിക്കുന്നുവെന്നും, ഈ ശീർഷകത്തിൻ കീഴിലുള്ള വിവരം വിശ്വാസത്തിലുള്ള വിവരം അല്ലാതെ യാതൊന്നുമില്ലെന്നും, അത് ആ ബന്ധം ഇല്ലായിരുന്നുവെങ്കിൽ, ബന്ധപ്പെട്ട ആൾക്ക് കൈമാറ്റം ചെയ്യപ്പെടുകയോ അറിയിക്കപ്പെടുകയോ ചെയ്തിരിക്കുമായിരുന്നില്ല എന്ന് (മുകളിലത്തെ) **സെന്റർ ഓഫ് എർത്ത് സയൻസ് സ്റ്റഡീസ്** എന്ന കേസിൽ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് പ്രതിപാദിച്ച നിയമവുമായി ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. പരീക്ഷകർക്കുവേണ്ടി വിശ്വാസത്തിൽ വച്ചിരിക്കുന്നത് എന്താണ്? ഒന്നുമില്ല. പരീക്ഷകരുടെ അനന്യതകളെ മുൻകൂട്ടി വെളിപ്പെടുത്തുന്നെങ്കിൽ, അഴിമതിക്കുള്ള ക്ഷിപ്രവശംവദയെയും തുറന്നുകാട്ടലിനെയും സംബന്ധിക്കാവുന്ന പ്രശ്നങ്ങളെ പരിഗണിച്ചുകൊണ്ട്, പരീക്ഷകരുടെ അനന്യത പൊതുവീക്ഷണത്തിൽ നിന്ന് വേർപെടുത്തി നിർത്തേണ്ടതുണ്ട് എന്ന് ഏറ്റവും മെച്ചമായി ചൂണ്ടിക്കാട്ടുവാൻ കഴിയുന്നതാണ്. എന്നാൽ, ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം അവസാനിച്ചതിനും ഫലങ്ങളുടെ പ്രസിദ്ധീകരണത്തിനും ശേഷം, ഏതു പ്രകാരത്തിലും, അത്തരം പ്രശ്നങ്ങൾ മറന്നുപോകുന്നതാണ്. അതിനാൽ, പരീക്ഷകരുടെ അനന്യതയെ സംബന്ധിച്ചു പോലും തുടർച്ചയായ ഒരു രഹസ്യസ്വഭാവം ഉണ്ടായിരിക്കുന്നത് സാധ്യമാണെന്ന് വിധിക്കുന്നത് പൊതു താല്പര്യത്തിലുള്ളതല്ലാത്തതാണ്. പരീക്ഷയും മൂല്യനിർണ്ണയ പ്രക്രിയയും പൂർത്തിയായിക്കഴിഞ്ഞാൽ, പരീക്ഷകരുടെ അനന്യത സംബന്ധിച്ചുള്ളതുൾപ്പെടെ, അത്തരം വിവരത്തിനുള്ള പ്രാപ്യത, ഏതെങ്കിലും നിയമമോ സ്വകാര്യതയുടെ പ്രഖ്യാപിത തത്ത്വമോ പ്രകാരം മറച്ചുവയ്ക്കാൻ കഴിയുന്നതല്ല."

8. പരീക്ഷകരുടെ പേരുകൾ വെളിപ്പെടുത്തുന്ന ചോദ്യത്തിൻമേൽ കേരള ഹൈക്കോടതി നൽകിയ യുക്തിവിചാരത്തിൽ ഞങ്ങൾ ഏതൊരു സാരാംശവും കാണുന്നില്ല.

9. ഇപ്പോഴത്തെ കേസിൽ, ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുവാൻ പരീക്ഷകരെ നിയമിച്ചിരിക്കുന്നതിൽ പി.എസ്.സി സ്വയം ഏറ്റെടുത്തിട്ടുള്ളതും, അപ്രകാരം പി.എസ്.സിയും പരീക്ഷകരും, പ്രിൻസിപ്പാൾ-ഏജന്റ് ബന്ധത്തിൽ നിലകൊള്ളുന്നതും ആണ്. ഇവിടെ പി.എസ്.സി ഒരു പ്രിൻസിപ്പാളിന്റെ സ്ഥാനത്തു നിന്നുകൊണ്ട് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്ന ജോലി പരീക്ഷകരെ ഏൽപ്പിച്ചിട്ടുണ്ട്. അനന്തരഫലമായി, ഏജന്റുമാരുടെ സ്ഥാനത്തുള്ള പരീക്ഷകർ, പി.എസ്.സി നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ്. അതിന്റെ ഫലമായി പി.എസ്.സിക്കും പരീക്ഷകർക്കും ഇടയിൽ വിശ്വാസാധിഷ്ഠിതമായ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. അതിനാൽ, അവർ തമ്മിൽ പങ്കുവയ്ക്കപ്പെടുന്ന ഏതൊരു വിവരവും വെളിപ്പെടുത്തുവാൻ ബാദ്ധ്യസ്ഥമല്ലാത്തതാണ്. കൂടാതെ, വിവരം ആവശ്യപ്പെടുന്ന ആളിന് ഇതിൽ യാതൊരു

പങ്കും വഹിക്കാൻ ഇല്ലാത്തതും, ഇത് എങ്ങനെയാണ് അയാൾക്കോ, മൊത്തത്തിൽ പൊതുജനങ്ങൾക്കോ ഗുണകരമാവുന്നത് എന്നതിനെ കുറിച്ച് യുക്തിപരമായ ഏതൊരു കാരണവും ഞങ്ങൾ കാണാത്തതുമാണ്. പരീക്ഷകരുടെ അനന്യത വെളിപ്പെടുത്തുന്നത് പൊതുതാല്പര്യത്തിന് വിരളവും, പരീക്ഷകന്റെ അനന്യത വെളിപ്പെടുത്തുവാനുള്ള ഏതെങ്കിലും ശ്രമം ഉഗ്രമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നതും ആണ് എന്നു ചൂണ്ടിക്കാട്ടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനാൽ, ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ, പരീക്ഷകരുടെ അനന്യത വെളിപ്പെടുത്തുന്നത് ചിന്താക്കുഴപ്പത്തിലേക്കും പൊതു അസ്വസ്ഥതയിലേക്കും മാത്രം നയിക്കുന്നതാണ്. അതുകൊണ്ട്, രണ്ടാമത്തെ ചോദ്യത്തെ സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ തീരുമാനത്തോട് യോജിക്കുവാൻ ഞങ്ങൾ താൽപ്പര്യപ്പെടുന്നില്ല.

10. ഇപ്പോഴത്തെ കേസിൽ, വിവരം ആവശ്യപ്പെട്ടയാളുടെ, അയാളുടെ, ഉത്തരക്കടലാസുകളുടെ വിവരത്തെയും, അഭിമുഖ മാർക്കുകളുടെ വിശദാംശങ്ങളെയും സംബന്ധിച്ച ആവശ്യം അയാൾക്ക് നൽകാൻ കഴിയുന്നതും, നൽകേണ്ടതും ആണ്. ഒരു വിശ്വാസാധിഷ്ഠിത നിലയിൻകീഴിൽ ഒരു പൊതു അധികാരസ്ഥാനം സൂക്ഷിക്കുന്ന എന്തോ ഒന്നല്ല അത്. ഉദ്യോഗാർത്ഥികൾക്ക് മാർക്കുകളും ഉത്തരക്കടലാസുകളും വെളിപ്പെടുത്തുന്നതുപോലും, ഉദ്യോഗാർത്ഥികൾ പരീക്ഷയിൽ അവരുടെ പ്രകടനത്തിന് അനുസൃതമായി മാർക്കുകൾ നൽകപ്പെട്ടു എന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ പതിവ്, മത്സര പരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്നതിൽ ഉദ്യോഗാർത്ഥി തന്റെ സമയം ചിലവഴിക്കുന്ന, ഈ മൽസര പരിസ്ഥിതിയിൽ ന്യായമായ ഒരു പങ്ക് ഉറപ്പുവരുത്തുന്നതാണ്, എന്നാൽ, കടലാസ് പരിശോധിച്ച/ശോധനം ചെയ്ത ആളുടെ വിശദാംശങ്ങളെ കുറിച്ചുള്ള, വിവരം ആവശ്യപ്പെട്ട ആളിന്റെ ആവശ്യം, ആ പൊതുഅധികാരസ്ഥാനം, അതായത്, സർവ്വീസ് കമ്മീഷനും പരീക്ഷകരും തമ്മിൽ ഉള്ള ബന്ധം പൂർണ്ണമായും വിശ്വാസാധിഷ്ഠിത ബന്ധത്തിനുള്ളിൽ ആയിരിക്കുന്നതുകൊണ്ട്, വിവരം ആവശ്യപ്പെട്ട ആൾക്ക് നൽകാൻ കഴിയാത്തതും നൽകുവാൻ പാടില്ലാത്തതും ആണ്. പരീക്ഷകർ പരീക്ഷാ പേപ്പറുകളെ പരിപൂർണ്ണ ശ്രദ്ധയോടും, സത്യസന്ധതയോടും, നിഷ്പക്ഷമായും പരിശോധിക്കുമെന്ന് അവരുടെ മേൽ കമ്മീഷൻ വിശ്വാസം അർപ്പിച്ചിട്ടുള്ളതും, അതുപോലെ തന്നെ പരീക്ഷകർ അവരുടെ ജോലി ശരിയായി ചെയ്യുന്നതിൽ നിർഭാഗ്യമായ ഏതെങ്കിലും പരിണിത ഫലങ്ങൾ നേരിടുന്നതല്ല എന്ന് അവർക്ക് വിശ്വാസം ഉണ്ടായിരിക്കുകയും ചെയ്യുന്നു. ഓരോ പരീക്ഷകളിലെയും പരീക്ഷകരുടെ പേര് വെളിപ്പെടുത്തുന്നതിന് ഞങ്ങൾ അനുവദിക്കുന്നെങ്കിൽ, പരാജയപ്പെട്ട ഉദ്യോഗാർത്ഥികൾ പരീക്ഷകരോട് അവരുടെ ജോലി ശരിയായി ചെയ്തതിന് പ്രതികാരം ചെയ്യാൻ ശ്രമിക്കാവുന്നതാണ്. കൂടാതെ ഇത്, അനന്യമായ അടുത്ത പരീക്ഷയിൽ, സവിശേഷമായി അതേ സംസ്ഥാനത്തിലുള്ള അല്ലെങ്കിൽ അതേനിലയിലുള്ള പ്രബലരായ ഉദ്യോഗാർത്ഥികൾ പ്രബലമായ പരീക്ഷയിൽ നിയമവിരുദ്ധ മാർഗ്ഗം മുഖേന ഏതെങ്കിലും സംഭവ്യമായ നേട്ടത്തിനുവേണ്ടി വെളിപ്പെടുത്തപ്പെട്ട പരീക്ഷകരെ ബന്ധപ്പെടാൻ ശ്രമിക്കുമെന്നുള്ള ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കാവുന്നതാണ്.

11. അതിനാൽ, ഞങ്ങൾ ഈ അപ്പീലുകൾ ഭാഗികമായി അനുവദിക്കുകയും, എതിർകക്ഷികൾ-അപേക്ഷകർക്ക്, അവർ ആവശ്യപ്പെട്ട പ്രകാരം പരീക്ഷകരുടെ പേരുകളുടെ വെളിപ്പെടുത്തലിന് അവകാശമില്ലെന്ന വ്യാപ്തിയോളം മാത്രം വിധിന്യായത്തെ രൂപഭേദപ്പെടുത്തുകയും ചെയ്യുന്നു.

*——————*

# ഹൈക്കോടതി വിധിന്യായങ്ങൾ

34/1603/16

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് സി.റ്റി. രവികുമാർ**

**മുഹമ്മദാലി**

**അഭി**

**റഹിയാനത്തും മറ്റുള്ളവരും**

**ക്രിമിനൽ ആർ.പി. നം. 1920/2012**

**&**

**ക്രിമിനൽ എം.സി.നം. 3028/2012**

**2014 നവംബർ 7–ന്പുറപ്പെടുവിച്ച ഉത്തരവ്**

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**ഇക്കാലത്ത്, മറ്റു ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ കള്ളപ്പൊന്നാഭരണങ്ങളും, സ്വർണ്ണം പൂശിയ ആഭരണങ്ങളും വിപണിയിൽ ലഭ്യമാകുന്നതും, അങ്ങനെയുള്ള ആഭരണങ്ങൾ അസൽ സ്വർണ്ണാഭരണങ്ങളോട് ചേർത്ത് അണിയുകയും ഫോട്ടോ എടുക്കുകയും ചെയ്താൽ, വെറും കണ്ണുകൊണ്ട് തിരിച്ചറിയുവാനും കണ്ടുപിടിക്കുവാനും കഴിയുന്നതല്ലാത്തതുമാണ് എന്നുള്ളത് ഒരു സത്യമാണ്.— ഒരു ഫോട്ടോഗ്രാഫിൽ കാണുന്ന ഒരു ആഭരണം സ്വർണ്ണമാണോ അല്ലയോ എന്ന് കണ്ടുപിടിക്കുന്നതിന് യാതൊരു സാങ്കേതിക വിദ്യയും ഇതുവരെ വികസിക്കപ്പെട്ടിട്ടില്ല.**

### ഉത്തരവ്

തലക്കെട്ടിലുള്ള ക്രിമിനൽ എം.സി യും ക്രിമിനൽ ആർ.പി-യും, കോഴിക്കോട് സെഷൻസ് കോടതി 2011-ലെ ആർ. പി നമ്പരുകൾ 29-ലും 31-ലും പാസ്സാക്കിയ 01-06-2012-ലെ പൊതു ഉത്തരവിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ളതാണ്. മുൻപറഞ്ഞ പൊതു ഉത്തരവ് പാസ്സാക്കുന്നതിന് നയിച്ച വസ്തുതകളുടെ ഒരു ലഘു വിവരണം ഈ കേസുകളുടെ ലഘുവായ ഒരു തീർപ്പാക്കലിന് ആവശ്യമാണ്. ഈ രണ്ടു കേസുകളും, ഒരേ ഹർജിക്കാരൻ വിവാഹബന്ധം വേർപെടുത്തിയ തന്റെ ഭാര്യയായ പൊതുവായ 1-ാം എതിർ കക്ഷിക്കെതിരെ ഫയൽ ചെയ്തതാണ്. വിവാഹസമയത്ത് കൊടുത്ത ആരോപിത ആഭരണങ്ങൾ അണിഞ്ഞിരുന്ന ഒരു ഫോട്ടോയെ ആശ്രയിച്ചുകൊണ്ട്, അളവു കണക്കാക്കി സ്വർണ്ണാഭരണങ്ങൾ തിരികെ കൊടുക്കാനുള്ള ഒരു നിർദ്ദേശത്തിന്റെ നിലനിൽപ്പിനെയും കൂടി തീരുമാനിക്കപ്പെടേണ്ട വിവാദ്യകങ്ങൾക്കിടയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സൗകര്യത്തിനായി അവർ ഈ ഉത്തരവിൽ ഇതിനു ശേഷം, യഥാക്രമം ഹർജിക്കാരനെന്നും, ഒന്നാം എതിർകക്ഷിയെന്നും പരാമർശിക്കപ്പെടുന്നു. അവരുടെ വിവാഹം 18-10-1998-ൽ നടത്തപ്പെടുകയും, വൈവാഹിക വിദ്വേഷവും, പൊരുത്തക്കേടും അവർ വേർപിരിയുവാൻ അവരെ നിർബന്ധിക്കുന്ന ക്ലേശകരമായ ഒരു സാഹചര്യത്തിലേക്ക് എത്തിക്കുകയും, അന്തിമമായി അവരുടെ വിവാഹം കോഴിക്കോട് കുടുംബകോടതിയുടെ ആദ്യഹർജി നം. 460/2002-ലെ 06-07-2005-ലെ വിധിപ്രകാരം വിഘടിക്കപ്പെടുകയും ചെയ്തു.

പിന്നീട്, 1-ാം എതിർകക്ഷി-ഭാര്യ മുസ്ലീം സ്ത്രീകൾ (വിവാഹമോചനത്തിൻമേലുള്ള അവകാശങ്ങളുടെ സംരക്ഷണം) ആക്റ്റിലെ

(ചുരുക്കത്തിൽ ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം കോഴിക്കോട് ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-V മുമ്പാകെ എം.സി. നം. 11/2006 ഫയൽ ചെയ്തു. എതിർവാദങ്ങളുടെ അടിസ്ഥാനത്തിൽ, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് താഴെ പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കു വേണ്ടി തയ്യാറാക്കി.

"(1) ഹർജിക്കാരിക്ക് `ഇദത്' കാലയളവിലെ ജീവനാംശത്തിലേക്ക് ഏതെങ്കിലും തുക ലഭിക്കുവാൻ അവകാശമുണ്ടോ?

(2) ഹർജിക്കാരിക്ക് അവളുടെ ഭാവി ജീവനാംശത്തിനുള്ള ന്യായവും ഉചിതവുമായ ഏർപ്പാട് ലഭിക്കുവാൻ അവകാശമുണ്ടോ?

(3) ഹർജിക്കാരിക്ക് എതിർകക്ഷികൾ കൈവശപ്പെടുത്തിയ സ്വർണ്ണാഭരണങ്ങളുടെ വിലയും വീട്ടുപകരണങ്ങളുടെ വിലയും പണവും, ഏതെങ്കിലും ഉണ്ടെങ്കിൽ, അവ ലഭിക്കുവാൻ അവകാശമുണ്ടോ?

(4) ഹർജിക്കാരിക്ക് ജീവനാംശം ലഭിക്കാൻ അവകാശമുണ്ടെങ്കിൽ, അളവെന്താണ്?

3. 1-ാം എതിർകക്ഷിക്ക് `ഇദത്' കാലയളവിലെ ജീവനാംശത്തിലേക്ക് ഏതൊരു തുകയും ലഭിക്കുവാൻ അവകാശമില്ലാത്തതും, ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം 56,000/- രൂപ, ന്യായവും ഉചിതവുമായ ഏർപ്പാടും ജീവനാംശവുമായി ലഭിക്കുവാൻ അവൾക്ക് അവകാശമുള്ളതുമാണെന്ന് പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് കണ്ടെത്തി. ഹർജിക്കാരൻ 80 പവൻ സ്വർണ്ണാഭരണങ്ങൾ അല്ലെങ്കിൽ അതിന്റെ മൂല്യത്തിന് തുല്യമായ തുകയും, മറ്റു ചില വീട്ടുപകരണങ്ങളും തിരികെ നൽകുവാൻ ബാദ്ധ്യസ്ഥനാണെന്ന 1-ാം എതിർകക്ഷിയുടെ അവകാശവാദം പരിഗണിക്കപ്പെടുകയും, 25 പവൻ സ്വർണ്ണാഭരണങ്ങളോ അതിന്റെ മൂല്യമായി 3,62,500/- രൂപയോ തിരികെ കൊടുക്കുവാൻ ഹർജിക്കാരനോട് നിർദ്ദേശിക്കപ്പെടുകയും ചെയ്തു. പ്രസ്തുത വിധിന്യായത്തിനെതിരെ ഹർജിക്കാരനും 1-ാം എതിർകക്ഷിയും, രണ്ടുപേരും, യഥാക്രമം ക്രിമിനൽ ആർ.പി.നം. 31/2011-ഉം, ക്രിമിനൽ ആർ.പി.നം. 29/2011-ഉം ആയി കോഴിക്കോട് സെഷൻസ് കോടതി മുമ്പാകെ റിവിഷൻ പെറ്റീഷനുകൾ ഫയൽ ചെയ്യുകയും, അവ കൂട്ടായി കേൾക്കപ്പെടുകയും, 01-06-2012-ലെ ഒരു പൊതു ഉത്തരവ് പാസ്സാക്കപ്പെടുകയും ചെയ്തു. അതനുസരിച്ച്, ഒന്നാം എതിർകക്ഷി ഫയൽ ചെയ്ത ക്രിമിനൽ ആർ.പി.നം. 29/2011 ഭാഗികമായി അനുവദിക്കപ്പെടുകയും, ക്രിമിനൽ ആർ.പി.നം. 31/2011 തള്ളിക്കളയപ്പെടുകയും, ഹർജിക്കാരൻ താഴെ പറയും പ്രകാരം നിർദ്ദേശിക്കപ്പെടുകയും ചെയ്തു.

"1. എക്സിബിറ്റ് പി-4-ൽ കാണിച്ചിട്ടുള്ള 80 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെക്കൊടുക്കുക അല്ലെങ്കിൽ (ഒരു പവന് 21,000/- രൂപ നിരക്കിൽ) 16,80,000/- രൂപ കൊടുക്കുക.

2. മഹറിലേക്ക് 5.5 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ കൊടുക്കുക അല്ലെങ്കിൽ 1,15,500/- രൂപ കൊടുക്കുക.

3. ഫ്രിഡ്ജും മിക്സിയും തിരികെ കൊടുക്കുക അല്ലെങ്കിൽ 10,930/- രൂപ മറ്റു വിധത്തിൽ കൊടുക്കുക.

4. ന്യായവും ഉചിതവുമായ ഏർപ്പാടിലേക്കും ജീവനാംശത്തിലേക്കും 56,000 രൂപ കൊടുക്കുക.

ആകെ, ഹർജിക്കാരൻ ഏതൊരു സ്വർണ്ണാഭരണങ്ങളും വസ്തു വകകളും തിരികെ കൊടുക്കുന്നില്ലായെങ്കിൽ, അയാൾ ഇന്നു മുതൽ 30 ദിവസക്കാലാവധിക്കുള്ളിൽ 18,62,450 രൂപ കൊടുക്കേണ്ടതുണ്ട്.

മുകളിലത്തെ ക്രിമിനൽ റിവിഷൻ പെറ്റീഷൻ ക്രിമിനൽ ആർ.പി.നം. 29/2011-ലെ ഉത്തരവിന് എതിരായി ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതും, മുകളിലത്തെ ക്രിമിനൽ മിസലേനിയസ് കേസ് ക്രിമിനൽ ആർ.പി.നം. 31/2011-ലെ ഉത്തരവിന് എതിരായി ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്.

4. ഹർജിക്കാരന് വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകനേയും, 1-ാം എതിർകക്ഷിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകനേയും, കൂടാതെ പാണ്ഡിത്യമുള്ള പബ്ലിക് പ്രോസിക്യൂട്ടറേയും ഞാൻ കേൾക്കുകയുണ്ടായി.

5. ഇതിനു മുൻപ് പറഞ്ഞതുപോലെ, വിവാഹത്തിന്റെ വിഘടനത്തിനു ശേഷം, 1-ാം എതിർകക്ഷി ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം ന്യായവും ഉചിതവുമായ ഏർപ്പാടിനും ജീവനാംശം അവകാശപ്പെടുകയും, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് 1-ാം എതിർ കക്ഷിക്ക് ഓരോ മാസവും 2000/- രൂപ വീതം 28 മാസക്കാലയളവിലേക്ക് ലഭിക്കുവാൻ അവകാശമുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. *ഡാനിയൽ ലത്തീഫിയും മറ്റൊരാളും* അഭി *ഇന്ത്യൻ യൂണിയൻ* ((2001) 7 എസ്.സി.സി 740) എന്ന കേസിലെ ബഹുമാനപ്പെട്ട പരമോന്നത കോടതിയുടെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, ആക്റ്റിലെ വകുപ്പ് 3 (1) (എ) പ്രകാരം വിവാഹബന്ധം വേർപെടുത്തിയ ഒരു മുസ്ലീം വനിത അവകാശപ്പെടുന്ന ഭാവി ജീവനാംശത്തിനുള്ള ന്യായവും ഉചിതവുമായ ഏർപ്പാട് `ഇദത്' കാലാവധിയിലേക്ക് പരിമിതപ്പെടുത്തപ്പെടുന്നു എന്ന് പറയുവാൻ കഴിയുന്നതല്ലാത്തതും, അത് വിവാഹബന്ധം വേർപെടുത്തിയ മുസ്ലീം ഭാര്യയുടെ മുഴുവൻ ജീവിതകാലത്തേക്കും, അവർ പുനർവിവാഹം ചെയ്യാത്ത പക്ഷം, വ്യാപിക്കുന്നതുമാണ്. പ്രത്യക്ഷമാകുന്നതുപോലെ ഈ കേസിൽ, വിവാഹം 06-07-2005-ൽ വിഘടിപ്പിക്കപ്പെടുകയും, അതിനുശേഷം 1-ാം എതിർകക്ഷി 18-11-2007-ൽ പുനർവിവാഹം ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത സാഹചര്യങ്ങളിലാണ് 56,000/- രൂപ ആക്റ്റിലെ 3(1) (എ) വകുപ്പ് പ്രകാരം അവളുടെ ന്യായവും ഉചിതവുമായ ഏർപ്പാടിലേക്കും ജീവനാംശത്തിലേക്കുമായി അനുവദിച്ചു നൽകപ്പെട്ടത്. എം. സി. നം. 11/2006-ൽ പാസ്സാക്കിയ പ്രസ്തുത ഉത്തരവിനെ, വെളിവാകുന്നതുപോലെ, പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി ക്രിമിനൽ ആർ.പി.നം. 29/ 2011-ൽ സ്ഥിരീകരിച്ചു. 2000/- രൂപ മാത്രം നിശ്ചയിക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തുതയും, കക്ഷികളുടെ അന്തസ്സും, ജീവനാംശം നൽകുവാനുള്ള ഹർജിക്കാരൻ-ഭർത്താവിന്റെ കഴിവും, നിലവിലുണ്ടായിരുന്ന മറ്റു സാഹചര്യങ്ങളും, വിവാഹ വിഘടന തീയതിയും, 1-ാം എതിർകക്ഷിയുടെ പുനർവിവാഹ തീയതിയും തമ്മിലുള്ള കാലയളവ് കണക്കാക്കുന്നതുവഴി 28 മാസക്കാലാവധി ശരിയായി കണക്കാക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതും കണക്കിലെടുത്തു കൊണ്ട്, എം.സി.നം. 11/2006-ൽ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് പാസ്സാക്കിയ ഉത്തരവുപ്രകാരമുള്ള ഭാവി ജീവനാംശത്തിനുള്ള ന്യായവും ഉചിതവുമായ ഏർപ്പാടിന്റെ തിട്ടപ്പെടുത്തൽ സ്ഥിരീകരിക്കുന്ന പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയുടെ ക്രിമിനൽ ആർ.പി.നം. 29/2011-ലെ ഉത്തരവിലെ ആ ഭാഗവുമായി ഇടപെടാനുള്ള ഏതൊരു പശ്ചാത്തലമോ കാരണമോ ഞാൻ കാണുന്നില്ല.

6. ഹർജിക്കാരന്റെ പ്രധാന തർക്കം, 80 പവൻ സ്വർണ്ണ ആഭരണങ്ങളോ അല്ലെങ്കിൽ 16,80,000/- രൂപയോ തിരികെ നൽകണമെന്ന നിർദ്ദേശത്തിന് എതിരായാണ്. ആ സന്ദർഭത്തിൽ, 1-ാം എതിർ കക്ഷിയുടെ കേസ് എന്തെന്നാൽ, വിവാഹസമയത്ത് അവൾക്ക് 80 പവൻ സ്വർണ്ണാഭരണങ്ങൾ നൽകപ്പെട്ടിരുന്നെന്നും, ആയത് ഹർജിക്കാരനെ ഏൽപ്പിച്ചുവെന്നും, അയാൾ അവയെ ദുരുപയോഗം ചെയ്തുവെന്നും, അതിനാൽ ആയത് തിരികെ നൽകാൻ അയാൾ ബാദ്ധ്യസ്ഥനാണ് എന്നുമുള്ളതാണെന്നത് ശ്രദ്ധിക്കേണ്ടതാണ്. എം.സി. നം. 11/2006-ൽ 1-ാം എതിർകക്ഷിയുടെ ഭാഗത്ത്, പ്രോസിക്യൂഷൻ സാക്ഷികൾ 2 മുതൽ 4 വരെ വിസ്തരിക്കപ്പെട്ടതുകൂടാതെ, അവൾ പ്രോസിക്യൂഷൻ 1-ാം സാക്ഷി ആയി വിസ്തരിക്കപ്പെടുകയും, എക്സിബിറ്റുകൾ 1 മുതൽ 15 വരെ അടയാളപ്പെടുത്തുകയും ചെയ്തു. ഹർജിക്കാരന്റെ ഭാഗത്ത് അയാളെ എതിർഭാഗം സാക്ഷി ആയി വിസ്തരിക്കപ്പെടുകയും, മെസ്സേർസ് ഹംസ കോയയും വിജയകുമാറും യഥാക്രമം എതിർഭാഗം 2-ാം സാക്ഷിയായും എതിർഭാഗം 3-ാം സാക്ഷിയായും വിസ്തരിക്കപ്പെടുകയും, എക്സിബിറ്റുകൾ ഡി 1 മുതൽ ഡി 3 വരെ

അടയാളപ്പെടുത്തുകയും ചെയ്തു. മുഴുവൻ തെളിവും വിശകലനം ചെയ്തതിനുശേഷം, അവകാശപ്പെട്ട 80 പവന്റെ ഏൽപ്പിക്കലിനെതിരായി 25 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരനെ ഏൽപ്പിച്ചിരുന്നു എന്ന് സ്ഥാപിക്കുന്നതിൽ മാത്രം 1-ാം എതിർകക്ഷി വിജയിച്ചിരുന്നു എന്ന് വിചാരണ കോടതി കണ്ടെത്തി. എന്നിരുന്നാലും, 1-ാം എതിർകക്ഷി ഫയൽ ചെയ്ത ക്രിമിനൽ ആർ.പി.നം. 29/11-ൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി കണ്ടെത്തലുകളെ മറിച്ചു വിധിക്കുകയും, എക്സിബിറ്റ് പി-4-ൽ കാണിച്ചിട്ടുള്ള 80 പവൻ സ്വർണ്ണാഭരണങ്ങൾക്കോ അല്ലെങ്കിൽ അതിന്റെ മൂല്യമായി 16,80,000 രൂപയ്ക്കോ 1-ാം എതിർകക്ഷിക്ക് അവകാശമുണ്ടെന്ന് വിധിക്കുകയും ചെയ്തു. ഹർജിക്കാരൻ, മഹറിലേക്ക് 5.5 പവൻ സ്വർണ്ണാഭരണങ്ങളോ അല്ലെങ്കിൽ 1,15,500 രൂപയോ, കൂടാതെ ഒരു ഫ്രിഡ്ജും മിക്സിയും അല്ലെങ്കിൽ മറ്റുവിധത്തിൽ 10,950 രൂപയും തിരികെ നൽകുവാൻ ബാധ്യസ്ഥനാണെന്ന് മേലും കണ്ടെത്തപ്പെട്ടിരിക്കുന്നു.

7. എക്സിബിറ്റ് പി-4 അനുസരിച്ച്, 80 പവൻ സ്വർണ്ണാഭരണങ്ങൾ മടക്കി നൽകുവാനോ, 16,80,000 രൂപ കൊടുക്കുവാനോ ഉള്ള ഉത്തരവ് നിയമപരമായി നിലനിൽക്കുന്നയാതൊരു തെളിവ് ശകലത്തിൻമേലും സ്ഥാപിക്കപ്പെട്ടിരിക്കുന്നില്ല എന്ന് ഹർജിക്കാരനുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു. 1-ഉം 3-ഉം പ്രോസിക്യൂഷൻ സാക്ഷികളുടെ വാക്കാലുള്ള സാക്ഷിത്തെളിവുകളും, കൂടാതെ എക്സിബിറ്റുകൾ പി 4-ഉം പി 12 പരമ്പരകളും വിശ്വാസയോഗ്യമായതല്ലായിരുന്നതും, അവയെ ആശ്രയിച്ചുകൊണ്ട് 80 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുവാൻ ഹർജിക്കാരൻ ബാധ്യസ്ഥനാണെന്ന് സവിശേഷമായി, എക്സിബിറ്റ് ഡി1-നോടൊപ്പം എതിർഭാഗം 1-ാം സാക്ഷി ആയുള്ള ഹർജിക്കാരന്റെ തെളിവിന്റെയും, എതിർഭാഗം 3-ാം സാക്ഷി ആയുള്ള രാമനാട്ടുകര പഞ്ചായത്ത് സെക്രട്ടറിയുടെ തെളിവിന്റെയും വെളിച്ചത്തിൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി കണ്ടെത്തിയിരിക്കേണ്ടതല്ലായിരുന്നു എന്ന് വാദിച്ചിരിക്കുന്നു. വാസ്തവത്തിൽ, 25 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകാൻ ഹർജിക്കാരൻ ബാധ്യസ്ഥനാണെന്ന് എം.സി.നം. 11/2006-ലെ സാക്ഷാൽ കണ്ടെത്തൽ തന്നെ, അതേ കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു. പ്രത്യക്ഷത്തിൽ, ഹർജിക്കാരനുമായുള്ള വിവാഹ സമയത്ത് അവൾക്ക് 80 പവൻ സ്വർണ്ണാഭരണങ്ങൾ നൽകപ്പെട്ടു എന്ന് സ്ഥാപിക്കുവാൻ പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെ ഉടമസ്ഥതയിലുള്ള രാമനാട്ടുകരയിലെ ബിസ്മില്ല ജുവലറിയിൽ നിന്ന് നൽകിയ എക്സിബിറ്റ് പി-4 ബില്ലിനെയും, എക്സിബിറ്റ് പി-12 പരമ്പര ഫോട്ടോഗ്രാഫുകളെയും 1-ാം എതിർകക്ഷി ആശ്രയിച്ചു. എന്നിരുന്നാലും, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിനെ ആവസ്തുക്കൾ സ്വാധീനിക്കാത്തതും, 25 പവൻ സ്വർണ്ണാഭരണങ്ങൾ മാത്രം തിരികെ നൽകുവാൻ ഹർജിക്കാരൻ ബാധ്യസ്ഥനാണെന്ന തീരുമാനത്തിൽ അങ്ങനെയുള്ള വസ്തുക്കൾ പരിഗണിക്കാതെ എത്തിച്ചേരുകയും ചെയ്തു. പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെയും പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെയും മൊഴിയെ വിശ്വസിച്ചുകൊണ്ടും, എക്സിബിറ്റ് പി-4 ബില്ലിനെയും എക്സിബിറ്റ് പി-12 ഫോട്ടോഗ്രാഫ് പരമ്പരകളെയും ആശ്രയിച്ചുകൊണ്ടും, പ്രസ്തുത കണ്ടെത്തലിനെ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി റദ്ദാക്കുകയും, 80 പവൻ സ്വർണ്ണാഭരണങ്ങൾ മുഴുവനും തിരികെ ലഭിക്കുവാൻ 1-ാം എതിർകക്ഷിക്ക് അവകാശമുണ്ടെന്ന് വിധിക്കുകയും ചെയ്തു.

8. മുകളിൽ പറഞ്ഞ ചോദ്യത്തെ സംബന്ധിച്ചുള്ള വ്യത്യസ്ത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, 1-ാം എതിർകക്ഷിക്ക്, അവളുടെ വിവാഹവുമായി ബന്ധപ്പെട്ട് 80 പവൻ സ്വർണ്ണാഭരണങ്ങൾ വാങ്ങുകയും, അവൾക്ക് നൽകുകയും ചെയ്തിട്ടുണ്ട് എന്ന് സ്ഥാപിക്കുന്നതിന്, എക്സിബിറ്റ് പി-4 ബില്ലിനെ ആശ്രയിക്കുവാൻ കഴിയുന്നതാണോ എന്ന് ഞാൻ ആദ്യമായി പരിഗണിക്കട്ടെ. മുകളിൽ പറഞ്ഞതുപോലെ, എക്സിബിറ്റ് പി-4 ബിൽ ബിസ്മില്ല ജുവലറിയിൽ നിന്ന്

നൽകപ്പെടുകയും, ആയത് തെളിയിക്കുന്നതിന് ഒന്നാം എതിർകക്ഷി പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ വിസ്തരിച്ചിട്ടുള്ളതും, പ്രത്യക്ഷമായി അയാൾ എക്സിബിറ്റ് പി-4 നൽകിയിരുന്ന ഫലത്തിലേക്ക് മൊഴി നൽകിയിട്ടുള്ളതുമാണ്. എന്നിരുന്നാലും, പ്രോസിക്യൂഷൻ 3-ാം സാക്ഷി, എക്സിബിറ്റ് പി-4 നൽകുന്ന സമയത്ത് പ്രസ്തുത ജുവലറി നടത്തുവാനുള്ള യാതൊരു ലൈസൻസും അയാളുടെ കൈവശമുണ്ടായിരുന്നില്ല എന്നു സമ്മതിച്ചിട്ടുള്ളതു കൂടി ശ്രദ്ധിക്കേണ്ടതാണ്. പ്രസക്തമായ സമയത്ത് രാമനാട്ടുകര പഞ്ചായത്തിനുള്ളിൽ ബിസ്മില്ല ജുവലറി എന്ന പേരിൽ ഒരു ജുവലറി നിലവിലില്ലായിരുന്നു എന്ന് എതിർഭാഗം 3-ാംസാക്ഷി മുഖാന്തിരം ഹർജിക്കാരൻ തെളിവിൽ കൊണ്ടുവന്നു. ആ ഫലത്തിലേക്ക് രാമനാട്ടുകര പഞ്ചായത്തിലെ അപ്പോഴത്തെ സെക്രട്ടറി ആയ എതിർഭാഗം സാക്ഷി 3 നൽകിയ സാക്ഷ്യപത്രമാണ് എക്സിബിറ്റ് ഡി 1. പ്രസക്തമായ സമയത്ത് ബിസ്മില്ല ജുവലറി എന്ന പേരിൽ അങ്ങനെ യുള്ള യാതൊരു ജുവലറിയും രാമനാട്ടുകര പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തി ച്ചിരുന്നില്ല എന്ന ഫലത്തിലേക്ക് എതിർഭാഗം 3-ാം സാക്ഷി മൊഴിനൽകി. ഒരു പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ ഒരു ജുവലറി നടത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഒരു ലൈസൻസ് അനിവാര്യമല്ലെന്നും, ആവശ്യമില്ലെന്നും ഉള്ള ഫലത്തിലേക്ക് യാതൊരു കേസും ഒന്നാം എതിർകക്ഷിക്ക് ഇല്ലാത്തതും, വെളിവാകുന്നതു പോലെ, ഒന്നാം എതിർകക്ഷി യാതൊരു കേസും കീഴ്ക്കോടതി മുമ്പാകെ മുമ്പോട്ട് വച്ചിട്ടില്ലാത്ത തുമാണ്. പ്രസക്തമായ സമയത്ത് രാമനാട്ടുകര പഞ്ചായത്തിൽ നിന്ന് നൽകിയ ഒരു ലൈസൻസ് പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെ കൈവശം ഉണ്ടായിരുന്നില്ലായെന്ന് അയാൾ സാക്ഷിക്കൂട്ടിൽ വച്ച് സമ്മതിച്ചിട്ടുള്ളതിനെ ശ്രദ്ധിക്കുന്നത് കൂടി പ്രസക്തമാണ്. അങ്ങനെയുള്ള സാഹചര്യങ്ങ ളിൽ, മുൻപറഞ്ഞ വിഷയത്തിൽ പ്രോസിക്യൂഷൻ 1-ാം സാക്ഷിയെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയെയും അവിശ്വസിക്കുവാനും, 1-ാം എതിർകക്ഷിയുടെ അവകാശവാദത്തെ പിന്താങ്ങുവാനുമുള്ള ഒരു തെളിവ് ശകലം എന്ന നിലയിൽ എക്സിബിറ്റ് പി-4 നെ അവഗണി ക്കുവാനും പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിനെ നിർബന്ധിതമാക്കി. എക്സിബിറ്റ് പി-4 ലോ, എക്സിബിറ്റ് പി-12 ലെ ഫോട്ടോഗ്രാഫുകളുടെ പരമ്പരയിലോ ഏതൊരു ആശ്രയവും അർപ്പിക്കാതെ, 25 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിന് പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് ഉത്തരവിട്ടു എന്ന് എം.സി.നം.11/2006- ലെ വിധിന്യായത്തിന്റെ ഒരു സൂക്ഷ്മവായന വെളിപ്പെടുത്തുന്നതാണ്. 1-ാം എതിർകക്ഷി, അവളുടെ സ്വർണ്ണാഭരണങ്ങൾ എടുക്കാതെ ഹർജിക്കാരന്റെ വീട് വിട്ട് പോയതായി വാസ്തവത്തിൽ വെളിവായിട്ടുണ്ട്. സ്വർണ്ണാ ഭരണങ്ങൾ മദ്ധ്യസ്ഥ സംസാരത്തിൽ പങ്കെടുത്ത പ്രോസിക്യൂഷൻ 2-ാം സാക്ഷിയെ ഏൽപ്പിച്ചു എന്ന ഹർജിക്കാരന്റെ കേസും കണക്കിലെടുക്കപ്പെട്ടു. 25 പവൻ സ്വർണ്ണാ ഭരണങ്ങൾ 1-ാം എതിർകക്ഷി കൈവശം വച്ചിരുന്നെന്നും, അവൾ അവളുടെ ആഭരണങ്ങൾ എടുക്കാതെ ഭർത്തൃഭവനം വിട്ടുപോയി എന്നും ഒരിക്കൽ സമ്മതിച്ചി ട്ടുള്ളപ്പോൾ, ആ ആഭരണങ്ങളെ മധ്യസ്ഥനായ പ്രോസിക്യൂഷൻ 2-ാം സാക്ഷിയെ ഏൽപ്പിച്ചു എന്നു പറഞ്ഞ ഹർജിക്കാരൻ ആയത് സ്ഥാപിക്കാൻ ബാധ്യസ്ഥനാണ്. പ്രോസിക്യൂഷൻ 2-ാം സാക്ഷി ഹർജിക്കാരന്റെ കേസിനെ പിന്താങ്ങിയിരുന്നില്ല. അയാളെ വിശാലമായി എതിർവിസ്താരം ചെയ്തുവെങ്കിലും, ഹർജി ക്കാരന് സ്വർണ്ണാഭരണങ്ങളുടെ ഏൽപ്പി ക്കലിനെ സംബന്ധിച്ച അയാളുടെ ഭാഷ്യത്തെ അവിശ്വസിക്കുവാനുള്ള ഏതൊന്നും പുറത്തു കൊണ്ടുവരുവാൻ കഴിഞ്ഞില്ല. പ്രസ്തുത സാഹചര്യങ്ങളിൽ, പൊതുവായ ഒന്നാം എതിർ കക്ഷിക്ക്, വിവാഹസമയത്ത് 25 പവൻ സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നു എന്നും, അവളുടെ സ്വർണ്ണാഭരണങ്ങൾ എടുക്കാതെ അവൾ അയാളുടെ വീട് വിട്ടുപോയി എന്നും ഉള്ള ഹർജിക്കാരന്റെ സമ്മതത്തേയും, പ്രസ്തുത സ്വർണ്ണാഭരണങ്ങളെ പ്രോസിക്യൂഷൻ 2-ാം സാക്ഷിയെ ഏൽപ്പിച്ചതിനെ സ്ഥാപിക്കു വാനുള്ള അയാളുടെ ഭാഗത്തുള്ള വീഴ്ചയേയും കണക്കിലെടുത്തുകൊണ്ട്, 25 പവൻ സ്വർണ്ണാ

ഭരണങ്ങൾ 1-ാം എതിർകക്ഷിക്ക് തിരികെ നൽകാൻ ഹർജിക്കാരൻ ബാധ്യസ്ഥനാണെന്ന് പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് കണ്ടെത്തുകയും, അതിനനുസൃതമായി ഉത്തരവിടുകയും ചെയ്തു. ക്രിമിനൽ റിവിഷൻ പെറ്റീഷൻ 29/2011-ലെയും & 31/2011-ലെയും ചോദ്യം ചെയ്യപ്പെട്ട പൊതുവായ ഉത്തരവ് പ്രകാരം, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ പ്രസ്തുത കണ്ടെത്തലിനെ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി മറിച്ചു വിധിക്കുകയും, എക്സിബിറ്റ് പി-4-ൽ കാണിച്ചിട്ടുള്ള 80 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ കൊടുക്കുവാനോ 16,80,000 രൂപ നൽകുവാനോ ഹർജിക്കാരനോട് നിർദ്ദേശിക്കുകയും ചെയ്തു. റിവിഷണൽ അധികാരിത വിനിയോഗിച്ചുകൊണ്ട് പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയാലുള്ള തെളിവിന്റെ പുനർവിലയിരുത്തലും, ചോദ്യം ചെയ്യപ്പെട്ട പൊതു ഉത്തരവ് പ്രകാരം പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ കണ്ടെത്തലിന്റെ തുടർന്നുള്ള മറിച്ചു വിധിക്കലും, യഥാർത്ഥത്തിൽ രൂപഭേദപ്പെടുത്തലും, നിയമപരവും ന്യായീകരിക്കത്തക്കതുമാണോ എന്നുള്ളതാണ് ചോദ്യം? പ്രസ്തുത ചോദ്യത്തിന്റെ ഉചിതമായ പരിഗണനയ്ക്കുവേണ്ടി സെഷൻസ് ജഡ്ജിയുടെ റിവിഷണൽ അധികാരിതയുടെ വ്യാപ്തി പരിശോധിക്കേണ്ടതായിട്ടുണ്ട്. റിവിഷണൽ അധികാരിത, അതിന്റെ സ്വന്തം വ്യാപ്തിയിൽ തെളിവിന്റെ വിലയിരുത്തലിനെ സങ്കൽപിക്കുന്നില്ല എന്നത് മനസ്സിലാക്കേണ്ടതാണ്. സാധാരണയായി, ഏതെങ്കിലും ക്രിമിനൽ കീഴ്ക്കോടതിയുടെ രേഖകൾ ആവശ്യപ്പെടുകയും, രേഖപ്പെടുത്തിയതോ പാസ്സാക്കിയതോ ആയ കണ്ടെത്തലിന്റെയോ ശിക്ഷാവിധിയുടെയോ, ഉത്തരവിന്റെയോ, ശരിയെ അല്ലെങ്കിൽ നിയമസാധുതയെ അല്ലെങ്കിൽ യുക്തതയേയും, അങ്ങനെയുള്ള കീഴ്ക്കോടതിയുടെ ഏതെങ്കിലും നടപടിയുടെ ക്രമത്തെ സംബന്ധിച്ചും പരിശോധിക്കുകയും, ഉചിതമായ ഉത്തരവുകൾ പാസ്സാക്കുകയും ചെയ്യുക എന്നതാണ് റിവിഷണൽ അധികാരിതയുടെ വ്യാപ്തി. അതിനാൽ, കീഴ്ക്കോടതിയുടെ കണ്ടെത്തൽ തലതിരിഞ്ഞതാണെന്നോ, യുക്തിഹീനമാണെന്നോ, നിയമത്തിൽ നിലനിൽക്കത്തക്കതല്ലെന്നോ, അപ്രസക്തമായതോ അനുവദനീയമല്ലാത്തതോ ആയ തെളിവിൻമേൽ സ്ഥാപിക്കപ്പെട്ടതെന്നോ, പ്രസക്തമായ തെളിവിനെ അവഗണിച്ചു കൊണ്ട് പാസ്സാക്കിയ ഒന്നാണെന്നോ കാണിക്കപ്പെടാത്തപക്ഷം, റിവിഷണൽ അധികാരിത വിനിയോഗിച്ചുകൊണ്ടുള്ള ഇടപെടൽ ആവശ്യമാകുന്നില്ല. അതുകൊണ്ടുതന്നെ, ഒരേ തെളിവിന്റെ അടിസ്ഥാനത്തിൽ കീഴ്ക്കോടതി എടുത്ത വീക്ഷണത്തിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു വീക്ഷണം സാധ്യമാകുന്നു എന്ന കാരണത്താൽ മാത്രം അങ്ങനെയുള്ള ഇടപെൽ അനുവദനീയമല്ലാത്തതാണ്. മുകളിൽ പറഞ്ഞ തത്വങ്ങളെ മനസ്സിൽ വഹിച്ചുകൊണ്ട്, പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി പാസ്സാക്കിയ ക്രിമിനൽ റിവിഷൻ പെറ്റീഷൻ നമ്പരുകൾ 29/2011-ലെയും, 31/2011-ലെയും ചോദ്യം ചെയ്യപ്പെട്ട പൊതു ഉത്തരവിനെ ഞാൻ സൂക്ഷ്മപരിശോധന നടത്തുന്നതാണ്. ഇതിനു മുമ്പ് പ്രസ്താവിച്ചതുപോലെ, തെളിവിന്റെ പുനർവിലയിരുത്തലും, എക്സിബിറ്റ് പി-4-ൽ കാണിച്ചിട്ടുളള 80 പവൻ സ്വർണ്ണാഭരണമോ, അതിന്റെ മൂല്യമോ തിരികെ നൽകുന്നത് സംബന്ധിച്ച 1-ാം എതിർകക്ഷിയുടെ അവകാശവാദത്തെ സംബന്ധിച്ചുള്ള പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ കണ്ടെത്തലിന്റെ മറിച്ചു വിധിക്കലും, യഥാർത്ഥത്തിൽ രൂപഭേദപ്പെടുത്തലും, നിയമപരവും, ഉചിതവും, ശരിയായതുമാണോ എന്നുള്ളതാണ് ആദ്യത്തെ ചോദ്യം.

9. 80 പവൻ സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങുന്നതിനായി 17-10-1998-ൽ ബിസ്മില്ല ജുവലറിയിൽ നിന്ന് നൽകിയ ബില്ലാണെന്ന് അവകാശപ്പെട്ടുകൊണ്ട്, 1-ാം എതിർകക്ഷി എക്സിബിറ്റ് പി-4 ഹാജരാക്കി. അത്, പ്രോസിക്യൂഷൻ 3-ാം സാക്ഷി നൽകിയതാണെന്ന് കാണിക്കുവാൻ, അയാൾ പൊതുവായ 1-ാം എതിർകക്ഷിയുടെ ഭാഗത്തു വിസ്തരിക്കപ്പെട്ടു. എന്നിരുന്നാലും, സാക്ഷിക്കൂട്ടിൽ പ്രോസിക്യൂഷൻ 3-ാം സാക്ഷി, അയാൾ അപ്പോൾ സ്വർണ്ണാഭരണങ്ങൾ വിൽക്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരുന്നില്ലെന്നും, അയാൾക്ക് വിൽപ്പന നികുതി സർട്ടിഫിക്കറ്റോ

തൊഴിൽ സർട്ടിഫിക്കറ്റോ കിട്ടിയിരുന്നില്ലെന്നും അയാൾ മൊഴി നൽകി. എക്സിബിറ്റ് പി-4, 1-ാം എതിർകക്ഷി കൊടുത്ത ഓർഡർ അനുസരിച്ച് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കിയതിനെ തെളിയിക്കുന്ന ഒരു ബിൽ മാത്രമായിരിക്കെ, അത് സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങുന്നതിനു വേണ്ടിയുള്ളതാണെന്ന് അയാൾ മേലും മൊഴി നൽകി. ഈ സന്ദർഭത്തിൽ, 1-ാം എതിർ കക്ഷിയുടെ യഥാർത്ഥ കേസിനെയും, അതിനെ പിന്താങ്ങിക്കൊണ്ട് അവൾ നൽകിയ തെളിവിനെയും പരിശോധിക്കുന്നത് അനുചിതമായിരിക്കുന്നതല്ല. പ്രസ്തുത പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിനു മുമ്പ്, അത് എങ്ങനെ കൈകാര്യം ചെയ്യപ്പെടേണ്ടതാണെന്നും, എന്തുകൊണ്ടെന്നും എന്നുള്ളതിനെക്കുറിച്ച് പരിഗണിക്കേണ്ടതാണ്. 1-ാം എതിർ കക്ഷിയെ, പ്രോസിക്യൂഷൻ 1-ാം സാക്ഷിയായി, ആദ്യം വിസ്തരിച്ചപ്പോൾ അവൾ ഇപ്രകാരം മൊഴി നൽകി:-

"കുട്ടിക്ക് ചിലവിന് കിട്ടാനുള്ള ഹർജി ഇപ്പോഴും കുടുംബ കോടതിയിൽ നിലവിലുണ്ട്. ഞാൻ രണ്ടാമത് വിവാഹം കഴിച്ചിട്ടില്ല. കുട്ടിയുടെ ഭാവി ഓർത്താണ് വീണ്ടും വിവാഹം കഴിക്കാത്തത്. എതിർകക്ഷി വേറെ വിവാഹം കഴിച്ചു."

10. അവൾ 12-03-2007-ൽ ആദ്യം വിസ്തരിക്കപ്പെട്ടു. അതിനുശേഷം, 21-04-2008-ൽ എതിർവിസ്താരം ചെയ്യുന്ന വേളയിൽ അവൾ ഇപ്രകാരം മൊഴി നൽകി:-

"എന്റെ കുട്ടിയുടെ ഭാവി ഓർത്തിട്ടാണ് ഞാൻ വീണ്ടും വിവാഹം കഴിക്കാതിരിക്കുന്നത്. 18-11-2007-ൽ ഞാൻ വീണ്ടും വിവാഹം കഴിച്ചു. ആ വിവാഹത്തിൽ എനിക്ക് എത്ര സ്വർണ്ണാഭരണങ്ങൾ ഉണ്ട് എന്നറിയില്ല. എന്റെ രണ്ടാമത് വിവാഹത്തിന് പണം വല്ലതും കൊടുത്തോ എന്നറിയില്ല".

11. 18-11-2007-ൽ നടക്കപ്പെട്ട അവളുടെ രണ്ടാം വിവാഹത്തെ സംബന്ധിച്ച്, ആ വിവാഹത്തിനു വെറും അഞ്ചുമാസങ്ങൾക്കു ശേഷം ഉടനെ നടത്തപ്പെട്ട എതിർവിസ്താര വേളയിൽ, ആ വിവാഹത്തിൽ അവൾക്കു നൽകപ്പെട്ട സ്വർണ്ണാഭരണങ്ങളെക്കുറിച്ച് അവൾ അറിവില്ലായ്മ നടിച്ചു എന്നത് ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, അതേ സമയം അവൾ വളരെ മുമ്പ് 18-10-1998-ൽ നടത്തപ്പെട്ട ഹർജിക്കാരനുമായുള്ള അവളുടെ വിവാഹവുമായി ബന്ധപ്പെട്ട അതേ വിഷയം സംബന്ധിച്ച് അവൾ വിശദമായി മൊഴി നൽകി. അതുകൊണ്ട് അവളുടെ തെളിവിനെ സൂക്ഷ്മതയോടും കരുതലോടും പരിശോധിക്കേണ്ടതുണ്ട്. 18-10-1998-ൽ ഹർജിക്കാരനുമായുള്ള അവളുടെ വിവാഹ സമയത്ത് അവൾക്ക് 80 പവൻ സ്വർണ്ണാഭരണങ്ങൾ നൽകപ്പെട്ടു എന്ന് സ്ഥാപിക്കുവാൻ, 1-ാം എതിർകക്ഷി, പ്രോസിക്യൂഷൻ 3-ാം സാക്ഷി മുഖാന്തിരം വാക്കാൽ തെളിവും, രേഖാമൂലമുള്ള തെളിവായ പി 6 മുതൽ പി 10 വരെയും പി 11-ഉം, കൂടാതെ എക്സിബിറ്റ് പി 12 ഫോട്ടോകളുടെ പരമ്പരയും നൽകി. അവൾ പറഞ്ഞതനുസരിച്ച്, വിവാഹ സമയത്ത് അവൾ ആ സ്വർണ്ണാഭരണങ്ങൾ കൊണ്ട് ഒരുക്കപ്പെട്ടിട്ടുള്ളതും, അവൾ അവയെ ഭർത്തൃഭവനത്തിലേക്ക് കൊണ്ടുവന്നി ട്ടുള്ളതും, പിന്നീട് അവയെ ഹർജിക്കാരനെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. അങ്ങേയറ്റത്തെ ഭിന്നതയും, നിരന്തര കലഹവും 16-07-2002-ൽ അവളുടെ പിതൃഭവനത്തിലേക്ക്, അതും ഏതൊരു സ്വർണ്ണാഭരണങ്ങളും എടുക്കാതെ മടങ്ങി വരുവാൻ അവളെ നിർബന്ധിച്ചു എന്ന് 1-ാം എതിർകക്ഷി മേലും മൊഴി നൽകി. പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ കണ്ടെത്തലുകളുമായി ഇടപെടുന്നതിനും, 80 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുള്ള ഉത്തരവിടുന്നതിനും പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയെ പ്രേരിപ്പിച്ച കാരണങ്ങൾ അറിയുവാൻ, അനുബന്ധം എ യിലെ 15 മുതൽ 18 വരെ യുള്ള ഖണ്ഡികകളെ കാണേണ്ടതും, സൂക്ഷ്മമായി പരിശോധിക്കേണ്ടതുമാണ്. എക്സിബിറ്റ് പി-12 ഫോട്ടോഗ്രാഫിന്റെ പരമ്പരകളുടെയും, എക്സിബിറ്റ് പി-4 ന്റെയും പശ്ചാത്തലത്തിൽ, മുകളിൽ സൂചിപ്പിച്ച സാക്ഷി മൊഴിയെ വിശ്വാസയോഗ്യമായി സ്വീകരിച്ചുവെന്ന് പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയുടെ ഉത്തരവിന്റെ 15-ാം ഖണ്ഡിക വെളിപ്പെടുത്തുന്നു. അതിൽ ഇപ്രകാരം വിധിക്കപ്പെട്ടു.

"ഫോട്ടോകളെ ആശ്രയിക്കുകയാണെങ്കിൽ, ഹർജിക്കാരിക്ക് വിവാഹത്തീയതിയിൽ 80 പവൻ സ്വർണ്ണാഭരണങ്ങൾ കൈവശമുണ്ടായിരുന്നു എന്ന ഒരു നിഗമനത്തിലെത്തിച്ചേരുന്നതിന് യാതൊരു പ്രയാസവുമില്ല."

12. എക്സിബിറ്റ് പി-12 പരമ്പരയിൽ കാണപ്പെടുന്ന, ആഭരണമണിഞ്ഞ വധു, ഇതിലെ ഹർജിക്കാരന്റെ മുൻ ഭാര്യ അല്ലെന്ന് യാതൊരു തർക്കവും അയാൾ എടുത്തിട്ടില്ലായെന്ന് പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി കണ്ടെത്തിയതായി ആ ഉത്തരവിന്റെ കൂടുതൽ സൂക്ഷ്മ പരിശോധന വെളിപ്പെടുത്തുന്നു. ഒന്നാം എതിർകക്ഷി വിവാഹസമയത്ത് 80 പവൻ സ്വർണ്ണാഭരണങ്ങൾ ധരിച്ചിരുന്നുവെന്ന ഒരു നിഗമനത്തിലേക്ക് എത്തിച്ചേരുവാൻ, എക്സിബിറ്റ് പി-12 പരമ്പരകളോടും എക്സിബിറ്റ് പി-4 നോടുമൊപ്പം, പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെയും വാക്കാലുള്ള സാക്ഷിമൊഴികൾ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയെ പ്രകടമായി നിർബന്ധിച്ചിട്ടുള്ളതും, പ്രസ്തുത നിഗമനം, ഏതൊരു സ്വർണ്ണാഭരണങ്ങളും എടുക്കാതെ 1-ാം എതിർകക്ഷി 16-07-2002-ൽ അവളുടെ പിതൃഭവനത്തിലേക്ക് പോയി എന്നും ഉള്ള, ഹർജിക്കാരന്റെ ഭാഗത്തു നിന്നുള്ള സമ്മതിക്കലിനോട് ചേർന്ന് 80 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ കിട്ടുന്നതിന് 1-ാം എതിർകക്ഷിക്ക് അവകാശമുണ്ടെന്ന് കണ്ടെത്തുവാൻ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയെ ഇടവരുത്തി. ഈ സാഹചര്യങ്ങളിൽ, പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെയും വാക്കാലുള്ള സാക്ഷ്യത്തെളിവുകളുടെ സൂക്ഷ്മ പരിശോധന അനിവാര്യമാണ്. എല്ലാ സ്വർണ്ണാഭരണങ്ങളും ബിസ്മില്ല ജുവലറിയിൽ നിന്ന് വിലയ്ക്കു വാങ്ങപ്പെട്ടുവെന്നും അതിനുവേണ്ടി 70 സ്വർണ്ണനാണയങ്ങൾ നൽകപ്പെട്ടുവെന്നും 1-ാം എതിർകക്ഷിയായ പ്രോസിക്യൂഷൻ 1-ാം സാക്ഷി മൊഴി നൽകി. സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങിയതിന് പ്രോസിക്യൂഷൻ 3-ാം സാക്ഷിക്ക് സ്വന്തമായ ബിസ്മില്ല ജുവലറിയിൽ നിന്ന് നൽകപ്പെട്ട ബില്ലായി എക്സിബിറ്റ് പി-4-നെ 1-ാം എതിർകക്ഷി മുഖാന്തിരം അടയാളപ്പെടുത്തിയിരിക്കുന്നു. എതിർവിസ്താര വേളയിൽ, റെയ്ഹാനത്ത് എന്ന പേര് എക്സിബിറ്റ് പി-4 ൽ എഴുതിച്ചേർക്കപ്പെട്ടതിനെ കുറിച്ച് പ്രോസിക്യൂഷൻ 3-ാം സാക്ഷിയോട് ചോദിക്കപ്പെട്ടു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. എക്സിബിറ്റ് പി-4 ബില്ലിൽ റെയ്ഹാനത്ത് എന്ന ഒരാളുടെ പേരും, 17-10-1998 എന്ന തീയതിയും വ്യത്യസ്ത മഷികൾ കൊണ്ട് എഴുതപ്പെട്ടിരുന്നതും, അതുകൂടാതെ, അതിൽ റെയ്ഹാനത്ത് എന്ന പേർ എഴുതപ്പെട്ടിരുന്ന ആളും, 1-ാം എതിർകക്ഷിയും ഒരേ വ്യക്തിയാണെന്ന് എക്സിബിറ്റ് പി-4 വെളിപ്പെടുത്താത്തതുമാണ്. അങ്ങനെയുള്ള ആളിനെ സംബന്ധിച്ച് വിശദാംശങ്ങൾ യാതൊന്നും, അതായത്, അച്ഛന്റെ പേര്, മേൽവിലാസം മുതലായവ അതിൻകീഴിൽ നൽകപ്പെട്ടിരുന്നില്ല. വാസ്തവത്തിൽ, അതിനെ, സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങുന്നതിലേക്ക് പ്രോസിക്യൂഷൻ 3-ാം സാക്ഷി നൽകിയ ഒരു ബില്ലായി ഒട്ടും തന്നെ പരിഗണിക്കാൻ കഴിയുന്നതല്ലായെന്ന് എക്സിബിറ്റ് പി-4 ന്റെ സൂക്ഷ്മവായന വെളിപ്പെടുത്തുന്നതാണ്. അത്, 1-ാം എതിർകക്ഷി കൊടുത്ത ഓർഡറിന്റെ അടിസ്ഥാനത്തിൽ അത് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കിയതിനെ തെളിയിക്കുന്ന ഒരു ബിൽ മാത്രമായിരിക്കെ, സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങുന്നതിലേക്കു നൽകപ്പെട്ട ഒരു ബിൽ അല്ലായിരുന്നു എന്ന ഫലത്തിലേക്ക് പ്രോസിക്യൂഷൻ 3-ാം സാക്ഷി തന്നെ മൊഴി നൽകി. പ്രോസിക്യൂഷൻ 3-ാം സാക്ഷി, ബിസ്മില്ല ജുവലറി 1995-ൽ ആരംഭിച്ചിരുന്നു എന്ന വാക്കാലുള്ള സാക്ഷ്യത്തെളിവ് കൂടാതെ, പ്രസ്തുത ജുവലറി അതിന്റെ പ്രവർത്തനം 1995-ൽ ആരംഭിച്ചുവെന്നും, എക്സിബിറ്റ് പി-4-ൽ കാണിച്ചിരിക്കുന്ന തീയതിയായ 17-10-1998-ൽ നിലവിലുണ്ടായിരുന്നുവെന്നും വെളിപ്പെടുത്തുന്ന യാതൊരു രേഖയും പൂർണ്ണമായും ഇല്ലാത്തതാണ്. ഫറൂക്കിലെ അസിസ്റ്റന്റ് ലേബർ ആഫീസിൽ നിന്ന് നൽകപ്പെട്ട, ബിസ്മില്ല ജുവലറിയെ സംബന്ധിക്കുന്ന 02-09-2002 ലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അതായത്, എക്സിബിറ്റ് പി-11-നെ 1-ാം എതിർകക്ഷി ഹാജരാക്കിയിട്ടുള്ളതും, അതിൽ താഴെ പറയുന്ന ഒരു കുറിപ്പ് ഉണ്ടായിരിക്കുന്നതുമാണ്.

ഈ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് 2001 ഡിസംബർ മാസം 31-ാം തീയതി വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

13. പ്രസ്തുത സർട്ടിഫിക്കറ്റ്, 16-7-2003-ലും 8-3-2004-ലും 23-12-2004-ലും പുതുക്കപ്പെടുകയും, അന്തിമമായി അത്, 31-12-2006 വരെ 08-12-2005-ൽ പുതുക്കപ്പെടുകയും ചെയ്തു എന്നു കൂടി അത് വെളിപ്പെടുത്തുന്നു. പ്രസ്തുത രേഖയെ തെളിയിക്കുവാൻ, ഫറൂക്കിലെ അസിസ്റ്റന്റ് ലേബർ ആഫീസിൽ നിന്നുള്ള ക്ഷമതയുള്ള യാതൊരു അധികാരിയും വിസ്തരിക്കപ്പെട്ടില്ല. മറ്റുവിധത്തിൽ പോലും, എക്സിബിറ്റ് പി-11, ബിസ്മില്ല ജുവലറി അതിന്റെ പ്രവർത്തനം ആരംഭിച്ച തീയതിയെ വെളിപ്പെടുത്താത്തതും, കൂടുതൽ പ്രധാനമായി അത്, 17-10-1998-നു മുമ്പോ ആ ദിവസത്തിൽ പോലുമോ ബിസ്മില്ല ജുവലറി അതിന്റെ പ്രവർത്തനം ആരംഭിച്ചു എന്ന് സൂചിപ്പിക്കുകയോ, സ്ഥാപിക്കുകയോ ചെയ്യുന്നില്ല. പ്രസ്തുത ജുവലറി 1998-ൽ നിലവിലുണ്ടായിരുന്നുവെന്ന് സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ, എക്സിബിറ്റുകൾ പി-6-ഉം, പി-7-ഉം, പി-8-ഉം, പി-9-ഉം, പി-10-ഉം പരമ്പരകൾ ഹാജരാക്കപ്പെട്ടു. അതേസമയം, എക്സിബിറ്റ് പി-8 കൂടാതെ, പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ എഴുതി അറിയിച്ച എല്ലാ കത്തുകളും 1999-ലെ ആയിരുന്നു എന്ന് എക്സിബിറ്റുകൾ പി-6 മുതൽ പി-10 വരെയുള്ളവയുടെ ഒരു സൂക്ഷ്മവായന വെളിപ്പെടുത്തുന്നതാണ്. എക്സിബിറ്റ് പി-8-ൽ തീയതി 11-03-1996 എന്ന് കാണിച്ചിരിക്കുകയും, മേൽവിലാസക്കാരന്റെ പേര് അബ്ദുള്ള, ബിസ്മില്ല ജുവലറി എന്നായിരിക്കുകയും ചെയ്യുന്നത് സത്യമാണ്. പ്രസ്തുത കത്തിന്റെ കർത്താവ് വിസ്തരിക്കപ്പെട്ടിട്ടില്ലായെന്നും, പ്രസ്തുത ജുവലറി 17-10-1998-ൽ പ്രവർത്തിച്ചുകൊണ്ടിരുന്നുവെന്നും, അത് സ്വർണ്ണാഭരണങ്ങളുടെ വിൽപ്പനയിൽ ഏർപ്പെട്ടിരുന്നുവെന്നും കാണിക്കുവാൻ, 1-ാം എതിർകക്ഷിയുടെ ഭാഗത്തുനിന്ന് മറ്റു യാതൊരു രേഖയും ഹാജരാക്കപ്പെട്ടിട്ടില്ലാത്തതുമാണ്. അസിസ്റ്റന്റ് ലേബർ ആഫീസറുടെ ആഫീസിൽ നിന്ന് ബിസ്മില്ല ജുവലറിക്ക് 18-10-1998 കാലയളവിനെ ഉൾപ്പെടുത്തിക്കൊണ്ട് നൽകിയ ഏതെങ്കിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിരുന്നുവെങ്കിൽ, അതിനെ എം.സി യിൽ പ്രോസിക്യൂഷൻ 3-ാം സാക്ഷി മുഖാന്തിരം ഹാജരാക്കുവാൻ 1-ാം എതിർ കക്ഷിക്ക് കഴിഞ്ഞിരിക്കുമായിരുന്നു. ചുരുക്കത്തിൽ, ഏതെങ്കിലും മുൻകാലാവധി മുതൽ എക്സിബിറ്റ് പി-4 ന്റെ തീയതിവരെയുള്ള അതിന്റെ രജിസ്ട്രേഷനെ തെളിയിക്കുന്ന, അസിസ്റ്റന്റ് ലേബർ ആഫീസിൽ നിന്നുള്ള യാതൊരു രേഖയും ഹാജരാക്കപ്പെട്ടിട്ടില്ല. ഈ സന്ദർഭത്തിലാണ്, എതിർഭാഗം 3-ാം സാക്ഷി നൽകിയ തെളിവിന് പ്രസക്തത കൈവരിക്കുന്നത്. എതിർഭാഗം 1-ാം സാക്ഷി വിസ്തരിക്കപ്പെടുമ്പോഴുള്ള ഹർജിക്കാരന്റെ കൃത്യമായ കേസ് എന്തെന്നാൽ, രാമനാട്ടുകരയിൽ ബിസ്മില്ല ജുവലറി എന്ന പേരിൽ യാതൊരു ജുവലറിയും 1998-ൽ നിലവിലില്ലായിരുന്നു എന്നതാണ്. പ്രസ്തുത വാദത്തെ ദൃഢീകരിക്കുവാനാണ് ഹർജിക്കാരൻ എതിർഭാഗം 3-ാം സാക്ഷിയായ രാമനാട്ടുകര പഞ്ചായത്ത് സെക്രട്ടറിയെ വിസ്തരിച്ചതും, 1998 കാലയളവിൽ രാമനാട്ടുകര പഞ്ചായത്തിന്റെ പരിധികൾക്കുള്ളിൽ ബിസ്മില്ല ജുവലറി എന്ന പേരിൽ യാതൊരു ജുവലറിയും പ്രവർത്തിച്ചിരുന്നില്ലായെന്ന് അയാൾ മൊഴി നൽകിയിട്ടുള്ളതുമാണ്. ആയതിനെ ദൃഢീകരിക്കുവാനാണ് എക്സിബിറ്റുകൾ ഡി 1 മുതൽ ഡി 3 വരെ ഹാജരാക്കപ്പെട്ടത്. പ്രത്യക്ഷമാകുന്നതുപോലെ, 1998-ൽ പ്രസക്തമായ കാലയളവിൽ സ്വർണ്ണാഭരണങ്ങളുടെ വിൽപ്പന നടത്തുന്നതിന് സാധുവായ ലൈസൻസോടുകൂടി ബിസ്മില്ല ജുവലറി പ്രവർത്തിച്ചിരുന്നുവെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി, ഇതിലെ 1-ാം എതിർകക്ഷിയോ (പ്രോസിക്യൂഷൻ 1-ാം സാക്ഷിയോ) പ്രോസിക്യൂഷൻ 3-ാം സാക്ഷിയോ ഏതൊരു തെളിവും ഹാജരാക്കിയിരുന്നില്ല. ഇതിനുമുൻപ് ശ്രദ്ധിച്ചതുപോലെ, എക്സിബിറ്റ് പി-4, സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കിയതിനെ തെളിയിക്കുന്ന ഒരു ബിൽ മാത്രമാണെന്നും, സ്വർണ്ണം വിലയ്ക്കു വാങ്ങിയതിനെ സംബന്ധിച്ച ഒന്നല്ലെന്നും പ്രോസിക്യൂഷൻ 3-ാം സാക്ഷി പ്രസ്താവിച്ചെങ്കിലും, 80 പവൻ സ്വർണ്ണം വിലയ്ക്കു വാങ്ങിയതിന് ബിസ്മില്ല ജുവലറിയിൽ

നിന്നും നൽകപ്പെട്ട ഒരു ബില്ലായി അതിനെ അടയാളപ്പെടുത്തിയെടുത്തു. പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെയും മൊഴികൾ തമ്മിൽ പരസ്പര വിരുദ്ധത ഉണ്ടെങ്കിലും, എക്സിബിറ്റ് പി-4 ന്റെ പരിഗണനയുമായി മുന്നോട്ടുപോകുന്നതു മാത്രം ഉചിതമാണെന്നു ഞാൻ കരുതുന്നു. അതിന്റെ ഒരു സൂക്ഷ്മവായന അതിന് ശരിയായ അർത്ഥത്തിൽ ഒരു ബിൽ ആയി അർത്ഥം കൽപ്പിക്കാൻ കഴിയുന്നതല്ലാത്തതും, വാസ്തവത്തിൽ അത് ചില ആഭരണങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിച്ച സ്വർണ്ണത്തെ സംബന്ധിച്ച ഒരു കുത്തിക്കുറിക്കൽ അല്ലാതെ യാതൊന്നുമല്ലാത്തതുമാണ്. എക്സിബിറ്റ് പി-4 നെ പ്രോസിക്യൂഷൻ 3-ാം സാക്ഷി നൽകിയ ഒരു ബില്ലായോ ഒരു രസീതായോ എടുത്താൽ പോലും അതിലെ ഉൾക്കുറിപ്പുകൾ, അത് 1-ാം എതിർകക്ഷിക്ക് അനുകൂലമായി നൽകപ്പെട്ടതാണെന്നോ, 1-ാം എതിർകക്ഷിക്ക് ഹർജിക്കാരനുമായുള്ള അവളുടെ വിവാഹസമയത്ത് ആരോപിച്ചിട്ടുള്ളപ്രകാരം നൽകപ്പെട്ട സ്വർണ്ണാഭരണങ്ങളുടെ അളവിനെ സംബന്ധിച്ചു പോലുമോ സ്ഥാപിക്കുവാൻ മതിയാംവണ്ണം നിർണ്ണായകമായതല്ല. ബിസ്മില്ല എന്ന പേരിലുള്ള സാക്ഷാൽ ജുവലറിയുടെ നിലനിൽപ്പും, എക്സിബിറ്റ് പി-4 ശരിയാണോയെന്നുള്ളതും, അതിന്റെ സ്വീകാര്യയോഗ്യതയോടുമൊപ്പം ചോദ്യം ചെയ്യപ്പെടുമ്പോൾ, അവയെ അടിസ്ഥാനമാക്കിയുള്ള വാദങ്ങളുടെ നേര് സ്ഥാപിക്കുവാനുള്ള ഭാരം 1-ാം എതിർകക്ഷിയുടെ മേൽ ആയിരുന്നു. പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ വിസ്തരിച്ചതുവഴിയും, എക്സിബിറ്റുകൾ പി-4-ഉം, പി-6 മുതൽ പി-10 വരെയും, പി-12 ഫോട്ടോഗ്രാഫുകളുടെ പരമ്പരയെയും ഹാജരാക്കിയതു വഴിയും, 1-ാം എതിർകക്ഷി പ്രസ്തുത ഭാരം വിജയകരമായി തീർത്തു എന്ന് പറയുവാൻ കഴിയുന്നതല്ല. ആദ്യ വിസ്താര വേളയിൽ, എക്സിബിറ്റ് പി-4 നെ സംബന്ധിച്ചിടത്തോളം 1-ാം എതിർകക്ഷി താഴെ പറയുംപ്രകാരം മൊഴി നൽകി.

"വിവാഹസമയം സ്വർണ്ണാഭരണങ്ങൾ വാങ്ങിയതിനുള്ള ബിൽ ആണ് കാണിച്ചത്."

എതിർവിസ്താര വേളയിൽ അതിനെ സംബന്ധിച്ച് അവൾ ഇപ്രകാരം മൊഴി നൽകി.

> "എതിർകക്ഷിയുമായുള്ള വിവാഹത്തിലെ 80 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജി കൊടുക്കുമ്പോൾ എവിടെ നിന്നും വാങ്ങി എന്നെനിക്കറിയാം. ഹർജി കൊടുക്കുമ്പോൾ സ്വർണ്ണാഭരണങ്ങൾ വാങ്ങിയ ബിൽ കൈവശം ഉണ്ടായിരുന്നു. ഹർജി കൊടുക്കുമ്പോൾ ആ ബിൽ കോടതിയിൽ ഹാജരാക്കാതിരിക്കാൻ കാരണം ഇല്ല. ബിസ്മില്ല ജുവലറിയിൽ നിന്നും സ്വർണ്ണാഭരണങ്ങൾ വാങ്ങിച്ചു. 1998 കാലത്ത് ബിസ്മില്ല ജുവലറിയിൽ സ്വർണ്ണാഭരണ കച്ചവടം ഇല്ല എന്ന് പറഞ്ഞാൽ ശരിയല്ല. എന്റെ വിവാഹത്തോടനുബന്ധിച്ചുള്ള ആഭരണങ്ങൾ വിവാഹതലേന്ന് വാങ്ങി. ഞാൻ മോഡൽ കാണിക്കാൻ പോയിരുന്നു. അത് എപ്പോഴാണ് എന്നോർമ്മയില്ല. സ്വർണ്ണ coins കൊടുത്താണ് ബിസ്മില്ല ജുവലറിയിൽ നിന്നും ആഭരണം വാങ്ങിയത്. 70 പവന്റെ നാണയങ്ങൾ കൊടുത്തു. നാണയങ്ങൾ എവിടെ നിന്നും കിട്ടി എന്നറിയില്ല. ഇതാണോ സ്വർണ്ണാഭരണങ്ങൾ വാങ്ങിയതിന് കിട്ടിയ ബിൽ എന്നറിയില്ല."

14. ഇപ്രകാരം, ഹർജിക്കാരനുമായുള്ള തന്റെ വിവാഹവുമായി ബന്ധപ്പെട്ട് ബിസ്മില്ല ജുവലറിയിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങിയതിന് നൽകപ്പെട്ട ബില്ലാണ് എക്സിബിറ്റ് പി-4 എന്ന് ആദ്യ വിസ്താരത്തിൽ സാക്ഷ്യപ്പെടുത്തിയ 1-ാം എതിർകക്ഷി (പ്രോസിക്യൂഷൻ 1-ാം സാക്ഷി), അവളുടെ എതിർ വിസ്താര വേളയിൽ അത്, സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങിയതിനു ലഭിച്ച ബില്ലാണോ എന്നതിനെ സംബന്ധിച്ച് അവൾക്ക് അറിയില്ലെന്ന് മൊഴി നൽകി. അതിനു പുറമെ, വിവാഹത്തിന്റെ തലേദിവസം, അതായത്, 17-10-1998-ൽ 70 പവൻ സ്വർണ്ണ നാണയങ്ങൾ കൊടുത്തതിനുശേഷം സ്വർണ്ണാഭരണങ്ങൾ വാങ്ങപ്പെട്ടു എന്ന് അവൾ ഉറപ്പിച്ചുപറഞ്ഞതായി അവളുടെ തെളിവ് വെളിപ്പെടുത്തുന്നതാണ്.

കൂടാതെ, 1998 കാലയളവിൽ ബിസ്മില്ല ജുവലറിയിൽ ആഭരണങ്ങളുടെ യാതൊരു വിൽപ്പനയും ഇല്ലായിരുന്നു എന്ന നിർദ്ദേശത്തെ അവൾ ശക്തമായി നിഷേധിച്ചു. ആ സ്വർണ്ണ നാണയങ്ങൾ എവിടെ നിന്ന് കിട്ടി എന്ന് അവൾക്ക് അറിയില്ലെന്ന് അവൾ മൊഴി നൽകി എന്നത് ശ്രദ്ധിക്കേണ്ടതാണ്. പ്രോസിക്യൂഷൻ 4-ാം സാക്ഷി, 1-ാം എതിർകക്ഷിയുടെ സഹോദരനാണ്. ഒന്നാം എതിർകക്ഷിക്ക് വിവാഹസമയത്ത് 80 പവൻ സ്വർണ്ണാഭരണങ്ങൾ നൽകപ്പെട്ടെന്നും, ആ ആഭരണങ്ങൾ ബിസ്മില്ല ജുവലറിയിൽ നിന്ന് വിലയ്ക്കു വാങ്ങപ്പെട്ടുവെന്നും അയാൾ മൊഴി നൽകിയിരിക്കുന്നു. എന്നാൽ, അയാൾ മൊഴി നൽകുന്നത് എന്തെന്നാൽ 70 പവൻ സ്വർണ്ണാഭരണങ്ങൾ ആ ജുവലറിയിൽ നിന്ന് ഉണ്ടാക്കപ്പെട്ടു എന്നാണ്. ബിസ്മില്ല ജുവലറിയുടെ ഉടമസ്ഥനെന്ന് അവകാശപ്പെടുന്ന പ്രോസിക്യൂഷൻ 3-ാം സാക്ഷി, ഇതിനു മുൻപ് ശ്രദ്ധിച്ച വിഷയങ്ങൾക്കു പുറമേ, കക്ഷി അയാളെ ഏൽപ്പിച്ച സ്വർണ്ണത്തിന്റെ അളവ് 560.460 ഗ്രാം ആണെന്നും, കക്ഷിയുടെ പേര് അവിടെ ഒരു റെയ്ഹാനത്ത് എന്ന് കാണിക്കപ്പെട്ടിരുന്നു എന്നും എക്സിബിറ്റ് പി-4 വെളിപ്പെടുത്തുന്നതാണെന്ന് മേലും മൊഴി നൽകി. സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി സ്വർണ്ണനാണയങ്ങൾ ഏൽപ്പിക്കപ്പെട്ട തീയതിയെ പ്രോസിക്യൂഷൻ 1-ാം സാക്ഷിയോ, പ്രോസിക്യൂഷൻ 3-ാം സാക്ഷിയോ വെളിപ്പെടുത്തുന്നില്ല. അളവ് ഗ്രാമിലാണോ പവനിലാണോ എന്ന് അതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. എന്നാൽ, അത് ഗ്രാമായി എടുക്കപ്പെടുന്നെങ്കിൽ, സ്വർണ്ണാഭരണങ്ങളുടെ തൂക്കം 70 പവനിൽ അൽപ്പം കൂടുതലായിരിക്കുന്നതാണ്. എക്സിബിറ്റ് പി-4-ൽ 17-10-1998 എന്ന തീയതി വച്ചിട്ടുള്ളതാണ്. സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്ന ആവശ്യത്തിലേക്കായി അത്തരം യൂണിറ്റിലുള്ള സ്വർണ്ണനാണയങ്ങൾ ഏൽപ്പിക്കപ്പെട്ടുവെങ്കിൽ 18-10-1998-ലായിരുന്നു വിവാഹം എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട്, അവ വിവാഹത്തിന്റെ തലേദിവസം ആ ആവശ്യത്തിലേക്കായി ഏൽപ്പിക്കപ്പെട്ടു എന്നു വിശ്വസിക്കുവാൻ കഴിയുന്നതല്ല. അത്തരം സാഹചര്യങ്ങളിൽ, 17-10-1998-ൽ എക്സിബിറ്റ് പി-4 നെ കരസ്ഥമാക്കുവാൻ പ്രോസിക്യൂഷൻ 1-ാം സാക്ഷിയെ പ്രേരിപ്പിച്ചതും, അത് നൽകുവാൻ പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ പ്രേരിപ്പിച്ചതും എന്താണ് എന്നാണ് ചോദ്യം? എക്സിബിറ്റ് പി-4 ൽ റെയ്ഹാനത്ത് എന്ന പേരും, 17-10-1998 എന്ന തീയതിയും വ്യത്യസ്ത മഷികളിൽ എഴുതപ്പെട്ടിരുന്നു എന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ടതാണ്. 70 പവൻ മൂല്യമുള്ള സ്വർണ്ണനാണയങ്ങൾ പ്രോസിക്യൂഷൻ 4-ാം സാക്ഷിയെ ഏൽപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പോലും 560.460 ഗ്രാം മൂല്യമുള്ള സ്വർണ്ണാഭരണങ്ങൾ, എക്സിബിറ്റ് പി-4 ൽ സൂചിപ്പിച്ചിട്ടുള്ള യൂണിറ്റ് ഗ്രാമിലാണെങ്കിൽ, അതിൽ നിന്ന് എങ്ങനെ ഉണ്ടാക്കാൻ കഴിയുന്നു? സ്വർണ്ണനാണയങ്ങളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കപ്പെടുമ്പോൾ, അത് യന്ത്രങ്ങളുടെ സഹായത്തോടുകൂടിയോ കൈവേലയായോ ആയാലും സ്വർണ്ണത്തിന്റെ നഷ്ടം നിസ്സംശയമായി സംഭവിക്കുന്നതും, 70 പവൻ തൂക്കമുള്ള സ്വർണ്ണനാണയങ്ങളിൽ നിന്ന് 70 പവനിൽ കൂടുതൽ തൂക്കമുള്ള സ്വർണ്ണാഭരണങ്ങൾ ഏതു പ്രകാരത്തിലും ഉണ്ടാക്കിയിരിക്കുവാൻ കഴിയുന്നതല്ല. ഉണ്ടാക്കുന്ന വേളയിൽ അല്പമൊരു അളവിലുള്ള നഷ്ടം വ്യത്യാസമില്ലാതെ സംഭവിക്കുന്നതും, സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്ന വിഷയത്തിൽ അങ്ങനെയുള്ള ഒരു ഇളവ് അനുവദനീയമായിരിക്കുന്നതുമാണ്, അതിനെ പൊതുവായി പണിക്കുറ്റം എന്ന് പേർ പറയുന്നു. ഇപ്പോഴത്തെ കേസിൽ, സ്വർണ്ണത്തിന്റെ യാതൊരു നഷ്ടം ഉണ്ടായിട്ടില്ലായെന്നും, 70 പവൻ തൂക്കമുള്ള സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി 70 പവൻ മൂല്യമുള്ള സ്വർണ്ണനാണയങ്ങൾ ഉപയോഗിക്കപ്പെട്ടുവെന്ന് വാദത്തിനുവേണ്ടി എടുത്താൽ പോലും, 10 പവൻ സ്വർണ്ണാഭരണങ്ങൾ ബിസ്മില്ല ജുവലറിയിൽ നിന്ന് വിലയ്ക്കു വാങ്ങിയെന്നതിനെക്കുറിച്ച് യാതൊരു വിശദീകരണവുമില്ല. അങ്ങനെയുള്ള സ്വർണ്ണനാണയങ്ങൾ ഉപയോഗിച്ച് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നതിന് മറ്റു ചില ലോഹമോ പദാർത്ഥമോ ഉപയോഗിക്കേണ്ടിയിരുന്നതും,

അതിനാൽ, 70 പവനോ അതിൽ കൂടുതലോ തൂക്കമുള്ള സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നത് സാധ്യമാണ് എന്ന് എടുത്താൽ പോലും, ആരോപിക്കപ്പെട്ടതുപോലെ അങ്ങനെയുള്ള ആഭരണങ്ങൾ ഉണ്ടാക്കിയ പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെ വിസ്താരം ഉണ്ടായിരുന്നിട്ടും, അങ്ങനെയുള്ള യാതൊരു തെളിവും നൽകപ്പെട്ടിട്ടില്ല. 17-10-1998-ൽ 70 പവൻ മൂല്യമുള്ള സ്വർണ്ണനാണയങ്ങൾ നൽകിയതിനുശേഷം, ബിസ്മില്ല ജ്വലറിയിൽ നിന്ന് 80 പവൻ വിലയ്ക്കു വാങ്ങി എന്ന് പ്രോസിക്യൂഷൻ 1-ാം സാക്ഷി സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളപ്പോൾ, അവളുടെ സ്വന്തം സഹോദരനായ പ്രോസിക്യൂഷൻ 4-ാം സാക്ഷിയുടെ ഭാഷ്യം, കുടുംബത്താൽ നൽകപ്പെട്ട സ്വർണ്ണനാണയങ്ങൾ കൊണ്ട് പ്രസ്തുത ജുവലറിയിൽ വച്ച് 80 പവൻ ഉണ്ടാക്കപ്പെട്ടു എന്നതാണ്. പ്രസ്തുത കാലയളവിൽ, അയാളുടെ ജുവലറിയിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വിൽപ്പന നടത്തിയിട്ടില്ലായെന്ന് പ്രോസിക്യൂഷൻ 3-ാം സാക്ഷി പിന്താങ്ങിയിട്ടില്ലാത്തതും, അതിലെ ഹർജിക്കാരൻ അതായത് ഇതിലെ 1-ാം എതിർകക്ഷി നൽകിയ സ്വർണ്ണനാണയങ്ങൾ കൊണ്ട് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കപ്പെട്ടതായി അയാൾ പറഞ്ഞിട്ടുള്ളതുമാണ്. അങ്ങനെയാണെങ്കിൽ, ബിസ്മില്ല ജുവലറിയിൽ നിന്ന് പ്രോസിക്യൂഷൻ 3-ാം സാക്ഷി മുഖേന 80 പവൻ സ്വർണ്ണാഭരണങ്ങൾ നൽകിയതിന്റെയോ, അവിടെ നിന്ന് 80 പവൻ സ്വർണ്ണാഭരണങ്ങൾ വിലയ്ക്ക് വാങ്ങിയതിന്റെയോ സന്ദേഹം എവിടെയാണ്? അത് സംബന്ധിച്ച് 1-ാം എതിർകക്ഷിയിൽ നിന്ന് ഏതൊരു വിശദീകരണവും തികച്ചും ഇല്ലായിരിക്കുന്നു. ചോദ്യം ചെയ്യപ്പെട്ട പൊതു ഉത്തരവിൽ അങ്ങനെയുള്ള വശങ്ങളെക്കുറിച്ചുള്ള പരിഗണന യാതൊന്നും ഇല്ലായിരുന്നു. ഈ കേസുകളിൽ ഇനിയും മറ്റൊരു വശംകൂടി പരിഗണന ആവശ്യപ്പെടുന്നു. 80 പവൻ മൂല്യമുള്ള സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങുന്നതിന്/ ഉണ്ടാക്കുന്നതിനുവേണ്ടി 70 പവൻ സ്വർണ്ണനാണയങ്ങൾ ഏൽപ്പിച്ചതിന്റെ ഒരു അവകാശവാദം, അങ്ങനെയുള്ള സ്വർണ്ണനാണയങ്ങൾ എവിടെനിന്ന് ലഭിച്ചു എന്ന് പ്രോസിക്യൂഷൻ 1-ാം സാക്ഷി എതിർകക്ഷിക്ക് അറിയില്ലായെന്ന് അവൾ തന്നെ മൊഴി നൽകിയപ്പോൾ എങ്ങനെ എളുപ്പത്തിൽ വിഴുങ്ങുവാൻ കഴിയും. എതിർ വിസ്താരവേളയിൽ അവൾ ഇപ്രകാരം മാത്രം മൊഴി നൽകി.

> <u>സ്വർണ്ണ coins കൊടുത്താണ് ബിസ്മില്ല ജുവലറിയിൽ നിന്നും ആഭരണം വാങ്ങിയത്. 70 പവൻ കൊടുത്തു. coins എവിടെ നിന്നും കിട്ടി എന്നറിയില്ല.</u>

15. 70 പവൻ മൂല്യമുള്ള സ്വർണ്ണാഭരണങ്ങളുടെ കൈവശത്തിന്റെ ഭാഷ്യം, മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ, സവിശേഷമായി അതിന്റെ ഉറവിടത്തെക്കുറിച്ച് പ്രോസിക്യൂഷൻ 1-ാം സാക്ഷിക്ക് പൂർണ്ണമായും അറിവില്ലാതിരിക്കെ, പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെയും, പ്രോസിക്യൂഷൻ 4-ാം സാക്ഷിയുടെയും തെളിവിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുവാനും അംഗീകരിക്കുവാനും കഴിയുന്നതാണോ? അത്തരം കൂടുതൽ എണ്ണം സ്വർണ്ണ നാണയങ്ങളുടെ ശേഖരം വെറും വാക്കാലുള്ള ഒരു സാക്ഷ്യമൊഴിയുടെ അടിസ്ഥാനത്തിൽ സവിശേഷമായി, സാക്ഷി പറഞ്ഞ ആളുടെ വിശ്വാസ്യത തന്നെ കുഴപ്പത്തിലായിരിക്കുമ്പോൾ, വെറുതെ സ്വീകരിക്കുവാൻ കഴിയുന്നതല്ല. 1-ാം എതിർകക്ഷിയായ പ്രോസിക്യൂഷൻ 1-ാം സാക്ഷി, സ്വർണ്ണനാണയങ്ങൾ മാത്രം നൽകിയതുവഴി ബിസ്മില്ല ജ്വലറിയിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വിലയ്ക്കു വാങ്ങിയതിനെ സംബന്ധിച്ച് തെളിവ് നൽകിയിട്ടുള്ളപ്പോഴും, 70 പവൻ മൂല്യമുള്ള സ്വർണ്ണ നാണയങ്ങൾ മാത്രം നൽകപ്പെട്ടു എന്ന് അവൾ തെളിവ് നൽകുകയും, അതേസമയം മുഴുവൻ 80 പവനും ഇപ്രകാരം ബിസ്മില്ല ജുവലറിയിൽ നിന്നും വിലയ്ക്കു വാങ്ങി എന്ന നിലപാട് നിലനിർത്തുകയും ചെയ്തിട്ടുള്ളപ്പോഴും, അവളുടെ ഭാഷ്യം ഉചിതമായ ദൃഢീകരണം ഇല്ലാതെ എങ്ങനെ വിശ്വസിക്കാൻ കഴിയും? പ്രോസിക്യൂഷൻ 4-ാം സാക്ഷിയുടെ തെളിവ് അനുസരിച്ച് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി പ്രോസിക്യൂഷൻ 3-ാം സാക്ഷിക്ക് അത്രയും സ്വർണ്ണനാണയങ്ങൾ

മാത്രം നൽകപ്പെട്ടിട്ടുള്ളതാണ്. അത്തരം വലിയ സംഖ്യയിലുള്ള സ്വർണ്ണനാണയങ്ങൾ എങ്ങനെ ലഭിച്ചു എന്ന് പ്രോസിക്യൂഷൻ 4-ാം സാക്ഷി വെളിപ്പെടുത്തിയിട്ടില്ല. കൂടുതലായ 10 പവൻ സ്വർണ്ണം തന്റെ ജുവലറിയിൽ നിന്നും 17-10-1998-ൽ വിൽപ്പന ചെയ്തതായി പ്രോസിക്യൂഷൻ 3-ാം സാക്ഷി മൊഴി നൽകിയിട്ടില്ല. ഒരൊറ്റ സ്വർണ്ണനാണയം പോലും വിലയ്ക്കു വാങ്ങിയതിനെ സംബന്ധിച്ച് ഏതൊരു തെളിവും 1-ാം എതിർകക്ഷി (പ്രോസിക്യൂഷൻ 1-ാം സാക്ഷി) നൽകിയിട്ടില്ല എന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ടതുമാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ, പ്രോസിക്യൂഷൻ 3-ാം സാക്ഷി ആ കാലയളവിൽ സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരുന്നുവെന്ന് വിശ്വസിച്ചാൽ പോലും, 70 പവൻ മൂല്യമുള്ള സ്വർണ്ണ നാണയങ്ങൾ പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ ഏൽപ്പിച്ചതു സംബന്ധിച്ച ഭാഷ്യത്തെ അംഗീകരിക്കുന്നതിനുള്ള യാതൊരു തെളിവും എന്തായാലും ഉണ്ടായിരുന്നില്ല എന്ന് മാത്രം പറയുവാൻ കഴിയുന്നതാണ്. ഏതു പ്രകാരത്തിലും, ഒരൊറ്റ സ്വർണ്ണനാണയം പോലും വിലയ്ക്കു വാങ്ങിയതിനെ സംബന്ധിച്ച ഏതൊരു രേഖയും, കൂടാതെ അങ്ങനെയുള്ള വലിയ സംഖ്യയിലുള്ള സ്വർണ്ണനാണയങ്ങൾ വിലയ്ക്കു വാങ്ങിയത് പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെയും, പ്രോസിക്യൂഷൻ 4-ാം സാക്ഷിയുടെയും വാക്കാലുള്ള സാക്ഷ്യത്തെളിവുകളുടെയും, എക്സിബിറ്റ് പി-4 ന്റെയും അടിസ്ഥാനത്തിൽ 80 പവൻ സ്വർണ്ണ നാണയങ്ങൾ തിരികെക്കൊടുക്കുന്നതിന് ഉത്തരവിടുന്നതിനുള്ള അടിസ്ഥാനം ആയിരിക്കുവാൻ സാധ്യമല്ല.

16. എക്സിബിറ്റ് പി-12 ഫോട്ടോഗ്രാഫുകളിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി അർപ്പിച്ച ആശ്രയത്തിന്റെ നിലനിൽപ്പിനെ ഞാൻ ഇപ്പോൾ പരിഗണിക്കുന്നു. ഇതിനുമുൻപ് ശ്രദ്ധിച്ചതുപോലെ, ഫോട്ടോകളെ ആശ്രയിച്ചിട്ടുണ്ടെങ്കിൽ, ഹർജിക്കാരനുമായുള്ള വിവാഹ തീയതിയിൽ 1-ാം എതിർകക്ഷിക്ക് (അതിലെ ഹർജിക്കാരിക്ക്) 80 പവൻ സ്വർണ്ണാഭരണങ്ങൾ കൈവശമുണ്ടായിരുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിൽ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ലായെന്ന് പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി വിധിച്ചു. ഇക്കാലത്ത്, മറ്റു ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ കള്ളപ്പൊന്നാഭരണങ്ങളും, സ്വർണ്ണം പൂശിയ ആഭരണങ്ങളും വിപണിയിൽ ലഭ്യമാകുന്നതും, അങ്ങനെയുള്ള ആഭരണങ്ങൾ അസൽ സ്വർണ്ണാഭരണങ്ങളോട് ചേർത്ത് അണിയുകയും ഫോട്ടോ എടുക്കുകയും ചെയ്താൽ, വെറും കണ്ണു കൊണ്ട് തിരിച്ചറിയുവാനും കണ്ടുപിടിക്കുവാനും കഴിയുന്നതല്ലാത്തതുമാണ് എന്നുള്ളത് ഒരു സത്യമാണ്. അത്തരം സാഹചര്യങ്ങളിൽ, ഫോട്ടോ എടുത്ത എല്ലാ ആഭരണങ്ങളെയും ശുദ്ധ സ്വർണ്ണ ആഭരണങ്ങളായി അന്ധമായി അംഗീകരിക്കലും, മേലും, ആശ്രയിക്കാവുന്ന മറ്റേതൊരു തെളിവും കൂടാതെ വിവാഹ സമയത്ത് വധുവിന് നൽകപ്പെട്ട സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുവേണ്ടി, ഉന്നയിക്കപ്പെട്ട അവകാശവാദത്തിന്റെ നേര് കണ്ടെത്തുന്ന ആവശ്യത്തിനായി അങ്ങനെയുള്ള സ്വർണ്ണാഭരണങ്ങൾ ഓരോന്നിന്റെയും തൂക്കത്തെ സംബന്ധിച്ച കണക്കുകൂട്ടൽ നടത്തലും, അങ്ങേയറ്റം ആപൽക്കരമായിരിക്കുന്നതാണ്. ഒരു ഫോട്ടോഗ്രാഫിൽ കാണുന്ന ഒരു ആഭരണം സ്വർണ്ണമാണോ അല്ലയോ എന്ന് കണ്ടുപിടിക്കുന്നതിന് യാതൊരു സാങ്കേതിക വിദ്യയും ഇതുവരെ വികസിക്കപ്പെട്ടിട്ടില്ല.

17. സ്വർണ്ണത്തിന്റെ ഇപ്പോഴത്തെ മൂല്യം പരിഗണിക്കുമ്പോൾ, അങ്ങനെയുള്ള ഫോട്ടോഗ്രാഫുകളെ മാത്രം ആശ്രയിച്ച് എടുത്ത തീരുമാനത്തെ അടിസ്ഥാനമാക്കിയുള്ള അങ്ങനെയുള്ള അന്ധമായ അംഗീകരിക്കലും സ്വർണ്ണനാണയങ്ങൾ തിരികെ നൽകുന്നതിനു വേണ്ടി ഉത്തരവിടുന്നതും, ആയത് തിരികെ നൽകുവാൻ ആരോടാണോ ആവശ്യപ്പെട്ടത്, ആ ആളെ കടത്തിലാക്കുകയും അതിൽ നിന്നും രക്ഷപ്പെടാൻ, അയാളുടെ വീഴ്ചകൾ ഒന്നിനുംവേണ്ടി അല്ലാതെ, ജീവിതത്തിന്റെ ശേഷിക്കുന്ന കാലം മുഴുവനും അത്യദ്ധ്വാനം ചെയ്യുവാനും ആക്കിത്തീർക്കാവുന്നതാണ്. ഒരു

സ്വർണ്ണാഭരണം ഉണ്ടാക്കുന്നതിലുള്ള നൈപുണ്യവും സവിശേഷതയും കാരണം അതിന്റെ അസ്സൽ തൂക്കത്തേക്കാൾ കൂടുതലായുള്ള തൂക്കം ഉള്ളതായി അത് തോന്നാവുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ, ഫോട്ടോഗ്രാഫുകൾ നോക്കി മാത്രം സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുവേണ്ടി ഉത്തരവുകൾ പാസ്സാക്കുകയും, അവകാശവാദം അംഗീകരിക്കത്തക്കതാണോ എന്ന ചോദ്യം പരിഗണിക്കാതെ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുവാനുള്ള ഉത്തരവുകൾ പാസ്സാക്കുന്ന ആവശ്യത്തിനായി അതിന്റെ തൂക്കം തിട്ടപ്പെടുത്തുകയും ചെയ്യുന്ന സാക്ഷാൽ പതിവ്, തെളിവിന്റെ തലതിരിഞ്ഞുള്ള ഒരു വിലയിരുത്തൽ ആയിരിക്കുവാൻ മാത്രമേ സാധ്യമുള്ളൂ. പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ കണ്ടെത്തലുകളെ മറിച്ചു വിധിക്കുന്നതിനുവേണ്ടി, ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി നടത്തിയ ചർച്ചകൾ, എക്സിബിറ്റ് പി-12 പരമ്പരകൾ ശക്തമായി ആശ്രയിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുന്നതും അത് ഇപ്രകാരവുമാണ്:-

> "ഫോട്ടോകൾ ഹർജിക്കാരി അണിഞ്ഞിരുന്ന സ്വർണ്ണാഭരണങ്ങളെ വ്യക്തമായി ചിത്രീകരിക്കുന്നു. എക്സിബിറ്റ് പി-4 ഞാൻ വായിച്ചു നോക്കുകയും, എക്സിബിറ്റ് പി-4-ൽ വിവരിച്ചിട്ടുള്ള ഏകദേശം എല്ലാ സ്വർണ്ണാഭരണങ്ങളും ഹർജിക്കാരി അണിഞ്ഞു കാണപ്പെട്ടതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതിനാൽ, പ്രോസിക്യൂഷൻ 1-ാം സാക്ഷി, അവൾ അണിഞ്ഞിരുന്ന സ്വർണ്ണാഭരണങ്ങൾ സ്വീകരിച്ചു എന്ന വസ്തുതാസത്യം അനുമാനിക്കുവാൻ എക്സിബിറ്റ് പി-4 നെ ആശ്രയിക്കുവാൻ കഴിയുന്നതാണ്. ഫോട്ടോകളെ ആശ്രയിക്കുകയാണെങ്കിൽ, വിവാഹത്തീയതിയിൽ 80 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരൻ കൈവശം വച്ചിരുന്നു എന്ന ഒരു നിഗമനത്തിൽ എത്തിച്ചേരുന്നതിന് യാതൊരു പ്രയാസവുമില്ലാത്തതാണ്."

18. ആശ്രയിക്കത്തക്ക, ഉപോദ്ബലക തെളിവ് ശകലമായി എക്സിബിറ്റ് പി-4-നെ ആശ്രയിക്കാൻ കഴിയുന്നതല്ലായെന്ന് ഞാൻ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ചുരുക്കത്തിൽ, വിചാരണകോടതിയാലുള്ള വിഷയത്തിന്റെ യോഗ്യതയുള്ള ഒരു പരിഗണനയുമായി ഇടപെട്ടതിൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി തെറ്റായി നീങ്ങി എന്ന് വിധിക്കുവാൻ എനിക്ക് യാതൊരു മടിയുമില്ല. അഞ്ചര പവൻ സ്വർണ്ണത്തിന്റെയോ, അതിന്റെ മൂല്യത്തിന്റെയോ നിരക്കിലുള്ള മഹറിനു വേണ്ടിയുള്ള 1-ാം എതിർകക്ഷിയുടെ അഭ്യർത്ഥനയെ സംബന്ധിച്ചുള്ള ചോദ്യത്തെ സംബന്ധിച്ച്, പ്രത്യക്ഷമായി ആ അഭ്യർത്ഥനയെ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് നിരസിച്ചിരുന്നു. എന്നിരുന്നാലും, ആയതിനെ ആർ.പി 29/2011-ൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി അനുവദിച്ചു. 1-ാം എതിർകക്ഷിക്ക് വിവാഹസമയത്ത് അഞ്ചര പവനുള്ള സ്വർണ്ണ ചെയിൻ മഹറായി നൽകപ്പെട്ടു എന്ന് അവർ എതിർഭാഗം 1-ാം സാക്ഷിയായി വിസ്തരിക്കപ്പെടുന്ന വേളയിൽ സ്പഷ്ടമായി മൊഴി നൽകി എന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതിലെ ഹർജിക്കാരൻ എതിർഭാഗം 1-ാം സാക്ഷിയായി വിസ്തരിക്കുന്ന വേളയിൽ മഹറായി നൽകപ്പെട്ടത് അഞ്ചര പവന്റെ ചെയിനായിരുന്നു എന്ന് സമ്മതിച്ചിട്ടുണ്ട്. 1-ാം എതിർകക്ഷി പിതൃഭവനത്തിലേക്ക് മടങ്ങിപ്പോകുന്ന വേളയിൽ ഏതൊരു സ്വർണ്ണാഭരണങ്ങളും കൊണ്ടുപോയിരുന്നില്ലായെന്ന് ഹർജിക്കാരന്റെ തെളിവ് വെളിപ്പെടുത്തുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിലും, എം.സിയിലെ ഉത്തരവിൽ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് അതിനെ നിരാകരിക്കുന്നതിനുള്ള ഏതെങ്കിലും കാരണങ്ങളുടെ അഭാവത്തിലും, ആ ഉത്തരവിന്റെ ആ ഭാഗവുമായി ഇടപെട്ടതിന് യാതൊരു കുറ്റവും കണ്ടെത്താൻ കഴിയുന്നതല്ല. ആക്റ്റിലെ വകുപ്പ് 3(3) ഇപ്രകാരമാണ്:-

> 3.3. **വിവാഹ മോചിതയായ ഒരു സ്ത്രീ, 2-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ, സമർപ്പിച്ചിട്ടുള്ളിടത്ത്, മജിസ്ട്രേറ്റിന്, അദ്ദേഹം-**

(എ) മതിയായ മാർഗ്ഗമുള്ള അവളുടെ ഭർത്താവ്, ഇദത് കാലയളവിൽ അവൾക്കും അവളുടെ കുട്ടികൾക്കും വേണ്ടി ന്യായവും ഉചിതവുമായ ഒരു ഏർപ്പാടും ജീവനാംശവും ഉണ്ടാക്കുവാനോ നൽകുവാനോ വീഴ്ച വരുത്തുകയോ ഉപേക്ഷ വരുത്തുകയോ ചെയ്തിട്ടുണ്ടെന്ന്; അല്ലെങ്കിൽ

(ബി) മഹറിന്റെയോ, വിവാഹശേഷം ഭാര്യയ്ക്ക് ഭർത്താവിൽ നിന്ന് ലഭിക്കേണ്ടതായ പണമോ മറ്റ് സ്വത്തുക്കളുടെയോ തുകക്ക് തുല്യമായ തുക കൊടുക്കപ്പെട്ടില്ലെന്നോ, 1-ാം ഉപ വകുപ്പിലെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സ്വത്തുക്കൾ അവൾക്ക് ഏൽപ്പിച്ചുകൊടുക്കപ്പെട്ടില്ലെന്നോ, ബോദ്ധ്യപ്പെടുന്ന പക്ഷം,

വിവാഹമോചിതയായ സ്ത്രീയുടെ ആവശ്യങ്ങളെയും, വിവാഹവേളയിൽ അവൾ അനുഭവിച്ചിരുന്ന ജീവിത നിലവാരവും, അവളുടെ മുൻ ഭർത്താവിന്റെ മാർഗ്ഗവും പരിഗണിച്ച് യുക്തവും ഉചിതവുമെന്ന് അദ്ദേഹം തീരുമാനിക്കാവുന്ന അങ്ങനെയുള്ള ന്യായവും ഉചിതവുമായ ഏർപ്പാടും ജീവനാംശവും നൽകുവാനോ, അതതുസംഗതിപോലെ, വിവാഹ മോചിതയായ സ്ത്രീക്ക് അങ്ങനെയുള്ള മഹറോ വിവാഹശേഷം ഭാര്യയ്ക്ക് ഭർത്താവിൽ നിന്ന് ലഭിക്കേണ്ടതായ പണമോ മറ്റ് സ്വത്തുക്കളോ നൽകുന്നതിന് 1-ാം ഉപ വകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള സ്വത്തുക്കളുടെ ഏൽപ്പിച്ചു കൊടുക്കലിനോ വേണ്ടി അവളുടെ മുൻ ഭർത്താവിനോട് നിർദ്ദേശിക്കുന്ന ഒരു ഉത്തരവ്, അപേക്ഷ ഫയൽ ചെയ്യുന്ന തീയതി മുതൽ ഒരു മാസത്തിനകം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അപേക്ഷ പ്രസ്തുത കാലാവധിക്കുള്ളിൽ തീർപ്പാക്കുന്നത് അപ്രായോഗികമാണെന്ന് മജിസ്ട്രേറ്റ് കാണുന്നെങ്കിൽ, അദ്ദേഹത്തിന്, രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, പ്രസ്തുത കാലാവധിക്കുശേഷം അപേക്ഷ തീർപ്പാക്കാവുന്നതാണ്.

19. അത്തരം സാഹചര്യങ്ങളിൽ, മഹറിനെ സംബന്ധിച്ച പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയുടെ അനുബന്ധം എ ഉത്തരവ് യാതൊരു ഇടപെടലും ആവശ്യപ്പെടുന്നില്ല. അതേസമയം, എം.സി യിൽ ഹർജിക്കാരൻ, മഹറിനു തുല്യമായ തുകയായ 17,600/- രൂപ മാത്രം ആവശ്യപ്പെട്ടിരുന്നത് പ്രകടമാണ്. പ്രസ്തുത അവകാശവാദത്തിനെതിരെ, പ്രസക്തമായ സമയത്ത് ഒരു പവൻ സ്വർണ്ണത്തിന് നിലവിലിരുന്ന നിരക്കിൽ കണക്കാക്കി 1,15,500/- രൂപ തിരികെ നൽകുന്നതിന് ചോദ്യം ചെയ്യപ്പെട്ട വിധിന്യായ പ്രകാരം പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി ഉത്തരവിട്ടിരുന്നു. ഹർജിക്കാരൻ അഞ്ചര പവൻ സ്വർണ്ണമോ അല്ലെങ്കിൽ, അതിന് തുല്യമായ മൂല്യം, അതായത്, ഒരു പവന് 19,000/- രൂപ നിരക്കിൽ കണക്കാക്കി 1,04,500/- രൂപ 1-ാം എതിർകക്ഷിക്ക് തിരികെ നൽകേണ്ടതാണ്. ഫ്രിഡ്ജും മിക്സിയും തിരികെ നൽകുന്നത് സംബന്ധിച്ച് എം.സി-യിൽ 1-ാം എതിർകക്ഷി 12,450/- രൂപ അവകാശപ്പെട്ടിരുന്നു. പ്രകടമാകുന്നതുപോലെ, പ്രസ്തുത നിവൃത്തി അനുവദിക്കാൻ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് വിസമ്മതിച്ചു. എന്നിരുന്നാലും, ആയതിനെയും, റിവിഷൻ ഹർജിയിലുള്ള ഉത്തരവിൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി മറിച്ചു വിധിച്ചു. അനുബന്ധം ബി വിധിന്യായ പ്രകാരം പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ്, പ്രസ്തുത വിധിന്യായത്തിലെ 10-ാം ഖണ്ഡികയിൽ നിന്ന് വ്യക്തമാകുന്നതുപോലെ, പ്രസ്തുത അഭ്യർത്ഥന അനുവദിക്കുവാൻ ചില സാഹചര്യങ്ങളെ പരിഗണിച്ചു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:-

> ***"മുസ്ലീങ്ങൾക്കിടയിൽ നിലനിന്നിരുന്ന ഒരു ആചാരത്തിന്റെ ഭാഗമായി ആ സമയത്ത് ഒരു ഫ്രിഡ്ജും മിക്സിയും കൂടി എതിർകക്ഷിക്ക് കൊടുക്കപ്പെട്ടു. പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെ പ്രസവം 07-09-1999-ൽ ആയിരുന്നു എന്നത് തെളിവിൽ വന്നിട്ടുണ്ട്. പ്രസവത്തീയതി മുതൽ 90 ദിവസത്തിനു ശേഷം അവൾ എതിർകക്ഷിയുടെ വീട്ടിലേക്ക്***

*കൊണ്ടുവരപ്പെട്ടു. സാധനങ്ങൾ എതിർ കക്ഷിക്ക് കൊടുക്കുന്നതിനുവേണ്ടി വളരെ മുമ്പ് വാങ്ങപ്പെട്ടു എന്ന പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെ അവകാശവാദം അപ്രകാരം വിശ്വസിക്കത്തക്കതല്ല. ഫ്രിഡ്ജും മിക്സിയും, അവയെ, എതിർകക്ഷിക്ക് കൊടുക്കുന്നതിന് ഏതാനും 7 മാസങ്ങൾക്ക് മുമ്പ് വിലയ്ക്കു വാങ്ങേണ്ട യാതൊരു ആവശ്യകതയും പ്രോസിക്യൂഷൻ 1-ാം സാക്ഷിക്കോ അവളുടെ ബന്ധുക്കൾക്കോ ഉണ്ടായിരുന്നില്ല. മറിച്ച്, പുതിയ ബ്രാൻഡിലുള്ള സാധനങ്ങൾ എതിർ കക്ഷിക്ക് നൽകുവാൻ പ്രതീക്ഷിക്കപ്പെടുന്നു. സംഗതി മുകളിൽ പറഞ്ഞതായിരിക്കെ, പ്രോസിക്യൂഷൻ 1-ാം സാക്ഷിയോ അവളുടെ ബന്ധുക്കളോ ഫ്രിഡ്ജും മിക്സിയും മറ്റ് ഏതാനും ആവശ്യത്തിനുവേണ്ടി വിലയ്ക്കു വാങ്ങിയിരിക്കാമെന്ന് പ്രതിഭാഗം അഭിഭാഷകന്റെ സമർപ്പണത്തെ ഒരാൾക്ക് ഖണ്ഡിക്കുവാൻ കഴിയുന്നതല്ല. എന്നിരുന്നാലും, പ്രസവത്തിനു ശേഷം പ്രോസിക്യൂഷൻ 1-ാം സാക്ഷിയെ എതിർകക്ഷിയുടെ വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ, ഒരു ഫ്രിഡ്ജും മിക്സിയും അയാൾക്ക് നൽകപ്പെട്ടതായി അന്തിമമായി വിധിക്കുവാൻ ഹർജിക്കാരന്റെ ഭാഗത്തുനിന്ന് നൽകപ്പെട്ട തെളിവുകൾ മതിയായതല്ല. അതുകൊണ്ട്, ഈ വിഷയത്തെ അതിനനുസൃതമായി ഞാൻ കാണുന്നു."*

20. ഫ്രിഡ്ജും മിക്സിയും കൊടുക്കുന്ന ഒരു പതിവ് മുസ്ലീങ്ങൾക്കിടയിൽ നിലവിലുണ്ടായിരുന്നു എന്ന് പറയുവാൻ കഴിയില്ലെങ്കിൽ പോലും, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ മറ്റുള്ള യുക്തിവിചാരം, വസ്തുതകളിലും സാഹചര്യങ്ങളിലും ലഭ്യമാകുന്ന അംഗീകരിക്കത്തക്ക ഒരേ കാഴ്ചപ്പാട് ആയി തോന്നുന്നു. ഒന്നാം എതിർകക്ഷിയായ പ്രോസിക്യൂഷൻ 1-ാം സാക്ഷിയുടെ പ്രസവം 07-09-1999-ലായിരുന്നുവെന്നും, പ്രസവത്തീയതി മുതൽ 90 ദിവസത്തിനുശേഷം അവളെ ഹർജിക്കാരന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി എന്നും ഈ കേസിലെ തെളിവ് വെളിപ്പെടുത്തുന്നു. അവളുടെ അവകാശവാദം 22-05-1999 തീയതി വച്ച ബില്ലുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ, ഫ്രിഡ്ജും മിക്സിയും പ്രസവത്തിനുശേഷം പ്രോസിക്യൂഷൻ 1-ാം സാക്ഷി അവളുടെ ഭർത്തൃഭവനത്തിൽ എത്തിച്ചേരുന്നതിന് 7 മാസങ്ങൾക്കുമുമ്പ് വാങ്ങപ്പെട്ടു എന്ന് കണ്ടെത്തിയിരുന്നു. പ്രോസിക്യൂഷൻ 1-ാം സാക്ഷിക്കോ അവളുടെ ബന്ധുക്കൾക്കോ ഫ്രിഡ്ജും മിക്സിയും, അവയെ ഏൽപ്പിക്കുന്നതിന് 7 മാസങ്ങൾക്ക് മുമ്പ് വാങ്ങാനുള്ള അവശ്യകത എന്താണ്? അങ്ങനെയുള്ള ആചാരവുമായി ബന്ധപ്പെട്ട് സാധാരണയായി ബ്രാൻഡ് ചെയ്ത പുതിയ സാധനങ്ങൾ മാത്രം നൽകുവാൻ പ്രതീക്ഷിക്കപ്പെടുന്നുവെന്നും പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് നിരീക്ഷിച്ചു. ഹർജിക്കാരന് നൽകിയിട്ടുള്ളതായി അവകാശപ്പെടുന്ന ഫ്രിഡ്ജും മിക്സിയും അവയെ ഏൽപ്പിക്കുന്നതിനുള്ള അവസരത്തിന് 7 മാസങ്ങൾക്ക് മുമ്പ് വാങ്ങപ്പെട്ടു എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടാണ് 1-ാം എതിർകക്ഷിയുടെ ഭാഷ്യത്തെ വിശ്വസിക്കുവാൻ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് വിസമ്മതിച്ചത്. അതുകൂടാതെ, അങ്ങനെയുള്ള ഒരു പതിവ് അൽപ്പം ഉണ്ടെങ്കിലും, അങ്ങനെയുള്ള ഒരു പതിവിന്റെ ഭാഗമായി, ഉപയോഗിച്ച വസ്തുക്കൾ നൽകപ്പെട്ടു എന്ന് വിശ്വസിക്കുവാൻ കഴിയില്ല. പ്രസ്തുത കണ്ടെത്തലിനെ മറിച്ചു വിധിക്കുവാൻ, ആയതിനെ അവൾ അവളുടെ ഭർത്താവിന്റെ വീട്ടിൽ എത്തിച്ചേരുന്നതിനു മുമ്പ് വാങ്ങിയിരുന്നുവെന്ന് എക്സിബിറ്റുകൾ പി-2 ഉം, പി-3 ഉം രേഖകൾ വെളിപ്പെടുത്തുന്നതാണെന്ന് പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി അനുബന്ധം എ വിധിന്യായത്തിന്റെ 19-ാം ഖണ്ഡികയിൽ വിധിക്കുകയുണ്ടായി. മുൻപറഞ്ഞ വിഷയത്തെ സംബന്ധിച്ചുള്ള പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ കണ്ടെത്തലുകളെ മറിച്ചു വിധിക്കുന്നതിൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി യാതൊരു കാരണവും ഏതായാലും നൽകിയിട്ടില്ല. പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ നിഗമനങ്ങളും കണ്ടെത്തലുകളും, നിലനിൽക്കത്തക്ക ഏതൊരു

കാരണവും നൽകാതെയുള്ള, ആ വിഷയത്തിലെ അംഗീകരിക്കത്തക്ക ഒരു കാഴ്ചപ്പാടായി ഇരുന്നപ്പോൾ, പ്രസ്തുത കണ്ടെത്തലുമായി ഇടപെടേണ്ടിയില്ലായിരുന്നു, അതും, ഏതൊരു കാരണവും നൽകാതെ, അങ്ങനെയുള്ള സാഹചര്യങ്ങളിൽ, ഫ്രിഡ്ജും മിക്സിയും അല്ലെങ്കിൽ 10,950/- രൂപ തിരികെ നൽകുവാനുള്ള പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയുടെ ഉത്തരവിന് നിലനിൽക്കുവാൻ കഴിയാത്തതും, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ ഉത്തരവിനെ പുന:സ്ഥാപിക്കേണ്ടിയിരിക്കുന്നതുമാണ്. ഇതിനുമുൻപ് ശ്രദ്ധിച്ചതുപോലെ, ഉചിതവും ന്യായവുമായ ഏർപ്പാടിലേക്കും ജീവനാംശത്തിലേക്കും 56,000/- രൂപ നൽകാൻ ഹർജിക്കാരൻ ബാധ്യസ്ഥനാണെന്നും പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് കണ്ടെത്തി. പൊതു ഉത്തരവിൽ പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി ആ ഉത്തരവുമായി ഇടപെട്ടില്ല. ഇതിനു മുമ്പ് ശ്രദ്ധിച്ചതുപോലെ, എം.സി. നം. 11/2006-ലെ വിധിന്യായത്തിനെതിരായി 1-ാം എതിർകക്ഷി ആർ.പി. നം. 29/11 ഫയൽ ചെയ്തിട്ടുള്ളതും, എം.സി. നം. 11/2006-ലെ വിധിന്യായത്തിനെതിരായി ഇതിലെ ഹർജിക്കാരൻ ആർ.പി. നം. 31/2011 ഫയൽ ചെയ്തിട്ടുള്ളതുമാണ്. അനുബന്ധം എ ഉത്തരവ് പ്രകാരം, പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി ആർ.പി. നം. 31/2011 തള്ളിക്കളഞ്ഞിട്ടുളളതും ആർ.പി. നം. 29/11 ഭാഗികമായി അനുവദിക്കപ്പെട്ടിട്ടുള്ളതുമാണ്. മുൻപറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ക്രിമിനൽ ആർ.പി. നം. 1920/2012-ഉം ക്രിമിനൽ എം.സി. നം. 3028/2012-ഉം, രണ്ടും, താഴെ പറയും പ്രകാരം ഭാഗികമായി അനുവദിക്കപ്പെടുന്നു:-

എക്സിബിറ്റ് പി-4-ൽ വെളിപ്പെടുത്തിയിട്ടുളള 80 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുവാനോ, 16,80,000/- രൂപ (ഒരു പവന് 21,000/- രൂപ നിരക്കിൽ) കൊടുക്കുവാനോ ഉളള പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയുടെ നിർദ്ദേശം ദുർബലപ്പെടുത്തപ്പെടുകയും, 25 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനെ സംബന്ധിച്ച പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ നിർദ്ദേശം ഒരു പവന് 19,000/- രൂപ നിരക്ക് നിശ്ചയിച്ച് നിലനിർത്തപ്പെടുകയും ചെയ്യുന്നു. അതിനനുസൃതമായി, ഹർജിക്കാരൻ 1-ാം എതിർകക്ഷിക്ക് 25 പവൻ തിരികെ നൽകേണ്ടതോ അതിന്റെ മൂല്യം, അതായത്, 4,75,000/- രൂപ കൊടുക്കേണ്ടതോ ആണ് എന്ന് ഉത്തരവാകുന്നു. മഹറിനെ സംബന്ധിച്ച്, ഹർജിക്കാരൻ അഞ്ചര പവൻ തിരികെ നൽകേണ്ടതോ, 1,04,500/- രൂപ കൊടുക്കേണ്ടതോ ആണ്. ഫ്രിഡ്ജും മിക്സിയും തിരികെ നൽകുന്നത് സംബന്ധിച്ച് പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി പാസ്സാക്കിയ അനുബന്ധം എ യിലുള്ള ഉത്തരവ് ഒഴിവാക്കപ്പെടുകയും, ഫ്രിഡ്ജും മിക്സിയും തിരികെ കിട്ടുവാൻ 1-ാം എതിർകക്ഷിക്ക് അവകാശമില്ലെന്ന പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന്റെ ഉത്തരവ് പുന:സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഉചിതവും ന്യായവുമായ ഏർപ്പാടിലേക്ക് 56,000/ രൂപ കൊടുക്കുവാനുള്ള ഉത്തരവും നിലനിർത്തപ്പെടുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. ഹരിലാൽ**

**റഫീക്ക്**

**അഭി**

**സുമയ്യയും മറ്റൊരാളും**

**റിവിഷൻ പെറ്റീഷൻ (എഫ്.സി) നം. 231/2015**

2015 ജൂലൈ 8-ാം തീയതി പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**1973-ലെ ക്രിമിനൽ നടപടി നിയമസംഹിത, വകുപ്പ് 125 - ഹർജിക്കാരൻ, 60% ശാരീരിക അവശതയിലാണ് എന്ന കാരണത്താൽ, അയാളെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 125-ാം വകുപ്പ് പ്രകാരമുള്ള അയാളുടെ നിയമാധിഷ്ഠിത ബാദ്ധ്യത നിറവേറ്റുന്നതിൽ നിന്ന് ഒഴിവാക്കുവാൻ കഴിയുന്നതാണോ ?-- അയാളുടെ അവശത അറിഞ്ഞുകൊണ്ട് അയാൾ ഒന്നാം എതിർകക്ഷിയെ വിവാഹം ചെയ്യുകയും, തുടർന്ന് അവർക്ക് ഒരു ആൺകുട്ടി, രണ്ടാം എതിർകക്ഷി ജനിക്കുകയും ചെയ്തു-- വിവാഹസമയത്ത് അവശത നിലനിന്നിരുന്നതു കൊണ്ട്, ഒരു കുടുംബത്തെ പോറ്റുവാൻ അയാൾക്ക് കഴിയുമെന്ന് അയാൾക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നതും, അതിനുശേഷം സാഹചര്യങ്ങളുടെ യാതൊരു മാറ്റവും ഇല്ലായിരുന്നതുമാണ്--ശാരീരികമായി വെല്ലുവിളി നേരിടുന്ന ഭർത്താവ്, വിവാഹത്തിനെ തുടർന്ന് തന്റെ ഭാര്യയ്ക്കും കുട്ടികൾക്കും വേണ്ടി ഉപജീവനം നേടുന്നതിന്, ഏതെങ്കിലും തരത്തിലുള്ള ജോലിയോ കച്ചവടമോ ചെയ്യുന്നതിന് പൂർണ്ണമായും കഴിവില്ലാത്തതായി കണ്ടെത്തപ്പെടാത്തപക്ഷം, സി.ആർ.പി.സി 125-ാം വകുപ്പുപ്രകാരം തന്റെ ഭാര്യയെയും കുട്ടികളെയും സംരക്ഷിക്കുവാനുള്ള അയാളുടെ നിയമാധിഷ്ഠിത ബാധ്യതയിൽ നിന്ന് അയാളെ ഒഴിവാക്കാൻ കഴിയുന്നതല്ല--കീഴ്ക്കോടതി തീരുമാനിച്ച ജീവനാംശബത്തയുടെ അളവ് ന്യായമായതും ശരിയായതും, റിവിഷണൽ അധികാരിതയിൻ കീഴിലുള്ള യാതൊരു ഇടപെടലും ആവശ്യപ്പെടാത്തതുമാണ്.**

**ഉത്തരവ്**

റിവിഷൻ ഹർജിക്കാരൻ, ഇതിലെ എതിർകക്ഷികളായ ഹർജിക്കാരന്റെ ഭാര്യയും മകനും ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ് പ്രകാരം റിവിഷൻ ഹർജിക്കാരനിൽ നിന്ന് ജീവനാംശബത്ത അവകാശപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത എറണാകുളം കുടുംബ കോടതിയുടെ ഫയലിലുള്ള എം.സി. നം. 120/13 ലെ എതിർകക്ഷിയാണ്. 1-ാം എതിർകക്ഷി പറഞ്ഞതനുസരിച്ച്, അവർ ഹർജിക്കാരൻ നിയമപരമായി വിവാഹം കഴിച്ച ഭാര്യയും, രണ്ടാം എതിർകക്ഷി ആ വിവാഹബന്ധത്തിൽ പിറന്ന മകനുമാണ്. ഹർജിക്കാരനിൽ നിന്ന് ജീവനാംശബത്ത ലഭിക്കുവാൻ അവർക്ക് നിയമപരമായി അവകാശമുണ്ടെങ്കിലും, അയാൾ അവരെ അവഗണിക്കുകയും, 21-03-2012 മുതൽ ജീവനാംശബത്ത നൽകുവാൻ വിസമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

1-ാം എതിർകക്ഷി പറഞ്ഞതനുസരിച്ച്, അവർക്ക് ജോലിയോ മറ്റേതൊരു വരുമാനമാർഗ്ഗങ്ങളോ ഇല്ല; എന്നാൽ ഹർജിക്കാരൻ കച്ചവടം നടത്തിവരികയും, പ്രതിമാസം 30,000/- രൂപ സമ്പാദിക്കുകയും ചെയ്യുന്നു.

2. എതിർകക്ഷികൾ അവകാശപ്പെട്ട പോലെ കക്ഷികൾ തമ്മിലുള്ള ബന്ധത്തെ ഹർജിക്കാരൻ സമ്മതിച്ചു. എന്നാൽ, അയാൾ 60% സ്ഥിര അവശത കാരണം കഷ്ടപ്പെടുന്നു എന്ന ഒറ്റ കാരണത്തിൻമേൽ എതിർ കക്ഷികൾക്ക് ജീവനാംശബത്ത കൊടുക്കുവാനുള്ള ബാദ്ധ്യതയെ അയാൾ നിഷേധിച്ചു. എതിർകക്ഷികൾ അവകാശപ്പെട്ടതുപോലെ അയാൾക്ക് യാതൊരു വരുമാന മാർഗ്ഗങ്ങളും ഇല്ലാത്തതും, അയാൾ കച്ചവടം നടത്തുന്നതല്ലാത്തതും, പ്രതിമാസം 30,000/- രൂപ സമ്പാദിക്കുന്നതല്ലാത്തതുമാണ്. കീഴ്ക്കോടതി നിശ്ചയിച്ച ജീവനാംശബത്തയുടെ അളവ് കൂടുതലാണെന്നും ആനുപാതികമല്ലെന്നും കൂടി വാദിച്ചിരുന്നു. കീഴ്ക്കോടതി, രേഖയിലുള്ള തെളിവ് പരിഗണിച്ചശേഷം, എതിർകക്ഷികൾ ഓരോരുത്തർക്കും 3,000/- രൂപ നിരക്കിൽ ജീവനാംശബത്ത നൽകുവാൻ ഹർജിക്കാരനോട് നിർദ്ദേശിച്ചു. ജീവനാംശബത്തക്കുള്ള അവകാശത്തിന്റെ നിയമസാധുതയും, അളവ് ശരിയാണോ എന്നുള്ളതും ഈ റിവിഷൻ ഹർജിയിൽ ചോദ്യം ചെയ്യപ്പെടുന്നു.

3. ഒന്നാം എതിർകക്ഷിയുടെ വൈവാഹിക പദവിയും, 2-ാം എതിർകക്ഷിയുടെ പിതൃത്വവും ചോദ്യം ചെയ്യപ്പെടുന്നില്ല. പരിഗണനക്കായി ഉയരുന്ന ഏക ചോദ്യം, ഹർജിക്കാരൻ 60% ശാരീരിക അവശതയിലാണ് എന്ന കാരണത്താൽ, അയാളെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ് പ്രകാരമുള്ള അയാളുടെ നിയമാധിഷ്ഠിത ബാദ്ധ്യത നിറവേറ്റുന്നതിൽ നിന്ന് ഒഴിവാക്കുവാൻ കഴിയുന്നതാണോ എന്നതാണ്.

4. ചോദ്യംചെയ്യപ്പെട്ട ഉത്തരവ് അനുസരിച്ച്, 1992-ൽ അയാൾ 9-ാം തരത്തിൽ പഠിക്കുന്ന വേളയിൽ അയാൾ ഒരു ശാരീരിക അസുഖം അനുഭവിക്കുകയും, ഒരു ശസ്ത്രക്രിയക്കു വിധേയനാകുകയും ചെയ്തിരുന്നുവെന്ന് കാണുന്നു. അയാൾ ഒരു ആശുപത്രിയിൽ ചികിത്സിക്കപ്പെട്ടിട്ടുള്ളതും, റസിഡ്യുൽ ക്വാണ്ടറി പരാലിസിസ് കാരണം അയാൾ കഷ്ടത അനുഭവിക്കുന്നു എന്ന് ഡോക്ടർമാർ രോഗനിർണ്ണയം നടത്തിയിട്ടുള്ളതും, അതിനുശേഷം ഹർജിക്കാരൻ 60% സ്ഥിര ശാരീരികാവശത അനുഭവിച്ചുവരുന്നതുമാണ്. അവശതയുണ്ടെന്ന വസ്തുത തർക്കിക്കപ്പെടാത്തതും, ആയത് ഹർജിക്കാരൻ ഹാജരാക്കിയിട്ടുള്ള അവശതാ സാക്ഷ്യപത്രം മുഖേന പ്രകടമാകുന്നതുമാണ്. തർക്കരഹിതമായി, വിവാഹ സമയത്ത് ഹർജിക്കാരന് അവശത ഉണ്ടായിരുന്നു. വിവാഹശേഷം അവശതയുടെ ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന യാതൊരു കേസും ഹർജിക്കാരനില്ലാത്തതും, ആ ഫലത്തിലേക്കുള്ള യാതൊരു രേഖയും ഹാജരാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ, വിവാഹസമയത്ത് തന്നെ അയാൾക്ക് 60% അവശത ഉണ്ടായിരുന്നുവെന്ന് ന്യായമായി അനുമാനിക്കുവാൻ കഴിയുന്നതാണ്. അയാളുടെ അവശത അറിഞ്ഞുകൊണ്ട് അയാൾ ഒന്നാം എതിർകക്ഷിയെ വിവാഹം ചെയ്യുകയും, തുടർന്ന് അവർക്ക് ഒരു ആൺകുട്ടി, രണ്ടാം എതിർകക്ഷി ജനിക്കുകയും ചെയ്തു എന്ന് പറയേണ്ടതില്ല. വിവാഹ സമയത്ത് അവശത നിലനിന്നിരുന്നതുകൊണ്ട്, ഒരു കുടുംബത്തെ പോറ്റുവാൻ അയാൾക്ക് കഴിയുമെന്ന് അയാൾക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നതും, അതിനുശേഷം സാഹചര്യങ്ങളുടെ യാതൊരു മാറ്റവും ഇല്ലായിരുന്നതുമാണ്. അയാൾക്ക് 60% അവശത ഉണ്ടായിരിക്കുന്നുവെന്ന് കാണിക്കുവാൻ സാക്ഷ്യപത്രം ഹാജരാക്കപ്പെട്ടിട്ടുണ്ടെങ്കിലും, അയാളുടെ സമ്പാദ്യശേഷി അയാൾക്ക് പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ടെന്നോ അയാളുടെ കുടുംബത്തിനു വേണ്ടി ഉപജീവനം നേടുന്നതിനായി ഏതെങ്കിലും തരത്തിലുള്ള ജോലി ചെയ്യുന്നതിന് അയാൾ പൂർണ്ണമായും കഴിവില്ലാതിരിക്കുന്നുവെന്നോ കാണിക്കുവാൻ യാതൊരു രേഖയും ഹാജരാക്കപ്പെട്ടിട്ടില്ല. ശാരീരികമായി വെല്ലുവിളി നേരിടുന്ന ആളുകൾക്കും, അവരുടെ കുടുംബത്തിനു വേണ്ടി ഉപജീവനം നേടുന്നതിനായി ഏതാനും

തരത്തിലുള്ള ജോലി ചെയ്യുവാനോ ചില കച്ചവടം നടത്തുവാനോ കഴിയും എന്നതും, അവർക്ക് അവരുടെ വൈകല്യത്തിന്റെയും അവശതയുടെയും സ്വഭാവം അനുസരിച്ച് കച്ചവടത്തിന്റെയും തൊഴിലിന്റെയും അല്ലെങ്കിൽ ജോലിയുടെയും സ്വഭാവവും തിരഞ്ഞെടുക്കാൻ കഴിയും എന്നതും ഒരു പൊതുഅറിവിന്റെ വിഷയമാണ്. അതുകൊണ്ട് ശാരീരികമായി വെല്ലുവിളി നേരിടുന്ന ഭർത്താവ്, വിവാഹത്തിനെ തുടർന്ന് തന്റെ ഭാര്യയ്ക്കും കുട്ടികൾക്കും വേണ്ടി ഉപജീവനം നേടുന്നതിന്, ഏതെങ്കിലും തരത്തിലുള്ള ജോലിയോ കച്ചവടമോ ചെയ്യുന്നതിന് പൂർണ്ണമായും കഴിവില്ലാത്തതായി കണ്ടെത്തപ്പെടാത്തപക്ഷം, സി.ആർ.പി.സി 125-ാം വകുപ്പു പ്രകാരം തന്റെ ഭാര്യയെയും കുട്ടികളെയും സംരക്ഷിക്കുവാനുള്ള അയാളുടെ നിയമാധിഷ്ഠിത ബാധ്യതയിൽ നിന്ന് അയാളെ ഒഴിവാക്കാൻ കഴിയുന്നതല്ല. അയാൾക്കുവേണ്ടി യാതൊരു ദാക്ഷണ്യമുള്ള വീക്ഷണവും എടുക്കുവാൻ കഴിയുന്നതല്ല, പ്രത്യേകിച്ചും, അവശത അല്ലെങ്കിൽ വൈകല്യം വിവാഹ സമയത്തും കുട്ടിയുടെ ജനനസമയത്തും നിലനിന്നിരുന്നപ്പോൾ. നേരെമറിച്ച്, വിവാഹ ശേഷം ശാരീരിക അവശതയുടെയോ വൈകല്യത്തിന്റെയോ ശതമാനം സംഭവിക്കുകയോ വർദ്ധിക്കുകയോ ചെയ്യുന്നുവെങ്കിൽ, ജീവനാംശബത്തയുടെ അളവ് നിശ്ചയിക്കുന്നതിനുവേണ്ടി സമ്പാദ്യ ശേഷിയുടെ നഷ്ടത്തിന്റെ ശതമാനം ആനുപാതികമായി പരിഗണിക്കുവാൻ കഴിയുന്നതാണ്. ഈ കേസിൽ റിവിഷൻ ഹർജിക്കാരൻ ഫാൻസി വസ്തുക്കളുടെ കച്ചവടം നടത്തിവരികയാണെന്നും, അയാൾ കേരള പീജിയൺ സൊസൈറ്റിയിലെ ഒരംഗമാണെന്നും ഉള്ളതാണ് ഒന്നാം എതിർകക്ഷി മുന്നോട്ടുവച്ച നിശ്ചിത കേസ് എന്ന് ശ്രദ്ധിക്കുന്നത് പ്രസക്തമാണ്. അയാൾ പീജിയൺ ബിസിനസിൽ നിന്നുകൂടി സമ്പാദിക്കുന്നുവെന്ന് ന്യായമായും അനുമാനിക്കുവാൻ കഴിയുന്നതാണ്. എക്സിബിറ്റുകൾ എ 1-ഉം എ 2-ഉം ഈ വ്യാപ്തിയിലേക്ക് വളരെ മുന്നോട്ടു പോകുന്നു. അതിനാൽ ജീവനാംശബത്ത ലഭിക്കുന്നതിന് എതിർകക്ഷികൾക്ക് അവകാശമുണ്ട് എന്ന ഒരു കണ്ടെത്തലിലേക്ക് കീഴ്ക്കോടതി എത്തിച്ചേർന്ന തെളിവിന്റെ വിലയിരുത്തലിൽ ഏതൊരു വിപര്യവും ഞാൻ കാണുന്നില്ല.

5. അളവ് ശരിയാണോ എന്നതിലേക്ക് വരുമ്പോൾ, ഭർത്താവ് അയാളുടെ കുട്ടികൾക്ക് തന്റെ ഭാര്യയുടെയും കുട്ടികളുടെയും ജീവിതസ്ഥിതിയ്ക്കും ജീവിതനിലവാരത്തിനും ദൈനംദിന ആവശ്യകതകൾക്കും അനുസൃതമായി ജീവനാംശബത്ത നൽകുവാൻ ബാദ്ധ്യസ്ഥനാണ്. കുട്ടിയുടെ ക്ഷേമത്തിനും സംരക്ഷണത്തിനും അവന്റെ ശൈശവകാലയളവിൽ ഒരു ഗണ്യമായ തുക ആവശ്യമാണ്, എന്തുകൊണ്ടെന്നാൽ, ഈ കാലയളവിൽ ശിശുവിന് കൂടുതൽ പരിരക്ഷ, സംരക്ഷണം, പോഷകാഹാരം, വൈദ്യശ്രദ്ധ മുതലായവ ആവശ്യമാണ്. 'ഉപായങ്ങൾ' എന്ന പദത്തിൽ ആഹാരം, താമസം, വസ്ത്രം, വൈദ്യശ്രദ്ധ, വിദ്യാഭ്യാസ ചെലവുകൾ മുതലായവയ്ക്കുള്ള ഏർപ്പാടുകൾ ഉൾപ്പെടുന്നു. മുകളിലത്തെ വീക്ഷണത്തിൽ കീഴ്ക്കോടതി തീരുമാനിച്ച ജീവനാംശബത്തയുടെ അളവ് ന്യായമായതും ശരിയായതും, റിവിഷണൽ അധികാരിതയിൻകീഴിലുള്ള യാതൊരു ഇടപെടലും ആവശ്യപ്പെടുന്നില്ലെന്നും ഞാൻ കാണുന്നു.

6. ഈ കേസിലെ വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട്, കുടിശ്ശിക നൽകുവാൻ റിവിഷൻ ഹർജിക്കാരന് ആറുമാസത്തെ സമയം നൽകുന്നു, എന്നാൽ റിവിഷൻ ഹർജിക്കാരൻ മുഴുവൻ കുടിശ്ശികയുടെയും പകുതി ഇന്നുമുതൽ മൂന്നുമാസ കാലാവധിക്കുള്ളിൽ നൽകേണ്ടതും, അവശേഷിക്കുന്ന ബാക്കി തുക അടുത്ത മൂന്നുമാസത്തിനുള്ളിൽ നൽകേണ്ടതുമാണ്. വിനിർദ്ദിഷ്ട സമയത്തിനുള്ളിൽ ആദ്യ തവണ നൽകുന്നതിൽ വീഴ്ചവരുത്തിയാൽ, ഈ തവണ സൗകര്യം സ്വയമേവ റദ്ദാക്കപ്പെടുന്നതും എല്ലാ കുടിശ്ശികകളുടെയും മുഴുവനായുള്ള ഈടാക്കൽ നടത്തുന്നതിന് കുടുംബകോടതിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാണ്.

ഈ റിവിഷൻ ഹർജി (കുടുംബ കോടതി) തള്ളിക്കളഞ്ഞിരിക്കുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ. ഹരിലാൽ

ജയകുമാർ

അഭി

ദേവിവിലാസം കെട്ടുതെങ്ങു സംഘം

ക്രിമിനൽ ആർ. പി. നം. 4635/2006

2015 ജൂലൈ 28-ന് വിധി കൽപ്പിച്ചത്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, വകുപ്പ് 138 & 142-- സംഘത്തിന് കൊടുക്കേണ്ടതായ കടം വീട്ടിക്കൊണ്ട് പ്രതി സംഘത്തിന്റെ സെക്രട്ടറിക്കു ചെക്ക് നൽകി-- ചെക്ക് ആദരിക്കപ്പെടാതെ മടക്കി അയക്കപ്പെട്ടു-- സംഘം പരാതി ഫയൽ ചെയ്തു-- കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 142-ാം വകുപ്പ് അനുസരിച്ച് ആദാതാവ് അല്ലെങ്കിൽ അതതുസംഗതിപോലെ, ചെക്കിന്റെ മുറയ്ക്കുള്ള ധാരകൻ സമർപ്പിച്ച ഒരു പരാതിയിൻമേൽ അല്ലാതെ ഒരു കോടതിയും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റത്തെയും നടപടിക്കെടുക്കുവാൻ പാടില്ലാത്തതാണ്—ഈ കേസിൽ, നിസ്തർക്കമായി, ആദാതാവ് കരുണാകരൻ നായർ ആകുന്നതും പരാതിക്കാരനായ ദേവിവിലാസം കെട്ടുതെങ്ങു സംഘം ഒരു ആദാതാവ് അല്ലാത്തതും, മുറയ്ക്കുള്ള ഒരു ധാരകൻ അല്ലാത്തതും ആകുന്നു—അതിനാൽ, സംഘം ഫയൽ ചെയ്ത പരാതി നിലനിൽക്കത്തക്കതല്ല.

### ഉത്തരവ്

റിവിഷൻ ഹർജിക്കാരൻ വൈക്കം ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ ഫയലിലുള്ള സി.സി.നം. 7/2002-ലെ പ്രതിയാണ്. മുകളിലത്തെ പരാതി 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (ചുരുക്കത്തിൽ എൻ.ഐ ആക്റ്റ്) 138-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റം ആരോപിച്ചുകൊണ്ട് ഇതിലെ ഒന്നാം എതിർകക്ഷി ഫയൽ ചെയ്തിരുന്നു. പരാതിക്കാരന്റെ കേസ് എന്തെന്നാൽ പ്രതി, പരാതിക്കാരനിൽ/സംഘത്തിൽ നിന്ന് നാളികേരങ്ങൾ വിലയ്ക്കു വാങ്ങുകയും, ജൂലൈ 2000 വരെ വിലയ്ക്കു വാങ്ങിയ നാളികേരങ്ങളുടെ വിലയിലേക്ക് 16,000/- രൂപ പ്രതിയിൽ നിന്ന് സംഘത്തിന് കൊടുക്കേണ്ടതായി വന്നതും, പ്രസ്തുത കടം വീട്ടിക്കൊണ്ട് പ്രതി സംഘത്തിന്റെ സെക്രട്ടറി ആയ ശ്രീ. കരുണാകരൻ നായരുടെ പേർക്ക് എക്സിബിറ്റ് പി 1 ചെക്ക് നൽകുകയും, ആ ചെക്കിനെ പണമായി മാറ്റുവാൻ ഹാജരാക്കിയപ്പോൾ, അത് പണത്തിന്റെ കുറവുകൊണ്ട് ആദരിക്കപ്പെടാതെ മടക്കി അയക്കപ്പെടുകയും ചെയ്തു എന്നതാണ്. അതു കൂടാതെ,

കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138 (ബി) പ്രകാരം നോട്ടീസ് കൈപ്പറ്റിയിട്ടും പ്രതി ചെക്ക് തുക തിരികെ കൊടുത്തിട്ടില്ല.

2. വിചാരണയ്ക്കുശേഷം, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് റിവിഷൻ ഹർജിക്കാരനെ പ്രസ്തുത കുറ്റത്തിന് അപരാധിയായി കണ്ടെത്തുകയും, അതിൻകീഴിൽ കുറ്റസ്ഥാപനം ചെയ്യുകയും ചെയ്തു. രണ്ടു മാസത്തെ സാധാരണ തടവ് അനുഭവിക്കുവാനും, സി.ആർ.പി.സി യിലെ വകുപ്പ് 357 (3) പ്രകാരം പരാതിക്കാരന് 18,000/- രൂപ നഷ്ടപരിഹാരം കൊടുക്കുവാനും, വീഴ്ച വരുത്തിയാൽ, 15 ദിവസത്തെ സാധാരണ തടവ് അനുഭവിക്കുവാനും അയാൾക്ക് ശിക്ഷ വിധിക്കപ്പെട്ടു. അയാൾ കുറ്റസ്ഥാപനത്തെയും ശിക്ഷാവിധിയെയും കോട്ടയം അഡീഷണൽ സെഷൻസ് കോടതി (സ്പെഷ്യൽ) മുമ്പാകെ ക്രിമിനൽ അപ്പീൽ നം. 259/2004-ൽ ചോദ്യം ചെയ്തുവെങ്കിലും, രേഖയിലുള്ള മുഴുവൻ തെളിവും വീണ്ടും വിലയിരുത്തിയതിനുശേഷം പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിയും അപരാധിയെന്ന വിധിയുമായി യോജിക്കുകയും കുറ്റസ്ഥാപനത്തെ സ്ഥിരീകരിക്കുകയും ചെയ്തു; എന്നാൽ ശിക്ഷാവിധിയെ രൂപഭേദപ്പെടുത്തി. രണ്ടുമാസ സാധാരണ തടവിനുള്ള സാരവത്തായ ശിക്ഷാവിധി കുറയ്ക്കപ്പെടുകയും, കോടതി പിരിയുന്നതു വരെയുള്ള ഒരു ദിവസത്തേക്കുള്ള സാധാരണ തടവിലേക്ക് രൂപഭേദപ്പെടുത്തുകയും, ശിക്ഷാ വിധിയുടെ ബാക്കി ഭാഗം ഏതൊരു ഇടപെടലും കൂടാതെ നിലനിർത്തപ്പെടുകയും ചെയ്തു. സമവർത്തിയായ കുറ്റസ്ഥാപന കണ്ടെത്തലുകളുടെയും രൂപഭേദപ്പെടുത്തിയ ശിക്ഷാവിധിയുടെയും നിയമസാധുതയും മര്യാദയും ഈ റിവിഷൻ ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടു.

3. സമവർത്തിയായ കുറ്റസ്ഥാപന കണ്ടെത്തലുകളെയും രൂപഭേദപ്പെടുത്തിയ ശിക്ഷാവിധിയെയും യഥാർത്ഥ യോഗ്യതകളിൻമേൽ ചോദ്യംചെയ്യുന്ന വിവിധ കാരണങ്ങളെ അടിസ്ഥാനമാക്കി ഈ റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ കൂടിയും, പരാതിക്കാരനെ/സംഘത്തെ പ്രതിനിധീകരിച്ച കരുണാകരൻ നായർ എന്ന ഒരാളുടെ പേർക്ക് നൽകപ്പെട്ട എക്സിബിറ്റ് പി 1 ചെക്കിന്റെ അനാദരണം ആരോപിച്ചുകൊണ്ട് ഇപ്പോഴത്തെ പരാതി ഫയൽ ചെയ്യുവാൻ പരാതിക്കാരന്/സംഘത്തിന് വ്യവഹാര ഇടപെടൽ അവകാശം യാതൊന്നും ഇല്ല എന്ന വിഷയത്തെ റിവിഷൻ ഹർജിക്കാരനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ പ്രധാനമായും ക്യാൻവാസ് ചെയ്തിരിക്കുന്നു. പാണ്ഡിത്യമുള്ള അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, പരാതിക്കാരൻ ആദാതാവുമല്ല മുറയ്ക്കുള്ള ധാരകനുമല്ല. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പു പ്രകാരമുള്ള ഒരു പരാതി ആദാതാവിനോ മുറയ്ക്കുള്ള ധാരകനോ ഫയൽ ചെയ്യാൻ കഴിയുന്നതാണ്. ചുരുക്കത്തിൽ, പരാതിക്കാരൻ വാദിച്ചിട്ടുള്ളതുപോലെ എക്സിബിറ്റ് പി1 ചെക്ക് കരുണാകരൻ നായർക്ക് നൽകപ്പെട്ടതും സംഘത്തിന് നൽകപ്പെടാത്തതുമായ വ്യക്തിപരമായ ഒരു ചെക്കാണ്. അതിനാൽ പരാതി തന്നെ നിലനിൽക്കത്തക്കതല്ലായിരുന്നു, കാരണം പരാതിക്കാരന് അങ്ങനെയുള്ള ഒരു പരാതി ഫയൽ ചെയ്യുവാനുള്ള വ്യവഹാര ഇടപെടൽ അവകാശം യാതൊന്നുമില്ലായിരുന്നു. എന്നാൽ പരാതിയുടെ നിലനിൽപ്പ് നിയമപ്രകാരം പരിഗണിക്കുവാൻ കീഴ്ക്കോടതി ദയനീയമായി പരാജയപ്പെട്ടു.

4. നേരെമറിച്ച്, ചോദ്യം ചെയ്യപ്പെട്ട വിധിന്യായങ്ങളിലെ കണ്ടെത്തലുകളെ ന്യായീകരിക്കുവാൻ ഒന്നാം എതിർകക്ഷിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദങ്ങൾ മുമ്പോട്ടു വച്ചിട്ടുണ്ട്. പരാതിക്കാരൻ/സംഘം പാസ്സാക്കിയ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരാതി ഫയൽ ചെയ്യപ്പെട്ടതെന്ന് ഒന്നാം എതിർകക്ഷിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. ആയതിനാൽ, ചെക്കിലെ ആദാതാവ് കരുണാകരൻ നായർ ആണെങ്കിൽ പോലും കരുണാകരൻ നായരുടെ പേർക്ക് നൽകപ്പെട്ട ചെക്കിന്റെ അനാദരണത്തിൻമേൽ ഇപ്പോഴത്തെ പരാതി ഫയൽ ചെയ്യുവാൻ പരാതിക്കാരന്/ സംഘത്തിന് വ്യവഹാര ഇടപെടൽ അവകാശം ഉണ്ടായിരിക്കുന്നു. മറ്റേതെങ്കിലും ബാദ്ധ്യത കൂടി തീർത്തുകൊണ്ട്

നൽകപ്പെട്ട ഒരു ചെക്കിന്റെ അനാദരണത്തിൻമേൽ ഒരു പരാതി ഫയൽ ചെയ്യുവാൻ കഴിയുന്നതാണ് എന്നു കൂടി വാദിച്ചിരിക്കുന്നു. വിഷയത്തിന്റെ ആ കാഴ്ചപ്പാടിൽ സംഘത്തിന്റെ നേർക്കുള്ള ബാദ്ധ്യത തീർത്തുകൊണ്ട് കരുണാകരൻ നായരുടെ പേർക്ക് നൽകപ്പെട്ട ചെക്കും നിലനിൽക്കത്തക്കതാണ്.

5. കോടതിയിൽ നടത്തിയ സമർപ്പണങ്ങൾക്ക് ഞാൻ എന്റെ ഉൽക്കണ്ഠിതമായ പരിഗണന നൽകിയിട്ടുണ്ട്. പരിഗണനയ്ക്കു വേണ്ടി ഉയരുന്ന ചോദ്യം, പരാതി നിലനിൽക്കത്തക്കതായിരുന്നോ ഇല്ലയോ? എന്നതാണ്. വ്യത്യസ്തമായി പറഞ്ഞാൽ, ആരോപിച്ചിട്ടുള്ളതുപോലെ സംഘത്തിനുള്ള ഒരു ബാദ്ധ്യത തീർത്തുകൊണ്ട് സെക്രട്ടറിക്ക്, അയാളുടെ പേർക്ക് നൽകപ്പെട്ട ഒരു ചെക്കിന്റെ അനാദരണത്തിൻമേൽ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 142-ാം വകുപ്പുമായി കൂട്ടി വായിച്ച് 138-ാം വകുപ്പ് പ്രകാരം പരാതി ഫയൽ ചെയ്യുവാൻ പരാതിക്കാരന്/സംഘത്തിന് വ്യവഹാര ഇടപെടൽ അവകാശം ഉണ്ടോ? എന്നതാണ്.

6. പരാതി അനുസരിച്ച്, പ്രത്യക്ഷമായി, പരാതിക്കാരൻ ദേവിവിലാസം കെട്ടുതെങ്ങ് സംഘം ആണെന്നും, ആ സംഘത്തെ അതിന്റെ സെക്രട്ടറിയായ ശ്രീ. കരുണാകരൻ നായർ പ്രതിനിധീകരിക്കുന്നു എന്നും കാണുന്നു. എന്നാൽ എക്സിബിറ്റ് പി 1 ചെക്ക് അനുസരിച്ച് ആദാതാവ് കരുണാകരൻ നായർ എന്ന ഒരാളാണെന്ന് കാണുന്നു. പരാതിക്കാരന്റെ കേസ് എന്തെന്നാൽ, പരാതിക്കാരൻ/സംഘത്തിൽ നിന്ന് വിലയ്ക്കു വാങ്ങിയ നാളികേരങ്ങളുടെ വിലയിലേക്ക് 16,000/- രൂപ പരാതിക്കാരന്/സംഘത്തിന് ചെല്ലേണ്ടിയിരുന്നെന്നും, പ്രസ്തുത ബാദ്ധ്യത തീർത്തുകൊണ്ട് പ്രസ്തുത ചെക്ക് നൽകപ്പെട്ടുവെന്നും ഉള്ളതാണ്. അതുകൊണ്ട്, ആ ചെക്കിൻ കീഴിലുള്ള ബാദ്ധ്യത ദേവിവിലാസം കെട്ടുതെങ്ങു സംഘത്തിന്റെ നേർക്കായിരുന്നതും, കരുണാകരൻ നായരുടെ നേർക്ക് അല്ലാതിരുന്നതുമാണ്. എന്നാൽ എക്സിബിറ്റ് പി 1 ചെക്ക് കരുണാകരൻ നായരുടെ പേർക്ക് നൽകപ്പെട്ടതായി കാണുന്നു. ഇത് അർത്ഥമാക്കുന്നതെന്തെന്നാൽ, സംഘത്തിന്റെ സെക്രട്ടറി എന്ന നിലയിൽ കരുണാകരൻ നായർ സംഘത്തെ പ്രതിനിധീകരിക്കുന്നെങ്കിൽ കൂടിയും, പരാതിക്കാരൻ സംഘമാണ് എന്നതാണ്.

7. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് അനുസരിച്ച്, ഒരാൾ, അയാൾ ഒരു ബാങ്കറിൽ വച്ചുപോരുന്ന അക്കൗണ്ടിൻമേൽ, ഏതെങ്കിലും കടമോ ബാദ്ധ്യതയോ, മുഴുവനായോ ഭാഗീകമായോ തീർക്കുന്നതിനു വേണ്ടി ആ അക്കൗണ്ടിൽ നിന്ന് ഏതെങ്കിലും പണം മറ്റൊരാൾക്കു കൊടുക്കുന്നതിനായി എഴുതിയ ഏതെങ്കിലും ചെക്കിനെ മതിയായ പണത്തിന്റെ കുറവു മൂലം പണം കൊടുക്കാതെ ബാങ്ക് മടക്കി അയക്കുന്നിടത്ത്, അയാൾ ഒരു കുറ്റം ചെയ്തിട്ടുള്ളതായി കരുതപ്പെടേണ്ടതും, അതിനനുസൃതമായി ശിക്ഷിക്കപ്പെടേണ്ടതുമാണ് എന്നതാണ് നിയമഭാഷ. ചുരുക്കത്തിൽ, ഒരു പരാതി ഫയൽ ചെയ്യുവാൻ പ്രാപ്തമാക്കുന്ന വ്യവഹാര കാരണം ആദാതാവിന് അനുകൂലമായി, ഏതെങ്കിലും തുക കൊടുക്കുന്നതിനുവേണ്ടി ഒരാൾ അയാളുടെ പേർക്ക് എഴുതിയ ഏതെങ്കിലും ചെക്ക് മതിയായ പണത്തിന്റെ കുറവു കാരണം അനാദരണം ചെയ്യപ്പെടുമ്പോൾ, ഉൽഭവിക്കുന്നു.

8. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 142-ാം വകുപ്പ് അനുസരിച്ച്, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദാതാവ് അല്ലെങ്കിൽ അതതുസംഗതിപോലെ ചെക്കിന്റെ മുറയ്ക്കുള്ള ധാരകൻ സമർപ്പിച്ച ഒരു പരാതിയിൻമേൽ അല്ലാതെ ഒരു കോടതിയും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റത്തെയും നടപടിക്കെടുക്കുവാൻ പാടില്ലാത്തതാണ്. ഇപ്രകാരം ആദാതാവിനോ മുറയ്ക്കുള്ള ധാരകനോ മാത്രം കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 142-ാം വകുപ്പ് പ്രകാരം ഒരു പരാതി ഫയൽ ചെയ്യുവാനുള്ള വ്യവഹാര ഇടപെടൽ അവകാശം ഉണ്ടായിരിക്കുന്നു.

9. മുകളിലത്തെ കാഴ്ചപ്പാടിനെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138(ബി) മേലും സംരക്ഷിക്കുന്നു. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 138 (ബി) അനുസരിച്ച് ആദാതാവോ മുറയ്ക്കുള്ള ധാരകനോ, അതതുസംഗതിപോലെ, പണം കൊടുക്കാതെ ചെക്ക് മടക്കിയതിനെ സംബന്ധിച്ച് ബാങ്കിൽ അയാൾക്ക് വിവരം ലഭിച്ച മുപ്പത് ദിവസത്തിനുള്ളിൽ ചെക്ക് എഴുതിക്കൊടുത്ത ആൾക്ക് ലിഖിതമായ ഒരു നോട്ടീസ് അയയ്ക്കേണ്ടതാണ്. ഇപ്രകാരം, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരമുളള കുറ്റം ചെയ്യലിന് എഴുതിക്കൊടുത്ത ആൾക്ക് എതിരെ നടപടി എടുക്കുവാനുള്ള അവകാശം ആദാതാവിനോ മുറയ്ക്കുള്ള ധാരകനോ മാത്രം ഉണ്ടായിരിക്കുന്നു എന്ന് ഉപവകുപ്പ് (ബി) സ്പഷ്ടീകരിക്കുന്നു. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 7-ാം വകുപ്പ് അനുസരിച്ച്, ആർക്കാണോ അല്ലെങ്കിൽ ആരുടെ ആർഡർക്കാണോ പണം കൊടുക്കുവാൻ പ്രമാണം വഴി നിർദ്ദേശിക്കപ്പെടുന്നത്, ആ പ്രമാണത്തിൽ പേർ പറഞ്ഞിട്ടുള്ള ആൾക്ക് "ആദാതാവ്" എന്ന് പേർ പറയുന്നു. അതുപോലെതന്നെ, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 9-ാം വകുപ്പ് അനുസരിച്ച്, "മുറയ്ക്കുള്ള ധാരകൻ" എന്നാൽ ഒരു പ്രോനോട്ടിന്റെയോ, വിനിമയ പത്രത്തിന്റെയോ, ചെക്കിന്റെയോ, അതിൽ പറഞ്ഞിട്ടുള്ള തുക കൊടുക്കേണ്ടതായി വരുന്നതിനു മുമ്പ്, ബെയറർക്ക് പണം കൊടുക്കേണ്ടതാണെങ്കിൽ അതിന്റെ കൈവശക്കാരനായോ, ആർഡർക്ക് പണം കൊടുക്കേണ്ടതാണെങ്കിൽ അതിന്റെ ആദാതാവായോ ഇൻഡോർസിയായോ ആയി പ്രതിഫലത്തിനു വേണ്ടിയും; തനിക്ക് അവകാശം സിദ്ധിച്ചത് ആരിൽ നിന്നാണോ അയാളുടെ അവകാശത്തിൽ ഏതെങ്കിലും ന്യൂനത നിലനിന്നിരുന്നു എന്ന് വിശ്വസിക്കുവാൻ മതിയായ കാരണം ഇല്ലാതെയും ആയിത്തീരുന്ന ഏതൊരാളും എന്നർത്ഥമാകുന്നു.

10. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പുകൾ 142-ന്റെയും 138 (ബി) യുടെയും കീഴിലുള്ള ശാസനാത്മകമായ ഭാഷയിൽ നിന്ന് വേർപെടുത്തിയെടുക്കുവാൻ കഴിയുന്ന സിദ്ധാന്തം എന്നത് കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ഒരു പരാതി ഫയൽ ചെയ്യുവാനുള്ള വ്യവഹാര ഇടപെടൽ അവകാശം അനാദരണം ചെയ്യപ്പെട്ട ചെക്കിന്റെ ആദാതാവിനോ മുറയ്ക്കുള്ള ധാരകനോ മാത്രം നൽകപ്പെടുന്നു എന്നും അനാദരണം ചെയ്യപ്പെട്ട ചെക്കിന്റെ ആദാതാവോ മുറയ്ക്കുള്ള ധാരകനോ പരാതി ഫയൽ ചെയ്യാത്തപക്ഷം, ഒരു കോടതിയും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തെ നടപടിക്കെടുക്കുവാൻ പാടില്ലാത്തതുമാണ് എന്നതാണ്.

11. മുകളിലത്തെ സിദ്ധാന്തം ഇപ്പോഴത്തെ കേസിൽ ബാധകമാക്കുമ്പോൾ, നിസ്തർക്കമായി, ആദാതാവ് കരുണാകരൻ നായർ ആകുന്നതും പരാതിക്കാരനായ ദേവിവിലാസം കെട്ടുതെങ്ങു സംഘം ഒരു ആദാതാവല്ലാത്തതും, മുറയ്ക്കുള്ള ഒരു ധാരകനല്ലാത്തതും ആകുന്നു. പിൻതുടരുന്നതെന്തെന്നാൽ സംഘത്തിന്റെ സെക്രട്ടറിയായ കരുണാകരൻ നായരുടെ പേർക്ക് നൽകപ്പെട്ട ചെക്ക് മതിയായ പണത്തിന്റെ കുറവുകാരണമുള്ള അനാദരണം ആരോപിച്ചുകൊണ്ട് ഒരു പരാതി ഫയൽ ചെയ്യുവാൻ ദേവിവിലാസം കെട്ടുതെങ്ങു സംഘത്തിന് യാതൊരു വ്യവഹാര ഇടപെടൽ അവകാശവും ഇല്ല എന്നതാണ്. മറ്റേതെങ്കിലും ബാദ്ധ്യത തീർത്തുകൊണ്ട് നൽകപ്പെട്ട ചെക്കും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പിൻകീഴിൽ പരാമർശിച്ചിട്ടുള്ള ശിക്ഷാപരമായ അനന്തര ഫലങ്ങളിൻകീഴിൽ വരുമെന്നതു കൊണ്ട് സംഘത്തിന്റെ നേർക്കുള്ള ബാദ്ധ്യത തീർത്തുകൊണ്ട് സംഘത്തിന്റെ സെക്രട്ടറി എന്ന നിലയിൽ ചെക്ക് കരുണാകരൻ നായരുടെ പേർക്ക് നൽകപ്പെട്ടു എന്ന് ആരോപിച്ചുകൊണ്ട് ഒരു പരാതി അയാൾക്ക് ഫയൽ ചെയ്യുവാൻ കഴിഞ്ഞിരിക്കും എന്നത് സത്യമാണ്. എന്നാൽ, ഇവിടെ അങ്ങനെയുള്ള യാതൊരു കേസും ഇല്ല. സംഘത്തിന്റെ സെക്രട്ടറിക്ക്, അയാളുടെ പേരിൽ ചെക്ക് സ്വീകരിക്കുവാൻ സംഘം നടത്തിയിട്ടുള്ള അധികാരപ്പെടുത്തലോ പാസ്സാക്കിയ തീരുമാനമോ, ചെക്ക് സെക്രട്ടറിയുടെ പേരിൽ എഴുതപ്പെട്ട് നിലനിൽക്കുന്നിടത്തോളം, അയാൾക്ക് ആദാതാവിന്റെയോ മുറയ്ക്കുള്ള

ധാരകന്റെയോ പദവി നൽകുന്നില്ല. ആദാതാവോ മുറയ്ക്കുള്ള ധാരകനോ അല്ലാത്ത ഒരാൾ ഫയൽ ചെയ്ത പരാതിയെ വിചാരണ കോടതി നടപടിക്കെടുത്തിരിക്കാൻ പാടില്ലാത്തതായിരുന്നു എന്നത് പിന്തുടരുന്നു. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 142-ാം വകുപ്പിന്റെ കാഴ്ചപ്പാടിൽ വ്യവഹാര ഇടപെടൽ അവകാശത്തിന്റെ കുറവു കാരണം നിലനിൽപ്പിൻമേൽ വിചാരണ കോടതി പരാതിയെ ആരംഭത്തിൽ തന്നെ തള്ളിക്കളയേണ്ടതായിരുന്നു എന്നത് പറയേണ്ടതില്ല. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പുകൾ 138-ന്റെയും 142-ന്റെയും കാഴ്ചപ്പാടിൽ പരാതിക്കാരന്റെ അവകാശത്തെ അല്ലെങ്കിൽ വ്യവഹാര ഇടപെടൽ അവകാശത്തെ അതിന്റെ ശരിയായ വീക്ഷണത്തിൽ പരിഗണിക്കുവാൻ കീഴ്ക്കോടതികൾ ദയനീയമായി പരാജയപ്പെട്ടു.

12. അതിനാൽ, നിലനിൽക്കത്തക്കതല്ലാതിരുന്ന ഒരു പരാതിയിൻമേൽ റിവിഷൻ ഹർജിക്കാരന്റെ മേൽ ചുമത്തപ്പെട്ട കുറ്റസ്ഥാപനവും ശിക്ഷാവിധിയും നിയമത്തിൻ കീഴിൽ നിലനിർത്താവുന്നതല്ല. തത്ഫലമായി, വിചാരണ കോടതി പാസ്സാക്കിയതും, അപ്പീൽ കോടതി സ്ഥിരീകരിച്ചിട്ടുള്ളതുമായ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം അസ്ഥിരപ്പെടുത്തപ്പെടുന്നതും കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് ഹർജിക്കാരൻ കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്യുന്നു.

ഈ റിവിഷൻ ഹർജി അനുവദിച്ചിരിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. മുസ്തഖ്

കെ. കെ. ആർ. ഫുഡ് പ്രൊഡക്റ്റ്സ്

അഭി

അനുപമ

റിട്ട് ഹർജി നം. 300095/2015

2015 ഒക്ടോബർ 13-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്—ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 21—ദൂഷണമില്ലാത്ത അല്ലെങ്കിൽ മനുഷ്യജീവന് അപായസാധ്യത അവകാശപ്പെടുന്ന ഏതൊരു ഘടകവുമില്ലാത്ത ഭക്ഷണം കിട്ടാനുള്ള ഒരു അവകാശത്തെ, ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ അർത്ഥത്തിൽ, ഒരു പൗരന്റെ ഒരു വലിയ അവകാശമായി പരിഗണിക്കുവാൻ കഴിയുന്നതാണ്--ഏതൊരു നിയമാധിഷ്ഠിത വ്യവസ്ഥകളുടെ അഭാവത്തിൽ പോലും, ആരോഗ്യ നിലപാടിന്റെ കാഴ്ചപ്പാടുകാരണം മായം ചേർത്ത ഭക്ഷണത്തിന്റെ സാധ്യമായ ദൂഷണത്തിൽ നിന്ന് മനുഷ്യരെ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുവാനുള്ള ഒരു കടമ എന്ന നിലയിൽ ഭരണഘടനയുടെ കീഴിൽ രാഷ്ട്രത്തിന് പരമാധികാരം നിക്ഷേപിക്കപ്പെടുന്നു.

2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 34, 51 & 54—2011-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും (വില്പനകളിന്മേലുള്ള നിരോധനവും നിയന്ത്രണങ്ങളും) റഗുലേഷനുകൾ-- നിലവാരങ്ങളുടെ കുറവുകാരണം, എഫ്.എസ്.എസ് ആക്റ്റിലെ 51-ാം വകുപ്പ് പ്രകാരമോ 54-ാം വകുപ്പ് പ്രകാരമോ പിഴ ശിക്ഷ ചുമത്തുന്നതിന് നടപടി ആരംഭിക്കുവാൻ കഴിയുന്നതാണ് എന്നതിൽ യാതൊരു സംശയവുമില്ല. എന്നിരുന്നാലും, അത് നിരോധനത്തിന്റെ സ്വഭാവത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള ഒരു അധികാരം നൽകുന്നില്ല--നിരോധിക്കപ്പെട്ട ഭക്ഷ്യ ഇനങ്ങൾ ആരോഗ്യ അപകടങ്ങളോ മനുഷ്യജീവന് അപായ സാദ്ധ്യതയോ ഉണ്ടാക്കുമെന്ന് മറ്റുവിധത്തിൽ ബോദ്ധ്യമാകുകയാണെങ്കിൽ മാത്രം, നിരോധനം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 30(2) & 34--ഭക്ഷ്യസാധനത്തെ സംബന്ധിച്ച് അത് മനുഷ്യ ഉപഭോഗത്തിന് അരക്ഷിതമാണെന്നുള്ള ബോധ്യപ്പെടലാണ് ഈ അധികാരത്തിന്റെ വിനിയോഗത്തിനുള്ള മുൻ ഉപാധി. അധികാരിതപരമായ ഈ വസ്തുതയുടെ നിലനിൽപ്പ്, ഈ അധികാരത്തിന്റെ വിനിയോഗത്തിനുള്ള അവശ്യഘടകമാണ്. ഭക്ഷണത്തിന്റെ അരക്ഷിത സ്വഭാവത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും കണ്ടെത്തലിന്റെ അഭാവത്തിൽ, ഈ അധികാരം വിനിയോഗിക്കുവാൻ കഴിയുന്നതല്ല.

2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 26, 28, 30, 34, 51 & 54—26-ാം വകുപ്പ് പ്രകാരമുള്ള ഒരു ഭക്ഷണത്തിന്റെ

**പിൻവലിക്കലോ, 28-ാം വകുപ്പ് പ്രകാരമുള്ള തിരിച്ചെടുക്കലോ, ആ ഭക്ഷണം മനുഷ്യ ഉപഭോഗത്തിന് അരക്ഷിതമായ ഭക്ഷണ മാണെങ്കിൽ മാത്രം ഉത്ഭവിക്കുന്നതാണ്.**

**2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 26, 28, 30, 34, 51 & 54--2011-ലെ അഡിറ്റീവ്സ് റഗുലേഷൻ-- ഉൽപാദകൻ ചിത്രീകരണം വഴിയോ, മറ്റു വിധത്തിലോ ചില നിലവാരങ്ങൾ അവകാശ പ്പെടുന്നെങ്കിൽ, ഉൽപാദകൻ ആ നിലവാരങ്ങൾ നിലനിർത്തുന്നുണ്ട് എന്ന് എഫ്.എസ്.എസ് ആക്റ്റിൻകീഴിലുള്ള അധികാരസ്ഥാനങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. 2011-ലെ അഡിറ്റിവ്സ് റഗുലേഷന്റെ കീഴിൽ നിർണ്ണയിച്ചിട്ടുള്ള നിലവാരങ്ങൾ അനുസരിച്ച്, ചില നിലവാരങ്ങൾ നിലനിർത്തേണ്ടത് ആവശ്യമെങ്കിൽ, ആ നിലവാരങ്ങൾ കൈവരിക്കേണ്ടതുണ്ട്.**

**2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 26, 28, 30, 34, 51 & 54-- ഉല്പന്നത്തിന്റെ ഗുണനിലവാരം എന്താണെ ന്നറിയുവാനുള്ള സകല അവകാശവും ഉപഭോക്താവിന് ഉണ്ടായിരിക്കുന്നു. നിലവാരം കുറഞ്ഞ ഒരു ഉല്പന്നവും വിൽക്കുവാൻ കഴിയുന്നതാണ്, എന്നാൽ അതിൽ അടങ്ങി യിരിക്കുന്നതെന്താണെന്ന് ഉപഭോക്താവ് അറിഞ്ഞിരിക്കേണ്ടതാണ്.**

**2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 26, 28, 30, 34, 51 & 54--മനുഷ്യ ഉപഭോഗത്തിന് സുരക്ഷിതമായ കുറഞ്ഞ നിലവാരമുള്ള ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനവും, വില്പനയും നിരോധി ക്കുവാൻ യാതൊരു വ്യവസ്ഥയും ഇല്ല. ഉപഭോക്താക്കളെ 'കബളിപ്പിക്കൽ' ഉപഭോക്താക്കൾക്ക് 'അരക്ഷിതമായ ഭക്ഷ്യ ഉൽപന്നങ്ങൾ വിൽക്കുന്ന തിൽ നിന്നും' വേർതിരിക്കപ്പെടേണ്ടതുണ്ട്.**

**2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ്, വകുപ്പുകൾ 26, 28, 30, 34, 51 & 54-- നിലവാരം കുറഞ്ഞ ഉല്പന്നങ്ങളുടെ ഉൽപാദകൻ ലംഘനത്തിന് ശിക്ഷിക്ക പ്പെട്ടിട്ടുണ്ടോ എന്നത് ഉപഭോക്താവിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. അതിനാൽ, ഭാവിയിൽ ഉപശമിപ്പിക്കപ്പെടാതെ ലംഘനം നിലനിൽക്കുന്ന സംഗതികളിൽ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് കുറ്റത്തിന്റെ ഒരു പരസ്യം നൽകുവാനും, നിലവാരം കുറഞ്ഞ ഭക്ഷണ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ചതിന് ഉൽപാദകൻ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് തന്റെ ഉല്പന്നത്തിൽ കാണാവുന്ന രീതിയിൽ ലിഖിതം ലേബൽ ചെയ്യുവാൻ അയാളെ ഇടവരുത്തുവാനും കൂടി കഴിയുന്നതാണ്.**

വിധിന്യായം

സുഗന്ധവ്യഞ്ജനപ്പൊടിയുടെയും, മറ്റ് ഭക്ഷ്യോല്പന്നങ്ങളുടെയും ഉൽപാദനത്തിലും വിതരണത്തിലും ഏർപ്പെട്ടിരിക്കുന്ന ഒരു കമ്പനി ഫയൽ ചെയ്തിട്ടുള്ളതാണ് ഈ റിട്ട് ഹർജി. ഹർജിക്കാരൻ ഉൽപാദിപ്പിച്ച നിറപറ ബ്രാൻഡ് മുളകുപൊടിയുടെയും, മഞ്ഞൾപ്പൊടി യുടെയും, മല്ലിപ്പൊടിയുടെയും ഉൽപാദനവും, സംഭരണവും, വില്പനയും, വിതരണവും നിരോധിച്ചുകൊണ്ട് കേരള ഭക്ഷ്യ സുരക്ഷാ കമ്മീഷണർ പാസ്സാക്കിയ എക്സിബിറ്റ് പി 1 ഉത്തരവിനെ അവർ ചോദ്യം ചെയ്യുന്നു.

2. ചോദ്യംചെയ്യപ്പെട്ട ഉത്തരവ് എക്സിബിറ്റ് പി 1 ആയി ഹാജരാക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ നിറപറ ബ്രാൻഡ് സുഗന്ധവ്യഞ്ജനപ്പൊടിയുടെ അവിടവിടെയിരുന്ന സാമ്പിളുകൾ സംസ്ഥാന ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധ തീയതികളിൽ എടുത്തിട്ടുള്ളതായി ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ നിന്ന് കാണപ്പെടുന്നു. മുകളിൽ പരാമർശിച്ച പ്രകാരമുള്ള ഉൽപ്പന്ന ങ്ങളിൽ കൂട്ടിച്ചേർത്ത സ്റ്റാർച്ച് അടങ്ങിയിട്ടു ള്ളതായി ഫുഡ് അനലിസ്റ്റിന്റെ റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

3. ഉല്പന്നങ്ങളിൽ ബന്ധമില്ലാത്ത സ്റ്റാർച്ച് അടങ്ങിയിട്ടുള്ള ഒരേ തരത്തിലുള്ള 30 കേസുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് എക്സിബിറ്റ് പി 1-ൽ പറഞ്ഞിരിക്കുന്നു. 2006-ലെ ഭക്ഷ്യസുരക്ഷയും നിലവാരങ്ങളും ആക്റ്റ് (ചുരുക്കത്തിൽ എഫ്.എസ്.എസ് ആക്റ്റ്) പ്രകാരം നൽകപ്പെട്ട നോട്ടീസുകൾ

ഉണ്ടായിരുന്നിട്ടും, ഹർജിക്കാരൻ മായം ചേർത്ത സുഗന്ധവ്യഞ്ജനപ്പൊടിയുടെ ഉൽപ്പാദനവും വിൽപ്പനയും തുടർന്നുവന്നിരുന്നുവെന്നത് ശ്രദ്ധിക്കപ്പെടുന്നു. വില കുറഞ്ഞ സ്റ്റാർച്ച് ചേർത്ത് സുഗന്ധവ്യഞ്ജനപ്പൊടിയിൽ മായം ചേർക്കുന്ന മനസാക്ഷിക്കുത്തില്ലാത്ത പ്രവർത്തനത്തെ ഉല്പാദകൻ നിർത്താത്തതു കൊണ്ട്, ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുവാൻ, ഇൻഡ്യയുടെ ഭക്ഷ്യ സുരക്ഷയും നിലവാരങ്ങളും ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം കാലടിയിലെ കെ.കെ.ആർ ഫുഡ് പ്രോഡക്റ്റ്സ് ഉൽപ്പാദിപ്പിച്ച നിറപറ ബ്രാൻഡ് മുളകുപൊടിയുടെയും, മഞ്ഞൾപ്പൊടിയുടെയും, മല്ലിപ്പൊടിയുടെയും ഉൽപ്പാദനവും, സംഭരണവും, വില്പനയും, വിതരണവും നിരോധിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4. ഹർജിക്കാരനുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. മത്തായി എം. പൈക്കിഡേയേയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. ടോം. കെ. തോമസിനേയും കേൾക്കുക യുണ്ടായി.

5. സുഗന്ധവ്യഞ്ജനപ്പൊടിയിൽ മായം ചേർക്കുന്നതിൽ ഹർജിക്കാരനെ അന്തിമമായി കണ്ടെത്തിയിട്ടില്ലെന്ന് പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിക്കുന്നു. വിവിധ നടപടികൾ നിലവിലിരിക്കുന്നുവെന്നും, റഫറൽ ലാബിന്റെ റിപ്പോർട്ടുകളെ അവർ ചോദ്യം ചെയ്തിട്ടുണ്ടെന്നും ബോധിപ്പി ച്ചിരിക്കുന്നു. അതിനാൽ, വിഷയം പൂർണ്ണ തയിൽ എത്തിച്ചേരാതിരിക്കെ, നിരോധന ഉത്തരവ് നിയമ വിരുദ്ധമായതാണെന്ന് ബോധിപ്പിച്ചിരിക്കുന്നു. അങ്ങനെയുള്ള ഒരു നിരോധനം പുറപ്പെടുവിക്കുവാൻ ഉത്തരവിൽ പരാമർശിക്കാവുന്ന യാതൊരു അധികാരവും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ഇല്ലായെന്ന് മേലും ബോധിപ്പിച്ചിരിക്കുന്നു. ആ ഉത്തരവ് പുറപ്പെടുവിക്കുന്നതുവഴി, കമ്മീഷണർ തന്റെ അധികാരത്തെ അതിലംഘിച്ചു എന്നുകൂടി പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിച്ചു. എഫ്.എസ്.എസ് ആക്റ്റിൻ കീഴിലുള്ള "കുറഞ്ഞ നിലവാരത്തിന്റെ" നിർവ്വചനത്തെ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ചൂണ്ടിക്കാട്ടി. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, എക്സിബിറ്റ് പി-1 ലെ നിരോധനത്തിന്റെ കണ്ടെത്തലുകൾ, ഹർജിക്കാരന്റെ സുഗന്ധ വ്യഞ്ജനപ്പൊടി കുറഞ്ഞ നിലവാരമുള്ള താണെന്ന വസ്തുതാകാരണം നിരോധനം ആവശ്യമായി തീർക്കപ്പെടുന്നു എന്നതാണ്. കുറഞ്ഞ നിലവാരമുള്ള ഭക്ഷണത്തിന്റെ വിൽപ്പന നിരോധിക്കുവാൻ യാതൊരു വ്യവസ്ഥയും ഇല്ലായെന്ന് മേലും ബോധിപ്പി ച്ചിരിക്കുന്നു. അങ്ങനെയുള്ള ഒരു ഉത്തരവ് നൽകുന്നതിനുള്ള ഉത്തമവിശ്വാസമില്ലായ്മയെ എടുത്തു കാണിക്കുവാനും പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രമിച്ചിട്ടുണ്ട്. ഹർജിക്കാരന് പറയുവാനുള്ളത് പറയുവാനുള്ള അവസരം നൽകാതെ എക്സിബിറ്റ് പി 1 പുറപ്പെടു വിക്കപ്പെട്ടു എന്നും ബോധിപ്പിച്ചിരിക്കുന്നു.

6. മറുവശത്ത്, 5-ാം എതിർകക്ഷി ഫയൽചെയ്ത സ്റ്റേറ്റ്മെന്റിനെ പാണ്ഡിത്യമുള്ള ഗവണ്മെന്റ് പ്ലീഡർ പരാമർശിച്ചു. സുഗന്ധ വ്യഞ്ജന ഉത്പന്നത്തിലെ മായം ചേർക്കൽ സംബന്ധിച്ച 33 കേസുകൾ ഉണ്ടായിരുന്നെന്നും, വിവിധ ന്യായനിർണ്ണയ ഉദ്യോഗസ്ഥർ 10,000 രൂപ മുതൽ 5 ലക്ഷം രൂപ വരെ ഇനം തിരിച്ചുള്ള പിഴ ശിക്ഷകൾ ചുമത്തിയിട്ടുണ്ടെന്നും ബോധിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തുടനീളം അധികാരസ്ഥാനത്തിന് മുമ്പാകെ, ന്യായ നിർണ്ണയത്തിന് വേണ്ടി കേസുകൾ നിലവിലി രിക്കുന്നു എന്നുകൂടി ബോധിപ്പിച്ചിരിക്കുന്നു. മായംചേർക്കൽ കേസുകളുടെ ധാരാളം എണ്ണം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും, പൊതുവേ യുള്ള പൊതുജന താല്പര്യത്തിലും, ഹർജിക്കാ രനെതിരെ അങ്ങനെയുള്ള ഒരു നടപടി എടുക്കുവാൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർബന്ധിക്കപ്പെട്ടു എന്ന് ബോധിപ്പിച്ചിരിക്കുന്നു.

7. ഉത്തമവിശ്വാസമില്ലായ്മ ഒരു പ്രത്യേക കാരണമായി ആരോപിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഉദ്യോഗസ്ഥർക്ക് വ്യക്തിപരമായ നിലയിൽ യാതൊരു നോട്ടീസും നൽകപ്പെട്ടില്ല.

8. വാദങ്ങൾ വായിച്ചുനോക്കിയതിൻ മേലും, ഇരുഭാഗത്തേയും കേട്ടതിന് ശേഷവും, താഴെ പറയുന്ന വിഷയങ്ങൾ പരിഗണനക്കായി ഉയരുന്നു.

(i) നിരോധന ഉത്തരവ് നൽകിയതിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ ന്യായീകരിക്കപ്പെടുന്നുണ്ടോ?

(ii) നിരോധന ഉത്തരവ് പുറപ്പെടുവിച്ചതിൽ കമ്മീഷണർ ന്യായീകരിക്കപ്പെടുന്നില്ലെങ്കിൽ, സുഗന്ധവ്യഞ്ജനപ്പൊടിയോ കറികൂട്ടുകളോ കുറഞ്ഞ നിലവാരമുള്ളതായി കണ്ടെത്തപ്പെടുമ്പോൾ, വിനിയോഗിക്കാൻ കഴിയുന്ന അധികാരത്തിന്റെ വ്യാപ്തി എന്താണ്?

(iii) എക്സ്ബിറ്റ് പി 1 പുറപ്പെടുവിക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഭാഗത്ത് എന്തെങ്കിലും ഉത്തമവിശ്വാസമില്ലായ്മ നിലനിൽക്കുന്നുണ്ടോ?

വിഷയം നം. 1

i. എ. ഭാരതത്തിലെ ഭക്ഷ്യസുരക്ഷയും നിലവാരവും സംബന്ധിച്ച ഏകീകരിച്ച ഒരു നിയമമാണ് എഫ്.എസ്.എസ് ആക്റ്റ്. ദൂഷണമില്ലാത്ത അല്ലെങ്കിൽ മനുഷ്യ ജീവന് അപായസാധ്യത അവകാശപ്പെടുന്ന ഏതൊരു ഘടകവുമില്ലാത്ത ഭക്ഷണം കിട്ടാനുള്ള ഒരു അവകാശത്തെ, ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ അർത്ഥത്തിൽ, ഒരു പൗരന്റെ ഒരു വലിയ അവകാശമായി പരിഗണിക്കുവാൻ കഴിയുന്നതാണ്. എഫ്.എസ്.എസ് ആക്റ്റിലുള്ള നിയമാധിഷ്ഠിത വ്യവസ്ഥകൾ, ഒരു പൗരനെ സംരക്ഷിക്കുന്നതിനുള്ള ഒരു രാഷ്ട്രത്തിന്റെ ഭരണഘടനാപരമായ കടപ്പാടിനെ എഫ്.എസ്.എസ് ആക്റ്റ് മുഖേന അനുബന്ധിക്കുവാൻ മാത്രമുള്ളതാണ്. എഫ്.എസ്.എസ് ആക്റ്റിനെ മനുഷ്യനെ സംരക്ഷിക്കുവാനുള്ള ഉചിതമായ ഒരു പദ്ധതിയായോ, അതിലെ നിയമാധിഷ്ഠിത പദ്ധതിക്കുള്ളിലുള്ള വിഷയത്തിന്റെ പൂർണ്ണ വ്യാപ്തിയിലോ ശ്രദ്ധിക്കേണ്ടതില്ല. അതുകൊണ്ട് ഏതൊരു നിയമാധിഷ്ഠിത വ്യവസ്ഥകളുടെ അഭാവത്തിൽപോലും, ആരോഗ്യ നിലപാടിന്റെ കാഴ്ചപ്പാടുകാരണം മായം ചേർത്ത ഭക്ഷണത്തിന്റെ സാധ്യമായ ദൂഷണത്തിൽ നിന്ന് മനുഷ്യരെ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുവാനുള്ള ഒരു കടമ എന്ന നിലയിൽ ഭരണഘടനയുടെ കീഴിൽ രാഷ്ട്രത്തിന് പരമാധികാരം നിക്ഷേപിക്കപ്പെടുന്നു.

i. ബി. *പൊതു താല്പര്യ വ്യവഹാര കേന്ദ്രം* അഭി *ഇന്ത്യൻ യൂണിയൻ* (2014(2) കെ.എൽ.റ്റി സപ്ലി.52 (എസ്.സി)) എന്ന കേസിൽ ബഹു. സുപ്രീം കോടതി താഴെ പറയും പ്രകാരം വിധിക്കുകയുണ്ടായി:

"21. പൊതു ആരോഗ്യത്തിന് അപായ സാധ്യതയുള്ളതോ ഹാനികരമായതോ ആയ ഏതൊരു ഭക്ഷണസാധനവും, ഭാരതത്തിന്റെ ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരം ഉറപ്പു നൽകപ്പെട്ടിട്ടുള്ള ജീവിക്കാനുള്ള മൗലികാവകാശത്തിനുള്ള സംഭവ്യമായ ഒരു അപകടമാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ 47-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച് 21-ാം അനുച്ഛേദ പ്രകാരം പൗരന്മാർക്ക് ഉറപ്പുനൽകപ്പെട്ടിട്ടുള്ള ഒരു മൗലിക അവകാശമായ, മനുഷ്യ ജീവനും ആരോഗ്യത്തിനുമുള്ള സംരക്ഷണത്തിന്റെ ഉചിതമായ ഒരു നിലവാരം കൈവരിക്കുവാനുള്ള പരമമായ ഒരു കർത്തവ്യം രാഷ്ട്രത്തിന്റെയും അതിന്റെ അധികാരസ്ഥാനങ്ങളുടെയും മേൽ ചുമത്തപ്പെട്ടിരിക്കുന്നു.

22. അതിനാൽ, എഫ്.എസ്.എസ് ആക്റ്റിലെയും, പി.എഫ്.എ ആക്റ്റിലെയും, അവയിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും, റഗുലേഷനുകളിലെയും വ്യവസ്ഥകൾ മുകളിൽ ചർച്ച ചെയ്ത ഭരണഘടനാപരമായ തത്വങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെടുകയും, പ്രയോഗിക്കപ്പെടുകയും ചെയ്യേണ്ടതായുള്ളതും, മനുഷ്യജീവന്റെയും ആരോഗ്യത്തിന്റെയും സംരക്ഷണത്തിന് ഉചിതമായ ഒരു നിലവാരം കൈവരിക്കേണ്ടതിനുള്ള പ്രയത്നം നടത്തപ്പെടേണ്ടതായുള്ളതുമാണ് എന്നതാണ്

ങ്ങളുടെ കാഴ്ചപ്പാട്. ആഗ്രഹിച്ച ഫലങ്ങൾ കൈവരിക്കുവാൻ, മുകളിൽ സൂചിപ്പിച്ച ആക്റ്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന അധികാരസ്ഥാനങ്ങളുടെയും, അതുപോലെ തന്നെ ഉദ്യോഗസ്ഥരുടെയും മേൽ ഗണ്യമായ ഉത്തരവാദിത്വം ചുമത്തപ്പെട്ടിരിക്കുന്നു. ഭക്ഷ്യ സുരക്ഷയെയും അപായസാധ്യതയെയും സംബന്ധിച്ച പൊതു ആശയവിനിമയവും ഭക്ഷ്യസുരക്ഷാ കാവലും, ഭക്ഷ്യബിസിനസ്സിന്റെ എല്ലാ ഘട്ടങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മറ്റു മേൽനോട്ടപ്രവർത്തനങ്ങളും ഉൾപ്പെടെ, ഒരു നിയന്ത്രണസമ്പ്രദായവും, സാഹചര്യ ങ്ങൾക്ക് ഉചിതമായ മറ്റു പ്രവർത്തനങ്ങളും നിലനിർത്തുവാനും കൂടി അധികാര സ്ഥാനങ്ങൾ കടപ്പെട്ടിരിക്കുന്നു.

23. ജീവിക്കാനുള്ള അവകാശവും മനുഷ്യ അന്തസ്സും ഉൾപ്പെടെ, ജീവിതത്തിന്റെ ആനന്ദവും അതിന്റെ കൈവരിക്കലും, അതിന്റെ പരിധിക്കുള്ളിൽ കീടനാശിനികൾ അല്ലെങ്കിൽ കീടനാശിനി അവശിഷ്ടങ്ങൾ, വെറ്ററിനറി ഔഷധ അവശിഷ്ടങ്ങൾ, രോഗാണുനാശക അവശിഷ്ടങ്ങൾ, ദ്രാവക അവശിഷ്ടങ്ങൾ മുതലായവ ഇല്ലാതെയുള്ള ഭക്ഷ്യസാധന ങ്ങളുടെ ലഭ്യതയെ ഉൾപ്പെടുത്തുന്നു. എന്നാൽ, വിപണിയിൽ ലഭ്യമാകുന്ന അരി, പച്ചക്കറികൾ, മാംസ്യം, മത്സ്യം, പാല്, പഴങ്ങൾ പോലുള്ള ഭക്ഷ്യസാധനങ്ങൾ പലതിലും ഗുരുതരമായ ആരോഗ്യ അപകടങ്ങൾ ഉണ്ടാക്കുന്ന കീടനാശിനികൾ അല്ലെങ്കിൽ കീടനാശിനി അവശിഷ്ടങ്ങൾ സഹിക്കാവുന്ന പരിധികൾക്ക പ്പുറം അടങ്ങിയിരിക്കുന്നു എന്ന വസ്തുത നിലനിൽക്കുന്നു. വിവിധ പഴക്കടകളിൽ ലഭ്യമാകുന്ന പഴത്തെ അടിസ്ഥാനമാക്കിയുള്ള ശീതളപാനീയങ്ങളിൽ അത്തരത്തിലുള്ള കീടനാശിനികളുടെ അവശിഷ്ടങ്ങൾ ഭയപ്പെടു ത്തുന്ന അനുപാതത്തിൽ അടങ്ങിയിട്ടുള്ളതും, എന്നാൽ അതിൽ അടങ്ങിയിരിക്കുന്നവയെ പരിശോധിക്കുവാൻ യാതൊരു ശ്രദ്ധയും നൽകുന്നില്ലായെന്ന് ഞങ്ങൾ ശ്രദ്ധിക്കുന്നു. കുട്ടികളും ശിശുക്കളും, അവരുടെ ശരീര ശാസ്ത്രപരമായ പക്വതയില്ലായ്മയും, പഴത്തെ അടിസ്ഥാനമാക്കിയോ മറ്റുവിധത്തിലോ ഉള്ള ശീതളപാനീയങ്ങൾക്ക് കൂടുതൽ വിധേയ മാകലും കാരണം, കീടനാശിനികളുടെ ഫലങ്ങൾക്ക് അസാധാരണമായി വിധേയ മായിരിക്കുന്നു".

i.സി. ഹർജിക്കാരൻ ഉല്പാദിപ്പിച്ച സുഗന്ധ വ്യഞ്ജനപ്പൊടിയിലെ മായം ചേർക്ക ലിന്റെയും, ആ കുറ്റത്തിന്റെ ആവർത്തന ത്തിന്റെയും കാരണത്താൽ, അങ്ങനെ യൊരു ഉത്തരവ് പാസ്സാക്കുവാൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർബന്ധി തനായി എന്ന് കാണുന്നു. ചോദ്യം എന്തെന്നാൽ, ഉടനെയുള്ള നടപടി ആവശ്യമാക്കിത്തീർക്കുന്ന ഏതെങ്കിലും ആരോഗ്യ അപായ സാധ്യത സ്ഥിതി വിശേഷങ്ങൾ നിലവിലുണ്ടോ എന്നതാണ്?

i. ഡി. ഹർജിക്കാരന്റെ സുഗന്ധ വ്യഞ്ജനപ്പൊടിയിൽ കൂട്ടിച്ചേർത്ത സ്റ്റാർച്ച് അടങ്ങിയിരുന്നു എന്നതാണ് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലെ കണ്ടെത്തൽ എന്നത് ശ്രദ്ധിക്കേ ണ്ടതാണ്. ചില കേസുകളിൽ ഹർജി ക്കാരൻ പിഴ ഒടുക്കി കുറ്റം രാജിയാക്കി; മറ്റു കേസുകളിൽ, ന്യായനിർണ്ണയം നിലവിലിരിക്കുന്നു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ പറഞ്ഞിട്ടുള്ളതുപോലെ, ഹർജിക്കാരന്റെ ഉല്പന്നം ഇപ്പോൾ കുറഞ്ഞ നിലവാരമുള്ളതായി തരം തിരിക്കപ്പെടുന്നു. എഫ്.എസ്.എസ് ആക്റ്റിലെ വകുപ്പ് 3 (ഇസഡ്എക്സ്) "കുറഞ്ഞ നിലവാരത്തെ" താഴെ പറയുംപ്രകാരം നിർവ്വചിക്കുന്നു.

"ഒരു ഭക്ഷ്യവസ്തു അത് വിനിർദ്ദിഷ്ട നിലവാരങ്ങളിൽ എത്താതിരിക്കുകയും, എന്നാൽ ആ ഭക്ഷ്യവസ്തുവിനെ അരക്ഷിത മാക്കിത്തീർക്കുന്ന തരത്തിലല്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ കുറഞ്ഞ നിലവാരമുള്ളതായി കരുതപ്പെടുന്നതാണ്".

i. ഇ. ഈ കേസിലെ, മായംചേർക്കൽ, അത് ഏതൊരു ആരോഗ്യ അപായ സാധ്യത സ്ഥിതിവിശേഷത്തിനും കാരണമാകു ന്നില്ലായെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. ഇത് അരക്ഷിത സ്വഭാവത്തിലുള്ള ഒരു ഭക്ഷണ പദാർത്ഥമല്ല. ആരോഗ്യത്തിൻ

മേലുള്ള ഹാനികരമായ ഫലങ്ങളെ ഒഴിവാക്കാനുള്ള അന്തിമമായ പ്രവൃത്തി യാണ് നിരോധനം. ഈ സന്ദർഭത്തിലെ കുറഞ്ഞ നിലവാരം പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനോ, സ്റ്റാർച്ചോ ബന്ധമില്ലാത്ത ഏതെങ്കിലും പദാർത്ഥമോ കൂട്ടിച്ചേർക്കുന്നതുവഴി പരമാവധി നേട്ടമോ ലാഭമോ ഉണ്ടാക്കുവാനോ മാത്രമുള്ള ഉൽപാദകന്റെ ശ്രമമാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നതാണ്. മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമ ല്ലാത്തതോ, മനുഷ്യജീവനോ ആരോഗ്യ ത്തിനോ അപായസാധ്യത സ്ഥാപിക്കുന്നതോ ആയ ഭക്ഷ്യസാധനങ്ങളുടെ ഉൽപ്പാ ദനവും വിൽപ്പനയും നിരോധിക്കുവാൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കോ, അദ്ദേഹത്തിന്റെ കീഴിലുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും നിയമാധി ഷ്ഠിത വ്യവസ്ഥകളുടെ അഭാവത്തിൽ പോലും, അധികാരമുണ്ടായിരിക്കു ന്നതാണ് എന്നതിൽ യാതൊരു സംശയ വുമില്ല.

i. എഫ്. കുറഞ്ഞ നിലവാരമുള്ള ഭക്ഷ്യ സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനോ വിൽക്കുന്നതിനോ പിഴ ചുമത്തുന്നതി നുവേണ്ടി പാണ്ഡിത്യ മുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എഫ്.എസ്.എസ് ആക്റ്റിലെ വകുപ്പുകൾ 51-ന്റെയും 54-ന്റെയും കീഴിലുള്ള വ്യവസ്ഥകളെ ശക്തമായി ആശ്രയിക്കുകയും, നിരോധി ക്കപ്പെട്ട ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ കൂട്ടി ച്ചേർത്ത ഏതെങ്കിലും സ്റ്റാർച്ചിനെ 2011-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് (ഫുഡ് പ്രോഡക്റ്റ് സ്റ്റാൻഡേർഡ്സ് ആന്റ് ഫുഡ് ആക്റ്റിവിറ്റീസ്) റഗുലേഷ നുകൾ (ചുരുക്കത്തിൽ "ഫുഡ് അഡിറ്റിവ്സ് റഗുലേഷൻ 2011) വ്യക്തമായി നിരോധിക്കുന്നുവെന്ന് വാദിക്കുകയും ചെയ്യുന്നു.

i. ജി. മുകളിലത്തെ റഗുലേഷൻ വിവിധ ഭക്ഷ്യ ഉല്പന്നങ്ങളുടെ നിലവാരം നിർണ്ണയിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ട താണ്. അങ്ങനെയുള്ള നിലവാര ങ്ങളുടെ കുറവുകാരണം, എഫ്.എസ്.എസ് ആക്റ്റിലെ 51-ാം വകുപ്പ് പ്രകാരമോ 54-ാം വകുപ്പ് പ്രകാരമോ പിഴ ശിക്ഷ ചുമത്തുന്നതിന് നടപടി ആരംഭിക്കുവാൻ കഴിയുന്നതാണ് എന്നതിൽ യാതൊരു സംശയവുമില്ല. എന്നിരുന്നാലും, അത് നിരോധനത്തിന്റെ സ്വഭാവത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള ഒരു അധികാരം നൽകുന്നില്ല.

i. എച്ച്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ, എഫ്.എസ്.എസ് ആക്റ്റിലെ 92-ാം വകുപ്പ്പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച്, 2011-ലെ ഭക്ഷ്യ സുരക്ഷയും നിലവാരങ്ങളും (വില്പന കളിൻമേലുള്ള നിരോധനവും നിയന്ത്ര ണങ്ങളും) റഗുലേഷനുകൾ (ഇതിനു ശേഷം "2011-ലെ നിരോധന റഗുലേഷൻ" എന്ന് പരാമർശിക്ക പ്പെടാവുന്നതാണ്) എന്ന പേരിൻകീഴിൽ ഒരു റഗുലേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അത്, അതിൽ പരാമർശിച്ചിട്ടുള്ള ചില ഭക്ഷ്യ ഇനങ്ങളുടെ വില്പനകളിൻമേലുള്ള നിരോധനത്തിനും നിയന്ത്രണത്തിനും അധികാരപ്പെടുത്തുന്നു. ഈ കേസിൽ, ഇപ്പോൾ നിരോധിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യ ഇനങ്ങൾ മുകളിലെ റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ, നിരോധിക്കപ്പെട്ട ഭക്ഷ്യ ഇനങ്ങൾ ആരോഗ്യ അപകടങ്ങളോ മനുഷ്യ ജീവന് അപായസാദ്ധ്യതയോ ഉണ്ടാക്കു മെന്ന് മറ്റുവിധത്തിൽ ബോദ്ധ്യമാകു കയാണെങ്കിൽ മാത്രം, നിരോധനം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

i. ഐ. എഫ്.എസ്.എസ് ആക്റ്റിലെ 34-ാം വകുപ്പു പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് കമ്മീഷണർ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു. ഈ അധികാരം ആരോഗ്യ അപായ സാദ്ധ്യതാ സ്ഥിതിവിശേഷം നില നിൽക്കുന്നെങ്കിൽ വിനിയോഗിക്കു വാൻ കഴിയുന്നതാണ്. പൊതുജന

ആരോഗ്യത്തിന്റെ താല്പര്യത്തിൽ ഏതൊരു ഭക്ഷണസാധനത്തിന്റെയും ഉൽപാദനമോ, സംഭരണമോ, വിതരണമോ, വില്പനയോ നിരോധിക്കുവാൻ ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് വകുപ്പ് 30(2)(എ) പ്രകാരം അധികാരമുണ്ടായിരിക്കുന്നു. ഭക്ഷ്യസാധനത്തെ സംബന്ധിച്ച് അത് മനുഷ്യ ഉപഭോഗത്തിന് അരക്ഷിതമാണെന്നുള്ള ബോധ്യപ്പെടലാണ് ഈ അധികാരത്തിന്റെ വിനിയോഗത്തിനുള്ള മുൻ ഉപാധി. അധികാരിതപരമായ ഈ വസ്തുതയുടെ നിലനിൽപ്പ്, ഈ അധികാരത്തിന്റെ വിനിയോഗത്തിനുള്ള അവശ്യഘടകമാണ്. ഭക്ഷണത്തിന്റെ അരക്ഷിത സ്വഭാവത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും കണ്ടെത്തലിന്റെ അഭാവത്തിൽ, ഈ അധികാരം വിനിയോഗിക്കുവാൻ കഴിയുന്നതല്ല, എഫ്.എസ്.എസ് ആക്റ്റിലെ 26-ാം വകുപ്പ് ഫുഡ് ബിസിനസ് ഓപ്പറേറ്റിന്റെ മേൽ ഉത്തരവാദിത്വം വയ്ക്കുന്നു. ഈ ഉത്തരവാദിത്വത്തിൽ നിലവാരം കുറഞ്ഞ ഭക്ഷണം ഉല്പാദിപ്പിക്കാതിരിക്കുക അല്ലെങ്കിൽ വിൽക്കാതിരിക്കുക എന്നത് ഉൾപ്പെടുന്നു [വകുപ്പ് 26(2) (ii) കാണുക]. എന്നാൽ, എഫ്.എസ്.എസ് ആക്റ്റിലെ വകുപ്പ് 51 പ്രകാരം ലംഘനം, പിഴ ശിക്ഷയ്ക്ക് മാത്രം അവകാശപ്പെടുത്തുന്നുവെന്ന് ശ്രദ്ധിക്കേണ്ടതാണ്. 26-ാം വകുപ്പ് പ്രകാരമുള്ള ഒരു ഭക്ഷണത്തിന്റെ പിൻവലിക്കലോ, 28-ാം വകുപ്പ് പ്രകാരമുള്ള തിരിച്ചെടുക്കലോ, ആ ഭക്ഷണം മനുഷ്യ ഉപഭോഗത്തിന് അരക്ഷിതമായ ഭക്ഷണമാണെങ്കിൽ മാത്രം ഉത്ഭവിക്കുന്നതാണ്. നിരോധിക്കപ്പെട്ട ഭക്ഷണങ്ങൾ മനുഷ്യ ഉപഭോഗത്തിന് അരക്ഷിതമാണെന്ന് യാതൊരു കണ്ടെത്തലും എക്സിബിറ്റ് പി 1 ൽ ഇല്ലാത്തതാണ്. മനുഷ്യന് അരക്ഷിതമായി കാണപ്പെടുന്ന ഭക്ഷണത്തിന്റെയും, മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമായ കുറഞ്ഞ നിലവാരമുള്ള ഭക്ഷണത്തിന്റെയും സംഗതിയിൽ, ആനുപാതിക നടപടികളെ എഫ്എസ്എസ് ആക്റ്റിൻകീഴിലുള്ള നിയമാധിഷ്ഠിത വ്യവസ്ഥകളിൽ വ്യക്തമായി വിവരിക്കുന്നു. ഈ അനുപാതം, നിലവാരം കുറഞ്ഞ ഭക്ഷണത്തിനുള്ള നിരോധനവും പിഴശിക്ഷയും സംബന്ധിച്ച വിവിധ വ്യവസ്ഥകളിൽ നിന്ന് ഉൽഭവിക്കുന്നു. നിരോധനാധികാരം, 2011-ലെ നിരോധന റഗുലേഷനെ പരാമർശിച്ചുകൊണ്ടോ ഭക്ഷണം മനുഷ്യ ഉപഭോഗത്തിന് അരക്ഷിതമാണെന്ന ബോധ്യപ്പെടലിൻമേലോ വിനിയോഗിക്കുവാൻ കഴിയുന്നതാണ്.

i. ജെ. നിരോധിക്കപ്പെട്ട ഭക്ഷണം അരക്ഷിതമാണെന്നോ, 2011 ലെ നിരോധന റഗുലേഷന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് നിരോധിക്കുവാൻ കഴിയുന്നതാണെന്നോ ഉള്ള ഏതൊരു കണ്ടെത്തലിന്റെയും അഭാവത്തിൽ, ഇപ്പോൾ നടപ്പിലാക്കിയ നിരോധനം അനിവാര്യമല്ലാത്തതും, ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായ അധികാരിതയിൽ അധികമായി ചെയ്തിട്ടുള്ളതുമാണ്. റഫറൽ ലാബിൽ നിന്നുമുള്ള റിപ്പോർട്ടിനെ സംബന്ധിച്ച് ന്യായനിർണ്ണയവും, ചോദ്യം ചെയ്യലും നിലവിലിരിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ടതുമാണ്. ഹർജിക്കാരനെ വിഷയത്തിൽ കേട്ടിട്ടില്ലയെന്ന് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ നിന്നും കാണാവുന്നതുമാണ്. അതിനാൽ, തടുക്കാനാകാത്ത തീരുമാനം, പുറമേയുള്ള പദാർത്ഥം മനുഷ്യജീവനും ആരോഗ്യത്തിനും ഭീഷണിയുണ്ടാക്കുമെന്നോ, അത് അരക്ഷിതമാണെന്നോ ഉള്ള യാതൊരു കണ്ടെത്തലും ഇല്ലാത്തിടത്തോളം, എക്സിബിറ്റ് പി 1 ഉത്തരവ് നിലനിൽക്കത്തക്കതല്ലായെന്നതാണ്.

**വിഷയം നം. 11:**

ii. എ ഒരു ഉപഭോക്താവ്, ഒരു ഭക്ഷ്യ ഉൽപന്നം തിരഞ്ഞെടുക്കുന്നതിനുള്ള ഇഷ്ടാവകാശമാണ് “അറിയിക്കപ്പെട്ട

ഇഷ്ടം". ഉൽപാദകൻ ചിത്രീകരണം വഴിയോ, മറ്റു വിധത്തിലോ ചില നിലവാരങ്ങൾ അവകാശപ്പെടുന്നെങ്കിൽ, ഉൽപാദകൻ ആ നിലവാരങ്ങൾ നിലനിർത്തുന്നുണ്ട് എന്ന് എഫ്.എസ്.എസ് ആക്റ്റിൻ കീഴിലുള്ള അധികാരസ്ഥാനങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. 2011-ലെ അഡിറ്റിവ്സ് റഗുലേഷന്റെ കീഴിൽ നിർണ്ണയി ച്ചിട്ടുള്ള നിലവാരങ്ങൾ അനുസരിച്ച്, ചില നിലവാരങ്ങൾ നിലനിർത്തേണ്ടത് ആവശ്യമെങ്കിൽ, ആ നിലവാരങ്ങൾ കൈവരിക്കേണ്ടതുണ്ട്. ശിക്ഷ ചുമത്തിയതിനുശേഷം പോലും, ഒരു ലംഘകൻ നിലവാരങ്ങൾ തുടർന്ന് ലംഘിക്കുമ്പോൾ, ലംഘകനെതിരായി ഉദ്യോഗസ്ഥർക്ക് കൂടുതൽ പരിഹാരമില്ലാതിരിക്കുന്നത് കുഴങ്ങിയ ഒരു ചോദ്യമാണ്. അങ്ങനെയുള്ള ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദകന്, പിഴ ഒടുക്കുന്നത് വഴി മാത്രം, ഉപഭോക്താവിനെ കബളിപ്പിക്കുവാൻ കഴിയുന്നതല്ല. ഉല്പന്നത്തിന്റെ ഗുണനിലവാരം എന്താണെന്നറിയുവാനുള്ള സകല അവകാശവും ഉപഭോക്താവിന് ഉണ്ടായിരിക്കുന്നു. നിലവാരം കുറഞ്ഞ ഒരു ഉല്പന്നവും വിൽക്കുവാൻ കഴിയുന്നതാണ്, എന്നാൽ അതിൽ അടങ്ങിയിരിക്കുന്നതെന്താണെന്ന് ഉപഭോക്താവ് അറിഞ്ഞിരിക്കേണ്ടതാണ്. എഫ്. എസ്. എസ്. ആക്റ്റിലെ 51-ാം വകുപ്പ് പ്രകാരം ചുമത്തപ്പെടുന്ന പിഴ ശിക്ഷ, ഒരു കുറ്റ ആവർത്തന നിരോധന നടപടിയാണ്. പിഴ ശിക്ഷ ചുമത്തിയശേഷവും ലംഘനം ഉപശമിപ്പിക്കപ്പെടാതെ നിലനിൽക്കുമ്പോൾ, അത് തീർച്ചയായും കോടതിയുടെ മനസ്സിനെക്കൂടി കുഴക്കുന്ന ഒരു ചോദ്യമാണ്. മനുഷ്യ ഉപഭോഗത്തിന് സുരക്ഷിതമായ കുറഞ്ഞ നിലവാരമുള്ള ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനവും, വില്പനയും നിരോധിക്കുവാൻ യാതൊരു വ്യവസ്ഥയും ഇല്ല. ഉപഭോക്താക്കളെ 'കബളിപ്പിക്കൽ' ഉപഭോക്താക്കൾക്ക് 'അരക്ഷിതമായ ഭക്ഷ്യ ഉല്പന്നങ്ങൾ വിൽക്കുന്നതിൽ നിന്നും' വേർതിരിക്കപ്പെടേണ്ടതുണ്ട്. അതിനാൽ, ആ സാഹചര്യങ്ങളിൽ കബളിപ്പിക്കൽ ഒഴിവാക്കുവാനുള്ള ഉത്തരവാദിത്വം ഭക്ഷ്യ ഉദ്യോഗസ്ഥരെ ചേർന്നിരിക്കുന്നു. നിയമാധിഷ്ഠിത വ്യവസ്ഥയുടെ അഭാവത്തിൽപോലും, ഇത് ഭരണഘടനാപരമായ ഒരു കടമയാണ്. കാരണം, അത് ഉപഭോക്താക്കളുടെ ഇഷ്ടാവകാശവുമായി നേരിട്ട് ഇടപെടുന്നു.

ii. ബി. പൗരൻമാർക്ക്, അവർ ഉപഭോഗം ചെയ്യുന്ന ഭക്ഷണത്തിന്റെ നിലവാരങ്ങളെക്കുറിച്ച് അറിയുവാനുള്ള പരസ്പരബന്ധമുള്ള ഒരു അവകാശമുണ്ടായിരിക്കുന്നതുകൊണ്ട്, പൗരൻമാരെ അറിയിക്കേണ്ട ഒരു കർത്തവ്യം ഫുഡ് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. ഈ സന്ദർഭത്തിൽ എഫ്.എസ്.എസ് ആക്റ്റിലെ 16-ാം വകുപ്പിനെ പരാമർശിക്കുന്നത് ഉചിതമാണ്. 16-ാം വകുപ്പ് അനുസരിച്ച് ഭക്ഷ്യനിലവാരങ്ങളെ ശ്രദ്ധിക്കുന്നതിന്, പൊതുജനങ്ങൾ, ഉപഭോക്താക്കൾ മുതലായവർ കൊണ്ടുവരപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള ഒരു കർത്തവ്യം ഓരോ ഉദ്യോഗസ്ഥനുമുണ്ടായിരിക്കുന്നു. ഭക്ഷ്യസുരക്ഷാ വിഷയം, ഗുണനിലവാരങ്ങൾ സംബന്ധിച്ച് ഒരു ഉല്പാദകനും അല്ലെങ്കിൽ ഒരു വിതരണക്കാരനും എഫ്.എസ്.എസ് ആക്റ്റ് പ്രകാരമുള്ള ഒരു അധികാരസ്ഥാനവും തമ്മിലുള്ള ഒരു വിഷയമല്ല. അതിനേക്കാൾ അത് മനുഷ്യജീവനെ സംരക്ഷിക്കുവാനുള്ള അവരുടെ അവകാശത്തെ സംബന്ധിക്കുന്ന ഒരു പ്രശ്നമാണ്. അതിനാൽ, പിഴ ഒടുക്കി രക്ഷപ്പെടാൻ കുറ്റക്കാരനെ അനുവദിക്കുന്നത് വഴി, ആ അവകാശത്തെ ഇല്ലാതാക്കുവാൻ കഴിയുന്നതല്ല.

ii. സി. മുകളിൽ ശ്രദ്ധിച്ചതുപോലെ, ഒരു ഉപഭോക്താവിന്റെ അറിയിക്കപ്പെട്ട ഇഷ്ടം അയാളുടെ അവകാശമാണ്. ഒരു ഭക്ഷണം തിരഞ്ഞെടുക്കുന്നതിനുള്ള

ഇഷ്ടാവകാശം, നിയമപ്രകാരം ചുമത്തിയിട്ടുള്ള ഏതൊരു നിയന്ത്രണ ത്തിനും വിധേയമായി, ജീവിക്കാനുള്ള അവകാശത്തിന് ചുറ്റി ഭ്രമണം ചെയ്യുന്ന അയാളുടെ ഇഷ്ടത്തിന്റെ അവിഭാജ്യമായ ഭാഗമാണ്. ഈ അവകാശം സംഭവ്യമായ ഏതെങ്കിലും ആരോഗ്യ അപകടത്തിലോ, അയാളുടെ ജീവിതത്തിലെ അപായ സാധ്യതയിലോ നിന്നും അയാളുടെ ജീവനെ സംരക്ഷിക്കുന്നതിനുകൂടി യുള്ള അവകാശമാണ്. വാസ്തവ ത്തിൽ, "ലജ്ജിപ്പിക്കുന്ന ശിക്ഷകൾ", പുരാതന സമൂഹത്തിൽ ഒട്ടാകെ വെറുപ്പുളവാക്കുന്ന കുറ്റം ചെയ്തവരെ ശിക്ഷിക്കുവാൻ നമ്മുടെ പ്രാചീന സമൂഹത്തിൽ ഉത്തേജിക്കപ്പെട്ടിരുന്നു. കുറ്റക്കാർക്ക് സമൂഹത്തിൽ പരസ്യമായ അടി ശിക്ഷയും പരസ്യമായ വധശിക്ഷയും എപ്രകാരം സ്വീകരിക്കപ്പെട്ടിരുന്നു എന്നതാണ് ഇത്. ഉപഭോക്താവിന്റെ സംരക്ഷണത്തിനായി `ലജ്ജിപ്പിക്കുന്ന ശിക്ഷയെ' വീണ്ടും കൊണ്ടുവരുവാൻ കഴിയേണ്ടതാണ് എന്നതാണ് ഈ കോടതിയുടെ വീക്ഷണം. നിലവാരം കുറഞ്ഞ ഉല്പന്നങ്ങളുടെ ഉൽപാദകൻ ലംഘനത്തിന് ശിക്ഷിക്ക പ്പെട്ടിട്ടുണ്ടോ എന്നത് ഉപഭോക്താവിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്. അതിനാൽ, ഭാവിയിൽ ഉപശമിപ്പിക്കപ്പെടാതെ ലംഘനം നിലനിൽക്കുന്ന സംഗതി കളിൽ, ഭക്ഷ്യസുരക്ഷാകമ്മീഷണർക്ക് കുറ്റത്തിന്റെ ഒരു പരസ്യം നൽകു വാനും, നിലവാരം കുറഞ്ഞ ഭക്ഷണ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ചതിന് ഉൽപാദകൻ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് തന്റെ ഉല്പന്നത്തിൽ കാണാവുന്ന രീതിയിൽ ലിഖിതം ലേബൽ ചെയ്യുവാൻ അയാളെ ഇടവരുത്തുവാനും കൂടി കഴിയുന്നതാണ്. ഉപഭോക്താക്കളുടെ അവകാശത്തെ സംരക്ഷിക്കുവാൻ ഇത് അനിവാര്യമായതാണ്. നിയമാധിഷ്ഠിത വ്യവസ്ഥകളുടെ അഭാവത്തിൽപോലും, അങ്ങനെയുള്ള കർത്തവ്യം ജീവിക്കാനുള്ള അവകാശത്തെ സംരക്ഷിക്കു വാനുള്ള ഭരണഘടനാപരമായ കടപ്പാടിനെ അടിസ്ഥാനമാക്കി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്ക് ദാനം ചെയ്യപ്പെടുന്നു. 2011-ലെ നിരോധന റഗുലേഷൻ അനുസരിച്ച് സുഗന്ധ വ്യഞ്ജന പ്പൊടികൾ വിൽക്കേ ണ്ടത് പാക്ക് ചെയ്ത നിലയിൽ മാത്ര മാണെന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം, മുകളിൽ പറഞ്ഞ രീതിയിൽ, തന്റെ ഉൽപ്പന്നങ്ങളെ ലേബൽ ചെയ്യുവാൻ ഉൽപ്പാദകനോട് നിർദ്ദേശി ക്കുന്നതുവഴി ഹർജിക്കാരൻ ഉൽപാ ദിപ്പിച്ച നിലവാരം കുറഞ്ഞ ഉൽപ്പന്ന ങ്ങളെ ശ്രദ്ധിക്കുന്നതിന് പൊതു ജനങ്ങളെ കൊണ്ടുവരുവാൻ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് സ്വാതന്ത്ര്യ മുണ്ടായിരിക്കുന്നു.

ii. ഡി. എഫ്.എസ്.എസ് ആക്റ്റ് പ്രകാരം പദവി നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗ സ്ഥരിൽ നിക്ഷിപ്തമായുള്ള അധികാരത്തെ ശ്രദ്ധിക്കുന്നത് തുല്യ പ്രാധാന്യ മുള്ളതാണ്. എഫ്.എസ്.എസ് ആക്റ്റിലെ 31-ാം വകുപ്പ് ഫുഡ് ബിസിനസ്സിന്റെ ലൈസൻസിങ്ങിനെയും രജിസ്ട്രേഷനെയും ആജ്ഞാപിക്കുന്നു. ലൈസൻസുള്ള ആൾ, ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും റഗുലേഷനെ ലംഘിക്കുന്നുവെങ്കിൽ, പദവി നിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ എഫ്.എസ്.എസ് ആക്റ്റിലെ 32-ാം വകുപ്പ്പ്രകാരം മെച്ചപ്പെടുത്തലിനുള്ള ഒരു നോട്ടീസ് ലൈസൻസിന്റെ കൈവ ശക്കാരന് നടത്തേണ്ടതുണ്ട്. മെച്ചപ്പെടു ത്തലിനുള്ള നോട്ടീസ് അനുസരി ക്കുവാൻ ഫുഡ് ബിസിനസ് ഓപ്പറേറ്റർ പരാജയപ്പെടുന്നെങ്കിൽ, ലൈസൻസിന്റെ റദ്ദാക്കലിന് വകുപ്പ് 32(3) ഉദ്ദേശിക്കുന്നു. അതിനാൽ, ലംഘനം ഉപശമിപ്പിക്ക പ്പെടാതെ നിലനിർത്തുന്നുവെങ്കിൽ, ലൈസൻസിനെ റദ്ദാക്കുന്നത് സാധ്യ മായതാണ്.

ii. ഇ. ഈ കേസിൽ, ഹർജിക്കാരന്റെ ഉല്പന്നങ്ങൾ നിലവാരം കുറഞ്ഞതാണെന്ന വ്യക്തമായ കണ്ടെത്തലുകൾ ഉണ്ടായി

രിക്കുന്നു, ഇപ്രകാരം, നിലവാരങ്ങൾ പാലിക്കുവാൻ ഒരവസരം കൂടി ഹർജിക്കാരന് നൽകിയതിനുശേഷം, ഹർജിക്കാരൻ വിൽക്കുന്ന നിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളെ കുറിച്ച് പൊതുജനങ്ങളെ ജാഗ്രതയുള്ളവരാക്കുവാനുള്ള അങ്ങനെയുള്ള നടപടികൾ സ്വീകരിക്കുവാനോ, എഫ്.എസ്.എസ് ആക്റ്റിലെ വകുപ്പ് 32(3) പ്രകാരം ലൈസൻസ് റദ്ദാക്കുവാനോ കമ്മീഷണർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നു എന്നതാണ് ഈ കോടതിയുടെ വീക്ഷണം.

**വിഷയം നം. iii**

iii. എ. ഹർജിക്കാരൻ ഉത്തമവിശ്വാസമില്ലായ്മയെക്കുറിച്ചുള്ള ഒരു ചോദ്യം ഉന്നയിക്കുന്നു. ആരോപിച്ചിട്ടുള്ള ഉത്തമവിശ്വാസമില്ലായ്മ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായുള്ള വ്യക്തിപരമായ ബന്ധത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. അതിനെ സാധാരണ സാമാന്യ പദങ്ങളിൽ വിവരിച്ചിരിക്കുന്ന തൊഴികെ, ഉത്തമ വിശ്വാസമില്ലായ്മയെ പ്രകടിപ്പിക്കുവാൻ പ്രത്യേകമായി യാതൊന്നും പറഞ്ഞിട്ടില്ല. ഹർജിക്കാരൻ എക്സിബിറ്റ് പി1 ഉത്തരവിനെതിരെ ഭക്ഷ്യസുരക്ഷാ കമ്മീഷണർ മുമ്പാകെ ഒരു പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും, അതിൽ ഉത്തമ വിശ്വാസമില്ലായ്മയെ അടിസ്ഥാന മാക്കി ഹർജിക്കാരൻ ഏതൊരു വാദവും ഉന്നയിച്ചിട്ടില്ലാത്തതും ശ്രദ്ധിക്കേണ്ടതാണ്. കമ്മീഷണർ, അവരുടെ മുമ്പാകെയുള്ള ചില വസ്തുക്കളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചത് മേലും ശ്രദ്ധിക്കേണ്ടതാണ്. മറ്റുവിധത്തിൽ വസ്തുതകൾ വിഷയത്തിലുള്ള ഉത്തമ വിശ്വാസത്തെ വ്യക്തമായി വെളിപ്പെടുത്തുന്നതാണ്. സ്വാധീനിക്കുവാനുള്ള ഏതെങ്കിലും വസ്തുക്കളുടെ അഭാവത്തിൽ മാത്രമാണ്, ഉത്തമവിശ്വാസമില്ലായ്മ പ്രശ്നം പരിഗണി ക്കുന്നതിൽ റിട്ട് ഹർജിയിലെ ആരോപണങ്ങൾക്ക് ഒരു പ്രസക്തിയുണ്ടായിരിക്കാവുന്നതാണ്. ഉത്തമവിശ്വാസമില്ലായ്മ ഒരു പ്രത്യേക സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഒരാളിന്റെ മനസിന്റെ അവസ്ഥയാണ്. ലംഘനത്തിന് വേണ്ടി ഹർജിക്കാരനെതിരായി ആരംഭിക്കപ്പെട്ട വിവിധ നടപടികളെ സംബന്ധിച്ച് ഏതൊരു തർക്കവും ഇല്ല. അതിനാൽ, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ തീരുമാനം ഉത്തമവിശ്വാസ പൂർവ്വമുള്ള ചുമതലയുടെ നിർവ്വഹണത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് വസ്തുക്കൾ തെളിയിക്കുന്നു എന്നതാണ് - ഈ - കോടതിയുടെ വീക്ഷണം. പ്രകടമാക്കപ്പെട്ട ശത്രുതയെക്കുറിച്ച് കൂടുതൽ പരിശോധന ആവശ്യമില്ലായെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരനെതിരായി വിഷയത്തിന് ഉത്തരം നൽകപ്പെടുന്നു. ഹർജിക്കാരൻ പ്രഥമദൃഷ്ട്യാ ഉള്ള ഒരു കേസ് സ്ഥാപിച്ചെടുക്കുമ്പോൾ മാത്രമേ, ഉത്തമവിശ്വാസമില്ലായ്മയെ സംബന്ധിച്ച ചോദ്യത്തിന് ഉത്തരം പറയുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് വ്യക്തിപരമായ നിലയിൽ ഈ കോടതി ഒരു നോട്ടീസ് നൽകേണ്ട ആവശ്യമുള്ളൂ. ഉദ്യോഗസ്ഥന് വ്യക്തിപരമായ നിലയിൽ യാതൊരു നോട്ടീസും നൽകപ്പെടാത്തതുകൊണ്ട്, ഉത്തമ വിശ്വാസമില്ലായ്മ ആരോപണം ഉന്നയിച്ചതിനുള്ള ചിലവ് ചുമത്തുന്നതിൽ നിന്നും ഹർജിക്കാരൻ ഒഴിവാക്കപ്പെടുന്നു എന്നതാണ് ഈ കോടതിയുടെ കാഴ്ചപ്പാട്.

9. ഇപ്രകാരം, മുകളിലത്തെ ചർച്ചകളുടെ വെളിച്ചത്തിൽ, റിട്ട് ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കപ്പെടുന്നു.

(i) നിറപറ ബ്രാന്റ് മുളകുപൊടിയുടെയും, മഞ്ഞൾപ്പൊടിയുടെയും, മല്ലിപ്പൊടിയുടെയും ഉല്പാദനത്തിനും, സംഭരണത്തിനും, വില്പനയ്ക്കും, വിതരണത്തിനും എതിരായ എക്സിബിറ്റ് പി1-ലെ നിരോധന ഉത്തരവ് അസ്ഥിരപ്പെടുത്തപ്പെടുന്നു.

(ii) മുകളിൽ പറഞ്ഞ പോലെ ഹർജിക്കാരന്റെ ഉല്പന്നങ്ങളുടെ സാമ്പിളുകൾ എടുക്കുവാൻ കമ്മീഷണർക്ക് സ്വാതന്ത്ര്യ മുള്ളതും, അവ 2011-ലെ അഡിറ്റീവ്സ് റഗുലേഷൻ പ്രകാരമുള്ള നിലവാരത്തിൽ എത്തുന്നില്ലായെന്ന് കണ്ടെത്തപ്പെടുകയാണെങ്കിൽ, ഖണ്ഡിക 8 (വിഷയം നം.ii)-ലെ ചർച്ചകളിൽ സൂചിപ്പിച്ചതുപോലെയുള്ള അങ്ങനെയുള്ള നടപടികൾ സ്വീകരിക്കുവാൻ കമ്മീഷണർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നു. ചിലവുകൾ യാതൊന്നുമില്ല.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. എബ്രഹാം മാത്യു**

**നൗഷാദ്**
**അഭി**
**കേരള സർക്കാർ**
**ക്രിമിനൽ എം.സി. നം. 6065/2015**

2015 ഒക്ടോബർ 29-ന് പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത--വകുപ്പുകൾ 437 (5) & 439 (2)—സംഹിതയിലെ വകുപ്പ് 439(2), ' ജാമ്യം റദ്ദാക്കുവാൻ' എന്ന പദപ്രയോഗം അതിൽ വന്നിട്ടില്ലെങ്കിൽ കൂടിയും, ജാമ്യം റദ്ദാക്കുവാൻ ബന്ധപ്പെട്ട കോടതിയെ അധികാരപ്പെടുത്തുന്നു-ഒരു പ്രതിക്ക് അനുവദിച്ച ജാമ്യം, പിന്നീടുള്ള അയാളുടെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കുവാൻ പുതിയ സംഹിതയിലെ വകുപ്പ് 437 (5) ഉം, വകുപ്പ് 439 (2) ഉം യഥാക്രമം മജിസ്ട്രേറ്റുമാരേയും, സെഷൻസ് കോടതികളെയും അധികാരപ്പെടുത്തുന്നു.**

ഉത്തരവ്

രണ്ടാം എതിർകക്ഷി, മറ്റു ചിലരോട് ചേർന്ന്, മാരകായുധങ്ങൾ ധരിച്ച്, സ്വയം ഒരു നിയമവിരുദ്ധ സംഘം ചേരുകയും, ഹർജിക്കാരനെ ആളപഹരണം നടത്തുകയും, അന്യായമായി തടഞ്ഞുവയ്ക്കുകയും, കൈയ്യേറ്റം ചെയ്യുകയും ചെയ്തു എന്ന് അയാൾ നൽകിയ വിവരത്തിൻമേൽ പോലീസ് രണ്ടാം എതിർകക്ഷിക്കും മറ്റുള്ളവർക്കും എതിരെ ഐ.പി.സി 149-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം വകുപ്പുകൾ 109, 143, 147, 148, 323, 324, 342, 364 എ എന്നിവ പ്രകാരമുള്ള കുറ്റങ്ങൾക്ക് ഒരു കേസ് രജിസ്റ്റർ ചെയ്തു. സി.ആർ.പി.സിയിലെ വകുപ്പ് 439(1) പ്രകാരം രണ്ടാം എതിർകക്ഷി ഫയൽചെയ്ത ജാമ്യത്തിനുള്ള അപേക്ഷ, ഈ കോടതി അനുബന്ധം 1 ഉത്തരവ് പ്രകാരം അനുവദിച്ചു. തദനുസൃതമായി, അയാൾ ജാമ്യത്തിൽ മോചിപ്പിക്കപ്പെട്ടു.

2. ഇപ്പോൾ, രണ്ടുകാരണത്തിൻമേൽ ആ ജാമ്യം റദ്ദാക്കാൻ ഹർജിക്കാരൻ ഈ അപേക്ഷ ഫയൽ ചെയ്തിട്ടുള്ളതാണ്. ഒന്ന്, സാരവത്തായ ചില വസ്തുതകൾ മറച്ചുവച്ചുകൊണ്ടാണ് ജാമ്യത്തിനുള്ള ഉത്തരവ് നേടിയത്; രണ്ടാമതായി, രണ്ടാം എതിർകക്ഷി ജാമ്യത്തിൽ മോചിപ്പിക്കപ്പെട്ടതിനുശേഷം, അയാൾ ഹർജിക്കാരനെ ഭീഷണിപ്പെടുത്തി.

3. കേട്ടു.

4. സാരവത്തായ വസ്തുതകൾ മറച്ചുവച്ചുകൊണ്ടാണ് ജാമ്യം നേടിയിട്ടുള്ളത് എന്ന കാരണത്താൽ അതിനെ റദ്ദാക്കാനുള്ള അഭ്യർത്ഥന നിർബന്ധിക്കപ്പെടുന്നില്ല.

5. നിയമത്തിനനുസൃതമായി ജാമ്യം റദ്ദാക്കുവാൻ ഈ കോടതി അനുബന്ധം 1 ഉത്തരവ് മുഖേന അന്വേഷണ കോടതിയെ

അല്ലെങ്കിൽ വിചാരണ കോടതിയെ അധികാര പ്പെടുത്തിയിട്ടുണ്ട്, അത് ചെയ്യപ്പെട്ടത് ***ഷാജി അഭി കേരള സർക്കാർ*** (2005 (4) കെ.എൽ.റ്റി 856 (എസ് സി)= എ.ഐ.ആർ 2006 എസ്.സി 100) എന്ന കേസിലെ സുപ്രീം കോടതിയുടെ തീർപ്പിനെ അടിസ്ഥാനമാക്കിയായിരുന്നു.

6. **ബസാലിയസ് മാർത്തോമ യാക്കോബ്- പ്രദാമാൻ** എന്നും പേരുള്ള ***ജെയിംസ് ജോർജ്ജ് അഭി കേരള സർക്കാർ*** [2015 (4) കെ.എൽ.റ്റി 310= 2015 (4) കെ.എച്ച്.സി 943] എന്ന കേസിൽ, ഈ കോടതിയിലെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ഇപ്രകാരം വിധിക്കുകയുണ്ടായി.

"ഒരു സെഷൻസ് കോടതിയായ കീഴ്ക്കോ ടതിക്ക് സി.ആർ.പി.സി യിലെ 439(2) വകുപ്പു പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് `ജാമ്യം റദ്ദാക്കുവാനുള്ള' യാതൊരു അധികാര വുമില്ല എന്ന് തീരുമാനിക്കുവാൻ കൂടുതൽ ചർച്ചയുടെ ആവശ്യമില്ല. സി.ആർ.പി.സി വകുപ്പ് 439 (2)-നും, സി.ആർ.പി.സി വകുപ്പ് 437(5)-നും കീഴിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ജാമ്യത്തിന്റെ റദ്ദാക്കലിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതല്ല; എന്നാൽ വാസ്തവത്തിൽ, ആ വ്യവസ്ഥകൾ ജാമ്യത്തിൽ മോചിപ്പിക്കപ്പെട്ട ഒരു പ്രതിയുടെ അറസ്റ്റിനുവേണ്ടി ഉദ്ദേശിച്ചി ട്ടുള്ളതാണ്. സി.ആർ.പി.സി വകുപ്പ് 437(5) പ്രകാരവും, അതുപോലെതന്നെ സി.ആർ.പി.സി വകുപ്പ് 439 (2) പ്രകാരവും ഉള്ള അത്തരം ഒരു അറസ്റ്റിനുവേണ്ടി മതിയായ കാരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഹർജ്ജിക്കാരന് അനുവദിക്കപ്പെട്ട ജാമ്യം റദ്ദാക്കുന്ന വ്യാപ്തി യിലേക്ക് കീഴ്ക്കോടതി പോയിട്ടുണ്ട് എന്ന് കാണുന്നു, അത് സി.ആർ.പി.സി വകുപ്പ് 439(2) പ്രകാരം തികച്ചും ആവശ്യമില്ലാത്തതായിരുന്നു."

ഇത്, 2-ാം എതിർകക്ഷിക്ക് അനുവദിച്ച ജാമ്യത്തിന്റെ റദ്ദാക്കലിനുവേണ്ടി ഹർജ്ജി ക്കാരൻ ഈ കോടതിയെ സമീപിക്കുന്നതിനുള്ള കാരണമായി തോന്നുന്നു.

7. ഒരു ഹൈക്കോടതിക്കോ സെഷൻസ് കോടതിക്കോ, XXXIII-ാം അദ്ധ്യായത്തിൻകീഴിൽ ജാമ്യത്തിൽ മോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആളെ അറസ്റ്റ് ചെയ്യാവുന്നതാണെന്ന് നിർദ്ദേശി ക്കാവുന്നതും അയാളെ കസ്റ്റഡിയിലേയ്ക്ക് കമ്മിറ്റ് ചെയ്യാവുന്നതുമാണെന്ന് സംഹിതയിലെ 439(2) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അനന്യമായ ഒരു വ്യവസ്ഥ സംഹിതയിലെ 437 (5) വകുപ്പിൽ കാണപ്പെടുന്നു, അത്, 1-ാം ഉപവകുപ്പോ 2-ാം ഉപവകുപ്പോ പ്രകാരം ഒരാളെ ജാമ്യത്തിൽ മോചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കോടതിക്ക്, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് അത് കരുതുന്നെങ്കിൽ, അങ്ങനെയുള്ള ആളെ അറസ്റ്റ് ചെയ്യാവുന്നതാണെന്ന് നിർദ്ദേശിക്കുകയും, അയാളെ കസ്റ്റഡിയിലേക്ക് കമ്മിറ്റ് ചെയ്യുകയും ചെയ്യാവുന്നതാണ്. ഇത് മജിസ്ട്രേറ്റുമാർക്ക് മാത്രം ബാധകമാകുന്നു.

8. വകുപ്പ് 437 (5) അല്ലെങ്കിൽ വകുപ്പ് 439(2) ജാമ്യം റദ്ദാക്കാൻ ബന്ധപ്പെട്ട കോടതിയെ അധികാരപ്പെടുത്തുന്നുണ്ടോ എന്നതാണ് ചോദ്യം.

9. 1973-ലെ സംഹിതയിലെ വകുപ്പ് 439 (2) ന് അനുരൂപമായ, 1898-ലെ സംഹിതയിലെ വ്യവസ്ഥയായിരുന്ന വകുപ്പ് 498(2) താഴെ പറയുംപ്രകാരമാണ്:-

"ഹൈക്കോടതിയ്ക്കോ സെഷൻസ് കോടതിയ്ക്കോ 1-ാം ഉപവകുപ്പിൻകീഴിൽ ജാമ്യത്തിൽ മോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആളെ അറസ്റ്റ് ചെയ്യുവാൻ ഇടവരുത്താ വുന്നതും അയാളെ കസ്റ്റഡിയിലേയ്ക്ക് കമ്മിറ്റ് ചെയ്യാവുന്നതുമാണ്."

ഇപ്പോഴത്തെ സംഹിതയിലെ വകുപ്പ് 437(5) പഴയ സംഹിതയിലെ വകുപ്പ് 497(5)-ന് അനുരൂപമാകുന്നു.

10. പഴയ സംഹിതയിലെ വകുപ്പ് 498 (2)-ന്റെ വ്യാപ്തി ***തലബ് ഹാജി ഹുസൈൻ അഭി മധുകർ പുരുഷോത്തം മോണ്ട്കാറും മറ്റൊരാളും*** (എ.ഐ.ആർ 1958 എസ്സി 376) എന്ന കേസിൽ സുപ്രീം കോടതിയുടെ ഒരു മൂന്നംഗ ബെഞ്ചിനു മുമ്പാകെ പരിഗണനയ്ക്കു വന്നിരുന്നു.

11. ജാമ്യം അനുവദിക്കാവുന്ന കുറ്റം ചെയ്തിട്ടുള്ള ഒരു കേസിലെ പ്രതിക്ക് അനുവദിച്ചിട്ടുള്ള ജാമ്യം പിന്നീടുള്ള അയാളുടെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കാനുള്ള

സഹജാധികാരം ഹൈക്കോടതിക്ക് ഉണ്ടായിരുന്നോ എന്നുള്ളതായിരുന്നു ആ കേസിൽ പരിഗണന ആവശ്യമായിരുന്ന പ്രധാന ചോദ്യം. ആറാം ഖണ്ഡികയിൽ കോടതി ഇപ്രകാരം വിധിച്ചു:

"ന്യായമായ ഒരു വിചാരണയെ തടസ്സപ്പെടുത്തുവാൻ ഒരു പ്രതിയുടെ ഭാഗത്തുള്ള ഏതെങ്കിലും പെരുമാറ്റം ഇടവരുത്തുമെങ്കിൽ, നീതിയുടെ ലക്ഷ്യങ്ങൾ സംപ്രാപ്തമാക്കാൻ, ഹൈക്കോടതികളുടെ സഹജാധികാരത്തിന്റെ വിനിയോഗത്തിനുള്ള അവസരം ഉണ്ടായിരിക്കുന്നു എന്നതിൽ സംഭവ്യമായ സംശയം ഉണ്ടായിരിക്കുന്നത് സാദ്ധ്യമല്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ജാമ്യത്തിൻമേലുള്ള പ്രതിയുടെ മോചനത്തിനെ തുടർന്നുള്ള അയാളുടെ പെരുമാറ്റം, ന്യായമായ ഒരു വിചാരണയുടെ പുരോഗതിയെതന്നെ കുഴപ്പത്തിലാക്കുന്ന പക്ഷവും, പ്രതിക്കെതിരായി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന മറ്റ് യാതൊരു പരിഹാരവും ഇല്ലാത്തപക്ഷവും, അങ്ങനെയുള്ള ഒരു കേസിൽ ഹൈക്കോടതിയുടെ സഹജാധികാരം നിയമാനുസൃതമായി വിനിയോഗിക്കുവാൻ കഴിയുന്നതാണ്. ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുറ്റങ്ങളെ സംബന്ധിച്ച്, അങ്ങനെയുള്ള അധികാരം വിനിയോഗിക്കുവാനുള്ള യാതൊരു ആവശ്യവുമില്ല, എന്തുകൊണ്ടെന്നാൽ, അങ്ങനെയുള്ള കേസുകളെ വകുപ്പ് 497(5) പ്രത്യേകമായി കൈകാര്യം ചെയ്യുന്നു".

ഇപ്പോഴത്തെ കേസിന് പ്രസക്തമായ നിരീക്ഷണം 7-ാം ഖണ്ഡികയിൽ പ്രത്യക്ഷമാകുന്നു.

"മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, വകുപ്പ് 497(5)-ഉം, വകുപ്പ് 498(2)-ഉം പ്രകാരം പാസ്സാക്കുന്ന ഉത്തരവിന്റെ പ്രഭാവം, ജാമ്യം റദ്ദാക്കപ്പെടുന്നു എന്നതുമാത്രമല്ല, എന്നാൽ പ്രതി അറസ്റ്റ് ചെയ്യപ്പെടുന്നതിന് ഉത്തരവിടപ്പെടുകയും കസ്റ്റഡിയിൽ വയ്ക്കപ്പെടുകയും ചെയ്യുന്നു എന്നുള്ളതായിരിക്കുന്നതാണ്".

12. സംഹിതയിലെ വകുപ്പ് 498 (2)-നെ പരാമർശിച്ചതിനുശേഷം, കോടതി പ്രകടമായ ഈ നിരീക്ഷണം നടത്തി.

"......... കൂടാതെ ഈ വ്യവസ്ഥകളുടെ കീഴിൽ, ഹൈക്കോടതി അല്ലെങ്കിൽ സെഷൻസ് കോടതി, അത് അനുവദിച്ച ജാമ്യം റദ്ദാക്കുവാനും പ്രതിയെ അറസ്റ്റ് ചെയ്യുവാനും, അയാളെ കസ്റ്റഡിയിൽ വയ്ക്കുവാനും പ്രകടമായി അധികാരപ്പെടുത്തപ്പെടുന്നു. (ഊന്നൽ നൽകപ്പെടുന്നു)

13. ***ഗുരുചരൺസിംഗും മറ്റുള്ളവരും അഭി സർക്കാർ-ഡൽഹി അഡ്മിനിസ്ട്രേഷൻ*** (എ.ഐ.ആർ 1978 എസ്.സി 179)എന്ന കേസിൽ സുപ്രീം കോടതി പുതിയ സംഹിതയിലെ വകുപ്പ് 439(2)-ന്റെ വ്യാപ്തി പരിഗണിക്കുകയും, ഇപ്രകാരം വിധിക്കുകയും ചെയ്തു.

"പുതിയ സംഹിതയിലെ വകുപ്പ് 439(2)-ൻ കീഴിൽ ജാമ്യത്തിന്റെ റദ്ദാക്കൽ പ്രശ്നം, സി.ആർ.പി.സി യിലെ വകുപ്പ് 439 (1)-ൻ കീഴിൽ ജാമ്യം അനുവദിക്കുന്നതിൽ നിന്ന് തീർച്ചയായും വ്യത്യസ്തമായതാണ്".

ഈ സന്ദർഭത്തിൽ പ്രസക്തമായ ഇനിയുള്ള മറ്റൊരു തീർപ്പ് ***ആർ. രത്തിനം അഭി സർക്കാരും മറ്റൊരാളും*** (2000 (2) കെ.എൽ.റ്റി എസ്.എൻ 24 (സി.നം.27) എസ്.സി=എ.ഐ.ആർ 2000 എസ്.സി 1851) എന്ന കേസിലെയാണ്. പുതിയ സംഹിതയിലെ വകുപ്പ് 439(2)-നെ പരാമർശിച്ച ശേഷം സുപ്രീം കോടതി ഇപ്രകാരം നിരീക്ഷിച്ചു:

"അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ജാമ്യം റദ്ദാക്കേണ്ട യാതൊരു ആവശ്യവുമില്ലായെന്ന് ഹൈക്കോടതി കരുതുന്നുവെങ്കിൽ, അങ്ങനെയുള്ള പരിഗണനകൾ നടത്തിയശേഷം, ആ ഹർജിയെ തള്ളിക്കളയുവാൻ ഹൈക്കോടതിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നു. അതാണ് സ്ഥിതിയെങ്കിൽ, അപ്രകാരം ചെയ്യുന്നതിന് ഹർജിയിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾ ആവശ്യമായിടത്തോളം മതിയായതാണെന്ന് ഹൈക്കോടതിക്ക് തോന്നുന്നുവെങ്കിൽ, ജാമ്യം റദ്ദാക്കുവാനും ഹൈക്കോടതിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നു".

14. സംഹിതയിലെ വകുപ്പ് 439(2), `ജാമ്യം റദ്ദാക്കുവാനും' എന്ന പദപ്രയോഗം അതിൽ പറഞ്ഞിട്ടില്ലെങ്കിൽ കൂടിയും, ജാമ്യം റദ്ദാക്കുവാൻ

ബന്ധപ്പെട്ട കോടതിയെ അധികാരപ്പെടുത്തുന്നുവെന്ന് മുകളിലത്തെ എല്ലാ തീർപ്പുകളും പ്രതിപാദിക്കുന്നു. അതുകൊണ്ട് (മുകളിലത്തെ) **ജെയിംസ് ജോർജ്ജിന്റെ** കേസിലെ തീർപ്പിനെ പിന്തുടരാതിരിക്കുവാൻ ഞാൻ നിർബന്ധിതനാകുന്നു.

15. ഒരു പ്രതിക്ക് അനുവദിച്ച ജാമ്യം പിന്നീടുള്ള അയാളുടെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കുവാൻ പുതിയ സംഹിതയിലെ വകുപ്പ് 437 (5) ഉം, വകുപ്പ് 439 (2) ഉം യഥാക്രമം മജിസ്ട്രേറ്റുമാരേയും സെഷൻസ് കോടതികളെയും അധികാരപ്പെടുത്തുന്നു. ഉപാധികളുടെ ലംഘനമുണ്ടായാൽ, ജാമ്യം റദ്ദാക്കുവാൻ ഈ കോടതി സെഷൻസ് കോടതിയെ അധികാരപ്പെടുത്തിയിട്ടുള്ളതിനാൽ, ഹർജിക്കാരൻ രണ്ടാം എതിർകക്ഷിക്ക് അനുവദിച്ച ജാമ്യത്തിന്റെ റദ്ദാക്കലിനുവേണ്ടി സെഷൻസ് കോടതിയെ സമീപിക്കേണ്ടതാണ്.

ഫലത്തിൽ, ഹർജിക്കാരൻ, അയാൾ അപ്രകാരം ഉപദേശിക്കപ്പെടുന്നെങ്കിൽ, രണ്ടാം എതിർകക്ഷിക്ക് അനുവദിച്ച ജാമ്യത്തിന്റെ റദ്ദാക്കലിന് വേണ്ടി ബന്ധപ്പെട്ട സെഷൻസ് കോടതിയെ സമീപിക്കുവാനുള്ള ഒരു നിർദ്ദേശത്തോടുകൂടി ഈ ക്രിമിനൽ എം.സി തീർപ്പാക്കപ്പെടുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സി.കെ. അബ്ദുൾ റഹീം

&

ബഹു. ജസ്റ്റിസ് മേരി ജോസഫ്

ദീപ്തി രാജൻ

അഭി

രാജശേഖർ. ആർ

വൈവാഹിക അപ്പീൽ നം. 1135/2015

## 2015 നവംബർ 18–ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1955–ലെ ഹിന്ദു വിവാഹ ആക്റ്റ്, വകുപ്പ് 5(i)-- വകുപ്പ് 5(i)-ൽ അടങ്ങിയിരിക്കുന്ന "വിവാഹ സമയത്ത് ജീവിച്ചിരിപ്പുള്ള ഭർത്താവോ ഭാര്യയോ" എന്ന പദങ്ങളെ, ആരുമായാണോ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടേണ്ടത്, ആ ഒരു ആൾ അല്ലാത്ത ഒരു ഭർത്താവ് അല്ലെങ്കിൽ ഭാര്യ എന്നും, ആരുമായാണോ ഒരു മുൻവിവാഹത്തിൽ ഒരു വൈവാഹികബന്ധം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്, ആ ഒരു ഭർത്താവ് അല്ലെങ്കിൽ ഭാര്യ എന്നും മാത്രം വ്യാഖ്യാനിക്കാൻ കഴിയുന്നതാണ്. അതിനാൽ, വകുപ്പ് 5(i)-ലെ വ്യവസ്ഥകളുടെ ലംഘനം കാരണമുള്ള വിവാഹത്തിന്റെ അസാധുതയും അതിന്റെ നിഷ്ഫലതയും, ഒരു മുൻവിവാഹത്തിലുള്ള ഒരു മുൻ ഭർത്താവ് അല്ലെങ്കിൽ ഭാര്യ ജീവിച്ചിരിക്കുമ്പോൾ, വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന ഒരു കേസിൽ മാത്രം ആകർഷിക്കപ്പെടുന്നതാണ് എന്നുള്ളതാണ് ഈ കോടതിയുടെ സുചിന്തിതമായ അഭിപ്രായം.**

**1955–ലെ ഹിന്ദു വിവാഹ ആക്റ്റ്, വകുപ്പ് 5(i)--ഭാര്യാ ഭർത്താക്കൻമാർ തമ്മിൽ ഒരു പ്രത്യേക തീയതിയിൽ സാധുവായ ഒരു വിവാഹം സ്ഥാപിക്കപ്പെടുന്നെങ്കിൽ, അതേ കക്ഷികൾ തമ്മിലുള്ള രണ്ടാമത്തെ ഒരു വിവാഹം, ആ വിവാഹബന്ധത്തിൻകീഴിൽ നിയമപരമായ ഒരു ബന്ധം സ്ഥാപിക്കുന്ന ആവശ്യത്തിന് പ്രാധാന്യമില്ലാത്തതായിത്തീരുന്നതാണ്.**

**അതിനാൽ, കക്ഷികൾ സിംഗപ്പൂരിൽ വച്ച് സാധുവായ ഒരു വിവാഹത്തിൽ പ്രവേശിച്ചിട്ടുണ്ടോയെന്നും, അവർ നേരത്തെ ഭർത്താവും ഭാര്യയുമെന്ന നിയമപരമായ ഒരു പദവിയിൽ ആയിരുന്നുവെന്നുമുള്ളത്, തെളിവ് എടുത്തതിനുശേഷം പരിഗണിക്കപ്പെടേണ്ട വിഷയങ്ങൾ ആണെന്നുള്ള ഫലത്തിലേക്ക് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ കുടുംബ കോടതി നൽകിയ കണ്ടെത്തലുകൾ പൂർണ്ണമായും നിയമപരമായതും ശരിയായതുമാണ്.**

### വിധിന്യായം

ജസ്റ്റിസ് സി.കെ. അബ്ദുൾ റഹീം

1984–ലെ കുടുംബ കോടതികൾ ആക്റ്റിലെ വകുപ്പ് 19 (1) പ്രകാരം ആരംഭിക്കപ്പെട്ട മുകളിലത്തെ വൈവാഹിക അപ്പീൽ കൊല്ലം കുടുംബ കോടതി ആദ്യഹർജി (എച്ച്.എം.എ) നം. 116/2013-ലെ ഐ.എ.നം.907/2014-ൽ പാസ്സാക്കിയ ഉത്തരവിന് എതിരെയുള്ളതാണ്. ഇതിലെ അപ്പീൽവാദി, കുടുംബ കോടതി മുമ്പാകെയുള്ള എതിർകക്ഷിയും, ഇടക്കാല

അപേക്ഷയിലെ ഹർജിക്കാരിയുമാണ്. കീഴ്ക്കോടതി മുമ്പാകെയുള്ള കേസ് ഇതിലെ എതിർകക്ഷി ആരംഭിച്ചിട്ടുള്ളതും, അയാൾ ഐ.എ.നം. 907/2014-ലെ എതിർകക്ഷിയുമാണ്.

2. കക്ഷികൾ തമ്മിൽ 06-04-2009-ൽ ചടങ്ങനുസരിച്ച് നടത്തിയ വിവാഹത്തിന്റെ വിഘടനം ആവശ്യപ്പെട്ടുകൊണ്ട്, 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ വകുപ്പ് 13(1) (iഎ) പ്രകാരം കൊല്ലം കുടുംബ കോടതി മുമ്പാകെ ആദ്യഹർജി ഫയൽ ചെയ്യപ്പെട്ടു. ആരോപണങ്ങൾ ചുരുക്കത്തിൽ, ഇതിലെ അപ്പീൽവാദി, 27-12-2012 മുതൽ എതിർകക്ഷിയെ അഭിത്യജിക്കുകയും ശാരീരികവും മാനസികവുമായ പീഡനം മുഖേന ക്രൂരതയോടു കൂടി അയാളോട് പെരുമാറുകയും ചെയ്തിരുന്നു എന്നതാണ്. ഇതിലെ അപ്പീൽവാദി, അവരുടെ മുക്ത്യാർ നാമത്തിന്റെ കൈവശക്കാരൻ മുഖേന ഹാജരാകുകയും, കൊല്ലം കുടുംബ കോടതി മുമ്പാകെയുള്ള കേസ് നിലനിൽക്കത്തക്കതല്ല എന്ന കാരണത്തിൻമേൽ അതിന്റെ തള്ളിക്കളയൽ ആവശ്യപ്പെട്ടുകൊണ്ട്, കീഴ്ക്കോടതി മുമ്പാകെ ഐ.എ.നം. 907/2014 ഫയൽ ചെയ്യുകയും ചെയ്തു. 06-04-2009-ൽ കൊല്ലത്തു വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹത്തിനു മുൻപുപോലും കക്ഷികൾ ഭർത്താവും ഭാര്യയുമായി സിംഗപ്പൂരിൽ ജീവിച്ചു വരികയായിരുന്നു എന്നതാണ് വാദങ്ങൾ. അവരുടെ വിവാഹം നേരത്തെ ചടങ്ങനുസരിച്ച് നടത്തപ്പെടുകയും, 21-01-2009-ൽ സിംഗപ്പൂരിലെ വിവാഹങ്ങളുടെ രജിസ്ട്രിയിൽ വച്ച് വിവാഹങ്ങളുടെ ഡെപ്യൂട്ടി രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തു എന്ന് വാദിച്ചിരിക്കുന്നു. ആ ഫലത്തിലേക്ക് ഒരു വിവാഹ സാക്ഷ്യപത്രം നൽകപ്പെട്ടു. മുകളിലത്തെ വസ്തുത ആദ്യഹർജിയിൽ തന്നെ സമ്മതിക്കപ്പെട്ടിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. സിംഗപ്പൂരിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹം, നിയമപരമായി സാധുവായതും എല്ലായ്പ്പോഴും നിലനിൽക്കുവാൻ അനുവദിക്കപ്പെട്ടിരുന്നതുമാണ് എന്നതാണ് വാദം. അതുകൊണ്ട്, കുടുംബ കോടതി മുമ്പാകെ ഫയൽ ചെയ്ത ആദ്യഹർജി നിലനിൽക്കത്തക്കതല്ലായെന്നും, 06-04-2009-ൽ കൊല്ലത്ത് വച്ച് നടത്തിയ വിവാഹം ഇന്ത്യയിലെ ബന്ധുക്കളെ തൃപ്തിപ്പെടുത്തുന്ന ആവശ്യത്തിനുവേണ്ടി മാത്രം ആയിരുന്നതിനാൽ, അങ്ങനെയുള്ള ഒരു ഹർജി സ്വീകരിക്കുവാൻ ആ കോടതിക്ക് യാതൊരു അധികാരിതയുമില്ലെന്നും, അതുകൊണ്ട് നിഷ്ഫലമാക്കി തീർക്കത്തക്ക ഒരു വിവാഹമാണെന്നും വാദിച്ചിരിക്കുന്നു. അപ്പീൽവാദി പറഞ്ഞതനുസരിച്ച്, ഒരു ദമ്പതികൾക്ക് രണ്ടു വിവാഹം ഉണ്ടായിരിക്കുന്നത് സാധ്യമല്ല. ഒരു രാജ്യത്തിൽ നിന്ന് നിയമപരമായി വിവാഹം ചെയ്തിട്ടുള്ള ഒരു ദമ്പതികൾക്ക്, അവർ ഭർത്താവും ഭാര്യയുമാണെന്ന സാരവത്തായ വസ്തുത മറച്ചുവച്ചുകൊണ്ട് ഒരു വ്യത്യസ്ത രാജ്യത്ത് വീണ്ടും അവരുടെ വിവാഹം ചടങ്ങനുസരിച്ച് നടത്തുവാൻ കഴിയുന്നതല്ല എന്നതാണ് വാദം. 06-04-2009-ൽ കൊല്ലത്ത് വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹത്തിന്റെ പ്രഭാവം 1954-ലെ ഹിന്ദു വിവാഹ ആക്റ്റിലെ വകുപ്പ് 5 (i)-ന്റെ വ്യക്തമായ ലംഘനമാണ് എന്ന് വാദിച്ചിരിക്കുന്നു. അതുകൊണ്ട്, കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം കൊല്ലം കോർപ്പറേഷനിൽ നിന്ന് കരസ്ഥമാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അവർ നേരത്തെ സിംഗപ്പൂരിൽ വച്ച് വിവാഹിതരായെന്നും, ഭർത്താവിന്റെയും ഭാര്യയുടെയും പദവി ആർജ്ജിച്ചിട്ടുണ്ടെന്നും ഉള്ള വസ്തുത മറച്ചുവച്ചു കൊണ്ടാണ്. ഹിന്ദുവിവാഹ നിയമം എതിർകക്ഷിയെ സിംഗപ്പൂരിൽ വച്ച് നേരത്തെ ചടങ്ങനുസരിച്ച് നടത്തിയ വിവാഹം രജിസ്റ്റർ ചെയ്യുവാൻ മാത്രം അനുവദിക്കുകയും, ഇന്ത്യയിൽ ഏതൊരു വിവാഹവും ചടങ്ങനുസരിച്ച് നടത്തുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു വിവാഹമോചനം ആദ്യ ഹർജിയിൽ നൽകപ്പെടുന്നെങ്കിലും, സിംഗപ്പൂരിൽ വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെടുകയും രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്ത ആദ്യ വിവാഹം അതിജീവിക്കുന്നതുകൊണ്ട്, കക്ഷികൾ നിയമപരമായി ഭർത്താവും ഭാര്യയുമായി നിലനിൽക്കുന്നതാണ് എന്ന് കൂടി വാദിച്ചിരിക്കുന്നു. കക്ഷികൾ സിംഗപ്പൂരിലെ സ്ഥിര താമസക്കാരാണെന്നും, 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ വ്യവസ്ഥകൾ ആ ആക്റ്റ്

ബാധകമാകുന്ന ഭൂപ്രദേശങ്ങൾക്കുള്ളിൽ അധിവാസമുള്ള ഹിന്ദുക്കൾക്ക് മാത്രം ബാധകമാകുന്നതുകൊണ്ട്, പ്രസ്തുത ആക്റ്റ് പ്രകാരം ഒരു വിവാഹ മോചന ഹർജി ഫയൽ ചെയ്യുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നു. അതുകൊണ്ട്, അധികാരിതയുടെയും നിലനിൽപ്പിന്റെയും വിഷയം ഒരു പ്രാരംഭ പ്രശ്നമായി കേൾക്കുവാൻ കുടുംബ കോടതിയോട് അഭ്യർത്ഥിച്ചു.

3. കക്ഷികൾ സിംഗപ്പൂരിൽ ഭർത്താവും ഭാര്യയുമായി ഒരുമിച്ച് ജീവിക്കുകയുണ്ടായി എന്ന ആരോപണത്തെ ഖണ്ഡിച്ചുകൊണ്ട് ഇതിലെ എതിർകക്ഷി വ്യവഹാര മധ്യേയുള്ള അപേക്ഷക്ക് ആക്ഷേപങ്ങൾ ഫയൽ ചെയ്തു. സിംഗപ്പൂരിൽ വിവാഹത്തിന്റെ ഒരു ഔപചാരിക രജിസ്ട്രേഷൻ മാത്രം ഉണ്ടായിരുന്നെന്നും, അത് വിസയ്ക്കും തൊഴിലിനും വേണ്ടി മാത്രം ചെയ്യപ്പെട്ടതെന്നും, ഈ വസ്തുത ശരിയായി ആദ്യഹർജിയിൽ ചൂണ്ടിക്കാട്ടപ്പെട്ടിരുന്നുവെന്നും വാദിച്ചിരിക്കുന്നു. 06-04-2009-ൽ കൊല്ലത്തു വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹം ഇന്ത്യയിൽ നിലവിലിരുന്ന ആചാര പ്രകാരം മതപരമായ എല്ലാ ചടങ്ങുകളോടും കൂടി നിർവ്വഹിക്കപ്പെടുകയും, നിയമ വ്യവസ്ഥകളിൻ കീഴിൽ ആവശ്യപ്പെട്ട പ്രകാരം അത് രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തു എന്ന് വാദിച്ചിരിക്കുന്നു. വിവാഹം ഇന്ത്യയിൽ വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെടുകയും, ലൈംഗിക സംഗത്തോടെ പൂർത്തീകരിക്കുകയും ചെയ്തതുകൊണ്ട്, വിവാഹം സിംഗപ്പൂരിൽ വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ടു എന്ന വാദം സത്യമായതും ശരിയായതും അല്ലാത്തതാണ്. 06-04-2009-ൽ കൊല്ലത്ത് വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹം മാത്രമാണ് നിയമപരമായി സാധുവായ ദമ്പതിമാരുടെ വിവാഹം, എന്ന് വാദിച്ചിരിക്കുന്നു. എതിർകക്ഷി പറഞ്ഞതനുസരിച്ച്, 06-04-2009-ൽ കൊല്ലത്തുവച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട നിയമപരമായി സാധുവായ വിവാഹത്തിനു മുൻപ് നിയമപരമായ യാതൊരു വിവാഹവും ചടങ്ങനുസരിച്ച് നടത്തപ്പെടുകയും, ലൈംഗിക സംഗത്തോടെ പൂർത്തീകരിക്കപ്പെടുകയും ചെയ്തിട്ടില്ല, അവർ ഭർത്താവും ഭാര്യയുമായി ഒരുമിച്ച് ജീവിച്ചിട്ടുമില്ല. രണ്ടുകക്ഷികളും ഹിന്ദു സംഹിതയുടെ വ്യവസ്ഥകളാൽ അനുശാസിക്കപ്പെടുന്നതുകൊണ്ട്, സാധുവായ ഒരു വിവാഹത്തിൽ പ്രവേശിക്കാൻ അവർ ക്ഷമതയുള്ളവരായിരുന്നു. വിരുദ്ധമായി ഉന്നയിച്ച എല്ലാ ആരോപണങ്ങളും നിഷേധിക്കപ്പെടുന്നു. എതിർകക്ഷിക്ക് സിംഗപ്പൂരിൽ പൗരത്വം അല്ലെങ്കിൽ സ്ഥിരവാസം കിട്ടിയിട്ടുണ്ട് എന്നതും നിഷേധിക്കപ്പെടുന്നു. ഇന്ത്യയിലെ കോടതികൾക്ക് പ്രാദേശിക അധികാരിത ഇല്ല എന്ന വാദവും ഖണ്ഡിക്കപ്പെടുന്നു. എതിർകക്ഷി പറയുന്നതനുസരിച്ച്, സിംഗപ്പൂരിൽ നടന്ന ഔപചാരികമായതും പേരിനു വേണ്ടിയുമുള്ള വിവാഹത്തിന്റെ രജിസ്ട്രേഷനെ, ഹിന്ദു വിവാഹ ആക്റ്റ് പ്രകാരമുള്ള എല്ലാ അവശ്യ കോപാധികളോടും പൂർണ്ണമായും സംഗതമായുള്ള നിയമപരമായ ഒരു വിവാഹത്തിന്റെ നിർവ്വഹണത്തിനുള്ള ഒരു തടസ്സമായി എടുക്കുവാൻ കഴിയുന്നതല്ല. ആക്റ്റിലെ വകുപ്പ് 5 (i) ബഹുഭാര്യാത്വം ഒഴിവാക്കാനുള്ള ഒരു വ്യവസ്ഥ മാത്രം ഉദ്ദേശിച്ചിട്ടുള്ളതും ആജ്ഞാപിച്ചിട്ടുള്ളതുമാണ് എന്ന് വാദിക്കുന്നു. ആ വ്യവസ്ഥകൾ, ഏകപത്നിത്വത്തിനുവേണ്ടി സംസാരിക്കുകയും, ഇന്ത്യയിൽ ബഹുഭർത്തൃത്വം നിരോധിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതും ആണ്. അതുകൊണ്ട്, ആദ്യഹർജി സ്വീകരിക്കുവാൻ കുടുംബ കോടതിക്ക് അധികാരിത ഉണ്ടായിരിക്കുന്നതും, അത് ആ കോടതി മുമ്പാകെ നിലനിൽക്കത്തക്കതാണെന്നുള്ളതുമാണ് വാദം.

4. ആദ്യഹർജി നിലനിൽക്കത്തക്കതാണെന്ന് വിധിച്ചുകൊണ്ട് ഇതിൽ ചോദ്യം ചെയ്യപ്പെടുന്ന ഉത്തരവ് മുഖാന്തിരം കുടുംബ കോടതി വ്യവഹാര മധ്യേയുള്ള അപേക്ഷയെ തീർപ്പാക്കി. 06-04-2009-ൽ കൊല്ലത്തു വച്ച് നടത്തപ്പെട്ട വിവാഹത്തിന്റെ വസ്തുത തർക്കിക്കപ്പെടുന്നില്ലായെന്ന് നിരീക്ഷിക്കപ്പെടുന്നു. കക്ഷികൾ സിംഗപ്പൂരിൽ വച്ച് സാധുവായ ഒരു വിവാഹത്തിൽ പ്രവേശിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചും, അവർ ഭർത്താവും ഭാര്യയുമായി ഒരുമിച്ച് ജീവിച്ച് വന്നിരുന്നോയെന്നതിനെ സംബന്ധിച്ചും ഉള്ള ചോദ്യം തെളിവെടുത്തതിനു ശേഷം പരിഗണിക്കപ്പെടേണ്ട വിഷയങ്ങളാണ്.

അങ്ങനെയുള്ള ഒരു വിവാഹം സിംഗപ്പൂരിൽ വച്ച് നടത്തപ്പെട്ടിട്ടുണ്ടോയെന്നുള്ളതും, പ്രസ്തുത വസ്തുതയെ മറച്ചുവച്ചുകൊണ്ട് പിന്നീടുള്ള വിവാഹം നടത്തപ്പെട്ടിട്ടുണ്ടോയെന്നുള്ളതും, ഹിന്ദു വിവാഹ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കുടുംബ കോടതിയുടെ അധികാരിത യ്ക്കുള്ളിൽ വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹത്തിന്റെ വിഘടനം ആവശ്യപ്പെട്ടു കൊണ്ട് ഫയൽ ചെയ്ത അപേക്ഷയിൽ പരിഹരിക്കുവാൻ പ്രസ്തുത കോടതിക്ക് അധികാരവും അധികാരിതയും ലഭിച്ചിട്ടുള്ള ചോദ്യങ്ങളാ ണെന്ന് കീഴ്ക്കോടതി നിരീക്ഷിച്ചു. അത് നിഷ്ഫലമാക്കിത്തീർക്കത്തക്ക ഒരു വിവാഹമാണെങ്കിൽ പോലും, അതിനെ അവഗണിക്കുവാൻ കഴിയാത്തതും അതിനെ വിഘടിപ്പിക്കപ്പെടേണ്ടതുമാണ്, അതിന് കുടുംബ കോടതിക്ക് മാത്രം അധികാരിത ലഭിച്ചിട്ടുണ്ട് എന്ന് മേലും നിരീക്ഷിച്ചിരിക്കുന്നു. അതുകൊണ്ട് ആദ്യഹർജി നിലനിൽക്കത്ത ക്കതാണെന്ന് കണ്ടെത്തപ്പെടുന്നു.

5. അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. സി. പി. സുധാകര പ്രസാദിന്റെ വാദം മുഖ്യമായും, സാധുവായ യാതൊരു വിവാഹവും 06-04-2009-ൽ കൊല്ലത്ത് സ്ഥാപിക്ക പ്പെട്ടിട്ടില്ലാത്തതുകൊണ്ട് ആദ്യഹർജി കീഴ് ക്കോടതി മുമ്പാകെ നിലനിൽക്കത്തക്കതല്ല എന്നതാണ്. അദ്ദേഹം ഹിന്ദു വിവാഹ ആക്റ്റിലെ വകുപ്പ് 5 (i) ലെയും വകുപ്പ് 11 ലെയും വ്യവസ്ഥകളിൽ നിന്നും പിന്തുണ തേടുന്നു. വാദം എന്തെന്നാൽ, കൊല്ലത്തുവച്ച് ചടങ്ങനു സരിച്ച് നടത്തപ്പെട്ട വിവാഹം, അത് ആക്റ്റിലെ വകുപ്പ് 5 (i) നെ ഉല്ലംഘിച്ചിരുന്നതുകൊണ്ട്, വകുപ്പ് 11 പ്രകാരം നിയമസാധുതയില്ലാത്ത ഒരു വിവാഹം ആണെന്നതാണ്. കുടുംബ കോടതി മുമ്പാകെയുള്ള അപ്പീൽവാദിയുടെ വാദം, കൊല്ലത്തു വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹം നിഷ്ഫലമാക്കിത്തീർക്കാവുന്നതാ യിരുന്നു എന്നത് ശ്രദ്ധിക്കേണ്ടത് പ്രസക്തമാണ്. ആ വിവാഹം അത് വകുപ്പ് 5 (i) നെ ഉല്ലംഘിക്കുന്നതിനാൽ, ആരംഭം മുതലേ നിയമസാധുതയില്ലാത്തതായി തീരുന്നതാണ് എന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദിച്ചു. ആ വിവാഹം ആരംഭം മുതലേ നിയമസാധു തയില്ലാത്തതായതുകൊണ്ട്, വകുപ്പ് 13(1) പ്രകാരം ഫയൽ ചെയ്ത ഒരു അപേക്ഷയിൽ പ്രസ്തുത വിവാഹത്തിന്റെ വിഘടന ചോദ്യം കുടുംബ കോടതിക്ക് പരിഗണിക്കുവാൻ കഴിയുന്നതല്ല എന്നതാണ് വാദം. അതുകൊണ്ട് ആദ്യഹർജി കുടുംബ കോടതി മുമ്പാകെ നിലനിൽക്കത്തക്കതല്ലാത്തതായി തീരുന്നതാണ് എന്ന് വാദിച്ചിരിക്കുന്നു.

6. പൗരത്വത്തിന്റെയും സ്ഥിരവാസ ത്തിന്റെയും കാരണങ്ങളിൻമേൽ കുടുംബ കോടതിയുടെ അധികാരിതയെ സംബന്ധിച്ച ഒരു തർക്കം കൂടി അപ്പീൽവാദി ഉന്നയിച്ചിരു ന്നെങ്കിലും, അങ്ങനെയുള്ള തർക്കങ്ങളെ, അനുമാനിക്കാവുന്നതുപോലെ, എതിർകക്ഷി ഇന്ത്യയിലെ ഒരു പൗരനാണെന്ന് വാദിച്ചു കൊണ്ട് ഫയൽ ചെയ്ത തർക്കങ്ങളുടെ അടിസ്ഥാനത്തിൽ പിന്തുടരുന്നില്ലായെന്ന് പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ സമ്മതിച്ചു. അതുകൂടാതെ, അധികാരിതയെ സംബന്ധിച്ച ഒരു ചോദ്യം, ഹിന്ദു വിവാഹ ആക്റ്റ് പ്രകാരം കൊല്ലത്തുവച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട ഒരു വിവാഹത്തിന്റെ വിഘട നത്തിന് പ്രഥമ ദൃഷ്ട്യാ അവശ്യഘടകങ്ങൾ ആകുന്ന, ആദ്യഹർജിയിലെ വാദങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടിയി രിക്കുന്നു. കൊല്ലത്തുവച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹത്തിന്റെ വസ്തുത തർക്കിക്കപ്പെടാത്തിടത്തോളം, അധികാരിതാ പ്രശ്നത്തിൻമേൽ വിജയകരമായ ഏതൊരു ചോദ്യവും ഉണ്ടായിരിക്കുന്നത് സാധ്യമല്ല.

7. തീരുമാനത്തിന് വേണ്ടി വിവാദിക്ക പ്പെടുന്ന നിർണ്ണായക ചോദ്യം, കുടുംബ കോടതിക്ക് വിഘടിപ്പിക്കുവാൻ കഴിയുന്ന സാധുവായ യാതൊരു വിവാഹവും 6-4-2009-ൽ കൊല്ലത്ത് വച്ച് നടത്തിയിട്ടില്ലായെന്ന കാരണ ത്തിൻമേൽ ചോദ്യം ചെയ്യപ്പെടുന്ന ആദ്യ ഹർജിയുടെ നിലനിൽപ്പിനെ സംബന്ധിച്ചുള്ള താണ്. ഇതു സംബന്ധിച്ച് ഹിന്ദു വിവാഹ ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകളുടെ ഒരു സൂക്ഷ്മപരിശോധന ഉണ്ടായിരിക്കുന്നത് ഗുണകരമാണ്. 5-ാം വകുപ്പ്, ഏതെങ്കിലും രണ്ടു ഹിന്ദുക്കൾ തമ്മിലുള്ള ഒരു ഹിന്ദുവിവാഹം,

അതിൻകീഴിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഉപാധികൾ നിറവേറ്റപ്പെടുന്നെങ്കിൽ, ചടങ്ങനുസരിച്ച് നടത്താൻ കഴിയുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. രണ്ടു കക്ഷികളിലാർക്കും വിവാഹ സമയത്ത് ജീവിച്ചിരിക്കുന്ന ഭാര്യയോ ഭർത്താവോ ഉണ്ടായിരിക്കുവാൻ പാടില്ലാത്ത താണെന്ന് 5-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ചടങ്ങനുസരിച്ച് നടത്തപ്പെട്ട ഏതൊരു വിവാഹവും അത് 5-ാം വകുപ്പിന്റെ (i)-ഉം, (iv)-ഉം, (v)-ഉം, ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള ഉപാധികളിൽ ഏതെങ്കിലും ഒന്നിനെ ഉല്ലംഘിക്കുന്നെങ്കിൽ, അകൃതവും ശൂന്യവുമായിരിക്കുന്നതും, അതിലെ കക്ഷിക ളിലാരെങ്കിലും മറ്റേ കക്ഷിക്കെതിരായി ബോധിപ്പിച്ച ഒരു ഹർജിയിൻമേൽ, ഒരു നിഷ്ഫലത വിധി മുഖേന അപ്രകാരം പ്രഖ്യാപിക്കപ്പെടാവുന്നതുമാണെന്ന് 11-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ, ഏതെങ്കിലും വിവാഹം വകുപ്പ് 5(i)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധിയെ ഉല്ലംഘിച്ചിട്ടുണ്ടെങ്കിൽ, അത് അകൃതവും ശൂന്യവുമായിത്തീരുന്നതും, അതിലെ കക്ഷികളിലാരെങ്കിലും ബോധിപ്പിച്ച ഒരു ഹർജിയിൻമേൽ അതിനെ കോടതിയുടെ ഒരു വിധി മുഖേന അകൃതമായി പ്രഖ്യാപി ക്കാൻ കഴിയുന്നതാണ് എന്നത് വ്യക്തമാണ്.

8. ഇപ്പോഴത്തെ കേസിൽ, 06-04-2009-ൽ കൊല്ലത്തുവച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹം വകുപ്പ് 5(i)-നെ ഉല്ലംഘിച്ചിട്ടു ണ്ടോയെന്നതാണ് ചോദ്യം. വകുപ്പ് 5(i) പ്രകാരമുള്ള ഉപാധിയുടെ ഉല്ലംഘനം, കക്ഷികളിലാരെങ്കിലുമൊരാളുടെ ഭാര്യയോ ഭർത്താവോ വിവാഹസമയത്ത് ജീവിച്ചിരിപ്പു ണ്ടെങ്കിൽ കാണാവുന്നതാണ്. സിംഗപ്പൂരിൽ വച്ചുള്ള കക്ഷികൾ തമ്മിലുള്ള ഒരു വിവാഹത്തിന്റെ ഔപചാരികവും പേരിനും വേണ്ടിയുള്ള ഒരു രജിസ്ട്രേഷൻ, ആചാരപ്രകാരമുള്ള ഒരു വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിനെ ഏതൊരു രീതിയിലും നിരോധിക്കുന്നതല്ലാ ത്തതും, അത് വകുപ്പ് 5(i) ന് കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾ ലംഘിക്കുന്നതല്ലാ ത്തതുമാണെന്ന് എതിർകക്ഷിക്കു വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. എൻ. സുകുമാരൻ ഒരു വാദം ഉന്നയിച്ചു. ദ്വിവിവാഹം ഒഴിവാക്കുന്ന തിനു വേണ്ടി മാത്രം ആ വ്യവസ്ഥ ഉദ്ദേശിക്ക പ്പെട്ടിരിക്കുന്നതും, ആജ്ഞാപിക്കുന്നതും അങ്ങനെയുള്ള വ്യവസ്ഥയ്ക്കു പിന്നിലുള്ള നിയമനിർമ്മാണ ഉദ്ദേശ്യം ഏക വിവാഹം കാത്തുസൂക്ഷിക്കുക മാത്രമാണെന്നും, ബഹു ഭർത്തൃത്വം നിരോധിക്കുവാൻ വേണ്ടി മാത്രം അത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് വാദം. “വിവാഹ സമയത്ത് ജീവിച്ചിരിപ്പുള്ള ഭാര്യയോ ഭർത്താവോ” എന്ന പദപ്രയോഗ ത്തിനെ ആരുമായാണോ ചടങ്ങനുസരിച്ച് വിവാഹം നടത്തപ്പെടേണ്ടത്, ആ ആളല്ലാതെ യുള്ള ഒരു ഭാര്യയോ ഭർത്താവോ എന്നു മാത്രം അർത്ഥം കൽപ്പിക്കാൻ കഴിയുന്നതാണെന്ന് വാദിച്ചിരിക്കുന്നു. എന്നാൽ നിയമത്തിന്റെ വാച്യാർത്ഥം അനുസരിച്ച് അങ്ങനെയുള്ള വ്യാഖ്യാനത്തെ അംഗീകരിക്കുവാൻ കഴിയുന്നത ല്ലായെന്ന് ശ്രീ. സുധാകര പ്രസാദ് വാദിച്ചിട്ടുണ്ട്. കക്ഷികളിലാർക്കും വിവാഹ സമയത്ത് ഒരു ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുവാൻ പാടില്ലായെന്ന് ആജ്ഞാപിക്കുന്നു. സിംഗപ്പൂർ രാജ്യത്ത് രജിസ്റ്റർ ചെയ്ത വിവാഹത്തിന്റെ ബലത്തിൽ എതിർകക്ഷി അപ്പീൽവാദിയുടെ ഭർത്താവായി തീർന്നിട്ടുണ്ടോയെന്ന ചോദ്യം പരിഗണന അർഹിക്കുന്നില്ല, വകുപ്പ് 5(i) ന്റെ വ്യാഖ്യാനത്തിന് പ്രാധാന്യമർഹിക്കുന്നു, അതിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യം ന്യായനിർണ്ണയം ചെയ്യപ്പെടേണ്ടത് ആവശ്യമാണ്. അതുകൊണ്ട്, വകുപ്പ് 5(i) ന്റെ വ്യാഖ്യാനം സംബന്ധിച്ച പ്രശ്നത്തിന്റെ പരിഗണനയ്ക്കുവേണ്ടി മുമ്പോട്ടുപോകുവാൻ ഞങ്ങൾ താൽപ്പര്യപ്പെടുന്നു.

9. നിസ്തർക്കമായി, ഹിന്ദു വിവാഹ ആക്റ്റിൽ വകുപ്പ് 5(i) ഉൾപ്പെടുത്തിയതിന്റെ പിന്നിലുള്ള നിയമനിർമ്മാണ ഉദ്ദേശ്യം, അനിവാര്യമായി മറ്റ് എല്ലാവരെയും ഒഴിവാക്കി ക്കൊണ്ടുള്ള ജീവിതത്തിലേക്കുള്ള, ഒരു പുരുഷനും ഒരു സ്ത്രീയുമായുള്ള, സ്വേച്ഛയാ യുള്ള ഐക്യമായ ഏകവിവാഹത്തെ കാത്തു സൂക്ഷിക്കുവാനുള്ള ലക്ഷ്യത്തോടുകൂടി ആയിരിക്കുന്നത് സാധ്യമാണ്. കക്ഷികളി ലാർക്കും വിവാഹ സമയത്ത് ജീവിച്ചിരിക്കുന്ന ഒരു ഭാര്യയോ ഭർത്താവോ ഉണ്ടായിരിക്കരുതെന്ന്

നിയമം ഉണ്ടാക്കിയിരിക്കുന്നു. `ഭാര്യ അല്ലെങ്കിൽ ഭർത്താവ്' എന്ന പദപ്രയോഗം ആക്റ്റിൻ കീഴിൽ ആ അർത്ഥത്തിൽ നിർവ്വചിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട്, വകുപ്പ് 5(i)-ൽ നിർവ്വചിച്ചിട്ടുള്ള പദത്തിന്റെ അർത്ഥം, നിയമപരമായി വിവാഹം ചെയ്ത ഒരു ഭർത്താവോ ഭാര്യയോ എന്ന് വ്യാഖ്യാനിക്കേണ്ടത് ആവശ്യമാണ്. സാധുവായ ഒരു വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്നതിനു മുമ്പ് രണ്ടു കക്ഷികളും വിവാഹം ചെയ്യാത്തവരോ, വിവാഹമോചിതരോ, ഒരു വിധവയോ വിഭാര്യനോ ആയിരിക്കേണ്ടതാണ്. പിന്നീട് മാത്രം സാധുവായ ഒരു വിവാഹത്തിൽ പ്രവേശിക്കുവാൻ അവർ ക്ഷമതയുള്ളവരായിരിക്കുന്നു. വിവാഹത്തിന്റെ നിർവ്വഹണ സമയത്ത് കക്ഷികളിൽ ഒരാൾക്കോ മറ്റേ ആൾക്കോ ജീവിച്ചിരിപ്പുള്ള ഒരു ഭാര്യയോ ഭർത്താവോ ഉണ്ടായിരിക്കുകയും, മുൻവിവാഹം നേരത്തെ അസ്ഥിരപ്പെടുത്തുകയും ചെയ്തിട്ടില്ലെങ്കിൽ, പിന്നീടുള്ള വിവാഹം, അത് വകുപ്പ് 5(i) ൻകീഴിൽ പ്രതിപാദിച്ചിട്ടുള്ള ഉപാധിയെ ഉല്ലംഘിച്ചു കൊണ്ടായിരിക്കെ, ഒരിക്കലും ഒരു വിവാഹം അല്ലാത്തതും, അത് ആരംഭത്തിലെ അസാധുവായിത്തീരുന്നതുമാണെന്ന് *ബിരേന്ദ്ര ബിക്രം സിംഗും മറ്റുള്ളവരും* അഭി *കമലാദേവി* [എഐ.ആർ.1995 അലഹബാദ് 243] എന്ന കേസിലെ അലഹബാദ് ഹൈക്കോടതിയുടെ ഒരു വിധിന്യായത്തിൽ നിരീക്ഷിച്ചിരിക്കുന്നു. ഹിന്ദു വിവാഹ ആക്റ്റിലെ 11-ാം വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ള വിവാഹങ്ങൾ, അങ്ങനെയുള്ള ഒരു ചോദ്യം ഉയരുന്നെങ്കിലും ഉയരുമ്പോഴും, നിയമപ്രകാരം അസാധുവായതാണെന്നും, അതായത്, ആരംഭം മുതലേ അസാധുവായതാണെന്നും ഒരിക്കലും നിയമത്തിൽ നിലനിൽക്കുന്നതല്ലാത്തതായി അലക്ഷ്യപ്പെടുത്തേണ്ടതാണെന്നും *എം.എം. മൽഹോത്ര അഭി ഇന്ത്യൻ യൂണിയനും മറ്റുള്ളവരും* (എ.ഐ.ആർ 2006 എസ്.സി80) എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒരു വിധിന്യായത്തിൽ വിധിച്ചിരിക്കുന്നു. ഒരു ഹർജി ബോധിപ്പിക്കുന്നതിൻമേൽ ഒരു ഔപചാരിക പ്രഖ്യാപനം നടത്തുവാൻ ആ വകുപ്പ് അനുവദിക്കുന്നെങ്കിൽകൂടിയും, അങ്ങനെയുള്ള ഒരു ഔപചാരിക പ്രഖ്യാപനം മുൻകൂറായി ആ ആവശ്യത്തിനു വേണ്ടി പ്രത്യേകമായി ആരംഭിക്കപ്പെട്ട ഒരു നടപടിയിൽ ഒരു കോടതിയിൽ നിന്നും നേടേണ്ട ആവശ്യമില്ല. പരമോന്നത കോടതി, വ്യവസ്ഥകളെ വകുപ്പ് 16(2) മായി താരതമ്യപ്പെടുത്തിയതിനുശേഷം, വകുപ്പ് 12(2)-ൽ ഉൾപ്പെടുത്തിയിട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന വേളയിൽ ഒരു നിഷ്ഫലതാ വിധി അനിവാര്യമായ ഒരു ഉപാധി ആണെന്നും മേലും വിധിച്ചു. അസാധുവായ ഒരു വിവാഹത്തിൽ നിന്ന് ജനിച്ച ഒരു കുട്ടിയുടെ പിതൃത്വത്തിന്റെ നിയമസാധുത്വത്തെ ശരിവയ്ക്കുന്നത് ഉപദേശിക്കത്തക്കതാണെന്ന് നിയമനിർമ്മാണസഭ പരിഗണിച്ചിട്ടുള്ളപ്പോൾ, കുട്ടിയുടെ മാതാവിനെ സംബന്ധിച്ച് ഒരു സമാന സംരക്ഷണം അത് നൽകിയിട്ടില്ല എന്ന് വിധിച്ചിരിക്കുന്നു. അതിനാൽ, വകുപ്പ് 5(i) ൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധിയെ നിറവേറ്റാത്ത 11-ാം വകുപ്പിൻകീഴിൽ ഉൾക്കൊള്ളിക്കപ്പെട്ട ഒരു വിവാഹം ആരംഭത്തിലെ അസാധുവായിത്തീരുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ള നിയമപരമായ മുൻവിധിന്യായങ്ങളിൽ നിന്ന് വ്യക്തമാണ്.

10. "വിവാഹസമയത്ത് ജീവിച്ചിരിക്കുന്ന ഭർത്താവോ ഭാര്യയോ" എന്ന പദം ആരുമായാണോ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്നത്, ആ ആളല്ലാതെയുള്ള ഭർത്താവോ ഭാര്യയോ എന്നു മാത്രം വ്യാഖ്യാനിക്കപ്പെടേണ്ടത് ആവശ്യമാണ് എന്നാണ് എതിർകക്ഷിക്കുവേണ്ടിയുള്ള വാദം. പ്രസ്തുത വാദത്തെ വിലയിരുത്തുന്ന വേളയിൽ, ആക്റ്റിന്റെ 17-ാം വകുപ്പുമായി; ചേർച്ചയുള്ള 5-ാം വകുപ്പിന്റെയും 11-ാം വകുപ്പിന്റെയും ഒരു വ്യാഖ്യാനം കൂടുതൽ ഗുണകരമായിരിക്കുന്നതാണ്. ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, ചടങ്ങനുസരിച്ച് നടത്തപ്പെട്ട രണ്ടു ഹിന്ദുക്കൾ തമ്മിലുള്ള ഏതൊരു വിവാഹവും, അങ്ങനെയുള്ള വിവാഹത്തീയതിയിൽ രണ്ടു കക്ഷികളിലാർക്കെങ്കിലും ജീവിച്ചിരിപ്പുള്ള ഒരു ഭർത്താവോ ഭാര്യയോ ഉണ്ടായിരുന്നെങ്കിൽ, അസാധുവായതാണെന്നും ഹിന്ദു വിവാഹ ആക്റ്റിലെ 17-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നതും;

അതിനനുസൃതമായി ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ 494-ഉം 495-ഉം വകുപ്പുകൾ ബാധകമാകുന്നതുമാണ് (ഊന്നൽ നൽക പ്പെടുന്നു). ഇതു സംബന്ധിച്ച്, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ വകുപ്പുകൾ 494-ന്റെയും, 495-ന്റെയും കീഴിലുള്ള വ്യവസ്ഥകൾ പ്രാധാന്യം നേടുന്നു. ഭർത്താവിന്റെയോ ഭാര്യയുടെയോ ജീവിതകാലത്ത് വീണ്ടും വിവാഹം ചെയ്യുന്ന ഒരു കുറ്റത്തിന് ചുമത്ത പ്പെടേണ്ട ശിക്ഷ 494-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. അത് ഇപ്രകാരമാണ്;

> "ജീവിച്ചിരിപ്പുള്ള ഒരു ഭർത്താവോ ഭാര്യയോ ഉണ്ടായിരിക്കെ, ഏതെങ്കിലും സന്ദർഭത്തിൽ വിവാഹം കഴിക്കുന്ന ഏതൊരാളും, അങ്ങനെയുള്ള വിവാഹം, അത് അങ്ങനെയുള്ള ഭർത്താവിന്റെയോ ഭാര്യയുടെയോ ജീവിതകാലത്ത് സംഭവിച്ചു എന്ന കാരണത്താൽ അസാധുവായി രിക്കുന്ന സംഗതിയിൽ, ഏഴുവർഷത്തോളം ആകാവുന്ന ഒരു കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കും കൂടി ബാദ്ധ്യസ്ഥനാ യിരിക്കുന്നതുമാണ്".

കൂടാതെ, ആരുമായാണോ പിന്നീടുള്ള വിവാഹം ഉടമ്പടി ചെയ്യപ്പെടുന്നത്, അയാളിൽ നിന്ന് മുൻവിവാഹം മറച്ചുവച്ചുകൊണ്ടുള്ള അതേ കുറ്റത്തിനുള്ള ശിക്ഷ 495-ാം വകുപ്പ് വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു. ആ വകുപ്പ് താഴെ പറയും പ്രകാരമാണ്.

> "ആരുമായാണോ പിന്നീടുള്ള വിവാഹം ഉടമ്പടി ചെയ്യപ്പെടുന്നത്, ആ ആളിൽ നിന്നും മുൻവിവാഹത്തിന്റെ വസ്തുത മറച്ചുവച്ചുകൊണ്ട് അവസാനം അഗ്രേ ഗമിക്കുന്ന വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുറ്റം ചെയ്യുന്ന ഏതൊരാളും, പത്തു വർഷത്തോളം ആകാവുന്ന ഒരു കാല ത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽ പെട്ട തടവുശിക്ഷ നൽകി ശിക്ഷിക്ക പ്പെടുന്നതും, പിഴ ശിക്ഷയ്ക്കും കൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്".

11. അസാധുവായ ഒരു വിവാഹത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള വിവാഹത്തിന്റെ തീയതിയിൽ കക്ഷികളിലാർക്കെങ്കിലും ജീവിച്ചിരിക്കുന്ന ഒരു ഭർത്താവോ ഭാര്യയോ ഉണ്ടായിരുന്നെങ്കിൽ, ഇന്ത്യൻ ശിക്ഷാ നിയമ ത്തിലെ വകുപ്പുകൾ 494-ഉം, 495-ഉം ബാധകമാ കുന്നതാണെന്ന് മുകളിലത്തെ വ്യവസ്ഥകളിൽ നിന്നും വ്യക്തമാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, രണ്ടാമത്തെ വിവാഹം, അത് ആദ്യത്തെ ഭർത്താവിന്റെയോ ഭാര്യയുടെയോ ജീവിതകാലത്ത് സംഭവിച്ചു എന്ന കാരണത്താൽ അസാധുവായതായിരിക്കുമ്പോൾ മാത്രം ഒരു കുറ്റം സ്ഥാപിച്ചെടുക്കപ്പെടുന്നതാണ് എന്ന് ഐ.പി.സി യിലെ വ്യവസ്ഥകൾ സൂചിപ്പിക്കു ന്നതാണ്. ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ വകുപ്പുകൾ 494-ഉം, 495-ഉം, വിവാഹത്തെ സംബന്ധിച്ച കുറ്റങ്ങളെ പ്രതിപാദിക്കുന്ന XX-ാമത്തെ അദ്ധ്യായത്തിൽ വരുന്നു. ക്രിമിനൽ നടപടി നിയമസംഹിതയിലെ 198-ാം വകുപ്പ്, വിവാഹത്തിനെതിരായുള്ള കുറ്റങ്ങളുടെ പ്രോസിക്യൂഷനെ പ്രതിപാദിക്കുന്നു. ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ XX-ാം അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിനെ, ആ കുറ്റത്താൽ സങ്കടം അനുഭവിക്കുന്ന ആരോ ഒരാൾ സമർപ്പിച്ച ഒരു പരാതിയിൻമേൽ അല്ലാതെ യാതൊരു കോടതിയും നടപടിക്കെടു ക്കുവാൻ പാടില്ലാത്തതാണെന്ന് അത് വ്യവസ്ഥ ചെയ്യുന്നു. സങ്കടം അനുഭവിക്കുന്ന ആളുകൾ 198-ാം വകുപ്പിലെ (1)-ഉം, (2)-ഉം ഉപ വകുപ്പുകളിൽ വിനിർദ്ദേശിക്കപ്പെടുന്നു. അതിൽ എണ്ണിപ്പറഞ്ഞിട്ടുളള ആളുകൾ, വകുപ്പുകൾ 494-ന്റെയും 495-ന്റെയും കീഴിൽ ശിക്ഷിക്ക പ്പെടാവുന്ന ഒരു കുറ്റത്തെ സംബന്ധിച്ച് ഭാര്യയും, വകുപ്പുകൾ 497-ന്റെയും 498-ന്റെയും കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തെ സംബന്ധിച്ച് ഒരു സ്ത്രീയുടെ ഭർത്താവും ഉൾപ്പെടുന്നു. പ്രത്യക്ഷമായി, വകുപ്പ് 494 അല്ലെങ്കിൽ വകുപ്പ് 495-ൻ കീഴിലുള്ള ഒരു കുറ്റത്തെ, താൻ ജീവിച്ചിരിക്കുമ്പോഴും, താൻ തന്നെയും ഭർത്താവും തമ്മിലുള്ള നിയമ പരമായ വിവാഹം അതിജീവിക്കുമ്പോഴും, തന്റെ ഭർത്താവ് ചടങ്ങനുസരിച്ച് നടത്തിയ അസാധുവായ ഒരു വിവാഹത്തിന്റെ കാരണത്താൽ സങ്കടമ

നുഭവിക്കുന്ന ഭാര്യ (ആദ്യത്തെ ഭാര്യ) നൽകിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ മാത്രം നടപടിക്കെടുക്കുവാൻ കഴിയുന്നതാണ്. അതിനാൽ, വകുപ്പ് 5(i)-ന്റെ ലംഘനത്തിന്റെ കാരണത്താൽ അസാധുവായ ഒരു വിവാഹം ഉടമ്പടി ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ശിക്ഷ വ്യവസ്ഥ ചെയ്യുന്ന ക്രിമിനൽ നിയമത്തെ, നിയമപരമായി സാധുവായ ഒരു വിവാഹ ബന്ധത്തിൻകീഴിൽ ജീവിക്കുന്ന ഒരു മുൻ ഭാര്യയ്ക്കു മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നത് സ്പഷ്ടമാണ്. അതുകൊണ്ട്, വകുപ്പ് 5(i)-ൻകീഴിൽ അസാധുവായ ഒരു വിവാഹം ഉടമ്പടി ചെയ്യുന്നതിനെ സംബന്ധിച്ച ഒരു കുറ്റം, ആദ്യ വിവാഹത്തിൽ ജീവിച്ചിരിപ്പുള്ള ഒരു ഭർത്താവോ ഭാര്യയോ അല്ലാത്ത ഒരാളുമായി രണ്ടാം വിവാഹം ഉടമ്പടി ചെയ്യപ്പെടുന്നെങ്കിൽ മാത്രം ആകർഷിക്കപ്പെടുന്നതാണ്.

12. *ഗോപാൽലാൽ* അഭി *രാജസ്ഥാൻ സർക്കാർ* ((1979) എസ്.സി. സി. 170) എന്ന കേസിൽ ഐ.പി.സി 494-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന്റെ അവശ്യഘടകങ്ങൾ:

(i) പ്രതിയായ ഭർത്താവ് അല്ലെങ്കിൽ ഭാര്യ ആദ്യവിവാഹം ഉടമ്പടി ചെയ്തിരുന്നു

(ii) ആദ്യവിവാഹം നിലനിന്നിരുന്നപ്പോൾ ബന്ധപ്പെട്ട ഭർത്താവ് അല്ലെങ്കിൽ ഭാര്യ രണ്ടാം വിവാഹം ഉടമ്പടി ചെയ്തിരുന്നു, കൂടാതെ

(iii) കക്ഷികളെ അനുശാസിക്കുന്ന വ്യക്തിഗത നിയമം ആവശ്യപ്പെടുന്ന അവശ്യമായ അടിയന്തിരങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു എന്ന അർത്ഥത്തിൽ രണ്ടു വിവാഹങ്ങളും സാധുവായിരിക്കേണ്ടതാണ്

എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചിരിക്കുന്നു.

നിയമമോ ആചാരമോ ആവശ്യപ്പെടുന്ന അവശ്യ അടിയന്തിരങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു എന്ന അർത്ഥത്തിൽ വിവാഹം ശരിയായി ചടങ്ങനുസരിച്ച് നടത്തപ്പെടേണ്ടതാണെന്ന് ഹിന്ദു വിവാഹ ആക്റ്റിലെ വകുപ്പ് 7 ആവശ്യപ്പെടുന്നുവെന്ന് *ഭാവുറാവു ശങ്കർ ലോഖണ്ടേ* അഭി *മഹാരാഷ്ട്ര സർക്കാർ* (എ.ഐ.ആർ 1965 എസ്.സി 1564) എന്ന കേസിൽ പരമോന്നത കോടതി വിധിച്ചു. ഈ അടിയന്തിരങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളതായി ഒരിക്കൽ തെളിയിക്കപ്പെടുന്നെങ്കിൽ, ആ വിവാഹം ചടങ്ങനുസരിച്ച് ശരിയായി നടത്തപ്പെട്ടതായിത്തീരുന്നതും, ആദ്യത്തെ വിവാഹം ഇപ്പോഴും നിലനിൽക്കുമ്പോൾ വിവാഹം ഉടമ്പടി ചെയ്യപ്പെടുന്നെങ്കിൽ, 494-ാം വകുപ്പിലെ വ്യവസ്ഥകൾ സ്വമേധയാ ബാധകമാകുന്നതുമാണ്. ഹിന്ദു വിവാഹ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമുള്ള വിവാഹത്തിന്റെ അസാധുത വാസ്തവത്തിൽ 494-ാം വകുപ്പിന്റെ അവശ്യഘടകങ്ങളിൽ ഒന്നാണ്, എന്തുകൊണ്ടെന്നാൽ ഹിന്ദു വിവാഹ ആക്റ്റിലെ 17-ാം വകുപ്പിലെ വ്യവസ്ഥകളുടെ കാരണത്താൽ മാത്രം രണ്ടാം വിവാഹം അസാധുവായിത്തീരുന്നതാണ്.

13. വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന സമയത്ത് കക്ഷികളിൽ ആരെയെങ്കിലും സംബന്ധിച്ച് ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുന്നെങ്കിൽ മാത്രം വിവാഹത്തിന്റെ അസാധുത സ്ഥാപിച്ചെടുക്കപ്പെടുകയോ, 494-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ആകുന്നതോ ആണ് എന്ന സ്ഥിതിയെ മുകളിൽ പറഞ്ഞ തീർപ്പുകൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രകാരമുള്ള ചർച്ചകളിലും വിശദീകരണങ്ങളിലും നിന്ന് വകുപ്പ് 5(i)-ൽ അടങ്ങിയിരിക്കുന്ന “വിവാഹ സമയത്ത് ജീവിച്ചിരിപ്പുള്ള ഭർത്താവോ ഭാര്യയോ” എന്ന പദങ്ങളെ, ആരുമായാണോ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടേണ്ടത്, ആ ഒരു ആൾ അല്ലാത്ത ഒരു ഭർത്താവ് അല്ലെങ്കിൽ ഭാര്യ എന്നും, ആരുമായാണോ ഒരു മുൻവിവാഹത്തിൽ ഒരു വൈവാഹികബന്ധം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്, ആ ഒരു ഭർത്താവ് അല്ലെങ്കിൽ ഭാര്യ എന്നും മാത്രം വ്യാഖ്യാനിക്കാൻ കഴിയുന്നതാണ്. അതിനാൽ, വകുപ്പ് 5(i)-ലെ വ്യവസ്ഥകളുടെ ലംഘനം കാരണമുള്ള വിവാഹത്തിന്റെ അസാധുതയും അതിന്റെ നിഷ്ഫലതയും, ഒരു മുൻവിവാഹത്തിലുള്ള ഒരു മുൻ ഭർത്താവ് അല്ലെങ്കിൽ ഭാര്യ ജീവിച്ചിരിക്കുമ്പോൾ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന ഒരു കേസിൽ മാത്രം ആകർഷിക്കപ്പെടുന്നതാണ് എന്നുള്ളതാണ് ഈ കോടതിയുടെ സുചിന്തിതമായ അഭിപ്രായം.

14. എന്നാൽ, ഒരേ ഭാര്യാഭർത്താക്കൻമാർ തമ്മിൽ രണ്ടു വിവാഹങ്ങൾ ഒരേ രാജ്യത്തിനുള്ളിൽ വച്ചോ വ്യത്യസ്ത രാജ്യങ്ങൾ

ക്കുള്ളിൽ വച്ചോ ചടങ്ങനുസരിച്ച് നടത്തപ്പെടുമ്പോൾ, ഏതാണ് സാധുവായ ഒരു വിവാഹം എന്ന ചോദ്യം ഉയരാവുന്നതാണ്. വിവാഹത്തീയതിയുടെ സാധുതാ ചോദ്യത്തിൻമേലുള്ള ഒരു തീർപ്പിനെ സംബന്ധിച്ച് ഉയരുന്ന അവസരങ്ങൾ ഉണ്ടായേക്കാവു ന്നതാണ്. ഭാര്യാഭർത്താക്കൻമാർ തമ്മിൽ ഒരു പ്രത്യേക തീയതിയിൽ സാധുവായ ഒരു വിവാഹം സ്ഥാപിക്കപ്പെടുന്നെങ്കിൽ, അതേ കക്ഷികൾ തമ്മിലുള്ള രണ്ടാമത്തെ ഒരു വിവാഹം, ആ വിവാഹബന്ധത്തിൻകീഴിലുള്ള നിയമപരമായ ഒരു ബന്ധം സ്ഥാപിക്കുന്ന ആവശ്യത്തിന് പ്രാധാന്യമില്ലാത്തതായിത്തീരുന്നതാണ്. ചില കേസുകളിൽ, ഒരേ കക്ഷികൾ തമ്മിലുള്ള രണ്ടാമത്തെ ഒരു വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടുന്നെങ്കിൽപോലും, നിലവിലുള്ള വൈവാഹിക ബന്ധം നേരത്തെയുള്ള ഒരു പ്രധാനപ്പെട്ട സമയത്ത് നിയമപരമായി സ്ഥാപിക്കപ്പെട്ടതുകൊണ്ട്, ചടങ്ങനുസരിച്ച് അങ്ങനെ നടത്തി ക്കൊടുക്കുന്ന തീയതിക്ക് യാതൊരു അനന്തരഫലമോ പ്രാധാന്യമോ ഉണ്ടായിരിക്കുന്നതല്ലാത്തതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ, പിന്നീടുള്ള വിവാഹം, വിവാഹത്തിലെ കക്ഷികളിൽ ഏതെങ്കിലും ഒരാളുടെ ഇഷ്ടപ്രകാരം അസാധുവായിത്തീരുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഭാര്യാഭർത്താക്കൻമാരിൽ ഏതൊരാൾക്കും, പിന്നീട് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹത്തിന്റെ അടിസ്ഥാനത്തിൽ മറ്റേ കക്ഷിക്ക് ഒരു വിഘടനം തേടുവാൻ കഴിയുന്നതല്ല എന്ന ഒരു വാദം എടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്, കാരണം മുൻപ് ഉടമ്പടി ചെയ്യപ്പെട്ട വിവാഹത്തിന്റെ അടിസ്ഥാനത്തിൽ, ഒരു മുൻതീയതിയിൽ വൈവാഹികബന്ധം നേരത്തെ നിലവിൽ വന്നിട്ടുണ്ടായിരുന്നു. എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വാദം ഒരു വിവാഹത്തിന്റെ വിഘടനം ആവശ്യപ്പെട്ടുകൊണ്ട് ആരംഭിച്ച ഒരു കേസിൽ എടുക്കപ്പെടുകയാണെങ്കിൽ, വ്യവഹാരത്തിനുതന്നെ തീർപ്പുകൽപ്പിക്കുവാൻ കഴിയുന്ന തീർപ്പിനെ അടിസ്ഥാനമാക്കി സിവിൽ നടപടി നിയമസംഹതയിലെ ഓർഡർ XIV ചട്ടം 2(2)-ന്റെ പരിധിക്കുള്ളിൽ വരുന്ന ഒരു നിയമപരമായ വിവാദ്യകം മാത്രമാകുന്നതല്ലാത്തതാണ്.

15. അതിനാൽ, കക്ഷികൾ സിംഗപ്പൂരിൽ വച്ച് സാധുവായ ഒരു വിവാഹത്തിൽ പ്രവേശിച്ചിട്ടുണ്ടോയെന്നും, അവർ നേരത്തെ ഭർത്താവും ഭാര്യയുമെന്ന നിയമപരമായ ഒരു പദവിയിൽ ആയിരുന്നുവെന്നുമുള്ളത് തെളിവ് എടുത്തതിനുശേഷം പരിഗണിക്കപ്പെടേണ്ട വിഷയങ്ങൾ ആണെന്നുള്ള ഫലത്തിലേക്ക് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ കുടുംബ കോടതി നൽകിയ കണ്ടെത്തലുകൾ പൂർണ്ണമായും നിയമപരമായതും ശരിയായതുമാണ്. കൊല്ലത്തുവച്ച് 06-04-2009-ൽ കക്ഷികൾ തമ്മിൽ ചടങ്ങനുസരിച്ച് വിവാഹം നടത്തിയതിനെ സംബന്ധിച്ചും, കൂടാതെ കൊല്ലം കോർപ്പറേഷനിൽ വച്ചുള്ള പ്രസ്തുത വിവാഹത്തിന്റെ രജിസ്ട്രേഷനെ സംബന്ധിച്ചും യാതൊരു തർക്കവും ഇല്ല എന്ന വസ്തുതയെയും കൂടി കുടുംബ കോടതി ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കോടതിക്ക്, ഹിന്ദുവിവാഹ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അതിന്റെ അധികാരിതയ്ക്കുള്ളിൽ വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ട വിവാഹത്തെ സംബന്ധിച്ച് വിവാഹ വിഘടനത്തിനുള്ള അപേക്ഷ കൈകാര്യം ചെയ്യുവാൻ അധികാരമുണ്ടെന്ന് പ്രസ്തുത കീഴ്ക്കോടതി ശരിയായി നിരീക്ഷിച്ചിരുന്നു. അത് നിഷ്ഫലമായി തീർക്കാവുന്ന വിവാഹമാണോ അല്ലയോ എന്നത് അങ്ങനെയുള്ള നിവൃത്തി ആവശ്യപ്പെട്ടുകൊണ്ട് ആരംഭിക്കപ്പെട്ട ഉചിതമായ ഒരു നടപടിയിൽ മാത്രം തീരുമാനിക്കപ്പെടേണ്ട ഒരു ചോദ്യമാണ്. അതുകൊണ്ട് ഒ.പി (എച്ച്.എം.എ) 116/2013 കീഴ്ക്കോടതി മുമ്പാകെ നിലനിൽക്കത്തക്കതാണ് എന്ന് വിധിച്ചതിൽ ആ കോടതി യാതൊരു നിയമവിരുദ്ധതയോ തെറ്റോ ചെയ്തിട്ടില്ല എന്നതാണ് ഈ കോടതിയുടെ സുചിന്തിതമായ അഭിപ്രായം.

16. മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ, എതിരായി അപ്പീൽ ചെയ്യപ്പെട്ട ഉത്തരവുമായി ഇടപെടുന്നതിനുള്ള ഏതെങ്കിലും സാഹചര്യങ്ങൾ നിലനിൽക്കുന്നതായി ഈ കോടതി കാണുന്നില്ല. തൽഫലമായി, അപ്പീൽ പരാജയപ്പെടുകയും, അതിനെ ഇതിനാൽ തള്ളിക്കളയുകയും ചെയ്യുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എ.എം. ഷഫീക്ക്**

**ലൂയിസ് മാത്യു**

**അഭി**

**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**റിട്ട് ഹർജി (സി) നം. 10086/2013**

**2015 ഡിസംബർ 10-ന് വിധി കൽപ്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**2005 - ലെ വിവരാവകാശ ആക്റ്റ് - വകുപ്പുകൾ 2(എഫ്), (ജെ) & 3-- ആവശ്യപ്പെട്ടിട്ടുള്ള വിവരം, ലഭ്യമാകുന്നതും ഒരു പൊതു അധികാരസ്ഥാനം വച്ചു പോരുവാൻ ആവശ്യപ്പെടുന്നതുമായ ഏതാനും രേഖ ആയിരിക്കേണ്ടതാണെന്നത് വ്യക്തമാണ്-- ആഫീസിൽ ലഭ്യമായിരുന്ന ചില വസ്തുതകളേയോ റിപ്പോർട്ടുകളേയോ അപേക്ഷകൻ ചോദിക്കുകയും, അവ നൽകപ്പെടാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അപ്പോൾ വിഷയം വ്യത്യസ്തമായിരിക്കുമായിരുന്നു--എക്സിബിറ്റ് പി-1 അപേക്ഷ നിയമമനുസരിച്ചുള്ള ശരിയായ ഒരു അപേക്ഷയാകാത്തിടത്തോളം, ഹർജിക്കാരനെതിരെ അച്ചടക്ക നടപടി എടുക്കുവാൻ നിർദ്ദേശിച്ചതിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർ ന്യായീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് തോന്നുന്നില്ല.**

### വിധിന്യായം

എക്സിബിറ്റുകൾ പി-13 ഉം പി-15 ഉം ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്തിട്ടുള്ളതാണ് ഈ റിട്ട് ഹർജി. 4-ാം എതിർകക്ഷി ഫയൽ ചെയ്ത ഒരു അപ്പീലിൽ സംസ്ഥാന വിവരാവകാശ കമ്മീഷണർ പാസ്സാക്കിയ ഒരു ഉത്തരവാണ് എക്സിബിറ്റ് പി-13, അതു മുഖേന 4-ാം എതിർകക്ഷിക്ക് തെറ്റായ വിവരം നൽകിയിരുന്നു എന്ന് ആരോപിച്ചുകൊണ്ട്, 2005-ലെ വിവരാവകാശ ആക്റ്റിലെ (ഇതിനുശേഷം `ആക്റ്റ്' എന്നാണ് പരാമർശിക്കപ്പെടുക) വകുപ്പ് 20(1) (2) പ്രകാരം ഹർജിക്കാരനെതിരെ നടപടികൾ ആരംഭിക്കുവാൻ തീരുമാനം എടുക്കുകയുണ്ടായി. ആക്റ്റിലെ വകുപ്പ് 20(2) പ്രകാരം ഹർജിക്കാരനെതിരെ അച്ചടക്ക നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന വിവരാവകാശ കമ്മീഷണർ പുറപ്പെടുവിച്ച 28-02-2013-ലെ ഉത്തരവാണ് എക്സിബിറ്റ് പി-15.

2. റിട്ട് ഹർജിയിൽ ഉൾപ്പെട്ടിട്ടുള്ള ചുരുക്ക വസ്തുതകൾ, പന്തളം തെക്കേക്കരയിൽ കൃഷി ആഫീസറായി ജോലി ചെയതുവരുന്ന വേളയിൽ ഹർജിക്കാരനോട്, ആക്റ്റ് പ്രകാരം 4-ാം എതിർകക്ഷി സമർപ്പിച്ച 22-03-2010-ലെ എക്സിബിറ്റ് പി-1 അപേക്ഷയെ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് അയയ്ക്കുവാൻ ആവശ്യപ്പെട്ടു എന്ന് വെളിപ്പെടുത്തുന്നു. ഹർജിക്കാരൻ പറഞ്ഞതനുസരിച്ച്, അതിൽ ആവശ്യപ്പെട്ടിരുന്ന വിവരം, 4-ാം എതിർകക്ഷി സഹിച്ചിട്ടുള്ളതായി പറയപ്പെടുന്ന ആരോപിത നാശനഷ്ടത്തെ തിട്ടപ്പെടുത്തുവാനും, റിപ്പോർട്ട് ചെയ്യുവാനും ഏത് സാഹചര്യങ്ങളിലാണ് 4-ാം

എതിർകക്ഷിയുടെ ഉടമസ്ഥതയിലിരുന്ന വസ്തു ഒരു തോടായി മാറ്റപ്പെട്ടത് എന്ന് വിശദീകരിക്കുവാനും, ആരോപിച്ചിട്ടുള്ളതുപോലെ, തോടായി മാറ്റപ്പെട്ടിട്ടുള്ള, 4-ാം എതിർകക്ഷിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന വസ്തുവിന്റെ വിസ്തീർണ്ണം 4-ാം എതിർകക്ഷി സമർപ്പിച്ച സർവ്വെ പ്ലാൻ പരാമർശിച്ചുകൊണ്ട് തിട്ടപ്പെടുത്തുവാനും ആയിരുന്നു. ഹർജിക്കാരൻ പറഞ്ഞതനുസരിച്ച്, പ്രസ്തുത ജോലി 2009 വർഷ കാലയളവിൽ ഏകദേശം 1585 മീറ്റർ നീളത്തിലും, 30 സെന്റീമീറ്റർ ആഴത്തിലും, ഏകദേശം 4 മീറ്റർ വീതിയിലും നടത്തപ്പെട്ടിരുന്നു. ആ ജോലിയെ ഒരു ഗുണഭോക്തൃ കമ്മിറ്റി നടത്തിയിരുന്നതും, കൃഷി ആഫീസർ എന്ന നിലയിൽ ഹർജിക്കാരന്റെ കർത്തവ്യം ആ ഗുണഭോക്തൃ കമ്മിറ്റി സമർപ്പിച്ച ബില്ലുകളെ സത്യാപനം ചെയ്യുകയും, അതു സംബന്ധിച്ച ചെക്കുകൾ നൽകുകയും ചെയ്യുക എന്നതായിരുന്നു. ഹർജിക്കാരൻ ബന്ധപ്പെട്ട ഫയലുകൾ സത്യാപനം ചെയ്യുകയും, ഹർജിക്കാരന്റെ പക്കൽ ഉണ്ടായിരുന്ന വിശദവിവരങ്ങൾ നൽകുകയും ചെയ്തു. 4-ാം എതിർകക്ഷിയുടെ വസ്തുവിന് യാതൊരു നാശനഷ്ടവും ഉണ്ടായിട്ടില്ലെന്നും, യാതൊരാളും നഷ്ടപരിഹാരത്തിന് അർഹരായിരുന്നില്ലെന്നും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. എക്സിബിറ്റ് പി-1 അപേക്ഷക്ക് തൃപ്തികരമായ പ്രതികരണം ആവശ്യപ്പെട്ടുകൊണ്ട്, 4-ാം എതിർകക്ഷി പത്തനംതിട്ട മുഖ്യ കൃഷി ആഫീസർ മുമ്പാകെ ഒരു അപ്പീൽ (എക്സിബിറ്റ് പി-7) ബോധിപ്പിച്ചു. എക്സിബിറ്റ് പി-7 അപ്പീൽ കൈപ്പറ്റിയതിൻമേൽ, ആ വിഷയത്തിന്മേൽ വ്യക്തവും തൃപ്തികരവുമായ ഒരു റിപ്പോർട്ട് നൽകുവാൻ 3-ാം എതിർകക്ഷി, ഹർജിക്കാരനോട് നിർദ്ദേശിച്ചു. 27-05-2010-ൽ ഹർജിക്കാരൻ ഒരു റിപ്പോർട്ട് (എക്സിബിറ്റ് പി-9) 3-ാം എതിർകക്ഷിക്ക് സമർപ്പിച്ചു, അതിനെ തുടർന്ന്, 3-ാം എതിർകക്ഷി, 4-ാം എതിർകക്ഷിക്ക് എക്സിബിറ്റ് പി-9 അയച്ചുകൊടുത്തുകൊണ്ട് അപ്പീൽ നടപടികൾ അവസാനിപ്പിച്ചു. മുകളിലത്തെ വിവരത്തിൽ തൃപ്തിപ്പെടാതെ 4-ാം എതിർകക്ഷി സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചു. 3-ാം എതിർകക്ഷി കൃഷി ആഫീസറിൽ നിന്ന് വീണ്ടും ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടു, അയാൾ എക്സിബിറ്റ് പി-11 ആയി ഹാജരാക്കിയിട്ടുള്ള 16-09-2010-ലെ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പിന്നീട്, 4-ാം എതിർകക്ഷി, 2-ാം എതിർകക്ഷിയുടെ മുമ്പാകെ ഒരു പരാതി സമർപ്പിച്ചു. അയാൾ വീണ്ടും ഒരു റിപ്പോർട്ട് ആവശ്യപ്പെടുകയും, 3-ാം എതിർകക്ഷി ഒരു റിപ്പോർട്ട് (എക്സിബിറ്റ് പി-12) 2-ാം എതിർകക്ഷി മുമ്പാകെ 09-06-2011-ൽ നൽകുകയും ചെയ്തു.

3. 4-ാം എതിർകക്ഷിയുടെ രജിസ്റ്റർ ചെയ്ത വസ്തുവിൽ നിന്ന് മാറ്റപ്പെട്ട കൃത്യമായ സ്ഥലവിസ്തീർണ്ണം റവന്യൂ അധികാരികൾക്ക് മാത്രമെ സത്യാപനം ചെയ്യുവാൻ കഴിയുകയുള്ളൂ എന്നതുകൊണ്ട്, നഷ്ടം ഏതെങ്കിലുമുണ്ടെങ്കിൽ, അത് അവർക്ക് മാത്രമെ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ എന്ന് എക്സിബിറ്റ് പി-12 റിപ്പോർട്ടിൽ നിരീക്ഷിക്കപ്പെട്ടു. അതുകൊണ്ട്, റവന്യൂ വകുപ്പിലേയും, കൃഷി വകുപ്പിലേയും ഉദ്യോഗസ്ഥരായുള്ള ഒരു കൂട്ട് അന്വേഷണവിചാരണ ആവശ്യമാണെന്ന് നിരീക്ഷിക്കപ്പെട്ടു. അതിനിടയിൽ, ഒന്നാം എതിർകക്ഷി എക്സിബിറ്റ് പി-13 ഉത്തരവ് പാസ്സാക്കി, അതിന് ഹർജിക്കാരൻ 02-01-2013-ൽ ഒരു മറുപടി സമർപ്പിച്ചു. എന്നിരുന്നാലും, ഹർജിക്കാരനെതിരെ അച്ചടക്ക നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഒന്നാം എതിർകക്ഷി എക്സിബിറ്റ് പി-15 ഉത്തരവ് പാസ്സാക്കി. ആ കേസിൽ ഉൾപ്പെട്ടിരുന്ന വസ്തുതകളുടെയും, സാഹചര്യങ്ങളുടെയും കീഴിൽ ഹർജിക്കാരനെതിരെ ഏതൊരു നടപടിയും എടുക്കുവാനുള്ള യാതൊരു കാരണവും എതിർകക്ഷിക്ക് ഇല്ലായെന്ന്, മറ്റു പലതിന്റെയും കൂട്ടത്തിൽ, വാദിച്ചിരിക്കുന്നു. എക്സിബിറ്റ് പി-1-ൽ ആവശ്യപ്പെട്ട വിവരം, ആക്റ്റിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു വിവരമേ അല്ല, ഈ വശം 1-ാം എതിർകക്ഷി ഹർജിക്കാരനെതിരെ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് പരിഗണിച്ചിട്ടില്ല എന്ന് വാദിച്ചിരിക്കുന്നു. 4-ാം എതിർകക്ഷിയുടെ ആരോപിത നഷ്ടങ്ങൾക്ക് ഹർജിക്കാരൻ ഉത്തരവാദി അല്ലായിരുന്നു എന്നും, പ്രസ്തുത ഉദ്യോഗത്തിൽ അയാൾ ചേരുന്നതിനു മുമ്പ് ചെയ്യപ്പെട്ട ഒരു ജോലിയെ സംബന്ധിച്ച് വിവരം നൽകുവാൻ

അയാളോട് ആവശ്യപ്പെടുക മാത്രം ചെയ്തിട്ടുള്ളതാണ് എന്നും വാദിച്ചിരുന്നു. അതുകൂടാതെ, ഇൻഫർമേഷൻ ആഫീസറുടെ കർത്ത്യവ്യം വസ്തുതാ രൂപത്തിൽ വിവിരം നൽക്കുക എന്നതു മാത്രമായിരിക്കുന്നതും, അപേക്ഷകർ ആവശ്യപ്പെട്ട ഏതെങ്കിലും ചോദ്യങ്ങൾക്ക് ഉത്തരം പറയുവാനുള്ള യാതൊരു കടപ്പാടും അയാൾക്ക് ഇല്ലാത്തതുമാണ്.

4. ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനേയും, ഒന്നാം എതിർ കക്ഷിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള സ്റ്റാൻഡിംഗ് കൗൺസിലിനേയും, പാണ്ഡിത്യമുള്ള ഗവണ്മെന്റ് പ്ലീഡറേയും കേൾക്കുകയുണ്ടായി.

5. ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ സുപ്രീം കോടതിയുടെ *സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷനും മറ്റുള്ളവരും* അഭി ആദിത്യ *ബൻഡോപാദ്ധ്യായയും മറ്റൊരാളും* (2011 (3) കെ.എൽ.റ്റി എസ്.എൻ 117 (സി. നം. 120) എസ്.സി=(2011) 8 എസ്.സി.സി 497), എന്ന വിധിന്യായത്തെ, സവിശേഷമായി 63-ാം ഖണ്ഡികയെ, ആശ്രയിച്ചു, അത് താഴെ പറയും പ്രകാരമാണ്.

"63. ഈ സന്ദർഭത്തിൽ, ആർ.റ്റി.ഐ ആക്റ്റിനെ സംബന്ധിച്ചുള്ള ചില തെറ്റിദ്ധാരണകൾ വ്യക്തമാക്കേണ്ടത് അത്യാവശ്യമാണ്. ലഭ്യമാകുന്നതും നിലവിലുള്ളതുമായ എല്ലാ വിവരങ്ങൾക്കും ആക്റ്റ് പ്രാപ്യത നൽകുന്നു. ആക്റ്റിലെ 3-ാം വകുപ്പിന്റെയും, 2-ാം വകുപ്പിലെ (എഫ്)-ഉം, (ജെ) യും ഖണ്ഡങ്ങളിൻകീഴിലുള്ള "വിവരത്തിന്റെയും", "വിവരാവകാശത്തിന്റെയും" നിർവ്വചനങ്ങളുടെയും ഒരു കൂട്ടി ചേർത്തുള്ള വായനയിൽനിന്ന് ഇത് വ്യക്ത മാകുന്നു. ഒരു പൊതു അധികാര സ്ഥാനത്തിന് ഡാറ്റയുടെയോ, വിശകലനം ചെയ്ത ഡാറ്റയുടെയോ, അബ്സ്ട്രാക്റ്റുകളുടെയോ, സ്ഥിതിവിവര കണക്കുകളുടെയോ രൂപത്തിൽ ഏതെങ്കിലും വിവരമുണ്ടെങ്കിൽ, ഒരു അപേക്ഷകന് ആക്റ്റിന്റെ 8-ാം വകുപ്പിലെ ഒഴിവാക്കലുകൾക്ക് വിധേയമായി, അങ്ങനെയുള്ള വിവരത്തിന് പ്രാപ്യതയുണ്ടായിരിക്കാവുന്നതാണ്. എന്നാൽ, ആവശ്യപ്പെട്ടിട്ടുള്ള വിവരം, ഒരു പൊതു അധികാരസ്ഥാനത്തിന്റെ രേഖയുടെ ഒരു ഭാഗമല്ലാതിരിക്കുന്നിടത്തും, അങ്ങനെയുള്ള വിവരം വച്ചുപോരുവാൻ, ആ പൊതു അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും നിയമത്തിന്റെയോ ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ കീഴിൽ ആവശ്യപ്പെടാത്തിടത്തും, ലഭ്യമല്ലാത്ത അങ്ങനെയുള്ള വിവരം ശേഖരിക്കുവാനും അല്ലെങ്കിൽ കൂട്ടിച്ചേർക്കുവാനും പിന്നെ അതിനെ ഒരു അപേക്ഷകന് നൽകുവാനുമുള്ള ഒരു കടപ്പാട് ആ പൊതു അധികാരസ്ഥാനത്തിൻമേൽ ആക്റ്റ് ചുമത്തുന്നില്ല. അനുമാനങ്ങൾ എടുക്കുന്നതിനും അല്ലെങ്കിൽ ഊഹങ്ങൾ നടത്തുന്നതിനും ആവശ്യപ്പെടുന്ന വിവരം നൽകുവാൻ ഒരു പൊതു അധികാരസ്ഥാനത്തോട് ആവശ്യപ്പെടുന്നുമില്ല. ഒരു അപേക്ഷകന് "ഉപദേശമോ" "അഭിപ്രായമോ" നൽകുവാനും അത് ആവശ്യപ്പെടുന്നില്ല, ഒരു അപേക്ഷകന് ഏതെങ്കിലും അഭിപ്രായമോ ഉപദേശമോ ലഭ്യമാക്കി നൽകുവാനും അത് ആവശ്യപ്പെടുന്നില്ല. ആക്റ്റിലെ വകുപ്പ് 2 (എഫ്)-ലുള്ള "വിവരത്തി"ന്റെ നിർവ്വചനത്തിൽ അഭിപ്രായം അല്ലെങ്കിൽ ഉപദേശത്തിനുള്ള പരാമർശം, പൊതു അധികാരസ്ഥാനത്തിന്റെ രേഖകളിൽ ലഭ്യമാക്കുന്ന അങ്ങനെയുള്ള വസ്തുതകളെ മാത്രം പരാമർശിക്കുന്നു. അനേകം പൊതു അധികാര സ്ഥാനങ്ങൾ, ഒരു പൊതുസമ്പർക്ക വിനിയോഗം എന്ന നിലയിൽ, പൗരൻമാർക്ക് ഉപദേശവും മാർഗ്ഗനിർദ്ദേശവും അഭിപ്രായവും നൽകേണ്ടതുണ്ട്. എന്നാൽ, അത് പൂർണ്ണമായി സ്വേച്ഛാപരമായതും, വിവരാവകാശ ആക്റ്റ് പ്രകാരമുള്ള ഏതൊരു കടപ്പാടുമായി കുഴപ്പിക്കപ്പെടാൻ പാടില്ലാത്തതുമാണ്.

6. ആവശ്യപ്പെട്ടിരുന്ന വിവരം, ആക്റ്റിലെ വകുപ്പ് 2 (എഫ്)-ന്റെയും, 2 (ജെ) യുടെയും കീഴിൽ നിർവ്വചിച്ച പ്രകാരമുള്ള വിവരമല്ലെന്ന് എക്സിബിറ്റ് പി 1 ന്റെ ഒരു സൂക്ഷ്മവായന വ്യക്തമായി സൂചിപ്പിക്കുന്നു. വകുപ്പുകൾ 2 (എഫ്)-ഉം, 2 (ജെ)-യും 3-ഉം താഴെ പറയും പ്രകാരമാണ്.

"2 (എഫ്) "വിവരം" എന്നാൽ ഏത് രൂപത്തിലുള്ള രേഖകളും, പ്രമാണങ്ങളും, മെമ്മോകളും, ഇ-മെയിലുകളും, അഭിപ്രായങ്ങളും, ഉപദേശങ്ങളും, പത്രപ്രസ്താവനകളും, സർക്കുലറുകളും, ഉത്തരവുകളും, ലോഗ് ബുക്കുകളും, കോൺട്രാക്റ്റുകളും, റിപ്പോർട്ടുകളും, പേപ്പറുകളും, സാമ്പിളുകളും, മോഡലുകളും, ഏതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വച്ചിട്ടുള്ള ഡേറ്റാ മെറ്റീരിയലും, തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൻകീഴിലുള്ള ഒരു പൊതു അധികാരസ്ഥാനത്തിന് പ്രാപ്യമാക്കാൻ കഴിയുന്ന ഏതെങ്കിലും സ്വകാര്യ നികായത്തെ സംബന്ധിക്കുന്ന വിവരവും ഉൾപ്പെടെയുള്ള ഏതു രൂപത്തിലുമുള്ള ഏതൊരു വസ്തുവും എന്നർത്ഥമാകുന്നു";

2 (ജെ) "വിവരാവകാശം" എന്നാൽ ഏതെങ്കിലും പൊതുഅധികാര സ്ഥാനത്തിന്റെ കൈവശത്തിലുള്ളതോ നിയന്ത്രണത്തിൻ കീഴിലുളളതോ ആയ, ഈ ആക്റ്റ് പ്രകാരം പ്രാപ്യമാകുന്ന വിവരാവകാശം എന്നർത്ഥമാകുന്നതും,-

(i) ജോലിയും പ്രമാണങ്ങളും രേഖകളും പരിശോധിക്കുന്നതും;

(ii) കുറിപ്പുകളും, പ്രസക്ത ഭാഗങ്ങളും അല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കുന്നതും;

(iii) പദാർത്ഥങ്ങളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കുന്നതും;

(iv) ഡിസ്ക്കറ്റുകളുടെയും, ഫ്ളോപ്പികളുടെയും, ടേപ്പുകളുടെയും, വീഡിയോ കാസറ്റുകളുടെയും, രൂപത്തിൽ വിവരം ലഭ്യമാക്കുന്നതും അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് രീതിയിലും അല്ലെങ്കിൽ കമ്പ്യൂട്ടറിലോ മറ്റേതെങ്കിലും ഉപകരണം മുഖേനയും അത്തരത്തിലുള്ള വിവരം സൂക്ഷിച്ചിട്ടുള്ളപ്പോൾ, പ്രിന്റ് ഔട്ടുകൾ മുഖേന അറിയുന്നത് ഉൾപ്പെടെയും, എന്നർത്ഥമാകുന്നു."

"3. വിവരാവകാശം.- ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, എല്ലാ പൗരൻമാർക്കും വിവരാവകാശം ഉണ്ടായിരിക്കുന്നതാണ്.

7. ആവശ്യപ്പെട്ടിട്ടുള്ള വിവരം പൊതു അധികാരസ്ഥാനത്തിന്റെ രേഖയുടെ ഭാഗമല്ലാതിരിക്കുകയും, ആ അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും നിയമത്തിന്റെയോ ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ കീഴിൽ വച്ചുപോരുവാൻ ആവശ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, ലഭ്യമല്ലാത്ത അങ്ങനെയുള്ള വിവരം ശേഖരിക്കുവാനും അപേക്ഷകന് നൽകുവാനും ഉള്ള ഒരു കടപ്പാട് ആക്റ്റ് ആ പൊതു അധികാരസ്ഥാനത്തിൻമേൽ ചുമത്തുന്നില്ലായെന്നത് സുപ്രീംകോടതിയുടെ വിധിന്യായത്തിൽ നിന്ന് വ്യക്തമാണ്. അതിനാൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം, ലഭ്യമാകുന്നതും ഒരു പൊതു അധികാരസ്ഥാനം വച്ചുപോരുവാൻ ആവശ്യപ്പെടുന്നതുമായ ഏതാനും രേഖ ആയിരിക്കേണ്ടതാണെന്നത് വ്യക്തമാണ്. എക്സിബിറ്റ് പി-1 ൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം, ചില ദേഹണ്ഡങ്ങളുടെ നഷ്ടത്തിനുള്ള നഷ്ടപരിഹാരം തിട്ടപ്പെടുത്തുവാനും കൂടാതെ ഒരു തോട് നിലനിർത്തുന്നതിനുവേണ്ടി ഏത് സാഹചര്യങ്ങളിലാണ് അയാളുടെ വസ്തു കൈയ്യേറ്റം ചെയ്യപ്പെട്ടു എന്ന ഒരു ചോദ്യം ചോദിക്കുകയും ചെയ്യുന്നു. എക്സിബിറ്റ് പി-1 ന് നൽകിയ മറുപടിയിൽ, 4-ാം എതിർകക്ഷിയുടെ വസ്തു കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടില്ലായെന്നും, അയാളുടെ വികസനങ്ങൾക്ക് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും, അതിനാൽ യാതൊരാൾക്കും ഏതൊരു നഷ്ടപരിഹാരത്തിനും അവകാശമില്ലായെന്നും, പ്രസ്തുത ജോലിയെ പരാമർശിച്ചുകൊണ്ട് പറഞ്ഞിരുന്നു.

8. സംസ്ഥാന കമ്മീഷൻ മുമ്പാകെയുള്ള അപ്പീലിന്റെ അടിസ്ഥാനം എക്സിബിറ്റ് പി-1 ആയിരുന്നപ്പോൾ, കമ്മീഷൻ ആ വിഷയത്തിൽ ഉൾപ്പെട്ടിരുന്ന അടിസ്ഥാനപരമായ വശങ്ങളിലേക്ക് പോയിട്ടില്ല എന്നത് വ്യക്തമാണ്. എക്സിബിറ്റ് പി-13 ൽ ഒന്നാം എതിർകക്ഷി ഒരു റിപ്പോർട്ടിനെ ആശ്രയിച്ചു, അതിൽ തോട് പുനർനിർമ്മിക്കു ന്നതിനുവേണ്ടി വസ്തുവിലുള്ള ചില വൃക്ഷങ്ങൾ മുറിച്ചുമാറ്റുകയും, ഹർജിക്കാരന്റെ ഉദ്ദേശം 2 സെന്റ് വസ്തു ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു വിവരം എക്സിബിറ്റ് പി-1-ന്റെ തീയതിയിൽ ലഭ്യമായിരിക്കുകയും, അതിനെ

ഹർജിക്കാരൻ നൽകാതിരിക്കുകയും ചെയ്തിരുന്നോ എന്നാണ് ചോദ്യം. എക്സിബിറ്റ് പി-1 ൽ 22-03-2010 തീയതി വച്ചിട്ടുള്ളതും, മറുപടി നൽകിയത് 24-04-2010-ലുമാണ്. എക്സിബിറ്റ് പി 13-ൽ പരാമർശിച്ചിട്ടുള്ള, സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ആശ്രയിച്ചിരിക്കുന്ന റിപ്പോർട്ടിലെ തീയതി 09-06-2011 ആണ്. അങ്ങനെയുള്ള യാതൊരു രേഖയുമില്ലയെന്ന് പ്രസ്താവിക്കുന്നതല്ലാതെ ഹർജിക്കാരൻ, മറുപടി നൽകുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥ നല്ലാത്ത ക്വറിക്ക് അയാൾ മറുപടി ബോധിപ്പി ച്ചിട്ടുള്ള പ്രസക്തമായ സമയത്ത്, ശരിയല്ലാത്ത ഒരു മറുപടി നൽകിയതിന് അയാളെ ഉത്തര വാദിയാക്കാൻ കഴിയുന്നതല്ലാത്തതാണ്. ആഫീസിൽ ലഭ്യമായിരുന്ന ചില വസ്തുത കളേയോ റിപ്പോർട്ടുകളേയോ അപേക്ഷകൻ ചോദിക്കുകയും, അവ നൽകപ്പെടാതി രിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അപ്പോൾ വിഷയം വ്യത്യസ്തമായിരിക്കുമായിരുന്നു. ഇവിടുത്തെ സ്ഥിതി വിശേഷം അതല്ല. ഇവിടെ ചോദിച്ചിരുന്ന ചോദ്യം, ഹർജിക്കാരന്റെ വസ്തുവിലേക്ക് വകുപ്പ് കൈയ്യേറ്റം ചെയ്തിട്ടു ണ്ടോയെന്നതും, ദേഹണ്ഡങ്ങളുടെ മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നുമാണ്. എക്സിബിറ്റ് പി-1 അപേക്ഷ നിയമമനുസരിച്ചുള്ള ശരിയായ ഒരു അപേക്ഷയാകാത്തിടത്തോളം, ഹർജിക്കാ രനെതിരെ ശിക്ഷണ നടപടി എടുക്കുവാൻ നിർദ്ദേശിച്ചതിൽ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർ ന്യായീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല.

9. ആക്റ്റിലെ 20-ാം വകുപ്പ് താഴെ പറയും പ്രകാരമാണ്.

20. പിഴകൾ-

(1) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനോ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ, അതതുസംഗതിപോലെ, ഏതെങ്കിലും പരാതിയോ അപ്പീലോ തീരുമാനിക്കുന്ന സമയത്ത്, കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ആഫീസറോ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസറോ, അതതു സംഗതിപോലെ, മതിയായ ഏതെങ്കിലും കാരണമില്ലാതെ, വിവര ത്തിനായുള്ള അപേക്ഷ സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയോ, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ വിവരം നൽകാതിരി ക്കുകയോ അല്ലെങ്കിൽ വിവരത്തിനായുള്ള അപേക്ഷ ഉത്തമവിശ്വാസമില്ലാതെ നിഷേധി ക്കുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് തെറ്റായതും, അപൂർണ്ണമായതും തെറ്റിദ്ധരിപ്പി ക്കുന്നതുമായ വിവരം നൽകുകയോ അല്ലെങ്കിൽ അപേക്ഷയ്ക്ക് വിഷയമായ വിവരത്തിനെ നശിപ്പിക്കുകയും അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ വിവരം നൽകുന്നതിനെ തടസ്സപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് അഭിപ്രായമുള്ളപ്പോൾ, അതിന് ഇരുനൂറ്റി അൻപത് രൂപ അപേക്ഷ ലഭിക്കുന്നതുവരെയോ അല്ലെങ്കിൽ വിവരം നൽകുന്നതുവരെയോ, ഓരോ ദിവസവും പിഴ ചുമത്തേണ്ടതും, എങ്ങനെയായാലും അത്തരത്തിലുള്ള പിഴ സംഖ്യ ഇരുപത്തി അയ്യായിരം രൂപയിൽ കവിയാൻ പാടില്ലാത്തതുമാണ്.

എന്നാൽ, കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ആഫീസർക്കോ, സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസർക്കോ, അതതു സംഗതി പോലെ, അയാളുടെ മേൽ ഏതെങ്കിലും പിഴ ശിക്ഷ ചുമത്തുന്നതിന് മുമ്പായി പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

എന്നുമാത്രമല്ല, ന്യായമായും ശുഷ്കാന്തി യോടും കൂടി അയാൾ പ്രവർത്തിച്ചിട്ടുണ്ടെന്ന് തെളിയിക്കുവാനുള്ള ബാദ്ധ്യത കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ആഫീസർക്കും അല്ലെങ്കിൽ സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ആഫീസർക്കും, അതതുസംഗതിപോലെ, ആയിരിക്കുന്നതാണ്.

(2) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനോ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനോ, അതതുസംഗതിപോലെ, ഏതെങ്കിലും പരാതിയോ അപ്പീലോ തീരുമാനിക്കുന്ന സമയത്ത് കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ആഫീസറോ സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ആഫീസറോ, അതതു സംഗതിപോലെ, മതിയായ ഏതെങ്കിലും കാരണ മില്ലാതെയും തുടർച്ചയായും വിവരത്തിനാ

യുള്ള അപേക്ഷ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ വിവരം നൽകാതിരിക്കുകയും അല്ലെങ്കിൽ ഉത്തമവിശ്വാസമില്ലാതെ വിവരത്തി നായുള്ള അപേക്ഷ നിരസിക്കുകയും അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് തെറ്റായതും, അപൂർണ്ണ മായതും, തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരം നൽകുകയും അല്ലെങ്കിൽ അപേക്ഷക്ക് വിഷയമായ വിവരത്തിനെ നശിപ്പി ക്കുകയും അല്ലെങ്കിൽ വിവരം നൽകുന്നതിനെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുകയും ചെയ്തിട്ടു ണ്ടെന്ന് അഭിപ്രായമുള്ളപ്പോൾ, അത്, കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ആഫീസർക്കോ സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ആഫീസർക്കോ, അതതുസംഗതിപോലെ, അയാൾക്ക് എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടിക്കുവേണ്ടി ശിപാർശ ചെയ്യേണ്ടതാണ്.

20-ാം വകുപ്പിന്റെ വ്യാപ്തിയും പ്രഭാവവും *മനോഹർ* അഭി *മഹാരാഷ്ട്ര സർക്കാരും* മറ്റൊരാളും (2013 (1) കെ.എൽ.റ്റി.73 (എസ്.സി) =2012 13 എസ്.സി.സി.14) എന്ന കേസിൽ പരിഗണിച്ചിരിക്കുന്നു, അതിലെ 28-ാം ഖണ്ഡിക അത് താഴെ പറയും പ്രകാരമാണ്.

"28. വകുപ്പ് 20(2) ന്റെ ആവശ്യകതകളെ ഉത്തരവുതന്നെ നിറവേറ്റുന്നില്ലായെന്നും, ഇപ്രകാരം നിയമത്തിൽ നിലനിൽക്കത്ത ക്കതല്ലായെന്നും ഉള്ള, അപ്പീൽവാദിക്ക് വേണ്ടിയുള്ള മറ്റൊരു വാദം ഞങ്ങൾ ഇപ്പോൾ പരിഗണിക്കുന്നതാണ്. ഈ ആവശ്യത്തിനായി, ആക്റ്റിലെ വകുപ്പ് 20(2)-ന്റെ ആവശ്യകതയും, പരിധിയും കോടതി വിശകലനം ചെയ്യേണ്ടത് ആവശ്യമാണ്. വകുപ്പ് 20 (2) ഒരു കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനെയോ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനെയോ:

28.1 (i) ഏതെങ്കിലും പരാതിയോ അപ്പീലോ തീരുമാനിക്കുന്ന സമയത്ത്;

28.2 (ii) കേന്ദ്ര പബ്ളിക് ഇൻഫർമേഷൻ ആഫീസറോ സംസ്ഥാന പബ്ളിക് ഇൻഫർമേഷൻ ആഫീസറോ, അതതു സംഗതിപോലെ, മതിയായ ഏതെങ്കിലും കാരണവുമില്ലാതെയും തുടർച്ചയായും വിവരത്തിനായുള്ള ഒരു അപേക്ഷ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തു കയും, വകുപ്പ് 7-ാം ഉപവകുപ്പിന്റെ (1)-ാം ഉപവകുപ്പിൻ കീഴിൽ വിനിർ ദ്ദേശിച്ചിട്ടുള്ള സമയത്തിൻകീഴിൽ (അതായത് 30 ദിവസങ്ങൾ)

വിവരം നൽകാതിരിക്കുകയോ;

28.3 (iii) ഉത്തമവിശ്വാസമില്ലാതെ വിവരത്തി നായുള്ള അപേക്ഷ നിരസിക്കുകയും അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് തെറ്റായതും അപൂർണ്ണമായതും, തെറ്റിദ്ധരിപ്പിക്കു ന്നതുമായ വിവരം നൽകുകയോ;

28.4(iv) അപേക്ഷയ്ക്ക് വിഷയമായ വിവര ത്തിനെ നശിപ്പിക്കുകയോ അല്ലെങ്കിൽ വിവരം നൽകുന്നതിനെ ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്തുകയോ;

ചെയ്തിട്ടുണ്ടെന്ന് അതിന് അഭിപ്രായമുണ്ടെങ്കിൽ

28.5 (v) അപ്പോൾ, അത് പറഞ്ഞിട്ടുള്ള ആൾക്കെതിരെ പ്രസക്തമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്കു വേണ്ടി ശിപാർശ ചെയ്യേണ്ടതാണ്."

11. ആക്റ്റിലെ 20-ാം വകുപ്പിൻകീഴിൽ ഉദ്ദേശിച്ചപ്രകാരമുള്ള ഒരു ആഗന്തുക സംഭവം ഈ കേസിൽ ഉണ്ടായിട്ടില്ലായെന്ന് രേഖയിൽ കൊണ്ടുവന്നിട്ടുള്ള വസ്തുതകളിൽ നിന്നും പ്രകടമാണ്.

മുൻപറഞ്ഞ കണ്ടെത്തലുകളെ പരിഗണിച്ച്, ഈ റിട്ട് ഹർജി അനുവദിക്കേണ്ടതുണ്ട്. അതിനനുസൃതമായി, റിട്ട് ഹർജി അനുവദി ക്കപ്പെടുന്നു. എക്സിബിറ്റുകൾ 13-ഉം, 15-ഉം റദ്ദാക്കപ്പെടുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. എബ്രഹാം മാത്യു**

**പാർവ്വതി അമ്മ**

**അഭി**

**ഗൗരി അമ്മ**

**സി.ആർ.പി. നമ്പർ 396/2015**

**2016 ജനുവരി 14-ന്പുറപ്പെടുവിച്ച ഉത്തരവ്**

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**1925-ലെ ഇന്ത്യൻ പിൻതുടർച്ച ആക്റ്റ്, വകുപ്പുകൾ 372 & 388—1957-ലെ കേരള സിവിൽ കോടതികൾ ആക്റ്റ്—മുൻസിഫിന്, ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ വകുപ്പ് 372 പ്രകാരമുള്ള ഒരു അപേക്ഷ, അതിൽ അവകാശപ്പെട്ടിരിക്കുന്ന തുക കേരള സിവിൽ കോടതികൾ ആക്റ്റിലെ വകുപ്പ് 13-നാൽ തീരുമാനിക്കപ്പെട്ട പ്രകാരമുള്ള അദ്ദേഹത്തിന്റെ ആർത്ഥികാധികാരിതയിൽ കവിയുന്നെങ്കിൽ, സ്വീകരിക്കുവാൻ കഴിയുന്നതല്ല.**

### ഉത്തരവ്

ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ 388-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, മുൻസിഫിനെ 372-ാം വകുപ്പ് പ്രകാരമുള്ള ഏത് അപേക്ഷയുടെ മൂല്യനിർണ്ണയമാണോ കേരള സിവിൽ കോടതികൾ ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം മുൻസിഫിന് നൽകിയിട്ടുള്ള ആർത്ഥി കാധികാരിത കവിയുന്നത്, അതിനെ സ്വീകരി ക്കുവാൻ അദ്ദേഹത്തെ അധികാരപ്പെടുത്തു ന്നുണ്ടോ?

2. 1 മുതൽ 5 വരെയുള്ള എതിർകക്ഷികൾ കെ.എം. പാർവ്വതി അമ്മ എന്ന ഒരാളുടെ മക്കളാണ്. അവർക്ക് നാരായണൻ എന്ന പേരുള്ള ഒരു സഹോദരൻ ഉണ്ടായിരുന്നു, അയാൾ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ സബ് എഞ്ചിനീയർ ആയി ജോലി ചെയ്തുവരുന്ന വേളയിൽ 24-02-1998-ൽ ഒരു വാഹന അപകടത്തിൽ മരണപ്പെട്ടു. അയാൾക്ക് ശേഷം, അയാളുടെ ഭാര്യ വസന്തകുമാരിയും, മകൾ ചിത്രയും അതിജീവിച്ചു. പിന്നീട് അയാളുടെ അമ്മ കെ.എം. പാർവ്വതിഅമ്മ മരണപ്പെട്ടു. അയാളുടെ ഭാര്യ വസന്ത കുമാരിയും, മകൾ ചിത്രയും 27-04-2009-ൽ മരണപ്പെട്ടു. ഹർജിക്കാരി അയാളുടെ ഭാര്യാ മാതാവാണ്. മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണ ലിന്റെ ഒ.പി. (എം.പി) നം. 932/1999-ൽ അയാളുടെ മരണത്തിനായി ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി അവാർഡ് ചെയ്യപ്പെട്ടു. 1,76,029/- രൂപ നഷ്ടപരിഹാരത്തിലേക്കായി ട്രിബ്യൂണലിൽ നിക്ഷേപിക്കപ്പെട്ടു. വസന്ത കുമാരിയുടേയും, ചിത്രയുടേയും പേരുകളിൽ 6-ഉം, 7-ഉം എതിർ കക്ഷി ബാങ്കുകളിൽ നിശ്ചിത തുകകൾ നിക്ഷേപിക്കപ്പെട്ടു. ഒരു പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റിനുവേണ്ടി 1 മുതൽ 5 വരെയുള്ള എതിർകക്ഷികൾ ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ, വകുപ്പ് 372, അനുസരിച്ച് മുൻസിഫ് കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തു. സർട്ടിഫിക്കറ്റിന് അപേക്ഷിക്കപ്പെട്ടത് സംബന്ധിച്ച ആകെ തുക 4,50,000/- ൽ കൂടുതലാണ്. ചിത്ര, ആദ്യം

മരണപ്പെട്ടുവെന്നും, 1 മുതൽ 5 വരെയുള്ള എതിർ കക്ഷികൾ വസന്തകുമാരിയുടെ നിയമപരമായ അനന്താരാവകാശികൾ അല്ലായെന്നും, അവർ (ഹർജിക്കാരി) മാത്രമാണ് വസന്തകുമാരിയുടെ നിയമപരമായ അവകാശി എന്നും ഹർജിക്കാരി വാദിച്ചു. പാണ്ഡിത്യമുള്ള മുൻസിഫ് ഒരു അന്വേഷണ വിചാരണ നടത്തുകയും, വസന്തകുമാരിയും ചിത്രയും ഒരേ സമയത്ത് മരണപ്പെട്ടുവെന്നും, വസന്തകുമാരി ആദ്യം മരണപ്പെട്ടുവെന്നതുമാണ് ഹിന്ദു പിൻതുടർച്ച ആക്റ്റിലെ വകുപ്പ് 21 അനുസരിച്ചുള്ള അനുമാനമെന്നും കണ്ടെത്തുകയും ചെയ്തു. അതിനാൽ, ഹർജിക്കാരിയും, 1 മുതൽ 5 വരെയുള്ള എതിർകക്ഷികളും നാരായണന്റെ നിയമപരമായ അനന്തരാവകാശികൾ ആണെന്ന് കോടതി വിധിക്കുകയും, അതിനനുസൃതമായി അവരുടെ പേരിൽ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉത്തരവിടുകയും ചെയ്തു. ഹർജിക്കാരി ഇതിനെ അപ്പീലിൽ ചോദ്യം ചെയ്തു. അപ്പീൽ കേട്ട അഡീഷണൽ ജില്ലാ ജഡ്ജി, പാണ്ഡിത്യമുളള മുൻസിഫിന്റെ ഉത്തരവിനെ സ്ഥിരീകരിച്ചുകൊണ്ട് അതിനെ തള്ളിക്കളഞ്ഞു. ഇത് ഈ റിവിഷൻ ഹർജിയിൽ, ചോദ്യം ചെയ്യപ്പെടുന്നു.

3. ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദത്തിൽ രണ്ടു വശങ്ങളുണ്ട്.

(1) അവകാശപ്പെട്ട തുക, കേരള സിവിൽ കോടതികൾ ആക്റ്റിലെ 19-ാം വകുപ്പ് പ്രകാരം മുൻസിഫ് കോടതിക്കുള്ള ആർത്ഥികാധികാര പരിധിയായ 1,00,000/- രൂപയിൽ കൂടുതൽ ആയിരുന്നതുകൊണ്ട് ഹർജി സ്വീകരിക്കുന്നതിനുള്ള യാതൊരു ആർത്ഥികാധികാരിതയും ആ കോടതിക്ക് ഇല്ലായിരുന്നു.

(2) വസന്തകുമാരിയുടെയും, ചിത്രയുടെയും മരണം ഒരേസമയത്താണ് എന്ന കണ്ടെത്തൽ നിയമവിരുദ്ധമാണ്, എന്തെന്നാൽ, ആരാണ് ആദ്യം മരിച്ചത് എന്ന് തെളിയിക്കുവാനുള്ള തെളിവ് നൽകാൻ കഴിയുമായിരുന്നു.

4. ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ 371-ാം വകുപ്പ് പ്രകാരം, ജില്ലാ ജഡ്ജിക്ക് ആ ആക്റ്റിലെ 372-ാം വകുപ്പ് പ്രകാരം, ഫയൽ ചെയ്ത ഒരു അപേക്ഷ സ്വീകരിക്കുവാൻ പരിപൂർണ്ണ അധികാരിത ഉണ്ടായിരിക്കുന്നു. എന്നാൽ, ആക്റ്റിലെ 388-ാം വകുപ്പ് ജില്ലാ ജഡ്ജിയുടെ അധികാരങ്ങളെ മറ്റേതെങ്കിലും കോടതിക്ക് നൽകുവാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നു. അതിനനുസൃതമായി, സംസ്ഥാന സർക്കാർ 06-02-1958-ൽ, രണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്, അവ താഴെ പറയും പ്രകാരമാണ്:-

"i) 1925-ലെ ഇന്ത്യൻ പിൻതുടർച്ച ആക്റ്റിന്റെ (1925-ലെ 39-ാം ആക്റ്റ്) 388-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും, പ്രസ്തുത ആക്റ്റിലെ 10-ാം ഭാഗ പ്രകാരം ഒരു ജില്ലാ ജഡ്ജിയുടെ ചുമതലകൾ വിനിയോഗിക്കുന്നതിനുള്ള അധികാരം സബോർഡിനേറ്റ് ജഡ്ജസ് കോടതികളിൽ നിക്ഷിപ്തമാക്കുന്ന എല്ലാ മുൻ വിജ്ഞാപനങ്ങളെയും അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ ആക്റ്റിലെ 10-ാം ഭാഗ പ്രകാരം സംസ്ഥാനത്തെ എല്ലാ സബോർഡിനേറ്റ് ജഡ്ജസ് കോടതികളിലും ഒരു ജില്ലാ ജഡ്ജിയുടെ ചുമതലകൾ, അവരുടെ ബന്ധപ്പെട്ട തദ്ദേശപരിധിക്കുള്ളിൽ വിനിയോഗിക്കുവാനുള്ള അധികാരം ഇതിനാൽ നിക്ഷിപ്തമാക്കുന്നു.

(ii) 1925-ലെ ഇന്ത്യൻ പിൻതുടർച്ച ആക്റ്റിന്റെ (1925-ലെ 39-ാം ആക്റ്റ്) 388-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും, പ്രസ്തുത ആക്റ്റിലെ 10-ാം ഭാഗം പ്രകാരം ജില്ലാ ജഡ്ജിയുടെ ചുമതലകൾ വിനിയോഗിക്കുന്നതിനുള്ള അധികാരം മുൻസിഫ് കോടതികളിൽ നിക്ഷിപ്തമാക്കുന്ന എല്ലാ മുൻ വിജ്ഞാപനങ്ങളും അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ ആക്റ്റിലെ 10-ാം ഭാഗം പ്രകാരം സംസ്ഥാനത്തെ എല്ലാ മുൻസിഫ് കോടതികളിലും, ഒരു ജില്ലാ ജഡ്ജിയുടെ ചുമതലകൾ, അവരുടെ ബന്ധപ്പെട്ട തദ്ദേശപരിധിക്കുള്ളിൽ വിനിയോഗിക്കുവാനുള്ള അധികാരം ഇതിനാൽ നിക്ഷിപ്തമാക്കുന്നു.

5. വിജ്ഞാപനങ്ങൾ വഴി നൽകപ്പെടുന്ന അധികാരിത, വിഷയത്തിൻമേൽ മാത്രമാണെന്നും അത്, ഏത് തുകയെ സംബന്ധിച്ചാണോ അപേക്ഷ ഫയൽ ചെയ്യപ്പെടുന്നത്, അത് കേരള സിവിൽ കോടതികൾ ആക്റ്റിലെ 13-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ആർത്ഥികാധികാര പരിധിയെ കവിയുന്നെങ്കിൽ, അതിനെ സ്വീകരിക്കുവാൻ മുൻസിഫിനെ അധികാരപ്പെടുത്തുന്നില്ല എന്നതാണ് ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദം.

6. ഒരു കോടതിയുടെ അധികാരിത നാലു തരത്തിലായിരിക്കുന്നത് സാധ്യമാണ്;

(i) വിഷയ അധികാരിത

(ii) പ്രാദേശിക അധികാരിത

(iii) ആർത്ഥികാധികാരിത

(iv) വ്യക്തിപരമായ അധികാരിത

വിഷയ അധികാരിത കേസിന്റെ സ്വഭാവത്തിന്റെയും, ആവശ്യപ്പെടുന്ന നിവൃത്തിയുടെ തരത്തിന്റേയും മേലുള്ള അധികാരിതയാണ്. ഇത് കാരണത്തിന്റെ അധികാരിത എന്നോ വ്യവഹാരത്തിന്മേലുള്ള അധികാരിത എന്നോ കൂടി പറയപ്പെടുന്നു (ബ്ലാക്ക്സിന്റെ നിയമനിഘണ്ടു കാണുക).

7. മുകളിൽ സൂചിപ്പിച്ച രണ്ടാമത്തെ വിജ്ഞാപനം, ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ 10-ാം ഭാഗം പ്രകാരം ഒരു ജില്ലാ ജഡ്ജിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് മുൻസിഫിന് അധികാരം നൽകുന്നുണ്ട്. ആക്റ്റിലെ, ഈ ഭാഗത്തിൻകീഴിൽ, ഒരു ജില്ലാ ജഡ്ജിയ്ക്കുള്ള ചുമതലകൾ എന്താണ്? 10-ാം ഭാഗത്തിലെ തലക്കെട്ട് `പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റുകൾ' എന്നാണ്. 370 മുതൽ 390 വരെയുള്ള വകുപ്പുകൾ ഈ ഭാഗത്തിൽ പ്രത്യക്ഷമാകുന്നു. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനെ കുറിച്ച് 370-ാം വകുപ്പ് പറയുന്നു. താഴെ പറയും പ്രകാരം പോകുന്ന ആക്റ്റിലെ 371-ാം വകുപ്പാണ് ജില്ലാ ജഡ്ജിയുടെ ചുമതലകളെ സംബന്ധിക്കുന്ന ഏറ്റവും പ്രസക്തമായ വ്യവസ്ഥ.

"ഏത് ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിലാണോ മരിച്ചുപോയ ആൾ, അയാളുടെ മരണസമയത്ത് സാധാരണയായി താമസിച്ചിരുന്നത്, ആ ജില്ലാ ജഡ്ജിക്കോ, അല്ലെങ്കിൽ ആ സമയത്ത് അയാൾക്ക് സ്ഥിരമായ താമസസ്ഥലം ഉണ്ടായിരുന്നില്ലെങ്കിൽ, ഏത് ജില്ലാ ജഡ്ജിയുടെ അധികാരിതയ്ക്കുള്ളിലാണോ മരിച്ചുപോയ ആളുടെ വസ്തുവിന്റെ ഏതെങ്കിലും ഭാഗം കാണപ്പെടുന്നത്, ആ ജില്ലാ ജഡ്ജിക്കോ, ഈ ഭാഗത്തിൻ കീഴിൽ ഒരു സർട്ടിഫിക്കറ്റ് അനുദാനം ചെയ്യാവുന്നതാണ്.

ഈ ഭാഗത്തെ മറ്റു ചില വകുപ്പുകൾ, സർട്ടിഫിക്കറ്റുകളുടെ വ്യാപകമാക്കൽ, ഭേദഗതി, തദ്ദേശ വ്യാപ്തി, പ്രഭാവം, പിൻവലിക്കൽ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതല്ലാത്ത യാതൊരു ചുമതലയെയും കുറിച്ച് 10-ാം ഭാഗത്തിലെ ഏതൊരു വ്യവസ്ഥയ്ക്കുള്ളിലും പ്രതിപാദിക്കപ്പെടുന്നില്ല. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്, ഈ ഭാഗത്തിൻകീഴിൽ ജില്ലാ ജഡ്ജിക്ക് കല്പിച്ചിട്ടുള്ള ഏക ചുമതല. ഗവണ്മെന്റ് പുറപ്പെടുവിച്ച വിജ്ഞാപനം വഴി, ഈ അധികാരം മാത്രമാണ് മുൻസിഫിന് നൽകപ്പെട്ടിട്ടുള്ളത്.

8. ജില്ലാ ജഡ്ജിയുടെ അധികാരങ്ങൾ സബ്ജഡ്ജിമാർക്കും മുൻസിഫ്മാർക്കും നൽകുന്ന ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ വകുപ്പ് 388 പ്രകാരമുള്ള വിജ്ഞാപനങ്ങൾ ഒരേ തീയതിയിൽ പുറപ്പെടുവിക്കപ്പെട്ടു. മുൻസിഫിന് പരിധിയില്ലാത്ത ആർത്ഥികാധികാരിതയുണ്ടെങ്കിൽ, സബ്ജഡ്ജിനും അതേ അധികാരങ്ങൾ നൽകുന്നത് അനിവാര്യമല്ലാത്തതാണ്. ഒരു മുൻസിഫിന്റെ പ്രാദേശികാധികാരിതയ്ക്കുള്ളിൽ വരാത്ത യാതൊരു പ്രദേശവും കേരളത്തിൽ ഇല്ലാത്തതാണ്. ഇത്, വിജ്ഞാപനം വഴി നൽകപ്പെട്ട അധികാരം, വിഷയ അധികാരിതയെ സംബന്ധിച്ച് മാത്രമാണെന്നും കൂടിയുള്ള ഒരു സൂചനയാണ്.

9. മുകളിൽ പ്രസ്താവിച്ച കാരണങ്ങളാൽ പാണ്ഡിത്യമുള്ള അഭിഭാഷകന്റെ വാദം ഞാൻ അംഗീകരിക്കുന്നു. മുൻസിഫിന്, ഇന്ത്യൻ

പിൻതുടർച്ച ആക്റ്റിലെ വകുപ്പ് 372 പ്രകാരമുള്ള ഒരു അപേക്ഷ, അതിൽ അവകാശപ്പെട്ടിരിക്കുന്ന തുക കേരള സിവിൽ കോടതികൾ ആക്റ്റിലെ വകുപ്പ് 13-നാൽ തീരുമാനിക്കപ്പെട്ട പ്രകാരമുള്ള അദ്ദേഹത്തിന്റെ ആർത്ഥികാധികാരിതയിൽ കവിയുന്നെങ്കിൽ, സ്വീകരിക്കുവാൻ കഴിയുന്ന തല്ല. പ്രസ്തുത വകുപ്പു പ്രകാരം മുൻസിഫിന്റെ ആർത്ഥികാധികാരിതയുടെ പരിധി പ്രസക്തമായ സമയത്ത് 1,00,000/- രൂപ മാത്രമായിരുന്നു. ഏത് തുകയെ സംബന്ധി ച്ചാണോ സർട്ടിഫിക്കറ്റ് അവകാശപ്പെട്ടത്, അത് ഏകദേശം 4,65,000/- രൂപ ആയിരുന്നു. അത് മുൻസിഫിന്റെ ആർത്ഥികാധികാരിതയിൽ കവിഞ്ഞിരുന്നു.

10. എന്നാൽ, ആർത്ഥികാധികാരിതയുടെ അഭാവം വ്യവഹാരത്തിന്റെ പ്രാരംഭ ഘട്ടത്തിൽ വാദിക്കേണ്ട ഒരു വിഷയമാണ്, അതിന് വീഴ്ച വരുത്തിയാൽ, അതിനെ പിന്നീട് ഉന്നയിക്കു വാൻ സങ്കട കക്ഷിയെ അനുവദിക്കുന്നതല്ല എന്ന് 1 മുതൽ 5 വരെ എതിർകക്ഷികൾക്കു വേണ്ടി പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. അദ്ദേഹം, സിവിൽ നിയമ സംഹിതയിലെ 21-ാം വകുപ്പിനെ ആശ്രയി ക്കുന്നു. അതിലെ വ്യവസ്ഥകൾ, സമ്മതിച്ചിട്ടു ള്ളതുപോലെ, ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ 372-ാം വകുപ്പ് പ്രകാരമുള്ള നടപടികൾക്ക് ബാധകമാണ്. ഒരു കോടതിയുടെ അധികാരി തയുടെ ആർത്ഥിക പരിധികൾ സംബന്ധിച്ച്, അതിന്റെ ക്ഷമതയെക്കുറിച്ചുള്ള യാതൊരു ആക്ഷേപവും, അങ്ങനെയുള്ള ആക്ഷേപം ആദ്യത്തെ കോടതിയിൽ, സാദ്ധ്യമായ ഏറ്റവും നേരത്തെയുള്ള അവസരത്തിലും, വിവാദ്യ കങ്ങൾ നിശ്ചയിക്കപ്പെടുന്ന എല്ലാ സംഗതി കളിലും, അങ്ങനെയുള്ള നിശ്ചിത സമയത്തോ, അതിനു മുമ്പോ ആയും ഉന്നയിക്കപ്പെടാത്ത പക്ഷവും, അനന്തരഫലമായ നീതിലോപം ഉണ്ടായിട്ടില്ലാത്തപക്ഷവും, ഏതെങ്കിലും അപ്പീൽ കോടതിയോ റിവിഷൻ കോടതിയോ അനുവദിക്കാൻ പാടുള്ളതല്ല എന്ന് സിവിൽ നടപടി നിയമസംഹിതയിലെ 21-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

സുപ്രീം കോടതി വിധികളായ *കിരൺസിംഗ്* അഭി *ചമൻ പാസ്വാൻ* (എ.ഐ.ആർ 1956 എസ്.സി 340), *കൂപ്പിലൻ ഉനീൻസ് ഡാട്ടർ പാത്തുമ്മ* അഭി *കുപ്പിലൻ ഉനീൻസ് സൺ കുൻറ്റാളൻ കുട്ടി* (എ.ഐ.ആർ 1981 എസ്.സി 1683) & *ഹർഷദ് ചിമൻലാൽ മോദി* അഭി *ഡി.എൽ.എഫ് യൂണിവേഴ്സൽ ലിമിറ്റഡ്* (2006 (1) കെ.എൽ.റ്റി എസ്.എൻ 82 (സി.നം. 117) എസ്.സി=എ.ഐ.ആർ 2005 എസ്.സി 4446). എന്നീ കേസുകളിലെ സുപ്രീം കോടതിയുടെ വിധിന്യായത്തെ അദ്ദേഹം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സുപ്രീം കോടതിയുടേയും, ഈ കോടതിയുടേയും മറ്റു ചില വിധി ന്യായങ്ങളെയും കൂടി പാണ്ഡിത്യമുള്ള അഭിഭാഷകൻ ആശ്രയിക്കുന്നു. ആർത്ഥികാധി കാരിതയെ സംബന്ധിച്ച ആക്ഷേപം പ്രാരംഭ ഘട്ടത്തിൽ എടുക്കാത്തപക്ഷം, അതിനെ പിന്നീട് ഉന്നയി ക്കുവാൻ കഴിയുന്നതല്ലായെന്ന് സുപ്രീം കോടതി വ്യക്തമായ പദങ്ങളിൽ വിധിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം മുൻസിഫിന്റെ ആർത്ഥികാധികാരിതയിൽ കവിഞ്ഞിട്ടുണ്ട് എന്ന കാരണത്താൽ അദ്ദേഹം അപേക്ഷ സ്വീകരിക്കുന്നതിനെ ഹർജിക്കാരി ആക്ഷേപി ച്ചിട്ടില്ല. ഹർജി സ്വീകരിക്കുവാൻ മുൻസിഫിന് ആർത്ഥികാധികാരിത ഇല്ലായിരുന്നു എന്ന വാദം ഉയർത്തുവാനുള്ള അവരുടെ അവകാശം അവർ നഷ്ടപ്പെടുത്തി.

11. രണ്ടാമത്തെ പ്രധാന വിഷയത്തിലേക്ക് വരുമ്പോൾ, നാരായണന്റെ ഭാര്യയായ വസന്തകുമാരിയും, അവരുടെ മകൾ ചിത്രയും 27-04-2009-ൽ മരണപ്പെട്ടു. അവർ മരിച്ചതായി കണ്ടെത്തപ്പെട്ടു. പ്രത്യക്ഷമായും അത് ഒരു ആത്മഹത്യയായിരുന്നു. ആരാണ് ആദ്യം മരണപ്പെട്ടത് എന്ന് കാണിക്കുവാനുള്ള യാതൊരു തെളിവും ഇരുഭാഗവും ഹാജരാ ക്കിയിട്ടില്ല. മരണപ്പെട്ടവരുടെ ശവപരിശോധന സാക്ഷ്യപത്രങ്ങൾ ആരാണ് ആദ്യം മരണപ്പെട്ടത് എന്ന് തെളിയിച്ചിരിക്കുമായിരുന്നു എന്നതാണ് ഹർജിക്കാരിയുടെ വാദം. എന്നാൽ, അങ്ങനെ യുള്ള ഒരു അന്തിമ നിഗമനത്തിൽ എത്തിച്ചേരു വാൻ കോടതിയെ പ്രാപ്തമാക്കുമെന്നുള്ള വസ്തുതകൾ ശവപരിശോധന സാക്ഷ്യ പത്രങ്ങളിൽ ലഭ്യമാണെന്നുള്ള യാതൊരു കേസും അവർക്ക് ഇല്ലാത്തതാണ്. ഹർജി ക്കാരിക്ക് ശവപരിശോധനാ സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ ഹാജരാക്കുവാൻ കഴിയുമായിരുന്നു.

ഏറ്റവും നല്ലവണ്ണം അറിയുന്ന കാരണങ്ങളാൽ അവർ അവയെ ഹാജരാക്കിയില്ല. കക്ഷികൾ ഹിന്ദുക്കളാണ്.

12. ഒരേ സമയത്ത് മരിച്ച ആളുകളെ സംബന്ധിക്കുന്ന നിയമാധിഷ്ഠിത വ്യവസ്ഥ, ഹിന്ദു പിൻതുടർച്ച ആക്റ്റിന്റെ 21-ാം വകുപ്പിൽ അടങ്ങിയിരിക്കുന്നു. ആ വകുപ്പിനെ താഴെ എടുത്തു പറയുന്നു.

> 21. **ഒരുമിച്ചുള്ള മരണങ്ങളുടെ സംഗതി കളിലുള്ള അനുദാനം.**-രണ്ട് ആളുകൾ, അവരിൽ ഒരാൾ മറ്റേയാളെ അതി ജീവിച്ചു എന്നോ, അങ്ങനെയാ ണെങ്കിൽ അതിജീവിച്ചത് ആരാണെന്നോ നിശ്ചയി ക്കാൻ വയ്യാതാകുന്ന പരിതസ്ഥിതി കളിൽ മരിക്കുന്നിടത്ത്, വസ്തു വിന്റെ പിൻതുടർച്ചയെ ബാധിക്കുന്ന എല്ലാ ആവശ്യങ്ങൾക്കും പ്രായക്കുറവുള്ള ആൾ, പ്രായം കൂടിയ ആളെ അതിജീവിച്ചു എന്നും, വിരുദ്ധമായത് തെളിയിക്കുന്നതുവരെ, അനുമാ നിക്കേണ്ടതാണ്.

13. വസന്തകുമാരിയുടേയും, ചിത്രയു ടേയും മരണം ഒരു പ്രകൃതിദുരന്തത്തിൽ അല്ലാത്തതിനാൽ, ആ അനുമാനം ലഭ്യമല്ല എന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പി ക്കുന്നു. ഇതിനെ അംഗീകരിക്കുവാൻ കഴിയു ന്നതല്ല. ആ വകുപ്പ് പ്രകൃതി ദുരന്തത്തിലെ മരണത്തെയോ, ആ വിഷയത്തിനുവേണ്ടി അസ്വാഭാവിക മരണത്തെപ്പോലുമോ സൂചിപ്പി ക്കുന്നില്ല. ആ വ്യവസ്ഥയെ ആകർഷി ക്കുന്നതിന്, ഏത് സാഹചര്യങ്ങളിലാണ് മരണം സംഭവിച്ചത്, അവ ആദ്യം മരണപ്പെട്ടത് ആരാണെന്നതിനെ അനിശ്ചിതമാക്കിയാൽ മതിയായതാണ്. ആദ്യം മരണപ്പെട്ടത് ആരാണ് എന്നതിനെ സംബന്ധിച്ച് യാതൊരു തെളിവും ഇല്ലാത്തതുകൊണ്ട്, ചിത്ര, അവളുടെ അമ്മ വസന്തകുമാരിയെ അതിജീവിച്ചു എന്നതാണ് അനുമാനം. കീഴ്ക്കോടതികൾ എടുത്ത വീക്ഷണത്തിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണം എടുക്കുവാനുള്ള ഏതൊരു കാരണവും ഞാൻ കാണുന്നില്ല.

14. ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ, 372-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ, സ്വഭാവത്തിൽ സമ്മറി മാത്രമാണ് എന്നതും കൂടി പറയേണ്ടതാണ്. ആക്റ്റിലെ വകുപ്പ് 373 (3) ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു.

> "(3) ഒരു സമ്മറി നടപടിയിൽ തീർപ്പു ചെയ്യാൻ കഴിയാത്തത്ര സങ്കീർണ്ണവും വിഷമവുമായ നിയമപ്രശ്നങ്ങളോ വസ്തുതാ പ്രശ്നങ്ങളോ തീർപ്പുചെയ്യാതെ, സർട്ടിഫിക്കറ്റിനുള്ള അവകാശം തീരുമാനിക്കുവാൻ ജഡ്ജിക്ക് കഴിയുകയില്ലെന്നിരുന്നാലും, അദ്ദേഹത്തിന് സർട്ടിഫിക്കറ്റ്, പ്രഥമദൃഷ്ട്യാ അതിന് ഏറ്റവും നല്ല അവകാശമുള്ള ആൾ അപേക്ഷക നാണെന്ന് കാണപ്പെടുന്നുവെങ്കിൽ, അയാൾക്ക് അനുദാനം ചെയ്യാവു ന്നതാണ്."

ഉത്തരവു മുഖേന സങ്കടപ്പെടുന്ന ഏതെങ്കിലും കക്ഷിക്ക് അയാളുടെ ഉടമസ്ഥാവ കാശം സ്ഥാപിക്കുവാൻ റഗുലർ കോടതിയെ സമീപിക്കാവുന്നതാണ്.

തത്ഫലമായി, ഈ റിവിഷൻ ഹർജിയെ തള്ളിക്കളയുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ. റ്റി. ശങ്കരൻ
&
ബഹു. ജസ്റ്റിസ് കെ. പി.ജ്യോതീന്ദ്രനാഥ്

**തസ്ലീം**

**അഭി**

**കേരള സർക്കാർ**

**ക്രിമിനൽ (അപ്പീൽ) നം. 1331/2015**

2016 ജനുവരി 15–ന് വിധി കൽപ്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1967–ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് — ആക്റ്റിലെ വകുപ്പ് 43–ഡി യുടെ (5)–ാം ഉപവകുപ്പിനുള്ള പരിമിതി വ്യവസ്ഥ & 1973–ലെ ക്രിമിനൽ നടപടി നിയമസംഹിത, വകുപ്പ് 173––അങ്ങനെയുള്ള പ്രതിയെ, അങ്ങനെയുള്ള ആൾക്കെതിരെയുള്ള കുറ്റാരോപണം പ്രഥമദൃഷ്ട്യാ സത്യമാണെന്ന് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് കേസ് ഡയറിയുടെയോ, സംഹിതയിലെ 173–ാം വകുപ്പുപ്രകാരം സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെയോ ഒരു സൂക്ഷ്മവായനയിൻമേൽ, കോടതിക്ക് അഭിപ്രായ മുണ്ടെങ്കിൽ, ജാമ്യത്തിൻമേലോ അയാളുടെ സ്വന്തം ബോണ്ടിൻമേലോ മോചിപ്പിക്കുവാൻ പാടില്ലാത്തതാണെന്ന് വകുപ്പ് 43–ഡി യിലെ (5)–ാം ഉപവകുപ്പിനുള്ള പരിമിതി വ്യവസ്ഥ പ്രസ്താവിക്കുന്നു. വകുപ്പ് 43–ഡി യിലെ (5)–ാം ഉപവകുപ്പിനുള്ള പരിമിതി വ്യവസ്ഥയുടെ വെളിച്ചത്തിൽ, രേഖയിലുള്ള വസ്തുതകളെ സൂക്ഷ്മമായി വായിക്കുവാനും, പ്രതിക്കെതിരെ ഉന്നയിക്കപ്പെട്ട കുറ്റാരോപണം പ്രഥമദൃഷ്ട്യാ സത്യമാണെന്ന് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ ഉണ്ടോ എന്നതിനെ സംബന്ധിച്ച ഒരു ബോധ്യപ്പെടലിൽ എത്തിച്ചേരാനും കോടതികൾ ബാദ്ധ്യസ്ഥമാണ്.

1967–ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്, വകുപ്പ് 22– ഒരു സാക്ഷിയേയോ അങ്ങനെയുള്ള സാക്ഷിക്ക് താല്പര്യമുണ്ടായിരിക്കാവുന്ന മറ്റേതെങ്കിലും ആളേയോ, ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ, അന്യായമായി തടസ്സപ്പെടുത്തുകയോ, തടഞ്ഞുവയ്ക്കുകയോ ചെയ്യുമ്പോഴെല്ലാമോ, 22–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളിൽ ഏതിനെങ്കിലും ഇടവരുത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടി മറ്റേതെങ്കിലും നിയമവിരുദ്ധ പ്രവൃത്തി ചെയ്യുന്നെങ്കിലോ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ 22–ാം വകുപ്പ് ബാധകമാകുന്നതാണ്. 22–ാം വകുപ്പിന്റെ ഘടകങ്ങൾ ഈ കേസിൽ ആകർഷിക്കപ്പെടുന്നു എന്ന് രേഖയിലുള്ള വസ്തുതകൾ പ്രഥമദൃഷ്ട്യാ കാണിക്കുന്നതാണ്.

1967–ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്, വകുപ്പ് 39(1)(എ)(i)–– കീഴ്ക്കോടതി ഉദ്ദേശിച്ചത് എന്തെന്നാൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ വകുപ്പ് 39(1) (എ) (i) ആകർഷിക്കപ്പെടുന്നു എന്ന് വസ്തുതകൾ സൂചിപ്പിക്കുന്നു എന്നതാണ്.

## വിധിന്യായം

ജസ്റ്റിസ് കെ.റ്റി. ശങ്കരൻ

ഭാരതത്തിന്റെയും, ഭാരതത്തിലെ ജനങ്ങളുടെയും സുരക്ഷയ്ക്കും സുരക്ഷിതത്വത്തിനുമുള്ള പ്രധാന ഭീഷണികളിലൊന്നാണ് ഭീകരവാദം. വ്യക്തികളുടെയും സമാജങ്ങളുടെയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ കൂടുതൽ ഫലപ്രദമായ തടയലിനുവേണ്ടിയും, ഭീകരപ്രവർത്തനങ്ങളെ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയും, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയും വ്യവസ്ഥ ചെയ്യുവാൻ ഉണ്ടാക്കപ്പെട്ടതാണ് 1967-ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് (1967-ലെ 37-ാം ആക്റ്റ്). ആ ആക്റ്റ് 2004-ൽ ഭേദഗതി ചെയ്യപ്പെടുകയും, "ഭീകര പ്രവർത്തനങ്ങളെ കൈകാര്യം ചെയ്യുന്നതിനുവേണ്ടിയും" എന്ന വാക്കുകൾ ആമുഖത്തിൽ ചേർക്ക പ്പെടുകയും ചെയ്തു. ആ ആക്റ്റ് 2008-ലും, അതുപോലെ തന്നെ 2013-ലും ഭേദഗതി ചെയ്യപ്പെട്ടു. ഭീകരവാദത്തെ ഫലപ്രദമായി എതിർക്കുന്നതിനുവേണ്ടി ചില കർശന വ്യവസ്ഥകൾ ആക്റ്റിൽ ഉൾക്കൊള്ളിക്കപ്പെട്ടു. ഈ വ്യവസ്ഥകൾക്കിടയിലുള്ളതാണ് ആക്റ്റിലെ വകുപ്പ് 43-ഡി യിലെ (5)-ാം ഉപവകുപ്പ്, അത്, ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ആക്റ്റിലെ അദ്ധ്യായങ്ങൾ IV-ന്റെയും, VI-ന്റെയും കീഴിൽ ശിക്ഷിക്ക പ്പെടാവുന്ന ഒരു കുറ്റത്തിന് പ്രതിയായ യാതൊരാളെയും, കസ്റ്റഡിയിലാണെങ്കിൽ, ജാമ്യത്തിൻമേലോ സ്വന്തം ബോണ്ടിൻമേലോ മോചിപ്പിക്കുവാൻ, അങ്ങനെയുള്ള മോചനത്തിനുവേണ്ടിയുള്ള അപേക്ഷയിൻ മേൽ കേൾക്കപ്പെടാനുള്ള ഒരവസരം പബ്ലിക് പ്രോസിക്യൂട്ടർക്ക് നൽകിയിട്ടില്ലാത്തപക്ഷം, പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അങ്ങനെയുള്ള പ്രതിയെ, അങ്ങനെയുള്ള ആൾക്കെതിരെയുള്ള കുറ്റാരോപണം പ്രഥമ ദൃഷ്ട്യാ സത്യമാണെന്ന് വിശ്വസിക്കുന്നതി നുള്ള ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് കേസ് ഡയറിയുടെയോ, സംഹിതയിലെ 173-ാം വകുപ്പു പ്രകാരം സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെയോ ഒരു സൂക്ഷ്മവായനയിൻമേൽ കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, ജാമ്യത്തിൻമേലോ അയാളുടെ സ്വന്തം ബോണ്ടിൻ മേലോ മോചിപ്പിക്കുവാൻ പാടില്ലാത്തതാണെന്ന് വകുപ്പ് 43-ഡി യിലെ (5)-ാം ഉപവകുപ്പിനുള്ള പരിമിതി വ്യവസ്ഥ പ്രസ്താവിക്കുന്നു. വകുപ്പ് 43-ഡി യിലെ (5)-ാം ഉപവകുപ്പിനുള്ള പരിമിതി വ്യവസ്ഥയുടെ വെളിച്ചത്തിൽ, രേഖയിലുള്ള വസ്തുതകളെ സൂക്ഷ്മമായി വായിക്കുവാനും, പ്രതിക്കെതിരെ ഉന്നയിക്കപ്പെട്ട കുറ്റാരോപണം പ്രഥമദൃഷ്ട്യാ സത്യമാണെന്ന് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ ഉണ്ടോ എന്നതിനെ സംബന്ധിച്ച ഒരു ബോധ്യപ്പെടലിൽ എത്തിച്ചേരാനും കോടതികൾ ബാദ്ധ്യസ്ഥമാണ്. ഏതൊരു അന്തിമ തീരുമാനത്തിലും കോടതികൾ എത്തിച്ചേരേണ്ടത് ആവശ്യമില്ലാത്തതും, പ്രതിക്ക് എതിരെയുള്ള കുറ്റാരോപണം സത്യമാണെന്ന് കോടതികൾ വിശ്വസിക്കുന്നു എന്നത് മാത്രം മതിയായതുമാണ്. പ്രതിക്കെതിരായ കുറ്റാരോപണം പ്രഥമദൃഷ്ട്യാ സത്യമാണെന്ന് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, പ്രസ്തുത പ്രതിക്ക് ജാമ്യം നിരസിക്കുവാൻ കോടതി ബാദ്ധ്യസ്ഥമാണ്. ആക്റ്റിലെ IV-ഉം, VI-ഉം അദ്ധ്യായങ്ങളിൻകീഴിലുള്ള കുറ്റങ്ങളെ സംബന്ധിച്ച ജാമ്യ അപേക്ഷകളെ സാധാരണ രീതിയിൽ കൈകാര്യം ചെയ്യുവാനും, സാധാരണ രീതിയിൽ ജാമ്യം അനുവദിക്കാനും കോടതികൾ പ്രതീക്ഷിക്കപ്പെടുന്നില്ല. ജനങ്ങളുടെ സുരക്ഷയും സുരക്ഷിതത്വവും, ആ നിലയിൽ രാഷ്ട്രത്തിന്റെ സുരക്ഷയും, ഉറപ്പുവരുത്തുന്ന ആവശ്യത്തിനുവേണ്ടി ഭീകരവാദത്തെ എതിർക്കുവാൻ രാഷ്ട്രം എടുത്തിട്ടുള്ള ശ്രമങ്ങളെ ബലപ്പെടുത്തുവാനുള്ള ഒരു കർത്തവ്യത്തിന് കോടതികൾ കടപ്പെട്ടിരിക്കുന്നു.

2. ഇപ്പോഴത്തെ കേസിൽ, ഷാഹനാസ് എന്ന ഒരാൾ (രണ്ടാം പ്രതി) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെയും ഭീകര പ്രവർത്തനങ്ങളെയും അനുകൂലിച്ചുവരുന്നു എന്ന രഹസ്യ വിവരം ലഭിച്ചതിനാൽ, എറണാകുളം നോർത്ത് റെയിൽവേസ്റ്റേഷനിൽ നിന്നുള്ള പോലീസ് അയാളെ കസ്റ്റഡിയിലെടുത്തു. ഷാഹനാസിന് സ്വന്തമായ ബാഗിലുണ്ടായിരുന്നവയെ പരിശോധിച്ചതിൽ, ബാംഗ്ലൂർ ബോംബ്

സ്ഫോടന കേസുകളിൽ പ്രധാന പ്രതിയായ തടിയന്റെവിട നസീർ ആരോപിച്ചിട്ടുള്ള തുപോലെ ഷാഹനാസിന് എഴുതിയ ചില കത്തുകൾ പോലീസ് കണ്ടെത്തി. ഷാഹനാസിന് സ്വന്തമായ ബാഗിൽ ചില സിം കാർഡുകളും, മൊബൈൽ ഫോണുകളും കൂടി കണ്ടെത്തി. ഷാഹനാസ് തടിയന്റവിട നസീറിനെ ബാംഗ്ലൂരിലെ ജയിലിൽ സന്ദർശി ക്കുന്നത് പതിവായിരുന്നുവെന്നും, തടിയന്റവിട നസീർ രൂപപ്പെടുത്തിയ ചില ആശയങ്ങളെ നടപ്പാക്കുന്ന കാര്യത്തിൽ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത് പതിവായിരുന്നുവെന്നും ഉള്ള ഒരു വെളിപ്പെടുത്തൽ പ്രസ്താവന അയാൾ നടത്തിയതായി ആരോപിച്ചിരിക്കുന്നു. അന്വേഷണ വേളയിൽ ശേഖരിച്ച വസ്തുക്ക ളുടെ അടിസ്ഥാനത്തിൽ, അപ്പീൽവാദിയെ (തസ്ലീം. കെ.കെ) പോലീസ് കണ്ണൂരിൽ നിന്നും കസ്റ്റഡിയിലെടുത്തു. 20-11-2015-ൽ അപ്പീൽവാദി എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കപ്പെട്ടു. അന്വേഷണ ഏജൻസി പോലീസ് കസ്റ്റഡിക്കു വേണ്ടി ഒരു അഭ്യർത്ഥന നടത്തുകയും, കോടതി അപ്പീൽവാദിയുടെ കസ്റ്റഡി 24-11-2015 വരെയുള്ള കാലാവധിക്ക് പോലീസിന് അനുവദിച്ചുനൽകുകയും ചെയ്തു.

3. അപ്പീൽവാദി എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ജാമ്യ അപേക്ഷ, അതായത്, ക്രിമിനൽ എം.പി. നം. 1380/2015 ഫയൽ ചെയ്തു. ആ അപേക്ഷ തള്ളിക്കളയപ്പെട്ടു. അയാൾ എറണാകുളം സെഷൻസ് കോടതി മുമ്പാകെ ക്രിമിനൽ എം.സി.നം. 2472/2015 ബോധിപ്പിച്ചു, അത് 10-12-2015-ലെ ഉത്തരവ് പ്രകാരം തള്ളിക്കള യപ്പെട്ടു. സെഷൻസ് കോടതി പാസ്സാക്കിയ 10-12-2015-ലെ ഉത്തരവിനെ ചോദ്യം ചെയ്തു കൊണ്ട്, ഇപ്പോഴത്തെ അപ്പീൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്നു.

4. അപ്പീൽവാദിയുടെ സഹോദരൻ ഷറഫുദ്ദീൻ ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകളിലെ പ്രതികളിൽ ഒരാൾ ആണെന്നത് പുറത്തുവന്നിട്ടുണ്ട്. ഇപ്പോഴത്തെ കേസിൽ ഒന്നാം പ്രതി തടിയന്റവിട നസീർ അല്ലാതെ മറ്റാരുമല്ല.

5. ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകളിലെ സാക്ഷികളിൽ ചിലരെ കാണുവാനും, പ്രതികൾക്ക് അനുകൂലമായി മൊഴി നൽകുന്നതിന് അവരെ സ്വാധീനി ക്കുവാനും, തടിയന്റവിട നസീർ ഷാഹനാസിനെ (രണ്ടാം പ്രതിയെ) നിർദ്ദേശിച്ചു എന്ന് പ്രോസിക്യൂഷൻ ആരോപിച്ചിട്ടുണ്ട്. ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകളിലെ സാക്ഷി കളിലൊരാളെ, അപ്പീൽവാദി, ആ സാക്ഷി പ്രോസിക്യൂഷനെ പിന്തുണച്ചാൽ, അതിഭയങ്കര പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന് ഭീഷണിപ്പെടുത്തുകപോലും ചെയ്തു എന്ന് അന്വേഷണ വേളയിൽ വെളിപ്പെട്ടു. സാക്ഷികളെ കാണുന്നതിനും, അവരെ സ്വാധീനിക്കുന്നതിനും അപ്പീൽവാദിയെ നിയോഗിക്കുവാൻ ഷാഹനാസിനോട് നിർദ്ദേ ശിച്ചതായി കേസ് ഡയറി വെളിപ്പെടുത്തു ന്നതാണ്. സാക്ഷികളിൽ ചിലർ കണ്ണൂരിലു ള്ളവരും അപ്പീൽവാദിയും കണ്ണൂരിലുള്ളതാണ്. സാക്ഷികളെ ഭീഷണിപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ എല്ലാ വിവരങ്ങളും, കുടുംബ ചരിത്രവും ശേഖരി ക്കുകയും, ആയത് സംസാരവേളയിൽ സാക്ഷി കൾക്ക് വെളിപ്പെടുത്തുകയും ചെയ്യുക എന്നതാ യിരുന്നു പ്രവർത്തനരീതിയെന്ന് കേസ് ഡയറി വെളിപ്പെടുത്തുകകൂടി ചെയ്യുന്നു. സാക്ഷികളു ടെയും, അവരുടെ കുടുംബാംഗങ്ങളുടെയും, ബന്ധുക്കളുടെയും എല്ലാ വിശദാംശങ്ങളെയും ചലനങ്ങളെയും കുറിച്ച് അപ്പീൽവാദിക്കും അയാളുടെ സഹകാരികൾക്കും അറിയാമെന്ന് സാക്ഷികൾ അറിയാനിടയാക്കപ്പെടുന്നതാണ്. തടിയന്റവിട നസീറിനും മറ്റു പ്രതികൾക്കും എതിരായി സാക്ഷികൾ മൊഴി നൽകിയാൽ, സാക്ഷികളെയും അവരുടെ ബന്ധുക്കളെയും കർശനമായി കൈകാര്യം ചെയ്യുവാൻ അപ്പീൽവാദിയും മറ്റുള്ളവരും മടിക്കില്ല എന്ന ധാരണ സാക്ഷികൾക്ക് നൽകുകയും കൂടി ചെയ്തു എന്ന് ആരോപിച്ചിരിക്കുന്നു. സാക്ഷികൾ എപ്രകാരം മൊഴി നൽകണ മെന്നും, ആദ്യ വിസ്താരത്തിൽ സാക്ഷികൾ പ്രോസിക്യൂഷന് അനുകൂലമായി മൊഴി നൽകുകയാണെങ്കിൽ, എതിർവിസ്താരം ചെയ്യപ്പെടുന്ന വേളയിൽ അവർ മൊഴി

നൽകുമ്പോൾ, എങ്ങനെ തിരുത്തണം എന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ തടിയന്റവിട നസീറിന്റെ കത്തുകളിൽ അടങ്ങിയിരിക്കുന്നു. സാക്ഷികളുടെ സഹായത്തിനു വേണ്ടി ബാംഗ്ലൂരിലെ അഭിഭാഷകൻ ലഭ്യമാക്കപ്പെടും എന്നതും തടിയന്റവിട നസീറിന്റെ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നു. സാക്ഷികളെ സ്വാധീനിക്കുന്ന പ്രവർത്തനം എങ്ങനെ നടപ്പാക്കണമെന്നും, ആ കർത്തവ്യം ആരെയാണ് ഏൽപ്പിക്കേണ്ടതെന്നും ഉള്ളതിനെ സംബന്ധിച്ച ഓരോ ചെറിയ വിശദാംശവും തടിയന്റവിട നസീർ തയ്യാറാക്കിയിരുന്നു.

6. ഇപ്പോഴത്തെ കേസിൽ അപ്പീൽ വാദിക്കും മറ്റു പ്രതികൾക്കും എതിരെ ആരോപിച്ച കുറ്റങ്ങൾ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ വകുപ്പുകൾ 120 ബി-യും, 109-ഉം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ വകുപ്പുകൾ 22-ഉം, 39-ഉം പ്രകാരമുള്ളവയാണ്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ 22-ാം വകുപ്പ് IV-ാം അദ്ധ്യായത്തിൽ വരുമ്പോൾ, 39-ാം വകുപ്പ് VI-ാം അദ്ധ്യായത്തിൽ വരുന്നു.

22-ാം വകുപ്പ് താഴെ പറയും പ്രകാരമാണ്.

"22. **സാക്ഷിയെ ഭീഷണിപ്പെടുത്തുന്നതിനുള്ള ശിക്ഷ.-** ഒരു സാക്ഷിയായ ഏതെങ്കിലും ആളേയോ, അങ്ങനെയുള്ള സാക്ഷിക്ക് താല്പര്യമുണ്ടായിരിക്കാവുന്ന മറ്റേതെങ്കിലും ആളേയോ, ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ, ആ സാക്ഷിയേയോ, ആ സാക്ഷിക്ക് താല്പര്യമുണ്ടായിരിക്കാവുന്ന മറ്റേതെങ്കിലും ആളേയോ, അന്യായമായി തടസ്സപ്പെടുത്തുകയോ, തടഞ്ഞു വയ്ക്കുകയോ, പ്രസ്തുത കൃത്യങ്ങളിൽ ഏതിനെങ്കിലും ഇടവരുത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടി മറ്റേതെങ്കിലും നിയമവിരുദ്ധ പ്രവൃത്തി ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷം വരെയാകാവുന്ന തടവു നൽകി ശിക്ഷിക്കപ്പെടാവുന്നതും പിഴയ്ക്കും കൂടി ബാധ്യസ്ഥനായിരിക്കുന്നതുമാണ്."

7. ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകളിലെ സാക്ഷികളിൽ ആരെയെങ്കിലും ആക്രമിക്കുമെന്ന് അപ്പീൽവാദി ഭീഷണിപ്പെടുത്തിയിരുന്നതായി കണ്ടെത്തുവാനുള്ള യാതൊരു വസ്തുതയും ഇല്ലെന്നും, ഇപ്പോഴത്തെ കേസിന്റെ വസ്തുതകളിൽ, ആക്റ്റിലെ 22-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റം ആകർഷിക്കപ്പെടും എന്നുള്ളത് സംശയമാണെന്നും കീഴ്ക്കോടതി ചിന്തിച്ചു. മുൻപ് പറഞ്ഞതുപോലെ, ഞങ്ങൾ കേസ് ഡയറിയെ ശ്രദ്ധാപൂർവ്വം സൂക്ഷ്മമായി വായിച്ചു. വസ്തുതകളിൻമേൽ, സാക്ഷികളിൽ ആരെയെങ്കിലും അപ്പീൽവാദി ഭീഷണിപ്പെടുത്തിയിരുന്നതായി കണ്ടെത്തുവാനുള്ള യാതൊരു വസ്തുതയും ഇല്ലായിരുന്നു എന്ന് കീഴ്ക്കോടതി വിധിച്ചത് ശരിയായിരുന്നില്ല. മറിച്ച്, ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകൾ കൈകാര്യം ചെയ്യുന്ന ബാംഗ്ലൂർ കോടതി മുമ്പാകെ സാക്ഷികളിൽ ഒരാൾ, അയാളെ, അപ്പീൽവാദി തടിയന്റവിട നസീറിൽ നിന്നുള്ള നിർദ്ദേശത്തിൻമേൽ ഭീഷണിപ്പെടുത്തിയെന്ന് പറഞ്ഞിട്ടുള്ളതായി രേഖയിലുള്ള വസ്തുക്കൾ കാണിക്കുന്നതാണ്. ആ സാക്ഷി, തടിയന്റവിട നസീറിന് അനുകൂലമായി സംസാരിക്കുന്നതിനുവേണ്ടി അയാളെ ഭീഷണിപ്പെടുത്തുകയും, ഭയപ്പെടുത്തുകയും ചെയ്തു എന്ന് പ്രസ്താവിച്ചുകൊണ്ട് ബാംഗ്ലൂർ പോലീസിനു മുമ്പാകെ ഒരു ഹർജി ഫയൽ ചെയ്യുകപോലും ചെയ്തു. ഒരു സാക്ഷിയേയോ അങ്ങനെയുള്ള സാക്ഷിക്ക് താല്പര്യമുണ്ടായിരിക്കാവുന്ന മറ്റേതെങ്കിലും ആളെയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ, അന്യായമായി തടസ്സപ്പെടുത്തുകയോ, തടഞ്ഞുവയ്ക്കുകയോ ചെയ്യുമ്പോഴെല്ലാമോ, 22-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളിൽ ഏതിനെങ്കിലും ഇടവരുത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടി മറ്റേതെങ്കിലും നിയമവിരുദ്ധ പ്രവൃത്തി ചെയ്യുന്നെങ്കിലോ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ 22-ാം വകുപ്പ് ബാധകമാകു ന്നതാണ്. 22-ാം വകുപ്പിന്റെ ഘടകങ്ങൾ ഈ കേസിൽ ആകർഷിക്കപ്പെടുന്നു എന്ന് രേഖയിലുള്ള വസ്തുതകൾ പ്രഥമദൃഷ്ട്യാ കാണിക്കുന്നതാണ്.

8. കേസിന്റെ അന്വേഷണത്തിന്റെ ഈ ഘട്ടത്തിൽ, അപ്പീൽവാദിക്ക് എതിരെയുള്ള ആരോപണങ്ങൾ ഒരു ഭീകരസംഘടനയിലെ

അംഗത്തിനുവേണ്ടി, അങ്ങനെയുള്ള സംഘടനയുടെ പ്രവർത്തനത്തെ പുരോഗമിപ്പിക്കുന്ന ഉദ്ദേശത്തോടുകൂടി പിന്തുണ ക്ഷണിക്കുന്നത് ആകുന്നതല്ല എന്ന് കണ്ടെത്താൻ കഴിയുന്നതല്ല എന്ന് കീഴ്ക്കോടതി കണ്ടെത്തി. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ 39-ാം വകുപ്പിൻെറ ബാധകതയെ പരാമർശിച്ചുകൊണ്ട് കീഴ്ക്കോടതി ഈ ആരോപണങ്ങൾ പരാമർശിക്കുകയായിരുന്നു. രണ്ടാം പ്രതിയുടെ (ഷാഹനാസ്) കൈവശത്തു നിന്നും പിടിച്ചെടുക്കപ്പെട്ട, തടിയന്റവിട നസീർ എഴുതിയിട്ടുള്ളതായി ആരോപിക്കപ്പെട്ട കത്തുകൾ, അയാളുടെ ആവശ്യ പ്രകാരമാണ് രണ്ടും മൂന്നും പ്രതികൾ ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകളിലെ സാക്ഷികളെ അനുനയിപ്പിക്കുവാൻ ശ്രമങ്ങൾ നടത്തിയത് എന്ന് സൂചിപ്പിക്കുന്നതാണെന്ന് കീഴ്ക്കോടതി കണ്ടെത്തി.

9. അപ്പീൽവാദിക്ക് എതിരായ ആരോപണങ്ങൾ, "ഒരു ഭീകര സംഘടനയിലെ അംഗത്തിന് വേണ്ടി പിന്തുണ ക്ഷണിക്കുന്നത് ആകുന്നതാണ്" എന്നതാണ് കീഴ്ക്കോടതിയുടെ കണ്ടെത്തൽ എന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. അത് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ വകുപ്പ് 39(1)(എ) (i)-നെ ആകർഷിക്കുന്നതല്ല എന്ന് ബോധിപ്പിക്കുന്നു. "ഭീകര സംഘടനയ്ക്കുവേണ്ടി പിന്തുണ ക്ഷണിക്കുക" എന്നതാണ് (i) ഖണ്ഡത്തിൽ ഉപയോഗിച്ചിട്ടുള്ള പദപ്രയോഗം എന്ന് പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. ഊന്നൽ, ഭീകര സംഘടനകളിൻമേലാണെന്നും അതിന്റെ അംഗങ്ങളുടെ മേലല്ലെന്നും അഭിഭാഷകൻ ബോധിപ്പിച്ചു. ഒരു ഭീകര സംഘടനയുടെ ഒരു അംഗത്തിനുള്ള പിന്തുണ ആ ഭീകര സംഘടനയുടെ പിന്തുണ ആകുന്നതുംകൂടി ആണെന്ന് പാണ്ഡിത്യമുള്ള പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ബോധിപ്പിച്ചു. ഒരു ഭീകര സംഘടനയ്ക്ക് വ്യക്തികൾ കൂടാതെ പ്രവർത്തിക്കുവാൻ കഴിയുന്നതല്ലായെന്നും, ആ ഭീകര സംഘടനയുടെ ആവശ്യത്തിനുവേണ്ടി ആ ഭീകര സംഘടനയിലെ ഒറ്റപ്പെട്ട ഒരു അംഗത്തിന് നൽകുന്ന ഒരു പിന്തുണ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ വകുപ്പ് 39(1)(എ) (i)-നെ ആകർഷിക്കുന്നതാണെന്ന് പാണ്ഡിത്യമുള്ള പ്രോസിക്യൂഷൻ ജനറൽ ബോധിപ്പിച്ചു. ഈ ഘട്ടത്തിൽ ആ ചോദ്യം തീരുമാനിക്കുന്നത് അകാലികമായിരിക്കും എന്നതുകൊണ്ട് അപ്രകാരം ചെയ്യുന്നത് ആവശ്യമല്ല എന്ന് ഞങ്ങൾ കരുതുന്നില്ല. കോടതി ഉദ്ദേശിച്ചത് എന്തെന്നാൽ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്റ്റിലെ വകുപ്പ് 39 (1) (എ) (i) ആകർഷിക്കപ്പെടുന്നു എന്ന് വസ്തുതകൾ സൂചിപ്പിക്കുന്നു എന്നതാണ്.

10. കേസിലെ, കേസ് ഡയറിയുടെ ഒരു സൂക്ഷ്മവായനയിൻമേൽ, അപ്പീൽവാദിക്ക് എതിരായ ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ സത്യമാണെന്ന് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ ഉണ്ട് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ആരോപണങ്ങൾ, സത്യമാണെന്ന് കണ്ടെത്തപ്പെട്ടാൽ, വളരെ ഗുരുതരമായ ഒരു കുറ്റം ആകുന്നതാണ്, അത് ബാംഗ്ലൂർ ബോംബ് സ്ഫോടന കേസുകളുടെ വിചാരണയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. അന്വേഷണം പുരോഗമിക്കുന്നു. കേസിന്റെ അന്വേഷണം കേരള സംസ്ഥാനത്തിന്റെ പരിധികളിലേക്ക് ഒതുക്കി നിർത്താവുന്നതല്ല എന്ന് ബോധിപ്പിച്ചിരിക്കുന്നു. അപ്പീൽവാദിയെ ജാമ്യത്തിൽ മോചിപ്പിച്ചാൽ അത് കേസിന്റെ ശരിയായതും ഫലപ്രദവുമായ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. കീഴ്ക്കോടതി പ്രസക്തമായ എല്ലാ വശങ്ങളെയും പരിഗണിക്കുകയും, അപ്പീൽവാദിയെ ജാമ്യത്തിൽ മോചിപ്പിക്കുവാൻ കഴിയുന്നതല്ലായെന്ന് വിധിക്കുകയും ചെയ്തു. കീഴ്ക്കോടതി പ്രസ്താവിച്ച കാരണങ്ങളാൽ മാത്രമല്ല, ഈ വിധിന്യായത്തിൽ ഞങ്ങൾ പറഞ്ഞിട്ടുള്ള മറ്റു കാരണങ്ങളാലും അപ്പീൽവാദിക്ക് ജാമ്യം അനുവദിക്കാൻ കഴിയുന്നതല്ലായെന്നതാണ് ഞങ്ങളുടെ വീക്ഷണം.

മേൽ പറഞ്ഞ കാരണങ്ങളാൽ, ഈ ക്രിമിനൽ അപ്പീലിനെ തള്ളിക്കളയുന്നു.

നിയമധ്വനി
മേയ് 2016

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി. ഉബൈദ്**

**നിജു പീറ്റർ ജോസ്**

**അഭി**

**ഷാനവാസ് നാലകത്ത്**

**ക്രിമിനൽ എം.സി. നം. 915/2016**

**2016 ഫെബ്രുവരി 16-ന് പുറപ്പെടുവിച്ച ഉത്തരവ്**

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റ്, വകുപ്പ് 142 എ (1)— കോടതി, ഒരിക്കൽ അതിന് പ്രാദേശികാധികാരിത ഇല്ലെന്ന് കണ്ടെത്തിയാൽ, ആ കോടതി കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 142 എ (1) നു അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. കേസ് ദീർഘ കാലമായി തീർപ്പാകാതെയുള്ള കേസുകളുടെ രജിസ്റ്ററിലാണോ അല്ലയോ എന്നത് വിഷയമല്ല.— പ്രാദേശിക അധികാരി തയുടെ കാരണത്താൽ പെരുമ്പാവൂരിലെ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയാണ് കേസ് വിചാരണ ചെയ്യാനുള്ള ശരിയായ കോടതിയെന്ന് കീഴ്ക്കോടതിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് കേസ് വീണ്ടും ഫയൽ ചെയ്യേണ്ടതും, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 142 എ (1) അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ് എന്ന കീഴ്ക്കോടതി ക്കുള്ള ഒരു നിർദ്ദേശത്തോടുകൂടി ഈ ക്രിമിനൽ എം.സി തീർപ്പാക്കപ്പെടുന്നു.**

### ഉത്തരവ്

ഇതിലെ ഹർജിക്കാരൻ, എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി (സാമ്പത്തിക കുറ്റങ്ങൾ) മുമ്പാകെ കൈ മാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം കൊണ്ടുവരപ്പെട്ട ഒരു പ്രോസിക്യൂഷനിലെ വസ്തുതാപരമായ പരാതിക്കാരനാണ്. ആ പരാതിയിൻമേൽ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് സി.സി.നം. 375/2011 ആയി നടപടിയെടുത്തിട്ടുള്ളതും, ഇപ്പോൾ കേസ് ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ രജിസ്റ്ററിലേക്ക് മാറ്റപ്പെട്ട് നിലനിൽക്കുന്നതുമാണ്. കൈ മാറാവുന്ന പ്രമാണങ്ങൾ ആക്റ്റിൽ അടുത്ത കാലത്ത് കൊണ്ടുവരപ്പെട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക അധികാരി തയുടെ കാരണത്തിൻമേൽ, കേസിനെ പെരുമ്പാവൂരിലെ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലേക്ക് മാറ്റുവാൻ ഹർജിക്കാരൻ കീഴ്ക്കോടതി മുമ്പാകെ ഒരപേക്ഷ സമർപ്പിച്ചു. ദീർഘകാലമായി തീർപ്പാകാതെയിരിക്കുന്ന കേസുകളുടെ രജിസ്റ്ററിൽ ഇപ്പോൾ നിലനിൽക്കുന്ന ഒരു കേസിനെ മാറ്റുവാൻ കഴിയുന്നതല്ല എന്ന കാരണത്തിൻമേൽ പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് 01-02-2016-ൽ അഭ്യർത്ഥന നിരസിക്കുകയും, പ്രസ്തുത അപേക്ഷയെ തള്ളിക്കളയുകയും ചെയ്യുന്നു. പ്രസ്തുത ഉത്തരവ് ചോദ്യം ചെയ്യപ്പെടുന്നു.

2. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 142 എ(1) ൻ കീഴിൽ അടുത്ത കാലത്തെ ഭേദഗതി വഴി വ്യവസ്ഥ ചെയ്തിട്ടുള്ളത് നിയമപരമായ ഒരു കൈമാറ്റമാണ്. കോടതി, ഒരിക്കൽ അതിന് പ്രാദേശികാധികാരിത ഇല്ലെന്ന് കണ്ടെത്തിയാൽ, ആ കോടതി കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 142 എ (1) നു അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. കേസ് ദീർഘ കാലമായി തീർപ്പാകാതെയുള്ള കേസുകളുടെ രജിസ്റ്ററിലാണോ അല്ലയോ എന്നത് വിഷയമല്ല. കേസ് കൈമാറുന്നതിനുള്ള ഒരു അപേക്ഷ സമർപ്പിക്കപ്പെടുമ്പോൾ, ആ കോടതിക്ക് പ്രാദേശികാധികാരിത ഉണ്ടോ? അല്ലെങ്കിൽ ആ കേസ് മറ്റേതെങ്കിലും കോടതിയാൽ വിചാരണ ചെയ്യപ്പെടേണ്ടതുണ്ടോ എന്ന് ആ കോടതി പരിശോധിക്കേണ്ടതുണ്ട്. ആ കേസിനെ പ്രാദേശികാധികാരിതയുള്ള മറ്റു ഏതാനും കോടതി വിചാരണ ചെയ്യേണ്ടതുണ്ട് എന്ന് കോടതി കാണുന്നെങ്കിൽ, കേസിനെ വളരെ നല്ല രീതിയിൽ വീണ്ടും ഫയൽ ചെയ്യുവാനും, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 142 (എ) (1) അനുസരിച്ച് പ്രവർത്തി ക്കുവാനും പാണ്ഡിത്യമുള്ള മജിസ്ട്രേറ്റിന് കഴിയുന്നതാണ്.

ഫലത്തിൽ, ഈ ക്രിമിനൽ എം.സി. കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിൽ അടുത്ത കാലത്തായി കൊണ്ടുവരപ്പെട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ, പ്രാദേശിക അധികാരിതയുടെ കാരണത്താൽ പെരുമ്പാവൂരിലെ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയാണ് കേസ് വിചാരണ ചെയ്യാനുള്ള ശരിയായ കോടതിയെന്ന് കീഴ്ക്കോടതിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, പാണ്ഡിത്യമുള്ള മജിസ്ട്രേറ്റ് കേസ് വീണ്ടും ഫയൽ ചെയ്യേണ്ടതും, കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ വകുപ്പ് 142 എ (1) അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ് എന്ന കീഴ്ക്കോട തിക്കുള്ള ഒരു നിർദ്ദേശത്തോടുകൂടി ഈ ക്രിമിനൽ എം.സി തീർപ്പാക്കപ്പെടുന്നു.

# ഉൾത്താളുകളിൽ......

## സുപ്രീം കോടതി വിധിന്യായങ്ങൾ


1. *രാജസ്ഥാൻ സർക്കാർ അഭി രമേഷ്* 3

2. *ഷാംഷെർ സിംഗ് വെർമ്മ അഭി ഹരിയാന സർക്കാർ* 12

3. *പരിവർത്തൻ കേന്ദ്ര അഭി ഇൻഡ്യൻ യൂണിയനും മറ്റുള്ളവരും* 18

4. *കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഭി സംസ്ഥാന വിവരാവകാശ കമ്മീഷൻ* 31


## ഹൈക്കോടതി വിധിന്യായങ്ങൾ


1. *മുഹമ്മദാലി അഭി റഹിയാനത്തും മറ്റുള്ളവരും* 37

2. *റഫീക്ക് അഭി സുമയ്യയും മറ്റൊരാളും* 54

3. *ജയകുമാർ അഭി ദേവിവിലാസം കെട്ടുതെങ്ങു സംഘം* 57

4. *കെ.കെ.ആർ. ഫുഡ് പ്രോഡക്റ്റ്സ് അഭി അനുപമ* 62

5. *നൗഷാദ് അഭി കേരള സർക്കാർ* **73**

6. *ദീപ്തി രാജൻ അഭി രാജശേഖർ. ആർ* **77**

7. *ലൂയിസ് മാത്യു അഭി സംസ്ഥാന വിവരാവകാശ കമ്മീഷണർ* 86

8. *പാർവ്വതി അമ്മ അഭി ഗൗരി അമ്മ* 92

9. *തസ്ലീം അഭി കേരള സർക്കാർ* 97

10. *നിജു പീറ്റർ ജോസ് അഭി ഷാനവാസ് നാലകത്ത്* 102